34th Year of Service 2026

കേരളാ എക്സ്പ്രസ്

KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

November 09, 2026 Vol. XXXIV No. 45

3 സർക്കാർ ഭൂമിയിലെ ഖനന അനുമതിയിൽ ഇളവ്

8 പോലീസിൽ രണ്ട് ഡിജിറ്റൽ പദ്ധതികൾക്ക് തുടക്കം

14 'കരയോളം' ഡാളസിൽ തരംഗമായി

20 ട്രംപിന് കനത്ത രാഷ്ട്രീയ തിരിച്ചടി

22 വികസന പദ്ധതിയുമായി ഒഹെയർ വിമാനത്താവളം

ഡൽഹി പുകമഞ്ഞിൽ കുടുങ്ങി



ന്യൂഡൽഹി: കടുത്ത നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടും തലസ്ഥാന നഗരിയെ വീർപ്പുമുട്ടിച്ച് വായുമലിനീകരണം. വായുമലിനീകരണത്തിന്റെ തോത് അതീവ ഗുരുതര വിഭാഗത്തിലെന്നാണ് റിപ്പോർട്ട്. ദീപാവലി ആഘോഷങ്ങൾക്കു തൊട്ടുപിന്നാലെ ഡൽഹിയിലും എൻസിആറിലും കനത്ത പുകമഞ്ഞാണ് രൂപപ്പെട്ടിരിക്കുന്നത്. വായു മലിനീകരണ നിയന്ത്രണത്തിനായുള്ള ഗ്രേഡഡ് റെസ്പോൺസ് ആക്ഷൻ പ്ലാനിന്റെ മൂന്നാംഘട്ട നിയന്ത്രണങ്ങൾ നിലവിലുണ്ടായിട്ടും വായു ഗുണനിലവാരം കുത്തനെ ഇടിയുകയായിരുന്നു.

കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ കണക്കുകൾ പ്രകാരം രാവിലെ 8.10-ഓടെ ഡൽഹിയിലെ ശരാശരി വായു ഗുണനിലവാരം (എയർ ക്വാളിറ്റി ഇൻഡക്സ്) 483 ആയി ഉയർന്നതായാണ് റിപ്പോർട്ട്.

നഗരത്തിലെ പതിനഞ്ചിലധികം നിരീക്ഷണ കേന്ദ്രങ്ങളിൽ വായു ഗുണ നിലവാരം (ശേഷം 34-ാം പേജിൽ)

പെട്രോളിലെ എഥനോൾ; കേരളത്തിൽ പരിശോധന ആരംഭിച്ചു

തിരുവനന്തപുരം: പെട്രോളിലെ എഥനോൾ അളവ് സ്ഥിരീകരിക്കാനുള്ള പരിശോധന ആരംഭിച്ചു. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്, കണ്ണൂർ ജില്ലകളിലെ അഞ്ച് പ്രമുഖ പെട്രോൾ പമ്പുകളിൽ നിന്നാണ് സാംപിൾ ശേഖരിക്കുന്നത്. തിരുവനന്തപുരത്തെ വഴയില ഐഒസി പമ്പ്, കടവിയാർ ബിപിസിൽ പമ്പ് എന്നിവിടങ്ങളിൽ നിന്നാണ് സാംപിൾ ശേഖരിച്ചത്. കണ്ണൂർ കോർപ്പറേഷൻ പരിധിയിലെ കണ്ണോത്തുംചാൽ എന്ന സ്ഥലത്ത് കണ്ണൂർ കോഴിക്കോട് ദേശീയപാതയിൽ പ്രവർത്തിക്കുന്ന പമ്പിൽനിന്നും കോഴിക്കോട് എൻജിഒ ക്വാർട്ടേഴ്സിനു സമീപത്തെ ഐഒസി പമ്പിൽനിന്നും സാംപിൾ എടുത്തു. 10 ദിവസത്തിനകം പരിശോധനാഫലം ലഭിക്കുമെന്നും തുടർ പരിശോധന ഉണ്ടാകുമെന്നും ജില്ലാ സപ്ലൈ ഓഫീസർ വ്യക്തമാക്കി.

കർണാടക സർക്കാർ നടത്തിയ പരിശോധനയിൽ പെട്രോളിൽ നിർദിഷ്ഠ അളവിൽ കൂടുതൽ എഥനോൾ അടങ്ങിയിട്ടുണ്ടെന്നു കണ്ടെത്തിയതിനെ തുടർന്നാണ് കേരളത്തിലും പരിശോധന നടത്താൻ സർക്കാർ തീരുമാനിച്ചത്. പരിശോധന നടത്തുമ്പോൾ പമ്പുകൾ ഏതൊക്കെയാണെന്ന വിവരം അവസാന നിമിഷം വരെ അതീവ രഹസ്യമായാണ് സൂക്ഷിച്ചത്.

(ശേഷം 34-ാം പേജിൽ)

കേരളത്തിലെ ബാർ വിവാദം: ഇടപാടുകളിൽ വിജിലൻസ് അന്വേഷണം

തിരുവനന്തപുരം: കേരളത്തിലെ ബാർ വിവാദത്തിൽ മൂന്നു വിഷയങ്ങളിൽ വിജിലൻസ് അന്വേഷണം വരും.

ഉദ്യോഗസ്ഥർക്കെതിരെ ഗുരുതര കൈക്കൂലിയും മാസപ്പടിയും ഉൾപ്പെടെയുള്ള ആരോപണങ്ങൾ റിപ്പോർട്ടിൽ കമ്മീഷണർ അക്കമിട്ടു നിരത്തുകയും വിജിലൻസ് അന്വേഷണത്തിനു ശിപാർശ നൽകുകയും ചെയ്ത സാഹചര്യത്തിൽ സർക്കാരിന് അന്വേഷണത്തിനു വിടേണ്ടി വരും. കമ്മീഷണർ സ്ഥാനത്തുനിന്നു മാറ്റിയതിനു തൊട്ടുപിന്നാലെ റിപ്പോർട്ട് നൽകിയ നടപടിയിലാണ് ദുരൂഹത കാണുന്നത്. നേരത്തെ ഇക്കാര്യം അറിയിച്ചിരുന്നെങ്കിൽ അന്വേഷണം നടത്താൻ കഴിയുമായിരുന്നുവെന്നാണ് മന്ത്രിയുടെ വാദം. എന്നാൽ, സീറാം സാംബശിവറാവു എക്സൈസ് കമ്മീഷണറായിരിക്കേ സർക്കാർ നിർദേശം മറികടന്നു ബാർ ലൈസൻസുകൾ അനുവദിച്ച നടപടിയും ഇതോടൊപ്പം അന്വേഷിക്കും. വിവിധ മേഖലകളിലെ ഡെപ്യൂട്ടി കമ്മീഷണർമാർ ബാർ ലൈസൻസ് അനുവദിക്കാനുള്ള അനുമതി മറയാക്കി സർക്കാർ നിർദേശം മറികടന്നു ലൈസൻസ് അനുവദിച്ചതാണ് രണ്ടാമത്തെ വിഷയം. ഇതിൽ എക്സൈസ് കമ്മീഷണർ എന്ന നിലയിലുള്ള സീറാം സാംബശിവറാവുവിന്റെ നടപടികളും അന്വേഷണപരിധിയിൽ വരും.

രണ്ടാം പിണറായി സർക്കാരിന്റെ കാലത്ത് തരംമാറ്റി 488 ബാറുകൾക്ക് പൊടുന്നനെ (ശേഷം 34-ാം പേജിൽ)

ഗാദി ഐസൻകോട്ടിന് ഇസ്രയേലിൽ ആദ്യാവസരം

ജറുസലേം: പ്രതിപക്ഷ സഖ്യനേതാവ് ഗാദി ഐസൻകോട്ട് ഇസ്രായേൽ പ്രധാനമന്ത്രിയാകാൻ സാദ്ധ്യത തെളിഞ്ഞു. സർക്കാർ രൂപവത്കരിക്കാൻ ഐസൻകോട്ടിന് ഇസ്രേലി പ്രസിഡണ്ട് ഇസാക് ഹെർസോഗ് അനുമതി നല്കി. ആറാഴ്ചവരെ സമയമാണ് സർക്കാർ രൂപവത്കരണത്തിന് നല്കിയിരിക്കുന്നത്. ഇസ്രേലി കരസേനയുടെ മുൻ മേധാവിയാണ് ഐസൻകോട്ട്.



തെരഞ്ഞെടുപ്പിൽ ഒരു മുന്നണിക്കും വ്യക്തമായ ഭൂരിപക്ഷം ലഭിച്ചിരുന്നില്ല. ഇതോടെ അറബ് പാർട്ടികളുടെ നിലപാട് നിർണായകമായി. ഐസൻകോട്ടിനെ പിന്തുണയ്ക്കാൻ ഇവർ തയ്യാറാകുകയായിരുന്നു. 19 വർഷം പ്രധാനമന്ത്രിയായിരുന്ന ബെഞ്ചമിൻ നെതന്യാഹുവിനെ അധികാരത്തിൽ നിന്നും പുറത്താക്കുകയാണ് അറബ് പാർട്ടികളുടെ ലക്ഷ്യം. അതേസമയം അറബ് പാർട്ടികളുടെ പിന്തുണ തേടുന്നതിൽ ഐസൻകോട്ടിന്റെ സഖ്യത്തിലും അഭിപ്രായവ്യത്യാസമുണ്ട്. അറബ് പാർട്ടികൾ ഉൾപ്പെടുന്ന സഖ്യത്തിന്റെ ഭാഗമാകില്ലെന്ന് ഐസൻകോട്ടിന്റെ സഖ്യകക്ഷിയായ ഇസ്രായേൽ ബേയ്തേനു പാർട്ടി അറിയിച്ചു. ഇസ്രായേൽ ചരിത്രത്തിൽ 2021-ൽ മാത്രമാണ് അറബ് പാർട്ടികൾ സർക്കാരിന്റെ ഭാഗമായിട്ടുള്ളത്. റാ ആം പാർട്ടിയാണ് അന്ന് സർക്കാരിന്റെ ഭാഗമായത്.

അറബ് പാർട്ടികൾ ഇസ്രായേൽ തെരഞ്ഞെടുപ്പ് അട്ടിമറിച്ചെന്നാണ് നെതന്യാഹുവിന്റെ ആരോപണം. അറബ് പാർട്ടികളുമായി ചേർന്ന് സർക്കാരുണ്ടാക്കുന്നതിനെതിരെ നെതന്യാഹു മുന്നറിയിപ്പ് നല്കി. ജൂത പാർട്ടികൾ ചേർന്ന് ദേശീയ സർക്കാർ രൂപവത്കരിക്കണമെന്നു പ്രസിഡണ്ടിന്റെ പ്രഖ്യാപനമുണ്ടാകുന്നതിനു മുമ്പ് നെതന്യാഹു ആവശ്യപ്പെട്ടിരുന്നു. (ശേഷം 34-ാം പേജിൽ)

ലോകത്തിലെ ഏറ്റവും ഉയരത്തിൽ വിമാനം ഇറക്കി ഇന്ത്യൻ വ്യോമസേന

ശ്രീനഗർ: ലോകത്തിലെ ഏറ്റവും ഉയരത്തിൽ വിമാനം ലാൻഡ് ചെയ്ത് ചരിത്രനേട്ടം കുറിച്ച് ഇന്ത്യൻ വ്യോമ സേന.

13,629 അടി ഉയരത്തിലുള്ള ലഡാക്കിലെ ന്യോമ വ്യോമതാവളത്തിലാണ് ഐ.എൻ-76 എം.ഡി. ഹെവി ലിഫ്റ്റ് ട്രാൻസ്പോർട്ട് വിമാനം വ്യോമസേന വിജയകരമായി ഇറക്കിയത്. ഇത്തരം വലിയ വിമാനം ഇത്രയും ഉയർന്ന പ്രദേശത്ത് ലാൻഡ് ചെയ്യുന്നത് ഇതാദ്യമാണെന്ന് വ്യോമസേന എക്സിൽ കുറിച്ചു. വിമാനം ലാൻഡ് ചെയ്യുന്ന വീഡിയോയും ചിത്രങ്ങളും ഇതിനൊപ്പം വ്യോമസേന പങ്കുവെച്ചിട്ടുണ്ട്.

ചൈനയുമായുള്ള യഥാർത്ഥ നിയന്ത്രണരേഖയ്ക്ക് വെറും 23 മുതൽ 30 കിലോമീറ്റർ മാത്രം അകലെ സ്ഥിതി ചെയ്യുന്ന അതീവ തന്ത്രപ്രധാനമായ



വ്യോമസേനയുടെ ഐ.എൽ-76 എം.ഡി. ഹെവി ലിഫ്റ്റ് ട്രാൻസ്പോർട്ട് വിമാനം 13,629 അടി ഉയരത്തിലുള്ള ലഡാക്കിലെ ന്യോമ വ്യോമതാവളത്തിൽ ലാൻഡ് ചെയ്യുന്നു.

വ്യോമതാവളമാണ് ന്യോമ. വിമാനത്തിന്റെ ശേഷിയും ദൗത്യത്തിൽ പങ്കെടുത്ത ഉദ്യോഗസ്ഥരുടെ വൈദഗ്ധ്യവും കൃത്യതയും പ്രകടമാക്കുന്നതാണ് ഈ നേട്ടമെന്ന് വ്യോമസേന വ്യക്തമാക്കി. (ശേഷം 34-ാം പേജിൽ)

SUNNY
FINANCIAL STRATEGIES, LLC



Wealth planning that works across generations.

Partnered for Your Family's Success

Tom Sunny, CFP®, CLU®, RICP®

Financial Planner & Wealth Advisor

Building your financial future together, with expertise & fiduciary integrity.

AREAS OF SPECIALTY

- Comprehensive Planning & Wealth Management
- Inheritance & Estate Planning: Trusts, Wills, POAs, Transfers
- Retirement Income Strategy for Retirees & Pre-Retirees
- Professional Investment Advisory & Guidance
- Insurance Protection: Life, Disability, Long-Term Care, Liability, Health & Medicare Supplement (Medigap)
- Tax Planning & Diversification
- 401(k), 403(b), 457(b), TSP, IRA & Roth IRA Rollovers, Optimization, and Set-Ups
- Business Plans, Employee Benefits, Pensions, Social Security, Medicare
- Education Expense Funding

Let's Plan for Your Brighter Future

COMPLIMENTARY CONSULTATION · CALL OR SCAN

847-414-9116

sunnyfinancial.com

tom@sunnyfinancial.com

DIGITAL CARD

Financial Advisor with Eagle Strategies LLC, a Registered Investment Adviser. Registered Representative offering securities through NYLIFE Securities LLC, Member FINRA/SIPC, a Licensed Insurance Agency. Sunny Financial Strategies LLC is independently owned and operated from NYLIFE Securities LLC and its affiliates and does not offer tax or legal advice.

Secure Tax Services

DBA SMALL BUSINESS ACCOUNTING LLC

Personal and Business Tax Services

Free Electronic Filling



TINO SIMON MUNDAPLACKIL

Phone: 630-635-3615

E-mail:tino@greatwaysinc.com

1001 E Chicago Ave, Suite 151

Naperville, IL 60540

LIFE MEMBER
MILLION DOLLAR ADVOCATES FORUM
The Top Trial Lawyers In America™

ACCIDENT ATTORNEYS

AV PREEMINENT®
Peer Rated for Highest Level of Professional Excellence
2025

LEADING TOP RATED LAW FIRM TRUSTED IN THE COMMUNITY

Fee Discounts On Certain Cases For Malayalee Clients

Home Visits Available




Steve Crifase
Steve@Crifaselaw.com

CRIFASE LAW FIRM, LTD.

312-855-0511

Free Consultation/Your Call Is Always Welcome

Like A Family Friend



Michael Crifase
Michael@Crifaselaw.com

Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago, Illinois 60603
CrifaseLaw.Com

BBB ACCREDITED BUSINESS A+ Rating
Better Business Bureau

പാറക്ഷാമം: സർക്കാർ ഭൂമിയിലെ ഖനന അനുമതിയിൽ ഇളവ്

തിരുവനന്തപുരം: സർക്കാർ ഭൂമിയിലെ പാറഖനനത്തിന് അനുമതി നൽകുന്നതു പൊതുലേലത്തിലൂടെ വേണമെന്ന നിബന്ധനയിൽ ഇളവ്. ഖനന സാധ്യതയുള്ള സർക്കാർ (പുറമ്പോക്ക്) ഭൂമി സ്വകാര്യഭൂമിയാൽ ചുറ്റപ്പെട്ടു കിടക്കുകയാണെങ്കിൽ, അവിടേക്കു വഴി ലഭ്യമാക്കി അപേക്ഷിക്കുന്നവർക്ക് ഇ ടെൻഡർ ഇല്ലാതെ നിരാക്ഷേപപത്രം നൽകാം. കളക്ടർക്കാണു ചുമതല. സർക്കാർ ഭൂമിയിൽ ഖനനം തടസ്സപ്പെട്ടു കിടക്കുന്ന സാഹചര്യത്തിലാണു നിർണായക തീരുമാനം. മറ്റു സംസ്ഥാനങ്ങളിലേക്കുള്ള കാറി ഉൽപന്നങ്ങളുടെ നീക്കം തമിഴ്നാട് തടഞ്ഞതിനു പരിഹാരമായി ആഭ്യന്തര ഉൽപാദനം വർധിപ്പിക്കാനാണു വ്യവസ്ഥകളിൽ ഇളവു നൽകി റവന്യൂ വകുപ്പ് ഉത്തരവിറക്കിയത്.

സർക്കാർ ഭൂമിയിൽ പാറഖനനം നടത്തുന്നതിനു നിരാക്ഷേപപത്രം നൽകുന്നതിനുള്ള വ്യവസ്ഥകൾ 2021 ജനുവരിയിൽ സർക്കാർ തയാറാക്കിയിരുന്നു. അപേക്ഷ ഈ ടെൻഡർ വഴി മാത്രം എന്നതായിരുന്നു പ്രധാന വ്യവസ്ഥ. ഹെക്ടറിനു 10 ലക്ഷം രൂപയാണ് അടിസ്ഥാന വാടക. ടെൻഡറിൽ കൂടുതൽ തുക കോട്ട് ചെയ്യുന്നയാൾക്കു നിരാക്ഷേപപത്രം നൽകാം.

ഈ രേഖയുടെ അടിസ്ഥാനത്തിലാണു മൈനിങ്-ജിയോളജി വകുപ്പിൽനിന്നു ഖനന ലൈസൻസ് നേടേണ്ടത്. എന്നാൽ തിരുവനന്തപുരം ജില്ലയിൽ മാത്രമാണ് ടെൻഡർ ചെയ്യാനായത്. ഇതു കേസിലും കുടുങ്ങി. ഒന്നോ, അതിലധികമോ സ്വകാര്യവ്യക്തികളുടെ ഭൂമിയിലൂടെ മാത്രമേ സർക്കാർ പുറമ്പോക്കിലേക്കുള്ള വഴി ലഭിക്കുകയുള്ളൂ എന്ന തടസ്സത്തിൽ കുടുങ്ങിയാണു മറ്റു ജില്ലകളിൽ ടെൻഡർ മുടങ്ങിയത്. ഇത്തരം കേസുകളിൽ പൊതുലേല നടപടി ഒഴിവാക്കണമെന്നു കഴിഞ്ഞ ഫെബ്രുവരിയിൽ ലാൻഡ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് നൽകിയിരുന്നു.

കേരളത്തിൽ കാറി ഉൽപന്നങ്ങളുടെ ക്ഷാമം നിർമാണ പദ്ധതികളെ തടസ്സപ്പെടുത്തിയതോടെ രണ്ട് മാസം മുൻപു കളക്ടർമാരുടെ യോഗം റവന്യൂ സെക്രട്ടറി വിളിച്ചുചേർത്തു. ഇതിന്റെ കൂടി അടിസ്ഥാനത്തിലാണു തീരുമാനം.

ഖനനത്തിനായി സർക്കാർ കണ്ടെത്തിയ ഭൂമി സ്വകാര്യവ്യക്തികളുടെ ഭൂമിയാൽ ചുറ്റപ്പെട്ടതും ആ ഭൂമിയിലേക്കു മറ്റു റോഡ് സൗകര്യം ഇല്ലാതിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ, വഴി ലഭ്യമാക്കി അപേക്ഷിച്ചാൽ ടെൻഡർ ഇല്ലാതെ നിരാക്ഷേപപത്രം നൽകാം.

ഭൂമിയുടമ തന്നെ അപേക്ഷ നൽകണമെന്നു പുതിയ വ്യവസ്ഥയിൽ പറയുന്നില്ല. എന്നാൽ ഒന്നിലധികം അപേക്ഷ വന്നാൽ ഇ ടെൻഡർ വേണം.

സ്വകാര്യ ഖനനഭൂമിയുടെ പരിധിയിലാണു സർക്കാർ ഉടമസ്ഥതയിലുള്ള പാറക്കെട്ടു വരുന്നതെങ്കിൽ, ഇവിടെയും ടെൻഡർ ഇല്ലാതെ നിരാക്ഷേപപത്രത്തിന് അപേക്ഷിക്കാനാകും. ഏഴ് മുതൽ 12 വർഷത്തേക്കാണു ഭൂമി വാടകയ്ക്കു നൽകുക.

ഹെക്ടറിനു 10 ലക്ഷം രൂപ വീതം ഓരോ വർഷവും പാട്ടത്തുക ലഭിക്കും. സെക്യൂരിറ്റി നിക്ഷേപവും ഹെക്ടറിനു 10 ലക്ഷം രൂപയാണ്. സർക്കാർ ഭൂമിയിൽനിന്നു ധാതുസമ്പത്ത് എടുക്കുന്നതിന്, സർക്കാർ നിശ്ചയിക്കുന്ന സീനിയറേജ് ഇതിനു പുറമേ നൽകണം. ആദ്യവർഷത്തെ പാട്ടത്തുക നിരാക്ഷേപപത്രം കൈപ്പറ്റുന്നതിനു മുൻപു നൽകണം. നിരാക്ഷേപപത്രം ലഭിച്ചശേഷം മൈനിങ് ജിയോളജി വകുപ്പ് ഖനനാനുമതി നൽകിയില്ലെങ്കിൽ തുക തിരികെക്കിട്ടില്ല. അപേക്ഷകന്റെ പ്രശ്നംകൊണ്ടല്ല മറ്റു ലൈസൻസുകൾ ലഭിക്കാത്തതെങ്കിൽ സെക്യൂരിറ്റി നിക്ഷേപത്തിന്റെ പകുതി തിരിച്ചുകിട്ടും.

ശബരിമലയിലെ നെയ്യ്; ഇത്തവണയും മിൽമയ്ക്ക്

തിരുവനന്തപുരം: ശബരിമലയിലേക്കുള്ള നെയ്യ് ടെൻഡർ ഇത്തവണയും മിൽമയ്ക്ക് നല്കിയേക്കും. നെയ്യ് വാങ്ങാൻ തിരുവിതാംകൂർ ദേവസ്വം ബോർഡ് രണ്ട് തവണ റീ ടെൻഡർ ചെയ്തിട്ടും യോഗ്യരായ വിതരണക്കാരെ കണ്ടെത്താൻ കഴിയാത്ത സാഹചര്യത്തിലാണ് മിൽമയ്ക്ക് സാദ്ധ്യത തെളിയുന്നത്.

അൻപതിനായിരം ലിറ്റർ നെയ്യ് ആവശ്യമുള്ള ടെൻഡറിൽ മിൽമ ഇത്തവണ പങ്കെടുത്തിട്ടില്ലെങ്കിലും തിരുവിതാംകൂർ ദേവസ്വം ബോർഡ് ഭരണസമിതിയും മിൽമ തിരുവനന്തപുരം മേഖല യൂണിയൻ ഭാരവാഹികളുമായി ആശയവിനിമയം നടത്തി വില അന്തിമമാക്കാൻ മിൽമ ഭാരവാഹികളുമായി ചർച്ച നടത്തും.

സർക്കാർ ഏജൻസിയെന്ന നിലയിൽ മിൽമയുടെ നെയ്യ് വാങ്ങുന്നതിനോടാണ് താല്പര്യമെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡണ്ട് കെ. ജയകുമാർ പറഞ്ഞു. കഴിഞ്ഞ തവണ മിൽമയുടെ പേരിൽ സന്നിധാനത്തേക്ക് വ്യാജ നെയ്യ് എത്തിയതിൽ വിജിലൻസ് അന്വേഷണം തുടരുന്നതിനിടെയാണ് വീണ്ടും നെയ്യ് കരാറിലേക്ക് മിൽമയുടെ പേര് ചർച്ചയാവുന്നത്. ശബരിമല നെയ്യ് വിതരണ ക്രമക്കേട് ചൂണ്ടിക്കാണിച്ചാണ് യുഡിഎഫ് സർക്കാർ മിൽമ തിരുവനന്തപുരം മേഖല യൂണിയൻ പിരിച്ചുവിട്ടത്.

എൽഡിഎഫ് ഭരണസമിതി അംഗങ്ങൾ ഹൈക്കോടതിയിൽ നിന്ന് അനുകൂല ഉത്തരവ് നേടി വീണ്ടും ചുമതലയേൽക്കുകയായിരുന്നു. പിന്നാലെയാണ് ടെൻഡറിൽ പങ്കെടുക്കാനുള്ള താല്പര്യം അറിയിച്ചത്. മിൽമയിൽ നിന്ന് നെയ്യ് വിതരണത്തിനു വാങ്ങിയ കരാറുകാരനാണ് തിരിമറി നടത്തിയതെന്നാണ് മിൽമ അധികൃതർ വ്യക്തമാക്കുന്നത്.

ശബരിമല മണ്ഡലകാലം, മകരവിളക്ക് തീർത്ഥാടനത്തിന്റെ അന്തിമവട്ട ഒരുക്കങ്ങൾ എന്നിവ ബോർഡ് യോഗം വിലയിരുത്തി. മരാമത്ത് ജോലികൾ ഉൾപ്പെടെ പൂർത്തിയാക്കാൻ നല്കിയ സമയപരിധി അവസാനിക്കുകയാണ്, ഒരുക്കങ്ങൾ പൂർത്തിയായെന്ന് ദേവസ്വം ബോർഡ് അവകാശപ്പെടുന്നുണ്ടെങ്കിലും സന്നിധാനത്തും നിലയ്ക്കലും ഉൾപ്പെടെ പണികൾ ബാക്കിയാണ്.

അരവണയുടെ കരുതൽ ശേഖരവും തീർത്ഥാടനകാലത്തെ ഉദ്യോഗസ്ഥ വിന്യാസവും മണ്ഡലകാല ഒരുക്കങ്ങൾ സംബന്ധിച്ച അവലോകന റിപ്പോർട്ടും മുഖ്യമന്ത്രിക്ക് സമർപ്പിക്കും.

എംബിബിഎസ്: ദേശീയ മെഡിക്കൽ കമ്മീഷന്റെ അനുമതി നിർബന്ധം

ന്യൂഡൽഹി: മറ്റേതെങ്കിലും സർക്കാർ ഏജൻസിയുടെ അംഗീകാരമോ അഫിലിയേഷനോ ഉണ്ടെന്നത് എംബിബിഎസ് പ്രോഗ്രാം നടത്താനുള്ള അനുമതിയല്ലെന്നു ദേശീയ മെഡിക്കൽ കമ്മീഷൻ (എൻഎംസി) വ്യക്തമാക്കി. കോളജുകൾ, പ്രോഗ്രാമുകൾ എന്നിവയുടെ അംഗീകാരത്തെക്കുറിച്ചുള്ള പരാതികളിലാണ് എൻഎംസിയുടെ മുന്നറിയിപ്പ്.

എംബിബിഎസ് പഠിപ്പിക്കാൻ കോളജുകൾക്ക് എൻഎംസിയുടെ പ്രത്യേക അനുമതി നിർബന്ധമാണ്. മറ്റു ഏജൻസികളുടെ അംഗീകാരം ചൂണ്ടിക്കാട്ടി വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ ജാഗ്രത പാലിക്കണമെന്നും വ്യാജ മെഡിക്കൽ കോളജുകളെക്കുറിച്ചു വിവരം ലഭിച്ചാൽ അറിയിക്കണമെന്നും കമ്മീഷൻ നിർദേശിച്ചു.

പരാതി നൽകുമ്പോൾ പരസ്യങ്ങൾ, പണമടച്ചതിന്റെ രസീതുകൾ, കത്തിടപാടുകൾ, വെബ്സൈറ്റ് വിവരങ്ങൾ തുടങ്ങിയ തെളിവുകൾ സൂക്ഷിക്കണമെന്നും നിർദേശിച്ചു.

ഫാർമസി, നേഴ്സിങ്, ആയുർവേദം, അലൈഡ് ആൻഡ് ഹെൽത്ത് കെയർ തുടങ്ങിയ പ്രോഗ്രാമുകൾക്ക് വ്യത്യസ്ത നിയന്ത്രണ അതോറിറ്റികളാണുള്ളത്. അതിനാൽ ഓരോ പ്രോഗ്രാമിന്റെയും അംഗീകാരം പ്രത്യേകം പരിശോധിക്കണം. പുതുക്കിയ വിവരങ്ങൾക്ക് www.nmc.org.in ഉൾപ്പെടെയുള്ള വെബ്സൈറ്റുകളും പ്രവേശന കൗൺസലിങ് പോർട്ടലുകളും പരിശോധിക്കണമെന്നും എൻഎംസി നിർദേശിച്ചു.

ആറുവരി പാതയിൽ 24 മണിക്കൂറും എംവിഡി സ്ക്വാഡ് പ്രവർത്തിക്കും

തിരൂരങ്ങാടി: ആറുവരി പാതയിൽ തോന്നിയതുപോലെ വാഹനമോടിക്കുന്നവർക്ക് ഇനി പിടി വീഴും. ജില്ലയിൽ മോട്ടോർ വാഹന വകുപ്പ് ആറുവരി പാതയിൽ 24 മണിക്കൂറും പരിശോധന ആരംഭിച്ചു. പുതിയ പാതയിൽ അപകടങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിലാണിത്.

റോഡ്സുരക്ഷ ഉറപ്പാക്കുന്നതിനും റോഡിലെ നിയമലംഘനങ്ങൾ തടയാനുമാണ് പരിശോധന. ഒരു എംവിഐയും രണ്ട് എഎംവിഐമാരും ഉൾപ്പെടുന്ന മൂന്ന് സ്ക്വാഡുകളായാണ് രാമനാട്ടുകര മുതൽ പൊന്നാനി കാപ്പിരിക്കാട് വരെയുള്ള ഭാഗങ്ങളിൽ പരിശോധന ശക്തമാക്കിയത്.

ആറുവരി പാതയിലെ എക്സിറ്റ്-എൻട്രി ഭാഗങ്ങളിലൂടെ തെറ്റായ രീതിയിലുള്ള പ്രവേശനം, ആറുവരിപ്പാതയിൽ വാഹനങ്ങൾ നിർത്തിയിടുക, തെറ്റായ ലെയ്ൻ ട്രാഫിക്, അമിതവേഗം തുടങ്ങിയ നിയമലംഘനങ്ങൾക്കെതിരെ ശക്തമായ നടപടികളുണ്ടാകുമെന്ന് മോട്ടോർ വാഹനവകുപ്പ് അറിയിച്ചു.

എക്സിറ്റിലൂടെ ആറുവരിപ്പാതയിലേക്ക് പ്രവേശിച്ച ഏഴു വാഹനങ്ങളുടെ ഡ്രൈവർമാർക്കെതിരെ മോട്ടോർ വാഹന വകുപ്പ് നടപടി സ്വീകരിച്ചു. പിഴ ചുമത്താനും ലൈസൻസ് സസ്പെൻഡ് ചെയ്യാനുമുള്ള ശിപാർശ നല്കി.

ആറുവരിപ്പാതയിൽ വാഹനം കേടാകുന്നവർക്കും മറ്റ് അടിയന്തര സാഹചര്യങ്ങളിൽപ്പെടുന്ന യാത്രക്കാർക്കും സേവനങ്ങളുമായി മോട്ടോർ വാഹന വകുപ്പ് ദേശീയപാതയിൽ ഉണ്ടാകും.

ബസ്തറിലെ സിആർപിഎഫ് ക്യാമ്പിൽ ദീപാവലി ആഘോഷിച്ച് മോദി

ന്യൂഡൽഹി: ആയുധധാരികളായ മാവോയിസ്റ്റുകളെ ഇന്ത്യ തുടച്ചുനീക്കിയെങ്കിലും പല രാഷ്ട്രീയ പാർട്ടികളിലും സംഘടനകളിലും നുഴഞ്ഞുകയറിയ 'ദിമാഗി നക്സലുകൾ' (ബുദ്ധിജീവി നക്സലുകൾ) ഭരണഘടനയ്ക്കും ജനാധിപത്യത്തിനുമെതിരെ ജനങ്ങളെ ഇളക്കിവിടുകയാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഇത്തരം വിഘടനശക്തികളെ കൃത്യമായി തിരിച്ചറിഞ്ഞ് പരാജയപ്പെടുത്തി രാജ്യസുരക്ഷ ഉറപ്പാക്കണമെന്നും അദ്ദേഹം ആഹ്വാനം ചെയ്തു. ഛത്തീസ്ഗഡിലെ ബസ്തറിലുള്ള സിആർപിഎഫ് ക്യാമ്പിൽ ജവാന്മാർക്കൊപ്പം ദീപാവലി ആഘോഷിക്കുന്നതിനിടെയായിരുന്നു പ്രധാനമന്ത്രിയുടെ പരാമർശം. കഴിഞ്ഞ സ്വാതന്ത്ര്യദിന പ്രസംഗത്തിലും പ്രധാനമന്ത്രി 'ദിമാഗി നക്സൽ' പരാമർശം നടത്തിയിരുന്നു.



ഛത്തീസ്ഗഡിലെ ബസ്തറിൽ സുരക്ഷാ ഉദ്യോഗസ്ഥരോടൊപ്പം പ്രധാനമന്ത്രി നരേന്ദ്ര മോദി ദീപാവലി ആഘോഷത്തിൽ പങ്കെടുത്തപ്പോൾ.

2014-നുശേഷം സുരക്ഷാസേനയുടെ ആത്മവീര്യത്തിൽ വലിയ മാറ്റമുണ്ടായെന്ന് പ്രധാനമന്ത്രി അവകാശപ്പെട്ടു. 47 വർഷത്തിനിടെ ആദ്യമായി കഴിഞ്ഞ ഒരു വർഷത്തിനിടെ ഡ്യൂട്ടിക്കിടെ ഒരു സിആർപിഎഫ് ജവാന്റേപോലും ജീവൻ നഷ്ടപ്പെട്ടിട്ടില്ലെന്ന് അദ്ദേഹം ഓർമിപ്പിച്ചു.

'മുൻപ് പ്രതിവർഷം രണ്ടായിരത്തോളം നക്സൽ ആക്രമണങ്ങൾ നടന്നിരുന്നു. ധീരജവാന്മാരുടെ രക്തത്താൽ മണ്ണ് കുതിരുമായിരുന്നു. എന്നിട്ടും കൊട്ടാരങ്ങളിൽ വാഴുന്ന മുൻ ഭരണാധികാരികളുടെ കണ്ണിൽനിന്ന് ഒരുതുള്ളി കണ്ണീരുപോലും വീണില്ല. 2004 മുതൽ 2013 വരെയുള്ള കാലഘട്ടത്തിൽ നക്സലുകളെക്കാൾ കൂടുതൽ കൊല്ലപ്പെട്ടത് നമ്മുടെ സുരക്ഷാസേനാംഗങ്ങളായിരുന്നു. നക്സലിസത്തെ ഭേദമാക്കാനാവാത്ത രോഗമായിക്കണ്ട് കയ്യൊഴിയുകയായിരുന്നു അന്നത്തെ സർക്കാരുകൾ'- മോദി പറഞ്ഞു.

പ്രവാസി വ്യവസായിക്ക് വൻ തിരിച്ചടി

അബുദാബി: പ്രമുഖ ആരോഗ്യ പരിചരണ ശൃംഖലയായ എൻ.എം.സി ഹെൽത്ത് കെയറിന്റെ സ്ഥാപകൻ ഡോ. ബി.ആർ. ഷെട്ടിക്കും മുൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പ്രശാന്ത് മങ്ങാട്ടിനും എതിരെ അബുദാബി ഗ്ലോബൽ മാർക്കറ്റ് കോടതിയുടെ നിർണായക വിധി. വ്യാജവ്യാപാരത്തിലും വഞ്ചനാപരമായ പ്രവർത്തനങ്ങളിലും ഇരുവർക്കും പങ്കുണ്ടെന്ന് കോടതി കണ്ടെത്തി. ഏകദേശം 539.7 കോടി ഡോളറിന്റെ ബാദ്ധ്യതയുമായി ബന്ധപ്പെട്ട തുകയിൽ ഇരുവരും ഉത്തരവാദികളാണെന്നാണ് കോടതിയുടെ വിലയിരുത്തൽ. ജസ്റ്റിസ് സർ ആൻഡ്രൂ സ്മിത്താണ് വിധി പുറപ്പെടുവിച്ചത്.

കമ്പനിയുടെ അഡ്മിനിസ്ട്രേറ്റർമാരും എൻഎംസി ഹെൽത്ത് കെയറും സമർപ്പിച്ച ഹർജികളിലാണ് കോടതിയുടെ നടപടി. ഇതിനു പുറമെ പ്രശാന്തിനെതിരെ അബുദാബി കൊമേഴ്സ്യൽ ബാങ്ക് നല്കിയ പ്രത്യേക കേസും കോടതി അംഗീകരിച്ചു. ബി.ആർ. ഷെട്ടിയുടെ വ്യക്തിഗത ബാങ്ക് അക്കൗണ്ടുകളിലേക്ക് 418.3 കോടി ദിർഹം വകമാറ്റി ചെലവഴിച്ചതായി കോടതി കണ്ടെത്തി.

വിവിധ അക്കൗണ്ടുകൾ വഴിയുള്ള ഇടപാടുകൾ പരിശോധിച്ചശേഷം തിരികെ നല്കിയ തുക കഴിച്ചുള്ള ഇതിന്റെ യഥാർത്ഥ മൂല്യം ഏകദേശം 260 കോടി ദിർഹത്തോളം വരുമെന്ന് കോടതി വിലയിരുത്തി. ട്രാവെക്സ് അടക്കമുള്ള സ്ഥാപനങ്ങളിലും വിമാനത്തിലും ദുബായ് ഹിൽസിലെ ആസ്തികളിലും വൈയോമിങ്ങിലെ എണ്ണ നിക്ഷേപത്തിലും ഈ തുക ഉപയോഗിച്ച് ഷെട്ടി വ്യക്തിപരമായ നി



ഡോ. ബി.ആർ. ഷെട്ടി

ക്ഷേപങ്ങൾ നടത്തിയെന്നും കോടതി വ്യക്തമാക്കുന്നു.

വ്യക്തിപരമായ നേട്ടങ്ങൾക്കായി എൻഎംസി ഗ്രൂപ്പിൽ നിന്ന് പണം തട്ടിയെടുക്കുന്നതിൽ പ്രശാന്ത് സജീവമായ പങ്കാളിയായെന്നും കോടതി നിരീക്ഷിച്ചു. കമ്പനിയുടെ വായ്പാ വിവരങ്ങളും രഹസ്യകടങ്ങളും രാജ്യാന്തര ഓഡിറ്റ് സ്ഥാപനമായ ഏണസ്റ്റ് ആൻഡ് യങ്ങിൽനിന്നും മറച്ചുവെക്കുന്നതിൽ മങ്ങാട്ട് മുഖ്യപങ്കുവഹിച്ചു. 2012 മുതൽ 19 വരെയുള്ള കാലയളവിൽ എൻഎംസിയുടെ കണക്കുകളിൽ കൃത്രിമം കാണിച്ച് കോടിക്കണക്കിനു രൂപയുടെ രഹസ്യകടങ്ങൾ മറച്ചുവെച്ചതായും വിധിയിൽ ചൂണ്ടിക്കാണിക്കുന്നു.

തട്ടിപ്പിൽ തനിക്ക് പങ്കില്ലെന്നും മുൻ മാനേജർമാരുടെ വഞ്ചനയ്ക്ക് താൻ ഇരയാവുകയായിരുന്നുവെന്നുമാണ് ഡോ. ബി.ആർ. ഷെട്ടി കോടതിയിൽ വാദിച്ചത്. തനിക്ക് സാമ്പത്തിക കാര്യങ്ങളിൽ നേരിട്ട് മേൽനോട്ടമുണ്ടായിരുന്നില്ലെന്ന പ്രശാന്തിന്റെ വാദവും കോടതി തള്ളി. ബ്രിട്ടനിലെ എഫ്ടിഎസ്ഇ 100 കമ്പനിയുടെ തലവനായിരുന്ന ഒരാളിൽനിന്ന് ഇത്തരത്തിലുള്ള വാദങ്ങൾ സ്വീകാര്യമല്ലെന്ന് വ്യക്തമാക്കി.

കേസിൽ ഇരുവരുടെയും പേരിൽ ചുമത്തേണ്ട അന്തിമ തുക സംബന്ധിച്ച കാര്യങ്ങൾ പിന്നീട് കോടതി പരിഗണിക്കും. ഇതിനു മുന്നോടിയായി ബാങ്ക് ഓഫ് ബറോഡ ഉൾപ്പെടെയുള്ള കക്ഷികളുടെ വാദങ്ങളും അഡ്മിനിസ്ട്രേറ്റർമാരുടെ മറ്റു ഹർജികളും കോടതി തുടർന്നും പരിശോധിക്കും. 1975-ൽ അബുദാബിയിൽ ചെറിയ രീതിയിൽ തുടക്കംകുറിച്ച എൻഎംസി പിന്നീട് വലിയ വളർച്ച നേടുകയും ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ചിൽ അടക്കം ലിസ്റ്റു ചെയ്യപ്പെടുകയും ചെയ്തിരുന്നു. തുടർന്ന് സാമ്പത്തിക ക്രമക്കേടുകൾ പുറത്തുവന്നതിനെത്തുടർന്നാണ് കമ്പനി പ്രതിസന്ധിയിലാവുകയും അഡ്മിനിസ്ട്രേഷന്റെ കീഴിലാവുകയും ചെയ്തത്.

മേജർ അമൃത് പാണ്ഡെയ്ക്ക് വീണ്ടും റെക്കോർഡ്

ബെംഗളൂരു: കരസേന വിഭാഗമായ ആർമി സർവീസ് കോറിന്റെ ബൈക്ക് അഭ്യാസ ടീം ടൊർണാഡോലിന് വീണ്ടും ലോക റെക്കോർഡ് തിളക്കം. ബുള്ളറ്റിന്റെ സീറ്റിൽ എണീറ്റുനിന്നു കൂടുതൽ സമയം ഓടിച്ചതിനാണ് മേജർ അമൃത് പാണ്ഡെ റെക്കോർഡ് കൈവരിച്ചത്. 154 കിലോമീറ്റർ ദൂരമാണ് അമൃത് ബൈക്കോടിച്ചത്. 107.92 കിലോമീറ്ററിന്റെ റെക്കോർഡാണ് ബെംഗളൂരു എഎസ്സി കോളജ് ഗ്രൗണ്ടിൽ നടന്ന റൈഡിൽ അമൃത് തകർത്തത്. നിലവിൽ 36 ലോക റെക്കോർഡുകൾ എഎസ്സി ടൊർണാഡോ ടീമിന്റെ പേരിലാണ്. 1982-ൽ മേജർ സി.എൻ. റാവുവാണ് ടൊർണാഡോ സംഘത്തിനു തുടക്കമിട്ടത്. ന്യൂഡൽഹി ഏഷ്യൻ ഗെയിംസിന്റെ ഉദ്ഘാടന ചടങ്ങിലാണ് അരങ്ങേറിയത്. റിപ്പബ്ലിക് ദിന പരേഡ്, ആൻഡമാൻ നിക്കോബാർ, ഹിമാലയൻ മലനിരകൾ എന്നിവിടങ്ങളിൽ ടൊർണാഡോസ് അഭ്യാസപ്രകടനങ്ങൾ നടത്തിയിട്ടുണ്ട്.

ബാർ തർക്കത്തിൽ കമ്മീഷണർ സീറാം സാംബശിവറാവുവിനെ മാറ്റി



തിരുവനന്തപുരം: യുഡിഎഫ് സർക്കാരിന്റെ മദ്യനയം വരുന്നതിനു മുൻപ് ബാർ ലൈസൻസ് അനുവദിക്കരുതെന്ന നിർദേശം മറികടന്ന് ലൈസൻസ് അനുവദിച്ച എക്സൈസ് കമ്മീഷണർ സീറാം സാംബശിവറാവു തെറിച്ചു. പകരം എൻഫോഴ്സ്മെന്റ് വിഭാഗം അഡീഷണൽ എക്സൈസ് കമ്മീഷണർ ആർ. ജയശങ്കറിനു ചുമതല നൽകി. അടുത്ത മന്ത്രിസഭായോഗത്തിൽ പുതിയ എക്സൈസ് കമ്മീഷണറെ നിയമിക്കുന്നതുവരെ അഡീഷണൽ കമ്മീഷണർ എക്സൈസ് കമ്മീഷണറുടെ ചുമതലയിൽ തുടരും. എക്സൈസ് കമ്മീഷണർ സ്ഥാനത്തിനു പുറമേ ഇലക്ട്രോണിക്സ് ആൻഡ് ഐടി വകുപ്പു സ്പെഷൽ സെക്രട്ടറി സ്ഥാനത്തുനിന്നും സീറാം സാംബശിവറാവുവിനെ മാറ്റി. പകരം പട്ടികജാതി-വർഗ വകുപ്പു സ്പെഷൽ സെക്രട്ടറിയായി നിയമിച്ചു. സർക്കാർ നിർദേശം മറികടന്ന് ബാർ ലൈസൻസുകൾ അനുവദിച്ച നടപടിയിൽ നികുതിവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, സീറാം സാംബശിവറാവുവിനോടു വിശദീകരണവും തേടിയിരുന്നു. വിശദീകരണം തൃപ്തികരമല്ലാത്ത സാഹചര്യത്തിലാണു നടപടി.

RACHEL VARGHESE OF LONG GROVE, IL 2026 U.S. PRESIDENTIAL SCHOLAR



The U.S. Department of Education today announced the selection of Rachel Varghese of Long Grove, IL who attended Adlai E. Stevenson High School in Lincolnshire, Illinois as a 2026 U.S. Presidential Scholar.

Varghese is one of 161 exceptional American high school graduates who have demonstrated outstanding academic achievement, artistic excellence, technical expertise, leadership, citizenship, service, and contribution to school and community.

Each year, Scholars are chosen based on their academic success, artistic and technical excellence, essays, school evaluations and transcripts, as well as evidence of community service, leadership and demonstrated commitment to high ideals.

Of the 3.9 million students who graduated from high school this year, more than 6,400 candidates qualified for the 2026 awards through outstanding performance on the College Board SAT or ACT exams or nominations by chief state school officers.

As directed by Presidential Executive Order, the 2026 U.S. Presidential Scholars include one young man and one young woman from every state, the District of Columbia, Puerto Rico, and U.S. families living abroad, along with 15 at-large Scholars, 20 Scholars in the arts, and 20 Scholars in career and technical education.

Since its creation in 1964, the U.S. Presidential Scholars Program has honored approximately 8,000 of the nation's top-performing students. The program was expanded in 1979 to recognize students with exceptional talent in the visual, literary, and performing arts, and in 2015, it was further extended to recognize students with demonstrated ability and accomplishments in career and technical education.

Since 1983, each U.S. Presidential Scholar has had the opportunity to name their most influential teacher. These distinguished educators receive a personal letter of recognition from the Secretary of Education. This year, Varghese selected Mr. Paul Mazzuca of Adlai E. Stevenson High School in Lincolnshire, Illinois for this honor.

A complete list of 2026 U.S. Presidential Scholars is available at https://www.ed.gov/grants-and-programs/recognition-programs/us-presidential-scholars-program.

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

3425 Cleveland St,
Skokie, Illinois 60076
Tel: 630 728 7956
eFax: 773.304.1917

Volume XXXIV
Number 45
November 09, 2026

Chief Editor
K.M. Eapen

Executive Editor
Jose Kaniyaly

Managing Editors
Joseph Mathew
K.O. Jose, C.P.A.
Titus Eapen

Circulation Manager
Ajith Eapen

Office Administration
Anish Eapen

Legal Advisor
Selma C. D'souza

Manager
K.M. Thimothy

Overseas Office
KERALA EXPRESS
KMC 172-A
C.M.S. College Jn.
Kottayam - 686001
Kerala, India
Tel : + 91 481-2561203

Co-ordinating Editor
Mani Samuel

News Editor
Mini Mani

Graphics
Samuel Mani

Special Correspondent
Anil Pennukkara

DISCLAIMER
The advertisements and articles published in Kerala Express denote the views and ideas expressed by the concerned authors or advertisers. Kerala Express is not responsible for the authenticity of articles or advertisements and readers are requested to verify any offers etc. directly with advertiser or author.

മഹദ്വചനം

ബുദ്ധിമാൻ തനിച്ചിരിക്കുമ്പോഴും ഏകനല്ല.

ജോനാഥൻ

വായന മനുഷ്യനെ പൂർണ്ണനാക്കുന്നു.

ഫ്രാൻസിസ് ബേക്കൺ

TRUE LIGHT
CHRISTIAN ASSEMBLY

YOUTH PASTOR NEEDED!

HOUSTON, TX

True Light Christian Assembly (TLCA) is seeking a **dynamic and committed Youth Pastor** with a genuine passion for mentoring and discipling the next generation.

QUALIFICATIONS

- A **bachelor's or higher degree in Theology**
- Currently reside in the **USA**
- **Married** and Spouse should be supportive and willing to participate in youth ministry
- Strong **biblical foundation** and spiritual maturity
- Ability to **connect** with, mentor, and disciple youth
- Willingness to **actively engage** with youth beyond Sunday services

We are looking for a pastor with a **genuine heart to serve**, build meaningful relationships, and **invest in the spiritual growth** of our young people.

If you believe you are the right candidate and feel called to this ministry, please apply by submitting your **resume and references to:**
pastorsearch@tlcachurch.org

DEADLINE TO SUBMIT:
OCTOBER 19, 2026

ANTICIPATED START DATE:
LATE SUMMER 2027

For more information, visit our website:
tlcachurch.org

TRUE LIGHT CHRISTIAN ASSEMBLY (TLCA)
5115 FM 521, Rosharon, Texas 77583

MEDICARE PLANS MADE SIMPLE

Your Medicare Questions Answered Your Benefits Explained

- ✓ Medicare Part B Premium Refund
- ✓ $0 PPO Plans
- ✓ Prescription Drug Coverage
- ✓ Dental, Vision & Hearing
- ✓ Worldwide Coverage
- ✓ Free Gym Coverage
- ✓ Extra Supplement Benefits



CONTACT

Raj Surendran, MBA

Senior Medicare Specialist

708-945-3985

rsurendran007@gmail.com

nella CONSULTING

ACCOUNTING | TAX | CONSULTING





FOR ALL YOUR PERSONAL AND BUSINESS TAX SERVICES



TOMY NELLAMATTAM, E.A.
Enrolled to Practice Before IRS

Nella Consulting Inc
755 Milwaukee Ave, Glenview, IL 60025
(847) 486-4112 (Office)
(847) 302-8556 (cell)

FREE ELECTRONIC FILING
FULL TIME IN ACCOUNTING & TAX SERVICES

Partner
ALVIN NELLA, CPA, MBA

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

ജനങ്ങളില്ലെങ്കിൽ ജനാധിപത്യമില്ല

ജനാധിപത്യം എന്നത് തെരഞ്ഞെടുപ്പുകളിലൂടെ ജനപ്രതിനിധികളെ അധികാരത്തിലെത്തിക്കുന്ന സംവിധാനം മാത്രമല്ല. ജനങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടുകയും നിയമത്തിനു മുന്നിൽ എല്ലാവരും തുല്യരായിരിക്കുകയും ഭരണകൂടവും പൊതുസ്ഥാപനങ്ങളും ജനങ്ങളോട് ഉത്തരവാദിത്വം പുലർത്തുകയും ചെയ്യുമ്പോഴാണ് ജനാധിപത്യം യഥാർത്ഥ അർത്ഥത്തിൽ നിലനിൽക്കുന്നത്. അധികാരത്തിലുള്ളവരെ ചോദ്യം ചെയ്യാനുള്ള സ്വാതന്ത്ര്യം, നീതി തേടാനുള്ള അവകാശം, വിയോജിപ്പ് പ്രകടിപ്പിക്കാനുള്ള അവസരം, ഭരണനടപടികളിലെ സുതാര്യത എന്നിവയാണ് അതിന്റെ അടിത്തറ. എന്നാൽ കേരളത്തിലെ രാഷ്ട്രീയ-ഭരണരംഗത്ത് അടുത്തകാലത്ത് ചർച്ചയായ സംഭവങ്ങൾ ഈ മൂല്യങ്ങൾ എത്രത്തോളം സംരക്ഷിക്കപ്പെടുന്നുവെന്ന ചോദ്യം ഉയർത്തുന്നു. അധികാരവും സമ്പത്തും സ്വാധീനവും ചിലർക്ക് പ്രത്യേക പരിഗണന ലഭിക്കാൻ കാരണമാകുന്നുവെന്ന സംശയം ജനങ്ങളിൽ വളരുമ്പോൾ ജനാധിപത്യത്തിലുള്ള വിശ്വാസം തകരുന്നു.

കൊച്ചിയിലെ ചേരാനെല്ലൂരിൽ പ്രായപൂർത്തിയാകാത്ത കുട്ടി ഓടിച്ചുവെന്ന് ആരോപിക്കപ്പെടുന്ന ആഡംബരക്കാർ ഇടിച്ച് ഒരു സാധാരണക്കാരൻ കൊല്ലപ്പെട്ട സംഭവം കേരളത്തിൽ വലിയ ചർച്ചയ്ക്ക് വഴിയൊരുക്കി. ഒരു സാധാരണക്കാരൻ നിയമം ലംഘിച്ചാൽ ഉടൻ നടപടി സ്വീകരിക്കുകയും സ്വാധീനമുള്ള കുടുംബത്തിലെ ഒരാൾ പ്രതിയായാൽ സമീപനം മാറുകയും ചെയ്യുന്നുവെന്ന തോന്നൽ പോലും നീതിന്യായവ്യവസ്ഥയുടെ വിശ്വാസ്യതയ്ക്ക് മുറിവേൽപിക്കും. നിയമം എല്ലാവർക്കും ഒരുപോലെ ബാധകമാണെന്ന ഉറപ്പ് ജനങ്ങൾക്ക് ലഭിക്കണം.

കേരളത്തിലെ പിഎസ്സി പരീക്ഷാ-നിയമന നടപടികളുമായി ബന്ധപ്പെട്ട് ഉയർന്ന ക്രമക്കേട് ആരോപണങ്ങളും ഗൗരവമായി കാണേണ്ടതാണ്. ലക്ഷക്കണക്കിന് യുവാക്കൾ അവരുടെ വിദ്യാഭ്യാസവും അധ്വാനവും പ്രതീക്ഷകളും പിഎസ്സി സംവിധാനത്തിൽ അർപ്പിക്കുന്നു. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങളിലെ യുവാക്കൾക്ക് സർക്കാർ ജോലി വലിയ ജീവിതപ്രതീക്ഷയാണ്.

വോട്ടർപട്ടികയുടെ പ്രത്യേക തീവ്രപരിഷ്കരണവും ജനാധിപത്യത്തിന്റെ വിശ്വാസ്യതയുമായി ബന്ധപ്പെട്ട പ്രധാന വിഷയമാണ്. വോട്ടർപട്ടിക കൃത്യവും വിശ്വസനീയവുമാക്കുന്നത് തെരഞ്ഞെടുപ്പിന്റെ സുതാര്യതയ്ക്ക് അനിവാര്യമാണ്. അത് സംരക്ഷിക്കാനുള്ള ഉത്തരവാദിത്വം തെരഞ്ഞെടുപ്പ് സംവിധാനത്തിനുണ്ട്.

പൊതുസ്ഥാപനങ്ങളുടെ പ്രവർത്തനവും ജനങ്ങളുടെ വിശ്വാസവുമായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു. കോട്ടയം മെഡിക്കൽ കോളജിലെ കെട്ടിടസുരക്ഷയുമായി ബന്ധപ്പെട്ട സംഭവം സർക്കാർ ആശുപത്രികളുടെ അടിസ്ഥാനസൗകര്യങ്ങൾ എത്രത്തോളം സുരക്ഷിതമാണെന്ന ചോദ്യം ഉയർത്തി. ചികിത്സയ്ക്കെത്തുന്ന രോഗികളും കൂട്ടിരിപ്പുകാരം ജീവനക്കാരും വിശ്വാസത്തോടെ ആശ്രയിക്കുന്ന ഇടങ്ങളാണ് സർക്കാർ ആശുപത്രികൾ. പുതിയ കെട്ടിടങ്ങൾ ഉദ്ഘാടനം ചെയ്യുന്നതു മാത്രമല്ല വികസനം. സുരക്ഷിതമായ കെട്ടിടങ്ങൾ, ആവശ്യത്തിന് ജീവനക്കാർ, മരുന്നുകളുടെ ലഭ്യത, ഉപകരണങ്ങളുടെ പരിപാലനം, ശുചിത്വം എന്നിവയും ഉറപ്പാക്കണം. പൊതുജനങ്ങളുടെ നികുതിപ്പണം ഉപയോഗിച്ച് നിർമ്മിക്കുന്ന ഓരോ കെട്ടിടത്തിന്റെയും പരിപാലനത്തിന് ഭരണകൂടം ഉത്തരവാദിത്വം ഏറ്റെടുക്കണം.

കേരളത്തിന്റെ വികസനപദ്ധതികളെക്കുറിച്ചുള്ള ചർച്ചകളിലും ഇതേ ഉത്തരവാദിത്വബോധം ആവശ്യമാണ്. ദേശീയപാതാ വികസനം, തുരങ്കപാതകൾ, നഗരവികസനം, വൻകിട അടിസ്ഥാനസൗകര്യ പദ്ധതികൾ എന്നിവ കേരളത്തിന്റെ പുരോഗതിക്ക് ആവശ്യമാണ്. എന്നാൽ പദ്ധതികൾ വേഗത്തിൽ പൂർത്തിയാക്കുന്നതു മാത്രമല്ല വികസനത്തിന്റെ മാനദണ്ഡം. നിർമ്മാണത്തിന്റെ ഗുണനിലവാരം, സുരക്ഷ, പരിസ്ഥിതി സംരക്ഷണം, പൊതുപണത്തിന്റെ ശരിയായ വിനിയോഗം, പദ്ധതികൾ ബാധിക്കുന്നവരുടെ പുനരധിവാസം എന്നിവയ്ക്കും പ്രാധാന്യം നൽകണം. ദീർഘകാല സുരക്ഷ ഉറപ്പാക്കുന്ന വികസനമാണ് കേരളത്തിന് ആവശ്യം.

സംസ്ഥാന ആസൂത്രണ ബോർഡിന്റെ പുനഃസംഘടനയും കേരളത്തിന്റെ ഭാവി വികസനവുമായി ബന്ധപ്പെട്ട വിഷയമാണ്. സാമ്പത്തിക പ്രതിസന്ധി, കടബാധ്യത, തൊഴിലില്ലായ്മ, വ്യവസായ നിക്ഷേപത്തിലെ വെല്ലുവിളികൾ എന്നിവ നേരിടുന്ന സാഹചര്യത്തിൽ ആസൂത്രണത്തിന് കൂടുതൽ കാര്യക്ഷമത വേണം. കേന്ദ്രസർക്കാരുമായുള്ള സാമ്പത്തിക ബന്ധങ്ങളിലും സംസ്ഥാനത്തിന് ലഭിക്കേണ്ട വിഹിതത്തിലും തർക്കങ്ങൾ നിലനിൽക്കുമ്പോൾ സ്വന്തം വിഭവങ്ങൾ ഫലപ്രദമായി വിനിയോഗിക്കാനും കേരളത്തിന് കഴിയണം. പ്രതിഷേധിക്കാനുള്ള അവകാശവും കേരളത്തിന്റെ ജനാധിപത്യജീവിതത്തിൽ നിർണായകമാണ്. തൊഴിലാളികളും കർഷകരും വിദ്യാർത്ഥികളും രാഷ്ട്രീയകക്ഷികളും അവരുടെ ആവശ്യങ്ങൾ ഉന്നയിക്കാൻ സമരങ്ങളെയും പ്രതിഷേധങ്ങളെയും ആശ്രയിക്കുന്നു. വിയോജിപ്പുകളെ ജനാധിപത്യത്തിന്റെ സ്വാഭാവിക ഘടകമായി കാണാനുള്ള രാഷ്ട്രീയ പക്വത ഭരണകൂടത്തിനും രാഷ്ട്രീയകക്ഷികൾക്കും ഉണ്ടാകണം.

ഈ വിഷയങ്ങൾ കേരളത്തിൽ മാത്രം ഒതുങ്ങുന്നവയല്ല. വോട്ടർപട്ടിക, വ്യക്തിസ്വാതന്ത്ര്യം, സാമൂഹ്യമാധ്യമ നിയന്ത്രണം, പ്രതിഷേധാവകാശം തുടങ്ങിയ വിഷയങ്ങളിൽ ദേശീയതലത്തിൽ നടക്കുന്ന ചർച്ചകളും ജനാധിപത്യത്തിന്റെ അടിസ്ഥാനമൂല്യങ്ങൾ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത വ്യക്തമാക്കുന്നു. ജനാധിപത്യത്തിന്റെ വിശ്വാസ്യത തെരഞ്ഞെടുപ്പ് വിജയങ്ങളിലോ അധികാരത്തിന്റെ വലുപ്പത്തിലോ അല്ല അളക്കപ്പെടേണ്ടത്; സാധാരണ മലയാളിക്ക് നീതിയും സുരക്ഷയും അവകാശങ്ങളും ഉറപ്പാക്കാൻ ഭരണസംവിധാനത്തിന് കഴിയുന്നുണ്ടോ എന്നതിലാണ് അതിന്റെ യഥാർത്ഥ അളവുകോൽ. ഭരണകൂടങ്ങൾ മാറാം, രാഷ്ട്രീയകക്ഷികൾ മാറാം; എന്നാൽ ഭരണഘടന ഉറപ്പുനൽകുന്ന അവകാശങ്ങളും നീതിയും സുതാര്യതയും മാറാൻ പാടില്ല. ജനാധിപത്യം ജനങ്ങൾക്ക് വേണ്ടി നിലനിൽക്കേണ്ടതാണ്; ജനങ്ങൾ അധികാരത്തിന് വേണ്ടി നിലനിൽക്കേണ്ടതല്ല.

മോദിയുടെ നോട്ട് നിരോധനത്തിന് ഒരു പതിറ്റാണ്ട്

ന്യൂഡൽഹി: ഇന്ത്യയിൽ അഞ്ഞൂറ്, ആയിരം നോട്ടുകൾ നിരോധിക്കുന്നുവെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പ്രഖ്യാപിച്ചിട്ട് ഒരു പതിറ്റാണ്ട് പൂർത്തിയായി. സമ്പദ് വ്യവസ്ഥയിൽനിന്ന് 86 ശതമാനവും നോട്ടുകൾ പിൻവലിക്കുന്ന തീരുമാനം ഒന്നാം ബിജെപി സർക്കാരിന്റെ കാലത്ത് 2016 നവംബർ എട്ടിന് രാത്രിയാണ് പ്രധാനമന്ത്രി പ്രഖ്യാപിച്ചത്. വ്യാജ കറൻസി നോട്ടുകളും അഴിമതിയും തീവ്രവാദവും ഹവാല ഇടപാടും നേരിടുന്നത് ചൂണ്ടിക്കാട്ടിയാണ് 500, 1000 രൂപ നോട്ടുകൾ ഒറ്റ ദിവസംകൊണ്ട് നിരോധിച്ചതെങ്കിലും തീരുമാനം പ്രഖ്യാപിത ലക്ഷ്യങ്ങൾ കൈവരിച്ചോയെന്നതിൽ ഇന്നും വ്യക്തതയില്ല.

ഒരു രാത്രിയിലെ പ്രഖ്യാപനം ബാങ്കുകൾക്കും എടിഎമ്മുകൾക്കും മുന്നിൽ നീണ്ട ക്യൂ സൃഷ്ടിച്ചപ്പോൾ നിരോധനത്തിനു ശേഷമുള്ള ആദ്യ ആഴ്ചകൾ സാധാരണക്കാരുൾപ്പെടെയുള്ളവർക്ക് കഷ്ടപ്പാടുകളുടേതായിരുന്നു.

അപ്രതീക്ഷിതമായ നോട്ട് നിരോധനം കള്ളപ്പണത്തെ ഇല്ലാതാക്കാനാണെന്ന് പ്രധാനമന്ത്രി പ്രഖ്യാപിച്ചെങ്കിലും നിരോധിച്ച 500, 1000 നോട്ടുകളുടെ 99.3 ശതമാനത്തിനുമടുത്ത് പണം രണ്ട് വർഷത്തിനുള്ളിൽ തിരികെയെത്തിയത് നോട്ട് നിരോധനത്തിലൂടെ എത്രമാത്രം കള്ളപ്പണമാണ് യഥാർത്ഥത്തിൽ ഇല്ലാതാക്കിയതെന്ന ചോദ്യമുയർത്തിയിരുന്നു. നിരോധിക്കുന്ന സമയത്ത് അഞ്ഞൂറിന്റെയും ആയിരത്തിന്റെയും 15.41 ലക്ഷം കോടി രൂപയുടെ മൂല്യമുള്ള നോട്ടുകളാണുണ്ടായിരുന്നത്. ഇതിൽ 15.31 ലക്ഷം കോടി രൂപ വിലമതിക്കുന്ന നോട്ടുകളും നിരോധനത്തിനുശേഷം തിരികെയെത്തിയെന്ന് റിസർവ് ബാങ്കിന്റെ 2017-18 വാർഷിക റിപ്പോർട്ട് പറയുന്നു.



അതേസമയം ഡിജിറ്റൽ പണമിടപാടുകളെ പ്രോത്സാഹിപ്പിച്ച് വ്യാജ നോട്ടുകൾ വിപണിയിലെത്തിക്കുന്നത് തടയാനും കൂടിയാണ് നോട്ട് നിരോധനമെന്ന വ്യാഖ്യാനമുണ്ടായിരുന്നെങ്കിലും പൊതുജനങ്ങളുടെ കൈയിലുള്ള കറൻസി 2015-16-ൽ 11.9 ശതമാനമാണെങ്കിൽ പത്ത് വർഷങ്ങൾക്കിപ്പുറം 2026-ലെ കണക്കിലും അത് അധികം മാറ്റമില്ലാതെ 12.1 എന്ന നിരക്കിലാണ്. നിരോധനത്തിനുശേഷം വ്യാജ അഞ്ഞൂറ് രൂപനോട്ടുകൾ റിസർവ് ബാങ്ക് കണ്ടെത്തുന്നതും വർധിച്ചിട്ടുണ്ട്.

2016-17-ൽ പുതിയ അഞ്ഞൂറ് നോട്ടുകൾ അവതരിപ്പിച്ച സമയത്ത്, ഒരു കോടി നോട്ടുകളിൽ 0.3 വ്യാജ അഞ്ഞൂറ് രൂപ നോട്ടുകളാണ് കണ്ടെത്തിയിരുന്നതെങ്കിൽ 2025-26-ൽ ഓരോ ഒരു കോടി നോട്ടുകളിലും 20.1 കള്ളനോട്ടുകളുണ്ടെന്നാണ് റിസർവ് ബാങ്കിന്റെ കണക്ക്.

ഉമ്മൻചാണ്ടി ഫൗണ്ടേഷൻ; ഖത്തറിൽ ചാപ്റ്റർ ഉദ്ഘാടനം ചെയ്തു

ദോഹ: മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയുടെ ആശയാദർശങ്ങൾ പ്രചരിപ്പിച്ച് സാധാരണക്കാർക്കും പുതുതലമുറയ്ക്കും പ്രചോദനമേകാൻ രൂപീകരിച്ച ഉമ്മൻ ചാണ്ടി ഫൗണ്ടേഷന്റെ പ്രവർത്തനങ്ങൾ പ്രവാസലോകത്തേക്കും. ജി.സി.സിയടക്കം ചില രാജ്യങ്ങളിൽ ഫൗണ്ടേഷന്റെ പ്രവർത്തന കമ്മിറ്റിയുണ്ടെങ്കിലും ഖത്തറിലാണ് ഔദ്യോഗിക തുടക്കം.



ദോഹയിൽ ഉമ്മൻ ചാണ്ടി ഫൗണ്ടേഷൻ ഖത്തർ ചാപ്റ്റർ ഭാരവാഹികളെ പ്രഖ്യാപിച്ച് ചാണ്ടി ഉമ്മൻ എം.എൽ.എ സംസാരിക്കുന്നു.

ദോഹയിൽ നടന്ന വാർത്താ സമ്മേളനത്തിൽ ഖത്തർ ചാപ്റ്റർ ഭാരവാഹികളെ ഫൗണ്ടേഷൻ ട്രസ്റ്റി ചാണ്ടി ഉമ്മൻ എം.എൽ.എ. പ്രഖ്യാപിച്ചു. ജെ. കെ. മേനോനാണ് ഫൗണ്ടേഷന്റെ മുഖ്യ രക്ഷാധികാരി. ജൂട്ടസ് പോൾ (ചെയർമാൻ), വിനോദ് കോര, ജീസ് ജോസഫ്, വി.സി. മുജീബ് (വൈസ് ചെയർമാൻ), ശ്രീജിത്ത് എസ്. നായർ (ജനറൽ സെക്രട്ടറി), നാസർ വടക്കേക്കാട് (ട്രഷറർ), ജോബി തോമസ്, മുഹമ്മദ് റാഫി, മുഹമ്മദ് സാഹിർ, നവാസ് തെക്കുംപുറം, നൗഫൽ കാട്ടുപ്പാറ, ഷനീർ ഇടശേരി (കമ്മിറ്റി അംഗങ്ങൾ) എന്നിവരാണു ഭാരവാഹികൾ.

മലയാളികളുള്ള എല്ലായിടത്തും ഉമ്മൻ ചാണ്ടി ഫൗണ്ടേഷന്റെ പ്രവർത്തനം വ്യാപിപ്പിക്കുമെന്ന് ചാണ്ടി ഉമ്മൻ പറഞ്ഞു. ഭവനരഹിതർക്കുള്ള പദ്ധതിയിലാണ് കൂടുതൽ ശ്രദ്ധയെങ്കിലും പിന്നാക്കക്ഷേമം, വിദ്യാഭ്യാസം, ജീവകാരുണ്യം, കായിക രംഗത്തെ പുരോഗതി എന്നിവ ലക്ഷ്യമിട്ടാണ് ഫൗണ്ടേഷൻ പ്രവർത്തിക്കുന്നത്. പ്രവാസികൾ ഉൾപ്പെടെയുള്ളവർക്ക് തൊഴിലവസരങ്ങൾ കണ്ടെത്താൻ സഹായിക്കുകയും സാമ്പത്തിക പുരോഗതിക്കായി പ്രവർത്തിക്കുകയും ചെയ്യും. പ്രവർത്തനങ്ങൾക്കായി പ്രവാസിലോകത്തുനിന്ന് ഫണ്ടുകൾ സ്വരൂപിക്കും.

നോർക്ക ഇൻഷുറൻസ് പ്രീമിയം വർധന വിഷയം മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തും. ഉമ്മൻ ചാണ്ടിയെക്കുറിച്ചുള്ള സിനിമയുടെ ചർച്ചകൾ പുരോഗമിക്കുകയാണെന്നും ചാണ്ടി ഉമ്മൻ വ്യക്തമാക്കി.

വാർത്താസമ്മേളനത്തിൽ ജൂട്ടസ് പോൾ, വിനോദ് കോര, ജീസ് ജോസഫ്, വി.സി. മുജീബ്, ശ്രീജിത്ത് എസ്. നായർ, നാസർ വടക്കേക്കാട് എന്നിവരും പങ്കെടുത്തു.

JV BUILT
GENERAL CONTRACTOR

BUILT ON TRUST.
FOCUSED ON QUALITY.

From big upgrades to everyday improvements, we bring skill, integrity, and attention to detail to every project.

RESIDENTIAL | COMMERCIAL | FULLY INSURED | FREE ESTIMATES



OUR EXPERTISE



WINDOW REPLACEMENT
Improve comfort, efficiency & boost curb appeal.



FLOORING
Durable. Stylish. Built to last. Installed right.



ROOFING
Quality roofing that protects what matters most.




PAINT & GENERAL CONTRACTING
Interior & exterior painting and complete home improvements.



630-544-7951 jvbuilt1@gmail.com Proudly Serving the Chicago Land Area

BUILDING TRUST. DELIVERING EXCELLENCE.

ONE CONTRACTOR.
COMPLETE SOLUTIONS.
Remodeling · Additions · Repairs · Maintenance · And More



JAIBU MATHEW KULANGARA
& ASSOCIATES

For Personal & Business
TAX SERVICE

Jaibu Mathew Kulangara, E.A.
Entrolled to Practice before IRS

Christine Mathew
Lead Associate

7215 W.Touhy,
Suite 6
CHICAGO, IL 60631

773 792 2117 OFFICE
847 298 0786 HOME
312 718 6337 CELL
773 792 2118 FAX

E-mail:tax@jaibu.com
Web:www.jaibu.com



Free Electronic Filing

പോലീസിൽ രണ്ട് ഡിജിറ്റൽ പദ്ധതികൾക്ക് തുടക്കം

തിരുവനന്തപുരം: ആഭ്യന്തരമന്ത്രിക്കു നേരിട്ടുലഭിക്കുന്ന പരാതികളിൽ വേഗത്തിൽ നടപടിയെടുക്കുന്നതിനും കേരളത്തിലെ കുറ്റകൃത്യങ്ങളുടെ സ്ഥിതിവിവരങ്ങൾ തത്സമയം ലഭ്യമാക്കുന്നതിനുമായി രണ്ടു ഡിജിറ്റൽ പദ്ധതികൾക്കു തുടക്കമായി. എച്ച്എം ആക്ട്സ്, ഹോംസ് എന്നീ പദ്ധതികൾ പോലീസ് ആസ്ഥാനത്തു മന്ത്രി രമേശ് ചെന്നിത്തല ഉദ്ഘാടനം ചെയ്തു.

ആഭ്യന്തരമന്ത്രിക്കു നേരിട്ടു ലഭിക്കുന്ന പരാതികൾ താഴെത്തലത്തിലുള്ള പോലീസ് ഉദ്യോഗസ്ഥരിലേക്ക് എത്തിച്ച് നടപടിയെടുക്കുന്നതിനുള്ള സംവിധാനമാണ് എച്ച്എം ആക്ട്സ്. മന്ത്രിയുടെ നിർദേശങ്ങൾക്കനുസരിച്ച് പരാതികളിൽ നടപടി സ്വീകരിക്കുകയും അതിന്റെ വിവരങ്ങൾ പരാതിക്കാരനെ അറിയിക്കുകയും ചെയ്യും. ലഭിക്കുന്ന നിവേദനങ്ങൾ ഡിജിറ്റലായി രജിസ്റ്റർ ചെയ്തായിരിക്കും തുടർനടപടി സ്വീകരിക്കുക. പ്രധാന കുറ്റകൃത്യങ്ങളുടെ സ്ഥിതിവിവരക്കണക്കുകളും അടിയന്തരശ്രദ്ധ ആവശ്യമായ കുറ്റകൃത്യങ്ങളെക്കുറിച്ചുള്ള അറിയിപ്പുകളും ആഭ്യന്തരമന്ത്രിക്കും വകുപ്പിനും തത്സമയ ലഭ്യമാക്കുന്നതിനുള്ള സംവിധാനമാണു ഹോംസ്. ഇതിനായി പ്രത്യേക ഡാഷ്ബോർഡ് സജ്ജീകരിച്ചിട്ടുണ്ട്. കുറ്റകൃത്യങ്ങളുടെ വിവരങ്ങൾ ലഭ്യമാക്കുമ്പോഴും അന്വേഷണത്തിൽ ഇടപെടാത്ത രീതിയിലാണു സംവിധാനം രൂപപ്പെടുത്തിയിരിക്കുന്നത്. രഹസ്യവിവരങ്ങളും വ്യക്തിഗതവിവരങ്ങളും സുരക്ഷിതമായി നിലനിർത്തും. കേരള പോലീസിന്റെ ഡിജിറ്റൽ വിഭാഗമായ ഐ-കോപ്സാണു രണ്ട് പദ്ധതികൾക്കുമുള്ള സോഫ്റ്റ്വെയർ രൂപകൽപന ചെയ്തത്. കുട്ടികൾക്കിടയിലെ കുറ്റകൃത്യങ്ങൾ വർധിക്കുന്നതു തടയുന്നതിനുള്ള പദ്ധതികൾ ആലോചനയിലാണെന്നു മന്ത്രി പറഞ്ഞു. സംസ്ഥാന പോലീസ് മേധാവി റവാഡ എ. ചന്ദ്രശേഖർ, പോലീസ് ഉപദേഷ്ടാവ് എ. ഹേമചന്ദ്രൻ എന്നിവർ പ്രസംഗിച്ചു.

നിയമം എല്ലാവർക്കും ഒരുപോലെയാണ്. ഇക്കാര്യത്തിൽ ഒരു വിട്ടുവീഴ്ചയുമുണ്ടാകില്ല. തിരുവനന്തപുരം പാങ്ങപ്പാറയിൽ പതിനേഴുകാരന്റെ കൊലപാതകം ആശങ്കയുണ്ടാക്കുന്നതാണ്. കുട്ടികൾക്കു ബോധവൽക്കരണം നൽകുന്നതിനൊപ്പം കുറ്റകൃത്യങ്ങൾ തടയുന്നതിനുള്ള നടപടികളും സ്വീകരിക്കുമെന്നും മാണു പ്രധാനം. സ്കൂളുകളിൽ സൈക്കോളജിസ്റ്റുകളുടെ സേവനം ഉറപ്പാക്കാൻ നടപടിയെടുക്കുമെന്നും അദ്ദേഹം പറഞ്ഞു.



തിരുവനന്തപുരം പോലീസ് ആസ്ഥാനത്ത് എച്ച്എം ആക്ട്സ്, ഹോംസ് എന്നീ പദ്ധതികൾ മന്ത്രി രമേശ് ചെന്നിത്തല ഉദ്ഘാടനം ചെയ്യുന്നു.

ശബരിമലയിൽ സേവനങ്ങൾ ഇനി ഒറ്റ പോർട്ടലിൽ

പത്തനംതിട്ട: ശബരിമല തീർത്ഥാടകർക്കുള്ള സേവനങ്ങളും വിവരങ്ങളും പരാതിപരിഹാര സംവിധാനങ്ങളും ഡിജിറ്റൽ പ്ലാറ്റ്ഫോമിൽ ലഭ്യമാക്കുന്ന ശബരി പോർട്ടലും വാട്സാപ് അധിഷ്ഠിത ശബരി ചാറ്റ്ബോട്ടുമായി ജില്ലാ ദുരന്തനിവാരണ അതോറിറ്റി. ഇതാദ്യമായാണു ശബരിമലയിലെ എല്ലാ സേവനങ്ങളും ഒന്നിച്ചു ലഭിക്കുന്ന പോർട്ടൽ തയാറാക്കുന്നത്. വിലാസം: www.sabariportaldcpta.in

പത്തനംതിട്ട കളക്ടറേറ്റിലെ ജൂനിയർ സൂപ്രണ്ട് അജിത് ശ്രീനിവാസ്, ലാൻഡ് റവന്യൂ കമ്മീഷണറേറ്റിലെ റവന്യൂ ഇൻസ്പെക്ടർ ബി. യഗേഷ് എന്നിവരാണു രൂപകൽപന ചെയ്തത്. പൂജാ സമയങ്ങളും വെർച്വൽ ക്യൂ ബുക്കിങ്ങിനുള്ള ലിങ്കും പോർട്ടലിൽ ലഭ്യമാണ്.

പമ്പ, നിലയ്ക്കൽ, സന്നിധാനം എന്നിവിടങ്ങളിലെ ശുദ്ധജല കേന്ദ്രങ്ങൾ, പൊതുശുചിമുറികൾ, ആരോഗ്യകേന്ദ്രങ്ങൾ, ആശുപത്രികൾ, പോലീസ് സേവനങ്ങൾ, പാർക്കിങ് കേന്ദ്രങ്ങൾ തുടങ്ങിയവയുടെ സ്ഥാനം 'ശബരി മാപ്പി'ലൂടെ കണ്ടെത്താം. കേരളത്തിലെ പ്രധാന സർക്കാർ ആശുപത്രികളുടെയും മെഡിക്കൽ കോളജുകളുടെയും സ്ഥാനവും ഫോൺ നമ്പറുകളും ഉൾപ്പെടുത്തിയിട്ടുണ്ട്.

ചെങ്ങന്നൂർ, തിരുവല്ല, കോട്ടയം റെയിൽവേ സ്റ്റേഷനുകളിലെ ട്രെയിൻ സമയവിവരങ്ങളും ലഭിക്കും. വാട്സാപ്പിലൂടെ ബന്ധപ്പെടുന്ന തീർത്ഥാടകർക്കു ചാറ്റ്ബോട്ട് മറുപടി നൽകും.

പ്രധാന വകുപ്പുകളുടെ ഹെൽപ്ലൈൻ നമ്പറുകളും പോർട്ടലിൽ നൽകിയിട്ടുണ്ട്. നഷ്ടപ്പെട്ട സാധനങ്ങൾ, മൊബൈൽ ഫോണുകൾ, കൂട്ടംതെറ്റിയ വ്യക്തികൾ എന്നിവയുമായി ബന്ധപ്പെട്ട പരാതികൾ പോലീസിനു കൈമാറുന്നതിനുള്ള 'ലോസ്റ്റ് ആൻഡ് ഫൗണ്ട്' സംവിധാനവും ഉൾപ്പെടുത്തുന്നുണ്ട്.

പതിനാറു വർഷത്തെ നിയമപോരാട്ടത്തിനുശേഷം സി.ജെ. ഉമ്മൻ കോർ എപ്പിസ്കോപ്പയുടെ ഭൗതികാവശിഷ്ടം ജന്മനാട്ടിൽ സംസ്കരിച്ചു

ചെങ്ങന്നൂർ: കോടുകുളഞ്ഞി കോട്ടമല ബംഗ്ലാവിൽ സി.ജെ. ഉമ്മർ കോർ എപ്പിസ്കോപ്പയ്ക്ക് ഇനി നാട്ടിൽ അന്ത്യവിശ്രമം. പതിനാറുവർഷം നീണ്ട കാത്തിരിപ്പിനും നിയമപോരാട്ടങ്ങൾക്കുമൊടുവിൽ, അമേരിക്കയിൽ അന്തരിച്ച കോടുകുളഞ്ഞി കോട്ടമല ബംഗ്ലാവിൽ സി.ജെ. ഉമ്മൻ കോർ എപ്പിസ്കോപ്പയുടെ ഭൗതികാവശിഷ്ടങ്ങൾ ജന്മനാട്ടിലേക്കു കൊണ്ടുവരുന്നു. 2010 ഒക്ടോബർ 14-ന് 82-ാം വയസിൽ അമേരിക്കയിലെ ഫിലാഡൽഫിയയിലായിരുന്നു വേർപാട്.

മകൻ ഹെയ്ലി ജോണിനും കുടുംബത്തിനുമൊപ്പമായിരുന്നു ഫാ. ഉമ്മനും ഭാര്യ ബ്ലോസവും താമസിച്ചിരുന്നത്. കോർ എപ്പിസ്കോപ്പയുടെ സംസ്കാരം 2010 ഒക്ടോബർ 18-ന് ഫിലാഡൽഫിയയിലെ ഓർത്തഡോക്സ് പള്ളിയുടെ മംഗോളിയ സെമിത്തേരിയിലാണ് നടത്തിയത്. വേർപാടിന്റെ സമയത്ത് ഭൗതികശരീരം നാട്ടിലെത്തിക്കാൻ ആഗ്രഹിച്ചിരുന്നെങ്കിലും, ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ നേരിട്ടിരുന്ന റിട്ട. അദ്ധ്യാപികയായ ഭാര്യയുടെ ആരോഗ്യസ്ഥിതി കണക്കിലെടുത്ത് അന്ന് ആ ശ്രമം ഉപേക്ഷിക്കുകയായിരുന്നു.

ഫാ. ഉമ്മന്റെ സംസ്കാരം കഴിഞ്ഞ് നാലാം ദിവസം ഭാര്യ ബ്ലോസവും നിര്യാതയായി. തുടർന്ന് ബ്ലോസത്തിന്റെ മൃതദേഹം നാട്ടിലെത്തിച്ച് ഒക്ടോബർ 31-ന് കോടുകുളഞ്ഞി പ്രകാശഗിരി സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയിൽ സംസ്കരിച്ചു.

പിതാവിന്റെ ശരീരം കൂടി നാട്ടിലെത്തിച്ച് അമ്മയുടെ കല്ലറയോടു ചേർത്ത് അടക്കണമെന്നത് കുടുംബാംഗങ്ങളുടെ വലിയ ആഗ്രഹമായിരുന്നു. എന്നാൽ, അമേരിക്കൻ നിയമപ്രകാരം സംസ്കരിച്ച ശരീരം 10 വർഷം കഴിയാതെ മറ്റു സ്ഥലങ്ങളിലേക്ക് മാറ്റാൻ അനുമതി ലഭിക്കുമായിരുന്നില്ല. 10 വർഷത്തെ നിയമപരമായ കാത്തിരിപ്പിനുശേഷം എംബസിയും ഇരുരാജ്യങ്ങളിലെയും അധികാരികളുമായി ദീർഘകാലമായി നടത്തിയ ഇടപെടലുകൾക്കൊടുവിലാണ് കല്ലറ തുറന്ന് അസ്ഥിഅവശിഷ്ടങ്ങൾ നാട്ടിലേക്കു കൊണ്ടുവരാൻ അനുമതി ലഭിച്ചത്. ഇതിന്റെ ചെലവുകൾക്കായി ധാരാളം പണവും വേണ്ടിവന്നു.

നവംബർ നാലിന് ബുധനാഴ്ച കോടുകുളഞ്ഞി പ്രകാശഗിരി സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയിൽ ചെങ്ങന്നൂർ ഭദ്രാസനാധിപൻ മാത്യൂസ് മാർ തിമോത്തിയോസ് മെത്രാപ്പോലീത്തയുടെ മുഖ്യകാർമികത്വത്തിൽ സംസ്കാരം നടത്തി.

ഭാര്യ ബ്ലോസത്തിന്റെ കല്ലറയോടു ചേർത്ത് നിർമിച്ച പ്രത്യേക കല്ലറയിലാണ് ഫാ. മാത്യു ഉമ്മന്റെ ഭൗതികാവശിഷ്ടങ്ങൾ പുനർസംസ്കരിച്ചത്. കേരളത്തിലെ ക്രൈസ്തവസഭയുടെ ചരിത്രത്തിൽ ആദ്യമായിട്ടായിരിക്കും വിദേശത്ത് മരിച്ച് അടക്കം ചെയ്ത ഒരു വൈദികന്റെ ഭൗതികാവശിഷ്ടങ്ങൾ നാട്ടിൽ കൊണ്ടുവന്ന് പുനർസംസ്കരിക്കുന്നത്.

മക്കൾ: ഹെയ്ലി ജോൺ, മോണ്ട്ലി മാത്യു ഉമ്മൻ (തിരുവനന്തപുരം), ഷെർലി മേരി (ദുബായ്), ഡാർലി എലിസബത്ത് അലക്സ് (അമേരിക്ക), വാസ്കൻലി ഗീവർഗീസ് ഉമ്മൻ (തിരുവനന്തപുരം), ഫാ. ഗോൾഡൻലി തോമസ് ഉമ്മൻ (റാന്നി നിലയ്ക്കൽ ഭദ്രാസനം), പരേതയായ മേരി. മരുമക്കൾ: ശൈല, ലെന, അലക്സ് കുര്യൻ, ലുലു, മിനി, പരേതനായ ജോർജ് നൈനാൻ.





MIDWEST
WINDOWS & DOORS



MIDWEST WINDOWS DOORS & SIDING
www.mymidwestwindows.com



Free Estimate Please contact
RAJU NADUVETTIL
Cell: 773 474 9566 | Email: rajuabm@gmail.com

THANNIKKARY
VACATION HOME

S.H.MOUNT P.O., KOTTAYAM 686006, KERALA

FEATURES:
Free Wi-Fi, Plenty of parking, Beautician near by, Mosquito proof house, Currency exchange near by, Cook available to cook with your choice, Kottayam Railway Station & Town near by, Excellent ayurvedic massage place near by,
All Bedrooms are AC with attached bathrooms



FOR BOOKING

ABRAHAM THANNIKARI
+1 346- 285-1633
athannikari@hotmail.com

JENNI THANNIKARI
+1 713-280-8688

SOBHANA
+91 965 616 8399

B&M
AUTO COLLISION CTR

Fast & Efficient
Quality Repair
We work with all Insurance Companies





Call Anish Eapen
773-263-9863

4440 West Addison, Chicago, IL 60641
773.685.3200 | 773.685.7388 | www.bmautocollision.com

ഐപിസി ജനറൽ പ്രസിഡണ്ട് പാസ്റ്റർ ഡോ. വത്സൻ ഏബ്രഹാം അന്തരിച്ചു



കാലിഫോർണിയ: പാസ്റ്റർ കെ.ഇ. ഏബ്രഹാമിന്റെ കൊച്ചുമകനും പാസ്റ്റർ റ്റി.എ സ്. ഏബ്രഹാമിന്റെയും മേരി ഏബ്രഹാമിന്റെയും മകനും ഇന്ത്യ പെന്തെക്കോസ്ത് ദൈവസഭ ജനറൽ പ്രസിഡണ്ടുമായ പാസ്റ്റർ ഡോ. വത്സൻ ഏബ്രഹാം (74) നവംബർ 4-ന് ബുധനാഴ്ച കാലിഫോർണിയയിൽ അന്തരിച്ചു.

പാസ്റ്റർ ഡോ. വത്സൻ ഏബ്രഹാം ഇന്ത്യ ഗോസ്പൽ ഔട്ട് റീച്ചിന്റെ(ഐജിഒ) സ്ഥാപകനും പ്രസിഡണ്ടുമാണ്. ഇന്ത്യ ബൈബിൾ കോളജ് ആൻഡ് സെമിനാരിയുടെ പ്രസിഡണ്ടായി സേവനമനുഷ്ഠിച്ചു വരികയായിരുന്നു. 1984 മുതൽ ഇന്ത്യയിലുടനീളം സഭകൾ സ്ഥാപിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ചിരുന്ന അദ്ദേഹം സുവിശേഷകർ, മിഷനറിമാർ, സഭാനേതാക്കൾ എന്നിവർക്ക് പരിശീലനം നല്കുകയും ബൈബിൾ പരിശീലന കേന്ദ്രങ്ങളെയും മിഷൻ പ്രവർത്തനങ്ങളെയും പിന്തുണയ്ക്കുകയും ചെയ്തു വരുകയായിരുന്നു. ക്രിസ്തീയ ശുശ്രൂഷയ്ക്കും സഭകൾ സ്ഥാപിക്കുന്നതിനുമായി വിദ്യാർത്ഥികൾക്ക് പരിശീലനം നല്കുന്നതിലും ഏർപ്പെട്ടിരുന്നു. ഇന്ത്യ പെന്തെക്കോസ്ത് ചർച്ച് (ഐപിസി) 2006 മുതൽ 2013 വരെ ജനറൽ സെക്രട്ടറിയായി സേവനമനുഷ്ഠിച്ചു. 2019-ൽ ഇന്ത്യ പെന്തെക്കോസ്ത് ദൈവസഭയുടെ ജനറൽ പ്രസിഡണ്ടായി ചുമതലയേറ്റു.

കാലിഫോർണിയയിലെ 1987-ൽ സ്ഥാപിതമായ ഇന്ത്യ ക്രിസ്ത്യൻ അസംബ്ലിയുടെ (ഐസിഎ) സ്ഥാപകനും സീനിയർ പാസ്റ്ററുമായിരുന്ന അദ്ദേഹം 1982-ൽ ഭാര്യ ലാലി ഏബ്രഹാമും ചേർന്ന് തെക്കൻ കാലിഫോർണിയയിലെ ഇന്ത്യൻ കുടുംബങ്ങളെ ഉൾപ്പെടുത്തി പ്രാർത്ഥനാ കൂട്ടായ്മകൾക്ക് തുടക്കമിട്ടു. ഭാര്യ ലാലി ഏബ്രഹാം. മക്കൾ: സ്നേഹ, ആൻ, സന്തോഷ്, ആഷ.

വാർത്ത: പ്രസാദ് തീയാടിക്കൽ

പ്രതിഷേധിക്കാം, കൈയടക്കി വെക്കരുതെന്ന് സുപ്രീംകോടതി

ന്യൂഡൽഹി: പ്രതിഷേധിക്കാനുള്ള ഭരണഘടനാപരമായ അവകാശം അനിശ്ചിതകാലത്തേക്ക് ഒരു സ്ഥലം കൈയടക്കിവെക്കുന്നതിലേക്കു നീളാൻ പാടില്ലെന്ന് സുപ്രീംകോടതി. ഒരു സ്ഥലത്തു പ്രതിഷേധങ്ങൾ കാലങ്ങളോളം നീണ്ടുപോയാൽ മറ്റുള്ളവർക്ക് അവിടെ പ്രതിഷേധിക്കാനുള്ള അവകാശം നഷ്ടപ്പെടുമെന്നും ചീഫ് ജസ്റ്റിസ് സൂര്യകാന്ത് അദ്ധ്യക്ഷനായ ബെഞ്ച് നിരീക്ഷിച്ചു. മുഖ്യ തെരഞ്ഞെടുപ്പു കമ്മീഷണർക്കെതിരെ ഡൽഹിയിൽ നടന്ന പ്രതിഷേധങ്ങളുമായി ബന്ധപ്പെട്ട ഹർജികൾ പരിഗണിക്കുമ്പോഴായിരുന്നു കോടതിയുടെ നിർണായക നിരീക്ഷണം.

കർഷകർക്കും തൊഴിലാളികൾക്കും മാധ്യമപ്രവർത്തകർക്കുമടക്കം എല്ലാവർക്കും പ്രതിഷേധിക്കാൻ അവകാശമുള്ളതിനാൽ ഇത്തരം ആവശ്യങ്ങൾക്കായി നിശ്ചിത സ്ഥലങ്ങൾ നിശ്ചിത കാലയളവിലേക്കു മാത്രമായി അനുവദിക്കണമെന്ന് കോടതി വ്യക്തമാക്കി. പ്രതിഷേധിക്കാനുള്ള അവകാശവും ജനങ്ങളുടെ ഉപജീവനത്തിനുള്ള അവകാശവും തമ്മിൽ തുലനം ചെയ്യേണ്ടതുണ്ട്. ഉത്സവസീസണിൽ പ്രതിഷേധങ്ങൾക്കു നിയന്ത്രണം ഏർപ്പെടുത്തണമെന്ന വ്യാപാരികളുടെ ആവശ്യത്തിൽ കേന്ദ്രസർക്കാരിൽനിന്നും മറ്റു കക്ഷികളിൽനിന്നും കോടതി പ്രതികരണം തേടി. ഹർജികൾ ഒമ്പത് വിഭാഗങ്ങളായി തിരിച്ച് ദീപാവലിക്കുശേഷം കോടതി വീണ്ടും പരിഗണിക്കും.

അതേസമയം, ഡൽഹിയിലെ പ്രതിഷേധം റിപ്പോർട്ട് ചെയ്യുന്നതിനിടെ മലയാളി മാധ്യമപ്രവർത്തകർ നേരിട്ട പോലീസ് അതിക്രമത്തിനെതിരെ കെയുഡബ്ല്യുജെ ഡൽഹി ഘടകം നൽകിയ ഹർജിയിൽ കേന്ദ്രസർക്കാരിനും ഡൽഹി പോലീസിനും കോടതി നോട്ടീസ് അയച്ചു.

ഡൽഹിയിൽ അടുത്തിടെ നടന്ന പ്രതിഷേധത്തെത്തുടർന്ന് കോടികളുടെ നഷ്ടം സംഭവിച്ചതായി വ്യാപാരികൾ കോടതിയിൽ ചൂണ്ടിക്കാട്ടി. പ്രതിഷേധസ്ഥലത്തിനു ചുറ്റുമുള്ള പ്രദേശങ്ങളിൽ 50 ലക്ഷം ആളുകൾ താമസിക്കുന്നുണ്ടെന്നും കൊണാട്ട് പ്ലേസ് പോലുള്ള സ്ഥലങ്ങളിലെ കടകൾ പൂർണമായും അടഞ്ഞുകിടക്കുകയായിരുന്നുവെന്നും വ്യാപാരി കൗൺസിൽ കോടതിയിൽ അവകാശപ്പെട്ടു. എന്നാൽ, വ്യാപാരനഷ്ടത്തിനു കാരണം പ്രതിഷേധക്കാർ മാത്രമാണെന്ന് എങ്ങനെ പറയാനാകുമെന്ന് കോടതി ചോദിച്ചു. റോഡുകളിലെ ബാരിക്കേഡുകളും ഭരണകൂടം ഏർപ്പെടുത്തുന്ന നിയന്ത്രണങ്ങളും വ്യാപാരത്തെ ബാധിക്കുന്നില്ലേയെന്നും സർക്കാർ നിർദേശപ്രകാരം കടകൾ അടച്ചിടേണ്ടിവന്നാൽ അതിന്റെ ഉത്തരവാദിത്വം ആർക്കാണെന്നും കോടതി ചോദിച്ചു.

തുടർന്ന് കേസിലെ പരാതികൾ പൂർണമായി തീർപ്പാക്കാൻ കഴിയില്ലെന്നു ചൂണ്ടിക്കാട്ടിയ കോടതി, പ്രതിഷേധങ്ങളുടെ സംഘാടകരെക്കൂടി എതിർകക്ഷികളാക്കാൻ വ്യാപാരി സംഘടനകൾക്കു നിർദേശം നൽകി.

കടൽക്കൊള്ളക്കാരിൽനിന്ന് ഇറാൻ കപ്പൽ മോചിപ്പിച്ച് ഇന്ത്യൻ നാവികസേന

ന്യൂഡൽഹി: സൊമാലിയൻ തീരത്ത് കടൽക്കൊള്ളക്കാർ തട്ടിയെടുത്ത ഇറാൻ കപ്പലിനെയും അതിലെ 20 ജീവനക്കാരെയും രക്ഷപ്പെടുത്തി ഇന്ത്യൻ നാവികസേന. മുംബൈയിൽ നിന്ന് 3,000 കിലോമീറ്ററിലധികം അകലെ അറബിക്കടലിൽ ഇന്ത്യൻ വ്യോമസേനയുടെ പിന്തുണയോടെ 48 മണിക്കൂർ നീണ്ടുനിന്ന ഓപ്പറേഷനിലൂടെയാണ് അസിനി എന്ന മത്സ്യബന്ധന കപ്പലിനെയും ക്രൂ അംഗങ്ങളെയും നാവികസേന മോചിപ്പിച്ചത്.

ഒക്ടോബർ 29-ന് സൊമാലിയയുടെ വടക്കുകിഴക്കൻ തീരത്ത് ആയുധങ്ങളുമായി എത്തിയ കടൽക്കൊള്ളക്കാരുടെ സംഘം കപ്പൽ തട്ടിയെടുത്തതായി റിപ്പോർട്ട് ചെയ്യപ്പെട്ടിരുന്നു. ഈ കപ്പലിനെ മേഖലയിലെ വ്യാപാര കപ്പലുകൾ കൊള്ള നടത്തുന്നതിനായിട്ടുള്ള മദർഷിപ്പ് ആയി ഉപയോഗിക്കാനുള്ള സാധ്യതകളെക്കുറിച്ച് മാരിടൈം സെക്യൂരിറ്റി സെന്റർ-ഇന്ത്യൻ ഓഷ്യൻ മുന്നറിയിപ്പ് നൽകിയതോടെയാണ് ഇന്ത്യൻ സേന നടപടികളുമായി മുന്നോട്ടു പോയത്.

തുടർന്ന് കപ്പൽ മോചനദൗത്യത്തിനായി വ്യോമസേനയുടെ സമുദ്ര നിരീക്ഷണ വിമാനം സി-17-ന്റെ പിന്തുണയോടെ മറൈൻ കമാൻഡോകൾ ഉൾപ്പെടെയുള്ള ഒരു യുദ്ധക്കപ്പലിനെ നിയോഗിച്ചു. പരസ്പര ഏകോപനത്തോടെ പ്രവർത്തിച്ച ഇവർ കപ്പലിന്റെ സ്ഥാനം കണ്ടെത്തുകയും അതിന്റെ സഞ്ചാരം നിരീക്ഷിക്കുകയും ചെയ്തു. നവംബർ രണ്ടിലെ ദ്രുതവും തന്ത്രപരവുമായുള്ള നീക്കത്തിലൂടെ സായുധ കടൽക്കൊള്ളക്കാരിൽനിന്ന് കപ്പലിനെയും ജീവനക്കാരെയും അപകടങ്ങൾ ഇല്ലാതെ സുരക്ഷിതമായി രക്ഷപ്പെടുത്തിയാണ് ദൗത്യം പൂർത്തിയാക്കിയത്.

ഈ മാനുഷിക പ്രവർത്തനം ഇരുരാജ്യങ്ങളും തമ്മിലുള്ള സൗഹൃദത്തിന്റെ ഐക്യദാർഢ്യത്തിന്റെയും സഹകരണത്തിന്റെയും തെളിവാണെന്നും രാജ്യത്തിന്റെ പേരിൽ ഇന്ത്യൻ സർക്കാരിനും സേനക്കും ആത്മാർത്ഥമായ നന്ദി അറിയിക്കുന്നുവെന്നും ഇന്ത്യയിലെ ഇറാൻ എംബസി പറഞ്ഞു.

വ്യക്തിയെ മജിസ്ട്രേറ്റിനു മുന്നിൽ ഹാജരാക്കാനുള്ള സമയത്തിൽ വ്യക്തത വരുത്തി കോടതി

ന്യൂഡൽഹി: പോലീസിന് ഒരാളെ മജിസ്ട്രേറ്റിനു മുന്നിൽ ഹാജരാക്കാൻ ഭരണഘടന അനുശാസിക്കുന്ന 24 മണിക്കൂർ സമയം അയാളെ കസ്റ്റഡിയിലെടുക്കുമ്പോൾ മുതൽ ആരംഭിക്കുമെന്ന് സുപ്രീംകോടതി. ഔദ്യോഗികമായി അറസ്റ്റ് രേഖപ്പെടുത്തുന്ന സമയം മുതലല്ല 24 മണിക്കൂർ സമയപരിധി ആരംഭിക്കുന്നതെന്നും ജസ്റ്റിസുമാരായ ഉജ്ജൽ ഭുയാൻ, അതുൽ എസ്. ചന്ദുർക്കർ എന്നിവരടങ്ങിയ ബെഞ്ച് വ്യക്തമാക്കി. ത്രിപുരയിലെ ഒരു കേസിൽ ഹൈക്കോടതി ജാമ്യം നിഷേധിച്ചതിനെതിരെ പ്രതികൾ സമർപ്പിച്ച അപ്പീലുകളിലാണ് അറസ്റ്റും കസ്റ്റഡിയും തമ്മിൽ കൃത്രിമമായ വേർതിരിവ് സൃഷ്ടിക്കാനാകില്ലെന്നു നിരീക്ഷിച്ചുകൊണ്ട് സുപ്രീംകോടതിയുടെ സുപ്രധാന വിധി. ഒരു വ്യക്തിയുടെ അറസ്റ്റ് ഔദ്യോഗികമായി രേഖപ്പെടുത്തുന്നതിനുമുമ്പ് അന്വേഷണത്തിന്റെയോ ചോദ്യംചെയ്യലിന്റെയോ പേരിൽ അയാളെ കസ്റ്റഡിയിൽ പാർപ്പിച്ച സമയം 24 മണിക്കൂർ സമയപരിധിയിൽനിന്ന് ഒഴിവാക്കുന്നത് ഭരണഘടനയുടെയും ബിഎൻഎസ്എസിന്റെയും ലംഘനമാണെന്ന് കോടതി പറഞ്ഞു. മജിസ്ട്രേറ്റ് കോടതിയിലേക്കുള്ള യാത്രയ്ക്ക് ആവശ്യമായ സമയം മാത്രമാണ് ഇതിൽനിന്ന് ഒഴിവാക്കാനാകുക എന്നും കോടതി വ്യക്തമാക്കി. ഒരാളുടെ സ്വാതന്ത്ര്യം യഥാർത്ഥത്തിൽ നിയന്ത്രിക്കപ്പെടുന്ന നിമിഷം മുതൽ 24 മണിക്കൂർ കണക്കാക്കണമെന്ന കേരള ഹൈക്കോടതിയുടെ നിലപാടാണ് സുപ്രീംകോടതിയും ശരിവെച്ചത്. പ്രതികളെ ഹാജരാക്കുമ്പോൾ കസ്റ്റഡിയിലെടുത്ത തീയതിയും സമയവും മജിസ്ട്രേറ്റ് രേഖപ്പെടുത്തണം. 24 മണിക്കൂറിനുള്ളിൽ ഹാജരാക്കിയിട്ടുണ്ടോയെന്നു പരിശോധിക്കണം. സമയപരിധി ലംഘിച്ചിട്ടുണ്ടെങ്കിൽ ബന്ധപ്പെട്ട വ്യക്തിയെ മോചിപ്പിക്കണം. ന്യായമായ സമയത്തേക്കു മാത്രമേ ഒരാളെ കസ്റ്റഡിയിൽ പാർപ്പിക്കുന്നുള്ളൂവെന്ന് ഉറപ്പാക്കണം. അനാവശ്യ കസ്റ്റഡിയാണെന്നു ബോധ്യപ്പെട്ടാൽ റിമാൻഡ് അനുവദിക്കാതിരിക്കാൻ മജിസ്ട്രേറ്റിന് അധികാരമുണ്ട് എന്നിവയാണ് കോടതിയുടെ നിർദേശങ്ങൾ.





പരീക്ഷാ ക്രമക്കേട്: പിഎസ്സിയുടെ വാദം തെറ്റാണെന്നു എസ്ഐടിയുടെ കണ്ടെത്തൽ

തിരുവനന്തപുരം: ആസൂത്രണ ബോർഡ് പരീക്ഷാ ക്രമക്കേടിൽ സാങ്കേതിക പിഴവെന്ന പിഎസ്സിയുടെ വാദം തെറ്റാണെന്നു ക്രൈംബ്രാഞ്ച് പ്രത്യേക അന്വേഷണസംഘത്തിന്റെ കണ്ടെത്തൽ. 58 മാർക്കിന്റെ ഉത്തരക്കടലാസ് മൂല്യനിർണയം നടത്താതിരുന്നത് ഉദ്യോഗസ്ഥരുടെ വീഴ്ചയാണെന്ന് പരിശോധനയിലൂടെ വ്യക്തമായതായി എസ്ഐടി കണ്ടെത്തി. ഡെമോ മൂല്യനിർണയം നടത്തിയാണ് ക്രമക്കേടിന്റെ സ്വഭാവം അന്വേഷണസംഘം സ്ഥിരീകരിച്ചത്. മൂല്യനിർണയത്തിലെ സാങ്കേതിക പിഴവാണ് സംഭവത്തിനു കാരണമെന്നായിരുന്നു പിഎസ്സി ചെയർമാൻ ഉൾപ്പെടെയുള്ളവരുടെ വിശദീകരണം.

ആസൂത്രണ ബോർഡ് പരീക്ഷയുമായി ബന്ധപ്പെട്ട് പിഎസ്സി പരീക്ഷാ വിഭാഗം അഡീഷണൽ സെക്രട്ടറി ആർ. ഹരി നേരത്തേ നൽകിയ മൊഴി ആവർത്തിച്ചിരുന്നു.

വരുംദിവസങ്ങളിൽ പിഎസ്സിയിലെ കൂടുതൽ ഉദ്യോഗസ്ഥരെയും അംഗങ്ങളെയും ചോദ്യംചെയ്യാനാണ് അന്വേഷണസംഘത്തിന്റെ തീരുമാനം. രണ്ടാംഘട്ട ചോദ്യംചെയ്യലിനായി ഹാജരാകണമെന്ന് ആവശ്യപ്പെട്ടിരുന്നെങ്കിലും ചെയർമാൻ എം. ആർ. ബൈജു എത്തിയില്ല.

ഈയിടെ പിഎസ്സി ഉദ്യോഗസ്ഥരെ വിളിച്ചുവരുത്തി എസ്ഐടി മൊഴി രേഖപ്പെടുത്തിയിരുന്നു. ചെയർമാൻ എം.ആർ. ബൈജുവിന്റെ ഏകപക്ഷീയ തീരുമാനങ്ങൾ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതായി സെക്രട്ടറി സാജു ജോർജ് മൊഴി നൽകിയിരുന്നു. കൂടുതൽ ഉദ്യോഗസ്ഥരെ ചോദ്യംചെയ്ത് ക്രമക്കേടുമായി ബന്ധപ്പെട്ട വിവരങ്ങൾ ശേഖരിക്കാനാണ് അന്വേഷണസംഘത്തിന്റെ നീക്കം.

ആദ്യഘട്ട ചോദ്യം ചെയ്യലിൽ ചെയർമാൻ നൽകിയ വിവരങ്ങളിൽ ഒട്ടേറെ വൈരുധ്യങ്ങൾ ഉള്ളതായി എസ്ഐടി കണ്ടെത്തി. ചെയർമാൻ എം. ആർ. ബൈജുവിനെ കേസിൽ പ്രതി ചേർക്കുന്നതിനായി ക്രൈംബ്രാഞ്ച് നിയമോപദേശം തേടിയിരിക്കുകയാണ്.

വീണ്ടും ചോദ്യംചെയ്യലിന് ഹാജരാകാൻ നോട്ടീസ് നൽകിയെങ്കിലും ഹൈക്കോടതിയിലെ കേസിൽ വിധി വന്നതിനുശേഷം ഹാജരാകാമെന്ന് അറിയിച്ച് അദ്ദേഹം നിലവിൽ ഒഴിഞ്ഞുമാറിയിരിക്കുകയാണ്.

അഗ്നിവീറുകളുടെ കാലാവധി രണ്ടുവർഷം കൂടി നീട്ടുമെന്ന് കേന്ദ്രം

ന്യൂഡൽഹി: അഗ്നിപഥ് പദ്ധതിയിൽ നിർണായക മാറ്റങ്ങളുമായി കേന്ദ്ര സർക്കാർ. സൈന്യത്തിലെ അഗ്നിവീറുകളുടെ സേവന കാലാവധി രണ്ടു വർഷം കൂടി നീട്ടുമെന്ന് സംയുക്ത സൈനിക മേധാവി (സിഡിഎസ്) ജനറൽ എൻ.എസ്. രാജ സുബ്രഹ്മണി പ്രഖ്യാപിച്ചു. പദ്ധതിപ്രകാരം നാല് വർഷത്തിനുശേഷം വിരമിക്കേണ്ടിവരുന്ന 75 ശതമാനം അഗ്നിവീറുകൾക്കും രണ്ടു വർഷത്തെ അധിക കാലാവധി നൽകുമെന്ന് അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു. മികവിന്റെ അടിസ്ഥാനത്തിൽ ബാക്കിയുള്ള 25 ശതമാനം പേരെ മുന്പ് അറിയിച്ചതുപോലെതന്നെ സൈന്യത്തിൽ സ്ഥിരപ്പെടുത്തും. അഗ്നീവീറുകളുടെ കാലാവധി പൂർത്തിയാകുമ്പോൾ എല്ലാ സേനാവിഭാഗങ്ങളിൽനിന്നുമായി 18,000-ത്തിലധികം സൈനികർ ഒരുമിച്ച് വിരമിക്കുന്നത് സേനയിൽ വലിയ പ്രതിസന്ധിക്കിടയാക്കുമെന്ന വിലയിരുത്തലിലാണ് ഈ തീരുമാനം. ആദ്യ ബാച്ചിൽ കരസേനയിൽ ഏകദേശം 19,000, വ്യോമസേനയിൽ 2,850, നാവികസേനയിൽ 3,000 എന്നിങ്ങനെ അഗ്നിവീറുകളാണ് സേവനത്തിലുള്ളത്. അധിക കാലാവധിയിൽ സൈന്യത്തിൽ തുടരണമോ എന്നത് പൂർണമായും അതത് സൈനികരുടെ താത്പര്യത്തിനു വിധേയമായിരിക്കും.

ഡോക്ടറെ മർദിച്ച് കവർച്ച; നടനും നടിയും സുഹൃത്തും അറസ്റ്റിൽ

കൊച്ചി: ചികിത്സയ്ക്കെന്ന വ്യാജേന ഡോക്ടറെ ഫ്ളാറ്റിലേക്കു വിളിച്ചുവരുത്തി മർദിച്ച് കവർച്ച നടത്തിയ സംഭവത്തിൽ നടിയും നടനും സുഹൃത്തും അറസ്റ്റിൽ.

ഒന്നാം പ്രതി മൂവാറ്റുപുഴ കല്ലൂർക്കാട് പെരുമ്പള്ളിക്കുന്നേൽ ബിബിൻ ബേബി (ബിബിൻ പെരുമ്പള്ളി-43), രണ്ടാം പ്രതി പെരുമ്പാവൂർ വെങ്ങോല ആലിൻചുവട് കവല സ്വദേശി കെ.ബി. വിഷ്ണു (31), മൂന്നാംപ്രതി പുതിയകാവ് അൻസാർ അപ്പാർട്മെന്റിൽ താമസിക്കുന്ന നടി അതുല്യ ചന്ദ്ര (32) എന്നിവരെ കടവന്ത്ര പോലീസ് അറസ്റ്റ് ചെയ്തു. ഡോക്ടറെ തടഞ്ഞുവെച്ച് 3.25 ലക്ഷം രൂപ വിലമതിക്കുന്ന വസ്തുക്കൾ കവർന്നെന്നാണ് പരാതി.

വൈദ്യപരിശോധനയ്ക്കുശേഷം മജിസ്ട്രേറ്റിനു മുന്നിൽ ഹാജരാക്കിയ മൂവരേയും റിമാൻഡ് ചെയ്തു. എറണാകുളം കുരീക്കാട് സ്വദേശിയായ ഡോക്ടർ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ ജാമ്യമില്ലാ വകുപ്പുകൾ ഉൾപ്പെടെ ചേർത്താണ് കേസ്. 12 പേർക്കെതിരെയാണു കേസ്. നവംബർ രണ്ടിന് തിങ്കളാഴ്ച വൈകിട്ട് വൈറ്റില പൊന്നുരുന്നിയിലെ ജൂനിയർ ജനത റോഡിലുള്ള അപ്പാർട്മെന്റിലെ ഫ്ളാറ്റിലേക്ക് അതുല്യ ചന്ദ്രയാണു ഡോക്ടറെ വിളിച്ചുവരുത്തിയത്. പ്രതികളിലൊരാളുടെ മാതൃസഹോദരിക്ക് ഗുരുതര ആരോഗ്യപ്രശ്നമുണ്ടെന്നും അടിയന്തര ചികിത്സ ആവശ്യമാണെന്നും പറഞ്ഞാണ് വിളിച്ചത്. ഡോക്ടർക്കു പ്രതികളുമായി മുൻപരിചയമുണ്ടെന്നാണ് സൂചന.

എന്നാൽ ഫ്ളാറ്റിലെത്തിയ ഡോക്ടറെ സംഘം മർദിച്ചെന്നാണ് പരാതി. ബിബിൻ പെരുമ്പള്ളി ഡോക്ടറുടെ മുഖത്ത് അടിക്കുകയും കസേരയിൽ ബലമായി ഇരുത്തി വാരിയെല്ലുകളുടെ ഭാഗത്ത് പലതവണ ഇടിക്കുകയും ചെയ്തതായി എഫ്ഐആറിൽ പറയുന്നു. രണ്ടാം പ്രതി ഡോക്ടറുടെ രണ്ട് മൊബൈൽ ഫോണുകളും സ്മാർട് വാച്ചും ഇയർപോഡുകളും തട്ടിയെടുത്തു. ഇവയ്ക്ക് 3.25 ലക്ഷം രൂപ വില വരും. അതുല്യ ചന്ദ്ര അസഭ്യം പറയുകയും കൊലപ്പെടുത്തുമെന്ന് ഭീഷണിപ്പെടുത്തുകയും ചെയ്തതായാണ് ആരോപണം. മറ്റ് പ്രതികളും മർദിച്ചതായും പരാതിയിൽ പറയുന്നു. ശാരീരിക വേദന രൂക്ഷമായതും പ്രതികൾ കൊല്ലുമെന്നു പറഞ്ഞതിലെ ഭയം കാരണവുമാണ് പരാതി നൽകാൻ രണ്ടു ദിവസമെടുത്തതെന്നും ഡോക്ടർ പറയുന്നു. ഹണിട്രാപ് ആണോയെന്ന കാര്യം പരിശോധിക്കും. 'ഉയിർ' ആണ് അതുല്യ ചന്ദ്ര ഒടുവിൽ അഭിനയിച്ച ചിത്രം. 'ഡൈസ് ഇറേ', 'ഇന്നലെ വരെ', 'ഓ ബേബി' തുടങ്ങിയ ചിത്രങ്ങളിലും വേഷമിട്ടു. 'ലോക'യിൽ പോലീസ് വേഷത്തിലൂടെയാണ് ബിബിൻ പെരുമ്പള്ളി ശ്രദ്ധേയനായത്. 'ആശാൻ', 'കാട്ടാളൻ' തുടങ്ങിയ ചിത്രങ്ങളിലും അഭിനയിച്ചിട്ടുണ്ട്.

എവറസ്റ്റ് ബേസ് ക്യാമ്പിനു സമീപം കോപ്റ്ററുകൾ കൂട്ടിയിടിച്ച് ഇന്ത്യക്കാരൻ മരിച്ചു

കാഠ്മണ്ഡു: എവറസ്റ്റ് ബേസ് ക്യാമ്പിനുസമീപം ലാൻഡിങ്ങിനിടെ രണ്ട് ഹെലികോപ്റ്ററുകൾ കൂട്ടിയിടിച്ചുണ്ടായ അപകടത്തിൽ ഇന്ത്യൻ പൗരൻ മരിച്ചു. ഒരാൾക്ക് പരുക്കേറ്റു.

നവംബർ മൂന്നിന് ചൊവ്വാഴ്ച രാവിലെ എട്ടോടെ നേപ്പാൾ സോലുഖുംബു ജില്ലയിലെ ഫേരിച്ചെയിലാണ് ഫിഷ്ടയിൽ എയറിന്റെയും എയർ ഡൈനാസ്റ്റിയുടെയും കോപ്റ്ററുകൾ കൂട്ടിയിടിച്ചത്.

ഫിഷ്ടയിൽ കോപ്റ്ററിൽ യാത്ര ചെയ്ത 47-കാരനായ വസന്ത്കുമാർ ബാലരാമരാമധുവാണ് മരിച്ചത്. ന്യൂസിലൻഡിൽ താമസിക്കുന്ന ഇന്ത്യൻവംശജനായ ശൈലേഷ് കൃഷ്ണ പട്ടേലി(49)നും രണ്ട് കോപ്റ്ററുകളിലെയും പൈലറ്റുമാർക്കും പരുക്കേറ്റു. ഇവരെ വ്യോമമാർഗം കാഠ്മണ്ഡുവിലെ ആശുപത്രിയിലെത്തിച്ചു.

എവറസ്റ്റ് ബേസ് ക്യാമ്പിലേക്കുള്ള പാതയിലാണ് അപകടമുണ്ടായ ഫേരിച്ചെ. സമുദ്രനിരപ്പിൽനിന്ന് 4500 കിലോമീറ്റർ ഉയരത്തിലാണിത്. ഇരുകോപ്റ്ററുകളും എവറസ്റ്റ് മേഖലയിലേക്കുള്ള പ്രവേശനകവാടമായ ലുക്ല വിമാനത്താവളത്തിൽനിന്നാണ് പുറപ്പെട്ടത്. യാത്രക്കാരുടെ കൃത്യമായ എണ്ണം സ്ഥിരീകരിച്ചിട്ടില്ലെന്ന് നേപ്പാൾ പോലീസ് അറിയിച്ചു.

ബെയ്ലിയുടെ പേരിൽ പുതിയ സസ്യം



കോട്ടയം: ഉത്തർപ്രദേശിലെ ആഗ്രയിൽനിന്ന് സസ്യശാസ്ത്ര ലോകത്തിന് പുതിയൊരു ചെടി കൂടി. സ്റ്റെല്ലേറിയ വിഭാഗത്തിൽപ്പെടുന്ന പുതിയ സസ്യത്തെയാണ് ഗവേഷകർ കണ്ടെത്തിയത്. സ്റ്റെല്ലേറിയ ബെയ്ലിയെന്നാണ് പുതിയ സസ്യത്തിന് നൽകിയിരിക്കുന്ന ശാസ്ത്രനാമം.

മലയാളം അച്ചടിയുടെ പിതാവായി അറിയപ്പെടുന്ന ബെഞ്ചമിൻ ബെയ്ലിയുടെ സ്മരണയ്ക്കാണ് ഈ പേര് നൽകിയിരിക്കുന്നത്. ആഗ്രയിൽ യമുനാ നദീതീരത്ത് നടത്തിയ പഠനത്തിലാണ് ഈ സസ്യം കണ്ടെത്തിയത്.


കോട്ടയം സിഎംഎസ് കോളജിലെ സസ്യശാസ്ത്ര വിഭാഗത്തിലെ ഡോ. റോജിമോൻ പി. തോമസ്, ചങ്ങനാശേരി എസ്ബി കോളജിലെ സസ്യശാസ്ത്ര വിഭാഗത്തിലെ ഡോ. ആര്യ സിന്ധു, ഉത്തർപ്രദേശിലെ മാ സകുമ്പരി സർവകലാശാല ബോട്ടണി വിഭാഗത്തിലെ ഡോ. ഹർഷ സിംഗ് എന്നിവരടങ്ങിയ സംഘമാണ് പുതിയ സസ്യം കണ്ടെത്തിയത്. അന്താരാഷ്ട്ര സസ്യശാസ്ത്ര ജേണലായ 'ഫൈറ്റോടാക്സി'ലാണ് ഗവേഷണം പ്രസിദ്ധീകരിച്ചിരിക്കുന്നത്.



റവ.ഫാ. ജോസഫ് മേലേടത്തിന്റെ നിര്യാണത്തിൽ ക്നാനായ കത്തോലിക്കാ റീജിയൻ അനുശോചിച്ചു

ചിക്കാഗോ: കോട്ടയം അതിരൂപതയിലെ വൈദികനും അമേരിക്കയിലെ ക്നാനായ കത്തോലിക്കാ സമൂഹത്തിന്റെ വളർച്ചയിൽ നിർണായക പങ്കു വഹിച്ചിരുന്ന റവ.ഫാ. ജോസഫ് മേലേടത്തിന്റെ നിര്യാണത്തിൽ ചിക്കാഗോ സീറോ മലബാർ രൂപതയിലെ ക്നാനായ കത്തോലിക്കാ റീജിയൻ അഗാധമായ ദുഃഖവും അനുശോചനവും രേഖപ്പെടുത്തി.

കോട്ടയം അതിരൂപതയ്ക്കു വേണ്ടി വൈദികനായി അഭിഷിക്തനായ ഫാ. ജോസഫ് വിവിധ ഇടവകകളിൽ വികാരിയായും കോട്ടയം സോഷ്യൽ സർവീസ് സൊസൈറ്റിയുടെ ഡയറക്ടറായും സേവനമനുഷ്ഠിച്ചു. തന്റെ വൈദികജീവി



തത്തിലുടനീളം സഭയ്ക്കും സമൂഹത്തിനും വേണ്ടി സമർപ്പിത ഭാവത്തോടെ പ്രവർത്തിച്ച അദ്ദേഹം അനേകം ജീവിതങ്ങളെ സ്പർശിച്ചു.

ടെക്സസിലെ ക്നാനായ സമൂഹത്തിന്റെ മുൻഗാമിയായി 1994-ൽ ഹൂസ്റ്റണിലെത്തിയ ഫാ. ജോസഫ്, അന്ന് വളരെ ചെറുതും വിവിധ സ്ഥലങ്ങളിലായി ചിതറിക്കിടന്നതുമായ ടെക്സസിലെ ക്നാനായ സമൂഹത്തെ ഒന്നിച്ചു ചേർക്കുന്നതിലും സംഘടിപ്പിക്കുന്നതിലും നിർണായക നേതൃത്വം നല്കി.

ക്നാനായ മിഷൻ ഡയറക്ടറായി ഹൂസ്റ്റണിലും ഡാളസിലുമുള്ള കുടുംബങ്ങളെ ഒന്നിപ്പിച്ച്, അവരുടെ ആത്മീയവും സാമൂഹികവുമായ ജീവിതത്തിന് ശക്തമായ അടിത്തറ പാകി. ആത്മീയ ശുശ്രൂഷകൾ ലഭ്യമാക്കുന്നതിനൊപ്പം കുടുംബങ്ങൾ തമ്മിലുള്ള കൂട്ടായ്മയും വിശ്വാസബന്ധവും ശക്തിപ്പെടുത്തുന്നതിലും അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചു. ഇന്ന് ഹൂസ്റ്റണിലും ഡാളസിലും വളർന്നുവന്നിരിക്കുന്ന ക്നാനായ കത്തോലിക്കാ സമൂഹങ്ങളുടെ രൂപീകരണത്തിൽ ഫാ. ജോസഫിന്റെ ആദ്യകാല ശുശ്രൂഷയ്ക്ക് ചരിത്രപരമായ സ്ഥാനമാണുള്ളത്.

തുടർന്ന് ഗാൽവസ്റ്റൺ-ഹൂസ്റ്റൺ അതിരൂപതയിലും അദ്ദേഹം വൈദികമായി സേവനമനുഷ്ഠിച്ചു. വിരമിച്ചതിനുശേഷം കോട്ടയം അതിരൂപതയിലേക്ക് മടങ്ങിയ അദ്ദേഹം കോട്ടയത്തെ വിയാനി ഹോമിൽ വിശ്രമജീവിതം നയിച്ചുവരികയായിരുന്നു. കോട്ടയത്ത് ആരംഭിച്ച് അമേരിക്കയിലേക്കും നീണ്ട അദ്ദേഹത്തിന്റെ വൈദിക ശുശ്രൂഷ സമർപ്പിതമായ ഒരു ജീവിതത്തിന്റെ സാക്ഷ്യമാണ്. അദ്ദേഹം സേവിച്ച വിശ്വാസിസമൂഹങ്ങളിൽ പ്രത്യേകിച്ച് ടെക്സസിലെ ക്നാനായ സമൂഹങ്ങളിൽ അദ്ദേഹത്തിന്റെ സ്നേഹവും സേവനവും എന്നും ഓർമ്മിക്കപ്പെടും.

ചിക്കാഗോ സീറോമലബാർ രൂപതയിലെ അഭിവന്ദ്യ പിതാക്കന്മാരുടെയും ക്നാനായ കത്തോലിക്കാ റീജിയന്റെയും ഹൃദയംഗമമായ അനുശോചനവും പ്രാർത്ഥനകളും ഫാ. ജോസഫിന്റെ കുടുംബാംഗങ്ങൾക്കും ബന്ധുക്കൾക്കും സുഹൃത്തുക്കൾക്കും അദ്ദേഹം സേവിച്ച വിശ്വാസിസമൂഹങ്ങൾക്കും അർപ്പിക്കുന്നു. ദൈവം റവ.ഫാ. ജോസഫ് മേലേടത്തിന്റെ ആത്മാവിന് നിത്യശാന്തി നല്കട്ടെ.

ഫാ. തോമസ് മുളവനാൽ, ക്നാനായ റീജിയൻ ഡയറക്ടർ

സംസ്ഥാന സർക്കാരിന്റെ മാധ്യമ പുരസ്കാരങ്ങളിൽ അമേരിക്കൻ മാധ്യമങ്ങളെയും ഉൾപ്പെടുത്തണമെന്ന് ഇന്ത്യ പ്രസ്ക്ലബ് ഓഫ് നോർത്ത് അമേരിക്ക

ചിക്കാഗോ: സംസ്ഥാനത്ത് മാധ്യമ പ്രവർത്തകർക്കായി നല്കുന്ന ഔദ്യോഗിക പുരസ്കാരങ്ങളിൽ യുഎസിലെ മലയാളി മാധ്യമ പ്രവർത്തകരെക്കൂടി പരിഗണിക്കണമെന്ന് ഇന്ത്യ പ്രസ്ക്ലബ് ഓഫ് നോർത്ത് അമേരിക്ക. മുഖ്യമന്ത്രി വി.ഡി. സതീശനുമായി നടത്തിയ കൂടിക്കാഴ്ചയിലാണ് ഐപിസിഎൻഎ ഈ ആവശ്യം മുന്നോട്ടുവെച്ചത്. നിർദ്ദേശം സർക്കാർ അനുഭാവപൂർവം പരിഗണിക്കാമെന്ന് മുഖ്യമന്ത്രി വ്യക്തമാക്കിയതായി ഐപിസിഎൻഎ പ്രസിഡണ്ട് രാജു പള്ളത്ത് അറിയിച്ചു.

ജനുവരി 8-ന് വൈകിട്ട് 5 മണിക്ക് കൊച്ചി ഗോകുലം പാർക്ക് ഹോട്ടൽ കൺവൻഷൻ സെന്ററിൽ നടക്കുന്ന ഐപിസിഎൻഎ ദേശീയ മാധ്യമ പുരസ്കാര സമർപ്പണ ചടങ്ങിലേക്ക് മുഖ്യമന്ത്രിയെ ക്ഷണിക്കാനെത്തിയപ്പോഴാണ് ഈ വിഷയം ശ്രദ്ധയിൽപ്പെടുത്തിയത്.

ജോർജ് തുമ്പയിൽ



മാധ്യമരംഗത്തെ സമഗ്ര സംഭാവനകളെ മാനിച്ച് നല്കുന്ന മാധ്യമശ്രീ, മികച്ച പ്രവർത്തന മികവിനുള്ള മാധ്യമരത്ന പുരസ്കാരങ്ങളാണ് ചടങ്ങിലെ മുഖ്യ ആകർഷണം. മാധ്യമശ്രീ പുരസ്കാര ജേതാവിന് ഒരു ലക്ഷം രൂപയും പ്രശംസാഫലകവും, മാധ്യമരത്ന ജേതാവിന് 50,000 രൂപയും പ്രശംസാപത്രവുമാണ് സമ്മാനിക്കുക.

മുതിർന്ന മാധ്യമപ്രവർത്തകനും മലയാളമനോരമ മുൻ എഡിറ്റോറിയൽ ഡയറക്ടറുമായ തോമസ് ജേക്കബ്, പ്രശസ്ത കാൻസർ രോഗവിദഗ്ദ്ധനും എഴുത്തുകാരനുമായ ഡോ. എം.വി.പിള്ള, മുതിർന്ന മാധ്യമ പ്രവർത്തകനും കോളമിസ്റ്റുമായ ജോസ് പനച്ചിപ്പുറം എന്നിവരടങ്ങുന്ന വിദഗ്ദ്ധ ജൂറിയാണ് അവാർഡ് ജേതാക്കളെ തെരഞ്ഞെടുക്കുക.

അച്ചടി, ദൃശ്യ, ഓൺലൈൻ മാധ്യമ മേഖലകളിലെ സംഭാവനകൾക്കു പുറമെ മികച്ച വാർത്താ കവറേജ്, ഫീച്ചറുകൾ, ന്യൂസ് ഫോട്ടോഗ്രാഫി, മികച്ച ടിവി ന്യൂസ് പ്രസന്റർ, അന്വേഷണാത്മക വാർത്ത, മികച്ച വെബ് മീഡിയ ലേഔട്ട്, യുവ മാധ്യമപ്രവർത്തകർക്കുള്ള പുരസ്കാരം തുടങ്ങിയ വിവിധ വിഭാഗങ്ങളിലാണ് അംഗീകാരങ്ങൾ നല്കുന്നത്. പുരസ്കാരങ്ങൾക്കായുള്ള നാമനിർദ്ദേശങ്ങൾ നവംബർ 30-നകം സമർപ്പിക്കാമെന്ന് ഐപിസിഎൻഎ നേതൃത്വം അറിയിച്ചു. സാംസ്കാരിക, രാഷ്ട്രീയ, മാധ്യമ രംഗങ്ങളിലെ പ്രമുഖർ കൊച്ചിയിലെ പുരസ്കാര സന്ധ്യയിൽ സംബന്ധിക്കും.

പി. ശ്രീകുമാർ ഗവർണറുടെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറി

തിരുവനന്തപുരം: ഗവർണർ ഓംപ്രകാശ് മാഥൂറിന്റെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറിയായി പി. ശ്രീകുമാറിനെ നിയമിച്ചു. രാജേന്ദ്ര ആർലേക്കർ ഗവർണറായിരിക്കുമ്പോഴും അദ്ദേഹം അഡീഷണൽ പിഎസ് ആയിരുന്നു.

ബിജെപി മുഖപത്രത്തിന്റെ ഓൺലൈൻ വിഭാഗം എഡിറ്ററായിരിക്കെ 2025 ഏപ്രിലിലാണു ലോക്ഭവനിൽ എത്തിയത്.





FROM BETHLEHEM TO DISCO: A BRIEF ANALYSIS OF CHRISTIAN MUSIC IN THE MALAYALAM FILM INDUSTRY



Rev. Dr. Geomon George
igcnycity@gmail.com

A friend of mine remarked, “this is awkward, listening to these Christian songs in the mainstream media.”In the film Bethlehem Kudumba Unit, the song: Ente aduth nilkkuvan Yeshu unde, ellarum varuvin, and Ithino Aadame (Disco) 2026, Christian songs are not simply reproduced; they are remixed and commercialized. Although the lyrics remain the same, once they are decontextualized from their religious context, the shift reshapes religious identity. This recontextualization opens up an interesting conversation centered around ways in which Christian music is not static but changing, going beyond religious spaces. In doing so, they become part of a larger collective memory.

In the film Bethlehem Kudumba Unit, the song: Ente aduth nilkkuvan Yeshu unde, ellarum varuvin (Jesus is standing beside me, everyone come) is deeply rooted in the minority Christian community of Kerala. This song was written by P.K. Gopi, Father Michael Panachikal, and Tomin J. Thackankary. It was composed by Tomin J. Thachankary, sung by S. P. Balasubrahmanyam, and released in 1994. This was a song that many Christians grew up listening to, and the rediscovery of it in this film not only brought back nostalgia, but also a sense of religious identity.

The reinvention of Ithino Aadame (often popularly referred to as Adame Ninne Njaan), a traditional Christian folk song that is passed on from generations is remixed with Malayalam rap music styles in Disco (2026). While this song has appeared in different cinemas as background songs when people are consuming alcohol, this creative remix makes it an instant attraction especially to the younger audiences and to a larger cultural conversation.

In these two songs we can witness a changing and blurring of boundaries between secular and sacred spaces. The primary functions of devotional and Christian folk songs are for spiritual formation, discipleship, and transmission of faith. When a Christian song enters the popular culture, the function changes. It is no longer about discipleship but entertainment. Ente aduth nilkkuvan Yeshu unde, ellarum varuvin is an assurance of the presence of Jesus Christ. In the Bethlehem Kudumba Unit, the song changes into a dance performance for entertainment.

Ithinno Aadame is drawn from the book of Genesis creation narrative. When it is remixed in the Disco, the primary function is not formation but commercial entertainment. The irony of this song is that, in a culture where alcohol abuse is widespread alongside a campaign against alcohol consumption, the song seems to make light of that very message. It portrays drinking as countercultural, suggesting that having fun and indulging in alcohol can become a marker of social status.

We often suggest that the secular world and entertainment influence church culture. The above songs are examples of the reverse also taking place. These songs reveal how Christian practices are influencing cinema and music. According to Malayala Manorama online as accessed on September 3, 2026, this song was composed into dance 8 years ago by young men from the Christian Life Community (CLC) at a church anniversary in Kothora, Vaikom, (കോട്ടയം വൈക്കം കൊതോറയിലെ പള്ളി). In Bethlehem Kudumba Unit, Joel Davis and his friends are performing on stage during the Onam festival as the song is being played in the background. This reimagination from a group song performance at a local church anniversary and into the mainstream cinema shows the way Christian music is traveling beyond the church walls.

There is also a paradox in listening to Christian music in the movie industry. At a time when the Christian community is being persecuted, these songs provide cultural visibility in the wider community, and a sign that they are becoming part of a shared Malayali identity. This reveals that one can appreciate music of another faith without having the conviction of that faith community. At the same time, this should not be confused with having religious freedom or to worship without fear of persecution.

The examples of Ente aduth nilkkuvan Yeshu unde, ellarum varuvin and Ithinno Aadame demonstrate the evolving relationship between religious music and the entertainment industry. In doing so, it raises a series of questions such as: What happens to the meaning and message of lyrics when they are portrayed in the movies? When Christian music is played while there is consumption of alcohol, what kind of a cultural message is being communicated about the Christian faith? The hope is that as Christian songs are being adopted into the film industry, they can also be translated to represent a universal language of love, peace, justice, forgiveness and reconciliation.

യംഗ് കപ്പിൾസ് ഏറ്റെടുത്തു നടത്തുന്ന ഡാളസ് ക്രിസ്തുരാജൻ ഇടവക തിരുനാളിന് നവംബർ 15-ന് കൊടിയേറ്റ്

ജോക്കുട്ടി മേലേടത്ത്



ഡാളസ്: ക്രിസ്തുരാജൻ ക്നാനായ കത്തോലിക്ക ഇടവക ദൈവാലയത്തിൽ ക്രിസ്തുരാജന്റെ തിരുനാൾ നവംബർ 15 മുതൽ 23 വരെ നടത്തപ്പെടും. 15-ന് ഞായറാഴ്ച വിശ്വാസപരിശീലന വാർഷികവും തിരുനാൾ കൊടിയേറ്റും നടത്തപ്പെടും. തുടർന്ന് ഓരോ ദിവസവും ഓരോ കൂടാരയോഗത്തിന് സമർപ്പിക്കപ്പെട്ട ദിവ സങ്ങളിൽ വിശുദ്ധ കുർബാനയും നൊവേനയും നടത്തപ്പെടും. നവംബർ 19-ന് വ്യാഴം മലങ്കര ആരാധനാ ക്രമത്തിലുള്ള വിശുദ്ധ കുർബാന അർപ്പിക്കപ്പെടും. 20-ന് വെള്ളിയാഴ്ച ദർശന സമൂ ഹാംഗങ്ങളുടെ നേതൃത്വത്തിലുള്ള വിശുദ്ധ കുർബാനയും കൂടാ രയോഗ കലാപരിപാടിയും ഫുഡ്ഫെസ്റ്റും നടത്തപ്പെടും. 21-ന് ശനിയാഴ്ച യുവജന ദിനമായി ആഘോഷിച്ച് ഇംഗ്ലീഷ് കുർബാ നയും കൂടാരയോഗ കലാപരിപാടികളും ഫുഡ്ഫെസ്റ്റും നടത്ത പ്പെടും.

തിരുനാൾ ദിനമായ 22-ന് ഞായറാഴ്ച വൈകുന്നേരം 4 മണിക്ക് ആഘോഷമായ റാസ കുർബാനയും പ്രദക്ഷിണവും പരി ശുദ്ധ കുർബാനയുടെ ആശീർവാദവും നടത്തപ്പെടും. തുടർന്ന് വിമൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിലുള്ള വനിതാ ശിങ്കാരി മേളത്തിന്റെ അരങ്ങേറ്റവും സ്നേഹവിരുന്നും ഉണ്ടാകും. 23-ന് തിങ്കളാഴ്ച എല്ലാ മരിച്ചവിശ്വാസികളെയും സമർപ്പിച്ച് പ്രത്യേകം പ്രാർത്ഥിക്കും. ഈ വർഷം 86 യംഗ് കപ്പിൾസാണ് തിരുനാൾ ഏറ്റെടുത്തു നടത്തുന്നത്. സൈമൺ ചാമക്കാല, അബീന മാടപ റമ്പത്ത് എന്നിവർ തിരുനാൾ കോ-ഓർഡിനേറ്റേഴ്സായി പ്രവർത്തി ക്കുന്നു. കൈക്കാരന്മാരുടെയും വിവിധ മിനിസ്ട്രികളുടെയും നേതൃത്വത്തിൽ ഒരുക്കങ്ങൾ പുരോഗമിക്കുന്നു.

ലോകത്തെ ഏറ്റവും ശബ്ദമുള്ള വനിത ബ്രിട്ടനിൽ



ലോകത്തെ ഏറ്റവും ശബ്ദമുള്ള വനിത യെന്ന നേട്ടം ഇനി ബ്രെൻഡ വില്ലിസനു സ്വ ന്തം. 105.9 ഡെസിബെൽ ശബ്ദത്തിൽ അലറി വിളിച്ചാണ് ഗിന്നസ് വേൾഡ് റെക്കോർഡ്സി ൽ ഇടംപിടിച്ചത്. എന്നാൽ ഇത് തന്റെ ഏറ്റവും ഉയർന്ന ശബ്ദമാണെന്നു കരുതുന്നില്ലെന്നാണ് ബ്രെൻഡ പറയുന്നത്. ഉച്ചകോടിയിൽ വിളിച്ചു പറയുന്നത് ബ്രെൻഡയ്ക്കു പുത്തരിയല്ല. 1987 മുതൽ ബ്രിട്ടനിലെ പീറ്റർബറോയിൽ ടൗൺ ക്രയറാണ്. അതായത്, പൊതു അറിയിപ്പുകൾ വിളിച്ചുപറയുന്ന ആൾ എന്നർത്ഥം. 1987-ലാണ് ബ്രെൻഡ ടൗൺ ക്രയറായത്. ഇതിനുപിന്നിൽ രസകരമായ കഥയുണ്ട്. അന്ന് ബ്രെൻഡ ഒരു പാർക്കിലെ കേറ്ററിങ് മാനേജരായിരുന്നു. ആ പാർക്കിൽ ഒന്ന രമൈൽ അകലത്തിലായി രണ്ടു കഫേകൾ ഉണ്ടായിരുന്നു. അക്കാലത്താണ് പത്രത്തിലൊരു പരസ്യം വന്നത് - പുതിയ ടൗൺ ക്രയറെ ആവശ്യമുണ്ട്! ബ്രെൻഡയുടെ ശ്രദ്ധയിൽ അതു പെട്ടെങ്കിലും മകൾ പരസ്യം കണ്ടു. അതിനു മറുപടി അയയ്ക്കുകയും ചെയ്തു.

പാർക്കിലെ ഒരു കഫേയ്ക്കു മുന്നിൽനിന്ന് അമ്മ ‘ചിപ്സ്’ എന്നു വിളി ച്ചുപറഞ്ഞാൽ ഒന്നരമൈൽ അകലെയുള്ള മറ്റൊരു കഫേയിൽ നിൽക്കുന്ന വർക്ക് അത് കേൾക്കാൻ കഴിയുമെന്നായിരുന്നു മകൾ എഴുതിയത്. ഒടുവിൽ ബ്രെൻഡ ആ പോസ്റ്റിലേക്കു തെരഞ്ഞെടുക്കപ്പെട്ടു. പിന്നെ തിരിഞ്ഞുനോ ക്കിയില്ല. ജോസഫ് മക്ഗ്രെയ്ലിനാണ് പുരുഷൻമാരിൽ ഈ റേക്കോർഡ്; അലറിയത് 122.4 ഡെസിബെൽ ശബ്ദത്തിൽ.

കൂടല്ലൂർ ഗ്രാമോത്സവം 'കരയോളം' ഡാളസിൽ തരംഗമായി



ഡാളസ്: ഡാളസിൽ വസിക്കുന്ന കൂടല്ലൂർ ഗ്രാമോത്സവം 'കരയോളം' ഏറെ ആവേശകരമായി. ക്രിസ്തുരാജ ഇടവക ഹാളിൽ വെച്ച് നടത്തപ്പെട്ട സംഗമം ഫാ. ബിൻസ് ചേത്തലിൽ, ഫാ. സോജൻ കിഴക്കേൽ എന്നിവർ സംയുക്തമായി ഉദ്ഘാടനം ചെയ്തു. ഏവരും എല്ലാവരും പരിചയപ്പെടുത്തുകയും കൂടല്ലൂർ ജീവിതാനുഭവങ്ങൾ പങ്കുവെക്കുകയും ചെയ്തു. റ്റോമി തൈതറപ്പേൽ, ജോയി പല്ലാട്ടുമഠം എന്നിവരുടെ നേതൃത്വത്തിലുള്ള കമ്മിറ്റി അംഗങ്ങൾ ഇതിനായി വിപുലമായ ക്രമീകരണങ്ങൾ ഒരുക്കി. ആദ്യമായി ഡാളസിൽ നടത്തപ്പെട്ട കൂടല്ലൂർ 'കരയോളം' കുടുംബമഹോത്സവത്തിന്റെ ആവേശത്തിൽ കൂടല്ലൂർ എന്ന അനുഗൃഹീത ഗ്രാമപുണ്യം മനസ്സിൽ പേറുന്ന എല്ലാവരുടെയും ഒത്തുചേരൽ ഏവരിലും നവ്യാനുഭവമായി.

അനീഷ് പല്ലാട്ടുമഠം

സ്നേഹവിരുന്നും പുതുമയാർന്ന മത്സരങ്ങളും സനീഷ് പല്ലാട്ടുമഠം, കുട്ടപ്പായി തൈതറപ്പേൽ എന്നിവരുടെ നേതൃത്വത്തിൽ നടത്തപ്പെട്ടു. ഇതിനോടകം അമേരിക്കയിലെ വിവിധ സംസ്ഥാനങ്ങളിൽ കൂടല്ലൂർ ഗ്രാമത്തിൽ നിന്നും കുടിയേറിയവരുടെ സംഗമം നടത്തിവരുന്നു.



പാസ്റ്റർ ഡോ. റ്റി. വത്സൻ ഏബ്രഹാം: ആഗോള ക്രിസ്തീയ സമൂഹത്തിന് തീരാനഷ്ടം

ബെൻസൺ തെങ്ങുംപള്ളിൽ



ഭായുഗ ചരിത്രത്തിൽ സ്വയം സമർപ്പണത്തിന്റെ സുവർണ്ണ അക്ഷരങ്ങൾ കുറിച്ച ദൈവദാസൻ പാസ്റ്റർ ഡോ. റ്റി. വത്സൻ ഏബ്രഹാം നിത്യതയിലേക്ക് യാത്രയായി. തനിക്ക് ദൈവത്തിൽ നിന്നും ലഭിച്ച ദർശനത്തെ വിശ്വസ്തതയോടെ പൂർത്തീകരിച്ച്, തലമുറകൾക്ക് പ്രചോദനമായി മാറിയ ഐപിസി ജനറൽ പ്രസിഡണ്ട് പാസ്റ്റർ ഡോ. വത്സൻ ഏബ്രഹാമിന്റെ വേർപാട് ഇന്ത്യൻ പെന്തെക്കോസ്ത് സമൂഹത്തിനും ആഗോള ക്രിസ്തീയ സഭയ്ക്കുമൊന്നാകെ നികത്താനാവാത്ത വലിയൊരു നഷ്ടമാണ്.

ഇന്ത്യൻ പെന്തെക്കോസ്ത് പ്രസ്ഥാനത്തിന്റെ (ഐപിസി) സ്ഥാപകനായ ദൈവസഭയുടെ ധീരനായ പടയാളി പാസ്റ്റർ കെ.ഇ. ഏബ്രഹാമിന്റെ കൊച്ചുമകനും ഐപിസിയുടെ മുൻ ജനറൽ പ്രസിഡണ്ടായിരുന്ന പാസ്റ്റർ റ്റി.എസ്. ഏബ്രഹാമിന്റെയും മേരി ഏബ്രഹാമിന്റെയും മകനായി അദ്ദേഹം ജനിച്ചു. ഹൈദരാബാദിൽ പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കിയ അദ്ദേഹം ഉസ്മാനിയ സർവകലാശാലയിൽ നിന്ന് ഇംഗ്ലീഷിൽ ബിരുദവും അമേരിക്കയിലെ വെസ്റ്റ് ടെക്സസ് സ്റ്റേറ്റ് യൂണിവേഴ്സിറ്റിയിൽ നിന്ന് ബിരുദാനന്തര ബിരുദവും ഫുള്ളർ തിയോളജിക്കൽ സെമിനാരിയിൽ നിന്ന് ദൈവശാസ്ത്രത്തിൽ ബിരുദാനന്തര ബിരുദവും നേടിയിട്ടുണ്ട്. തന്റെ മുൻഗാമികൾ കാണിച്ചുതന്ന വിശ്വാസത്തിന്റെയും പ്രതിബദ്ധതയുടെയും പാതയിൽ ഒട്ടും വിട്ടുവീഴ്ചയില്ലാതെ അദ്ദേഹം മുന്നേറി.

1984 മുതൽ ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ സുവിശേഷം എത്തിക്കുന്നതിനും ആയിരക്കണക്കിന് സഭകൾ സ്ഥാപിക്കുന്നതിനും അദ്ദേഹം നേതൃത്വം നല്കി. വെറുമൊരു സംഘാടകൻ എന്നതിലുപരി, വരുംതലമുറയെ ക്രിസ്തുവിനായി ഒരുക്കുക എന്നതായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. ഇന്ത്യ ഗോസ്പൽ ഔട്ട്റീച്ച് (ഐജിഒ), ഇന്ത്യ ബൈബിൾ കോളജ് ആൻഡ് സെമിനാരി (ഐബിസി) എന്നിവയുടെ പ്രസിഡണ്ട് എന്ന നിലയിൽ നൂറുകണക്കിന് മിഷനറിമാർക്കും സഭാ നേതാക്കൾക്കും പരിശീലനം നല്കി സുവിശേഷം അറിയിക്കുവാൻ വിവിധ ഇടങ്ങളിലേക്ക് അയയ്ക്കുവാൻ അദ്ദേഹത്തിനു സാധിച്ചു.

കാലിഫോർണിയയിലുള്ള ഇന്ത്യ ക്രിസ്ത്യൻ അസംബ്ലിയുടെ സ്ഥാപകനും സീനിയർ പാസ്റ്ററുമായിരുന്ന അദ്ദേഹം വിദേശത്തും സ്വദേശത്തും ഒരുപോലെ ദൈവവചനത്തിന്റെ ശരിയായ ദിശാബോധം നല്കുന്ന ഇടയനായി നിലകൊണ്ടു. 2019 മുതൽ ഐപിസിയുടെ ജനറൽ പ്രസിഡണ്ടായി പ്രവർത്തിച്ചുവരികയായിരുന്ന അദ്ദേഹത്തിന്റെ നേതൃത്വപാടവം സഭയെ വലിയ വളർച്ചയിലേക്ക് നയിച്ചു.

കുഴിക്കാലയിൽ തെക്കേതുണ്ടിൽ ഡോ. ടി.വി. തോമസിന്റെ മകൾ ലാലിയാണ് ഭാര്യ.സ്നേഹ, ആൻ, ആശ, സന്തോഷ് എന്നിവർ മക്കളും എർവിൻ, നതാഷ എന്നിവർ മരുമക്കളുമാണ്.

മികച്ചൊരു എഴുത്തുകാരനും പ്രഭാഷകനുമായിരുന്ന പാസ്റ്റർ വിൽസൻ ഏബ്രഹാമിന്റെ വാക്കുകൾക്ക് ശ്രോതാക്കളുടെ ഹൃദയങ്ങളിലേക്ക് ആഴത്തിൽ ഇറങ്ങിച്ചെല്ലാനുള്ള സവിശേഷമായ ശക്തിയുണ്ടായിരുന്നു. ലളിതവും എന്നാൽ ആശയ സമ്പുഷ്ടവുമായ അദ്ദേഹത്തിന്റെ പ്രഭാഷണ ശൈലിയും വ്യക്തിബന്ധങ്ങളിലെസ്നേഹവും ലാളിത്യവും അദ്ദേഹത്തെ പെന്തെക്കോസ്ത് സമൂഹത്തിൽ വേറിട്ടു നിർത്തി. ഏതു പ്രതിസന്ധിയിലും പ്രത്യാശയുടെ സന്ദേശം നല്കിയ ആ ശബ്ദവും, ശാന്തവും പ്രസന്നവുമായ ആ സുവിശേഷ വ്യക്തിത്വവും ദൈവജനത്തിന്റെ മനസ്സിൽ എന്നും മായാതെ നിൽക്കും.


നല്ല പോർ പൊരുതി, തന്റെ ഓട്ടം തികച്ച്, വിശ്വാസം കാത്ത ദൈവദാസൻ തന്റെ ഐഹികവാസം അവസാനിപ്പിച്ച് കർത്താവിന്റെ സന്നിധിയിൽ വിശ്രമിക്കുമ്പോൾ അദ്ദേഹം തെളിച്ച ദർശനത്തിന്റെ ദീപശിഖ അണയുന്നില്ല. ആ ജീവിതം നമ്മെ ഓർമ്മിപ്പിക്കുന്നത് ഒന്നുമാത്രമാണ്; സ്വാർത്ഥതയില്ലാത്ത ദൈവസ്നേഹമാണ് ഒരു മനുഷ്യന്റെ ഏറ്റവും വലിയ സമ്പാദ്യം. ദൈവസഭയുടെയും കുടുംബത്തിന്റെയും ദുഃഖത്തിൽ പങ്കുചേരുന്നു. പാസ്റ്റർ ഡോ.



ലേഖകൻ

റ്റി. വത്സൻ ഏബ്രഹാം നല്കിയ മാതൃകാപരമായ ജീവിതം എന്നും ജനമനസ്സുകളിൽ ഓർമ്മയായി നിൽക്കും.

പീറ്റർ കെ. തോമസ് അന്തരിച്ചു



ഹൂസ്റ്റൺ: ഹൂസ്റ്റൺ സെന്റ് തോമസ് ഇന്ത്യൻ ഓർത്തഡോക്സ് കത്തീഡ്രൽ ഇടവകാംഗമായ പീറ്റർ കെ. തോമസ് (തമ്പി-80) ഹൂസ്റ്റണിൽ അന്തരിച്ചു. തൃശൂർ നെല്ലിക്കുന്ന് സ്വദേശി ഏലിസബത്ത് തോമസാണ് ഭാര്യ. മക്കൾ: എമിലി കവനാൽ (ജിജോ & എമിലി), പരേതനായ എബി കുര്യൻ തോമസ്.

നവംബർ 12-ന് വ്യാഴാഴ്ച വൈകുന്നേരം 6 മുതൽ 9 വരെയും 13-ന് വെള്ളിയാഴ്ച രാവിലെ 9 മുതൽ ഉച്ചയ്ക്ക് 12 വരെയും സെന്റ് തോമസ് ഇന്ത്യൻ ഓർത്തഡോക്സ് കത്തീഡ്രലിൽ (2411 5th St. Stafford, TX 77477) പൊതുദർശനം ഉണ്ടായിരിക്കും. തുടർന്ന് ഒരു മണിക്ക് ഫോറസ്റ്റ് പാർക്ക് വെസ്റ്റ്ഹൈമർ സെമിത്തേരിയിൽ (12800 Westheimer Road, Houston, TX 77077) മൃതദേഹം സംസ്കരിക്കും.

പൈതൃകവും സനാതന ധർമ്മദർശനവും ഉയർത്തിപ്പിടിച്ച് കെഎച്ച്എൻഎ കേരള കൺവൻഷൻ









ആലപ്പുഴ: കേരളത്തിന്റെ സാംസ്കാരിക പൈതൃകവും സനാതന ധർമ്മദർശനവും പ്രവാസി സമൂഹത്തിന്റെ സംരംഭകത്വവും സമന്വയിപ്പിച്ച് കേരള ഹിന്ദൂസ് ഓഫ് നോർത്ത് അമേരിക്കയുടെ (കെഎച്ച്എൻഎ) കേരള കൺവൻഷൻ ആലപ്പുഴയിൽ നടന്നു. രമദ ബൈ വിൻഡം ഹോട്ടലിൽ സംഘടിപ്പിച്ച കൺവൻഷൻ 'ധർമ ബിയോണ്ട് ബോർഡേഴ്സ്, റൂട്ടഡ് ഇൻ കേരള' എന്ന പ്രമേയത്തെ ആസ്പദമാക്കിയായിരുന്നു.

പ്രവാസി മലയാളികളുടെ സംരംഭകത്വം, സനാതന ധർമ്മം, ഭാരതീയ ദാർശനിക പാരമ്പര്യം, സാമൂഹിക ഉത്തരവാദിത്തം എന്നിവയ്ക്ക് പ്രാധാന്യം നൽകിയ കൺവൻഷനിൽ ആത്മീയ, സാമൂഹിക, സാംസ്കാരിക, വ്യവസായ മേഖലകളിലെ പ്രമുഖർ പങ്കെടുത്തു.

രാവിലെ നടന്ന 'ഫീനിക്സ്-റൈസ്, റിക്ലെയിം' ബിസിനസ് മീറ്റിൽ രാജ്മോഹൻ പിള്ള, ടി.പി. വിനയൻ (കെന്റ് കൺസ്ട്രക്ഷൻ), പ്രകാശ് (പറക്കാട്ട് ജ്വല്ലേഴ്സ്), സേതുമാധവൻ (കായകൽപ്പം) എന്നിവർ പങ്കെടുത്തു. സംരംഭകത്വത്തിലൂടെയുള്ള സാമ്പത്തിക വളർച്ച, പുതിയ വ്യവസായ സാധ്യതകൾ, പ്രവാസി സമൂഹത്തിന്റെ അനുഭവ സമ്പത്ത് കേരളത്തിന്റെ വികസനത്തിന് പ്രയോജനപ്പെടുത്തുന്നതിനുള്ള അവസരങ്ങൾ എന്നിവ ചർച്ചയായി. തുടർന്ന് നടന്ന ധർമ്മസമ്മേളനത്തിൽ മാർഗദർശക മണ്ഡലം അദ്ധ്യക്ഷൻ സ്വാമി ചിദാനന്ദപുരി, ജുന അഖാഡ മഹാമണ്ഡലേശ്വർ സ്വാമി ആനന്ദവനം ഭാരതി മഹാരാജ്, സ്വാമി ഗുരുദാസാനന്ദ സരസ്വതി എന്നിവർ സംസാരിച്ചു. സനാതന ധർമ്മത്തിന്റെ കാലിക പ്രസക്തിയും സാമൂഹിക ജീവിതത്തിൽ ധാർമ്മിക മൂല്യങ്ങൾക്കുള്ള പ്രാധാന്യവും സമ്മേളനത്തിൽ ചർച്ചയായി.

'ആർഷദർശനം' എന്ന പേരിൽ നടന്ന മൂന്നാം സെഷനിൽ കെ. ജയകുമാർ ഐഎഎസിനും ആശാ മേനോനും ആർഷദർശന പുരസ്കാരങ്ങൾ സമ്മാനിച്ചു. ഡോ. എം.ജി. ശശിഭൂഷൺ, ഡോ. ജെ. പ്രമീളാദേവി, അഡ്വ. എസ്. ജയശങ്കർ എന്നിവർ ആശംസകൾ നേർന്നു. ഗുരുശ്രേഷ്ഠ പുരസ്കാരം ഡോ. സി.ടി. ഫ്രാൻസിസിന് സ്വാമി ചിതാനന്ദപുരി സമ്മാനിച്ചു. ഭാരതീയ ദർശനങ്ങളെയും വിജ്ഞാപന പാരമ്പര്യത്തെയും ആധുനിക സമൂഹവുമായി ബന്ധിപ്പിക്കുന്ന വിഷയങ്ങളും സെഷനിൽ ചർച്ചയായി.

വൈകുന്നേരം നടന്ന ധർമ്മസഭയിൽ മന്ത്രിമാരായ ഷിബു ബേബി ജോൺ, അഡ്വ. മോൻസ് ജോസഫ്, കെ. എ. തുളസി, എംഎൽഎമാരായ റെജി ചെറിയാൻ, കെ. ബിനുമോൻ, എ.ഡി. തോമസ്, തിരുവനന്തപുരം മേയർ വി. വി. രാജേഷ് എന്നിവർ പങ്കെടുത്തു.

കെഎച്ച്എൻഎ പ്രസിഡണ്ട് ടി. ഉണ്ണികൃഷ്ണൻ അദ്ധ്യക്ഷത വഹിച്ചു. സംഘടനാ ഭാരവാഹികളും പ്രമുഖ പ്രവർത്തകരുമായ സിനു നായർ, അശോക് മേനോൻ, മന്മഥൻ നായർ, സഞ്ജീവ് കുമാർ, അപ്പുക്കുട്ടൻ പിള്ള, ഡോ. കലാ ഷഹി, രവി നായർ, സനൽ ഗോപി, ജിഷ്ണു നായർ, രാധാകൃഷ്ണൻ നായർ, രമണി പിള്ള എന്നിവരും സംസാരിച്ചു.

കേരളത്തിന്റെ പാരമ്പര്യത്തിലും സനാതന ധർമ്മ മൂല്യങ്ങളിലും വേരൂന്നി ആഗോളതലത്തിൽ പ്രവർത്തിക്കുന്ന പ്രവാസി ഹിന്ദു സമൂഹത്തിന്റെ ഐക്യവും സംസ്കാരിക ബന്ധങ്ങളും ശക്തിപ്പെടുത്തുന്നതിനുള്ള വേദിയായി കൺവൻഷൻ മാറി.

പ്രവാസികളുടെ അറിവും അനുഭവസമ്പത്തും കേരളത്തിന്റെ വികസനവുമായി ബന്ധിപ്പിക്കുന്നതിനും പുതുതലമുറയ്ക്ക് കേരളീയ പൈതൃകവുമായി കൂടുതൽ അടുക്കുന്നതിനുമുള്ള സാദ്ധ്യതകളും സമ്മേളനം മുന്നോട്ടു വെച്ചു.

താമ്പാ സേക്രഡ് ഹാർട്ട് ക്നാനായ കത്തോലിക്കാ ഫൊറോന ദേവാലയത്തിൽ സകല വിശുദ്ധരുടെയും തിരുനാൾ

റോബിൻ ചമ്പന്നിയിൽ



താമ്പാ (ഫ്ളോറിഡ): താമ്പായിലെ സേക്രഡ് ഹാർട്ട് ക്നാനായ കത്തോലിക്കാ ഫൊറോനാ ദേവാലയത്തിൽ സകല വിശുദ്ധരുടെയും തിരുനാൾ ഭക്തിനിർഭരമായി ആചരിച്ചു. അന്നേദിവസം പ്രധാന കുർബാനയെ തുടർന്ന് സൺഡേസ്കൂൾ വിദ്യാർത്ഥികൾ വിവിധ വിശുദ്ധരുടെ വേഷവിധാനങ്ങളണിഞ്ഞ് ദേവാലയത്തിലേക്ക് ഭക്തിനിർഭരമായ പ്രദക്ഷിണം നടത്തി.

തുടർന്ന് 2026-2027 വർഷത്തെ ഹോളി ചൈൽഡ് ഹുഡ്മിനിസ്ട്രിയുടെ ഉദ്ഘാടനം ഇടവക വികാരി ഫാ. ജോസ് ആദോപ്പിള്ളിൽ നിർവഹിച്ചു. ഹോളി ചൈൽഡ്ഹുഡ് മിനിസ്ട്രി കോ-ഓർഡിനേറ്റർമാരായ സിസ്റ്റർ ജോളി, ആഷ്ലി പുതുപ്പള്ളിമ്യാലിൽ, ജ്യോതിസ് ആക്കൽകൊട്ടാരം, ആൻജെലിക് തോമസ്, സൺഡേസ്കൂൾ പ്രിൻസിപ്പൽ സിജോയ് പറപ്പള്ളിൽ, മതാദ്ധ്യാപകർ എന്നിവർ പരിപാടികൾ ക്രമീകരിച്ചു.



അമേരിക്കൻ തെരഞ്ഞെടുപ്പിൽ മലയാളിത്തിളക്കം; സുരേന്ദ്രൻ കെ. പട്ടേൽ, ജൂലി എ. മാത്യു, മാർട്ടിൻ ജോൺ എന്നിവർക്ക് വിജയം

അനിൽ മറ്റത്തിക്കുന്നേൽ

ഹൂസ്റ്റൺ: അമേരിക്കൻ ഇടക്കാല തെരഞ്ഞെടുപ്പിൽ ശ്രദ്ധേയമായ നേട്ടവുമായി മൂന്ന് മലയാളികൾ. ടെക്സസിലെ ഫോർട്ട് ബെൻഡ് കൗണ്ടിയിൽ നടന്ന വിവിധ തെരഞ്ഞെടുപ്പുകളിൽ സുരേന്ദ്രൻ കെ. പട്ടേൽ, ജൂലി എ. മാത്യു, മാർട്ടിൻ ജോൺ എന്നിവർ വിജയിച്ചതായുള്ള ഫലങ്ങൾ പുറത്തുവന്നു. അമേരിക്കൻ രാഷ്ട്രീയ, നീതിന്യായ, പ്രാദേശിക ഭരണരംഗങ്ങളിൽ മലയാളി സമൂഹത്തിന്റെ സാന്നിദ്ധ്യം അടയാളപ്പെടുത്തുന്നതാണ് ഈ വിജയങ്ങൾ.

സുരേന്ദ്രൻ കെ. പട്ടേൽ: ഡെമോക്രാറ്റിക് പാർട്ടി സ്ഥാനാർത്ഥിയായി മത്സരിച്ച സുരേന്ദ്രൻ കെ. പട്ടേൽ റിപ്പബ്ലിക്കൻ സ്ഥാനാർത്ഥി ആശാ റെഡ്ഡിയെ പരാജയപ്പെടുത്തി. ആകെ രേഖപ്പെടുത്തിയ 1,82,760 വോട്ടുകളിൽ 1,10,078 വോട്ടുകൾ (60.23 ശതമാനം) പട്ടേൽ സ്വന്തമാക്കി. ആശാ റെഡ്ഡിക്ക് 72,682 വോട്ടുകൾ (39.77 ശതമാനം) ലഭിച്ചു. 37,396 വോട്ടുകളുടെ ഭൂരിപക്ഷത്തിലാണ് സുരേന്ദ്രൻ വിജയിച്ചത്.

ജഡ്ജി സ്ഥാനത്ത് ജൂലി എ. മാത്യു: ഫോർട്ട് ബെൻഡ് കൗണ്ടി കോർട്ട് അറ്റ് ലോ നമ്പർ 3 ജഡ്ജി സ്ഥാനത്തേക്കുള്ള മത്സരത്തിൽ ഡെമോക്രാറ്റിക് സ്ഥാനാർത്ഥി ജൂലി എ. മാത്യു വിജയിച്ചു. റിപ്പബ്ലിക്കൻ സ്ഥാനാർത്ഥി ജെസ്സിക്ക ജാരാമില്ലോയെയാണ് ജൂലി പരാജയപ്പെടുത്തിയത്.

ആകെ പോൾചെയ്ത 1,82,816 വോട്ടുകളിൽ ജൂലിക്ക് 1,10,891 വോട്ടുകൾ (60.66 ശതമാനം) ലഭിച്ചു. എതിരാളിയായ ജെസ്സിക്ക ജാരാമില്ലോ 71,925 വോട്ടുകൾ (39.34 ശതമാനം) നേടി. 38,966 വോട്ടുകളുടെ ഭൂരിപക്ഷമാണ് ജൂലിക്ക് ലഭിച്ചത്.

മാർട്ടിൻ ജോൺ: ഫോർട്ട് ബെൻഡ് സെൻട്രൽ അപ്രൈസൽ ഡിസ്ട്രിക്ട് ബോർഡ് ഓഫ് ഡയറക്ടേഴ്സിലേക്കുള്ള കക്ഷിരഹിത തെരഞ്ഞെടുപ്പിൽ മാർട്ടിൻ ജോൺ വിജയിച്ചു.

79,376 വോട്ടുകൾ (57.14 ശതമാനം) നേടിയാണ് മാർട്ടിൻ ജോൺ വിജയം ഉറപ്പിച്ചത്. എതിരാളിയായ ഷൈസാദ് സാം ചത്രിവാലയ്ക്ക് 59,531 വോട്ടുകൾ (42.86 ശതമാനം) ലഭിച്ചു. ആകെ 1,38,907 വോട്ടുകൾ രേഖപ്പെടുത്തിയ മത്സരത്തിൽ 19,845 വോട്ടുകളുടെ ഭൂരിപക്ഷമാണ് മാർട്ടിൻ ജോൺ നേടിയത്.

അമേരിക്കൻ പൊതുരംഗത്ത് മലയാളികളുടെ മുന്നേറ്റം. അമേരിക്കയിലെ പ്രാദേശിക സംവിധാനങ്ങളിലും നീതിന്യായ മേഖലയിലും ഇന്ത്യൻ വംശജരുടെ പ്രത്യേകിച്ച് മലയാളികളുടെ വർദ്ധിച്ചുവരുന്ന പങ്കാളിത്തത്തിന് ഉദാഹരണമാണ് ഈ തെരഞ്ഞെടുപ്പ് വിജയങ്ങൾ.

വ്യത്യസ്ത മേഖലകളിൽ മത്സരിച്ച മൂന്നു മലയാളികൾക്കും ലഭിച്ച ജനപിന്തുണ അമേരിക്കൻ പൊതുരംഗത്ത് മലയാളി സമൂഹം കൈവരിക്കുന്ന പ്രാതിനിധ്യത്തിന്റെ മറ്റൊരു അടയാളമായി മാറിയിരിക്കുകയാണ്. ടെക്സസിലെ മലയാളി സമൂഹത്തിനൊപ്പം ലോകമെമ്പാടുമുള്ള പ്രവാസി മലയാളികൾക്കും അഭിമാനകരമായ നേട്ടമാണിത്.

മീനു എലിസബത്ത് മലയാളി മങ്ക; രാജേന്ദ്രൻ കൃഷ്ണദാസ് കേരള ശ്രീമാൻ





ഡാളസ്: കേരള ലിറ്ററി സൊസൈറ്റിയുടെ കേരളപ്പിറവി ആഘോഷങ്ങളുടെ ഭാഗമായി നടന്ന തെരഞ്ഞെടുപ്പിൽ മീനു എലിസബത്ത് 'മലയാളി മങ്ക'യായും രാജേന്ദ്രൻ കൃഷ്ണദാസ് 'കേരള ശ്രീമാൻ' ആയും തെരഞ്ഞെടുക്കപ്പെട്ടു.

പ്രസാദ് തീയാടിക്കൽ

നവംബർ ഒന്നിന് ഞായറാഴ്ച ഡാളസിൽ സംഘടിപ്പിച്ച ആഘോഷച്ചടങ്ങിലാണ് വിജയികളെ പ്രഖ്യാപിച്ചത്. മലയാളി മങ്കയായി തെരഞ്ഞെടുക്കപ്പെട്ട മീനു എലിസബത്തിന് ജോസ് ഓച്ചാലിലും കേരള ശ്രീമാനായി തെരഞ്ഞെടുക്കപ്പെട്ട രാജേന്ദ്രൻ കൃഷ്ണദാസിന് ജോസൻ ജോർജും ക്യാഷ് അവാർഡുകൾ സമ്മാനിച്ചു.

ലിറ്ററി സൊസൈറ്റി പ്രസിഡണ്ട് അനശ്വരം മാമ്പിള്ളി അദ്ധ്യക്ഷത വഹിച്ച പൊതുയോഗത്തിൽ സണ്ണിവെയിൽ മേയർ സജി ജോർജ് മുഖ്യസന്ദേശം നൽകി.

വൈസ് പ്രസിഡണ്ട് പി.പി. ചെറിയാൻ സ്വാഗതവും സെക്രട്ടറി ബാജി ഓടംവേലി നന്ദിയും പറഞ്ഞു.



ഷാലു പുന്നൂസ് ഫോമാ കൺവൻഷൻ 2028 ചെയർ

സൈജൻ കണിയോടിക്കൽ

ന്യൂയോർക്ക്: ഫെഡറേഷൻ ഓഫ് മലയാളി അസോസിയേഷൻസ് ഓഫ് അമേരിക്കാസ് (ഫോമാ)യുടെ 2028 കൺവൻഷൻ ചെയറായി ഡാളസിൽ നിന്നുള്ള മുൻ ഫോമാ വൈസ് പ്രസിഡണ്ട് ഷാലു പുന്നൂസിനെ തെരഞ്ഞെടുത്തു. ഫോമായുടെ ദേശീയ നേതൃത്വമാണ് ഷാലു പുന്നൂസിനെ ഈ സുപ്രധാന ചുമതലയിലേക്ക് തെരഞ്ഞെടുത്തത്. വിവിധ സംഘടനകളിലും സാമൂഹിക, സാംസ്കാരിക ആരോഗ്യ പരിപാലന മേഖലകളിലും ദീർഘകാലമായി പ്രവർത്തിച്ചുവരുന്ന ഷാലു പുന്നൂസിന്റെ നേതൃത്വപരിചയം 2028 കൺവൻഷന്റെ സംഘാടനത്തിന് മുതൽക്കൂട്ടാകുമെന്നാണ് പ്രതീക്ഷ.

ഫോമാ പ്രസിഡണ്ട് ബിജു തോണിക്കടവിൽ, ജനറൽ സെക്രട്ടറി പോൾ പി. ജോസ്, ട്രഷറർ പ്രദീപ് നായർ, വൈസ് പ്രസിഡണ്ട് സാമുവൽ മത്തായി, ജോയിന്റ് സെക്രട്ടറി ഡോ. മഞ്ജു പിള്ള, ജോയിന്റ് ട്രഷറർ ജോൺസൺ കണ്ണൂക്കാടൻ എന്നിവരടങ്ങുന്ന ദേശീയ നേതൃത്വമാണ് നിലവിൽ ഫോമായുടെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കുന്നത്. ഈ ദേശീയ നേതൃത്വത്തിന്റെ തീരുമാനത്തിലൂടെയാണ് ഷാലു പുന്നൂസിനെ 2028 കൺവൻഷൻ ചെയറായി തെരഞ്ഞെടുത്തിരിക്കുന്നത്. അതുകൊണ്ടുതന്നെ അദ്ദേഹത്തിന്റെ ചുമതല ഫോമായുടെ ദേശീയ തലത്തിലുള്ള പ്രധാന ഉത്തരവാദിത്വമായാണ് വിലയിരുത്തപ്പെടുന്നത്.

സെന്റ് ജോർജ് ഓർത്തഡോക്സ് ദേവാലയത്തിൽ ട്രസ്റ്റിയായാണ് ഷാലു പുന്നൂസ് സാമൂഹിക പ്രവർത്തന



ഷാലു പുന്നൂസ്

രംഗത്ത് സജീവമാകുന്നത്. എക്യുമെനിക്കൽ ഫെലോഷിപ്പ് ഓഫ് ഇന്ത്യൻ ചർച്ചസിൽ ട്രസ്റ്റി സെക്രട്ടറിയായും അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. മലയാളി അസോസിയേഷൻ ഓഫ് ഗ്രേറ്റർ ഫിലാഡൽഫിയയുടെ പ്രസിഡണ്ടായും ഫോമാ നാഷണൽ കമ്മിറ്റി അംഗമായും ഫോമാ വൈസ് പ്രസിഡണ്ടായും പ്രവർത്തിച്ചിട്ടുള്ള ഷാലു പുന്നൂസിന് സംഘടനാ രംഗത്ത് വിപുലമായ അനുഭവസമ്പത്തുണ്ട്. ഫിലാഡൽഫിയയിലെ ബഡി ബോയിസ് ഫിലാഡൽഫിയയുടെ സ്ഥാപകനായ അദ്ദേഹം ഫിലാഡൽഫിയ പോലീസ് അഡ്വൈസറി ബോർഡ് അംഗം, മോണ്ട്ഗോമറി കൗണ്ടി ഹെൽത്ത് അഡ്വൈസറി കമ്മിറ്റി അംഗം എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്. ആരോഗ്യ പരിപാലന രംഗത്തും പുന്നൂസിന് വിപുലമായ പ്രവർത്തനപരിചയമുണ്ട്. ഫിലാഡൽഫിയ കറക്ഷൻ ഡിപ്പാർട്ടുമെന്റിൽ നേഴ്സായി സേവനമനുഷ്ഠിച്ച അദ്ദേഹം ഹോം കെയർ, അഡൾട്ട് ഡേ കെയർ മേഖലകളിൽ സംരംഭകനായും പ്രവർത്തിക്കുന്നു. സാമൂഹിക, സംഘടനാ പ്രവർത്തനങ്ങൾക്കൊപ്പം കലാരംഗത്തും സാന്നിദ്ധ്യമറിയിച്ചിട്ടുള്ള ഷാലു പുന്നൂസ് രണ്ട് സിനിമകളിൽ അഭിനയിച്ചിട്ടുണ്ട്. 2028-ലെ ഫോമാ കൺവൻഷന്റെ സംഘടനാ പ്രവർത്തനങ്ങൾക്ക് ഷാലു പുന്നൂസിന്റെ നേതൃത്വത്തിൽ തുടക്കം കുറിക്കും. അമേരിക്കൻ മലയാളി സമൂഹത്തിന്റെ വിവിധ മേഖലകളെ ഒരുമിപ്പിക്കുന്ന ദേശീയ വേദിയെന്ന നിലയിൽ കൺവൻഷനെ വിജയകരമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കായിരിക്കും ഇനി മുൻഗണന. ഷാലു പുന്നൂസിന്റെ തെരഞ്ഞെടുപ്പിനെ ഫോമാ ദേശീയ ഭാരവാഹികളും വിവിധ അംഗസംഘടനാ പ്രതിനിധികളും അഭിനന്ദിച്ചു.



ഇഞ്ചാക് വാർത്താപത്രിക 'മിനോരി' പ്രകാശനം ചെയ്തു



ഇടത്തുനിന്ന് വലത്തോട്ട്: ബേബി മാത്യു (ഓണററി സെക്രട്ടറി – ഇഞ്ചാക്), മധു എസ്. നായർ (പേട്രൺ – ഇഞ്ചാക്), ഡോ. വിജു ജേക്കബ് (ഇമ്മീഡിയറ്റ് പാസ്റ്റ് പ്രസിഡണ്ട് – ഇഞ്ചാക്), തനാബേ (പ്രസിഡണ്ട് മാറ്റ്സ്യൂ ചേമ്പർ ഓഫ് കൊമേഴ്സ് ആൻഡ് ഇൻഡസ്ട്രി, ജപ്പാൻ), സി.ജെ. ജോർജ് (പ്രസിഡണ്ട് – ഇഞ്ചാക്), യമാസാക്കി (ചെയർമാൻ സാൻഇൻ ഗോഡോ ബാങ്ക്, ജപ്പാൻ), സി. ബാലഗോപാൽ (ചെയർമാൻ കെഎസ്ഐഡിസി), ടി. ബാലകൃഷ്ണൻ (ഫൗണ്ടർ പ്രസിഡണ്ട് – ഇഞ്ചാക്).

ഡോ. യുപിആർ മേനോൻ

കൊച്ചി: ഇന്ത്യ-ജപ്പാൻ നയതന്ത്ര ബന്ധത്തിന്റെ 75-ാം വാർഷിക ആഘോഷങ്ങൾക്ക് (2027) മുന്നോടിയായി ഇന്തോ-ജപ്പാൻ ചേംബർ ഓഫ് കൊമേഴ്സ് കേരളയുടെ (ഇഞ്ചാക്-INJACK) വാർത്താപത്രികയായ 'മിനോരി' (MINORI) പ്രകാശനം ചെയ്തു.

കൊച്ചി വൈൻഡാം റിവർസൈഡിൽ നടന്ന ചടങ്ങിൽ ജപ്പാനിൽ നിന്നുള്ള 22 അംഗ ഉന്നതതല പ്രതിനിധി സംഘത്തിന്റെ സാന്നിദ്ധ്യത്തിലാണ് പ്രകാശന കർമ്മം നടന്നത്.

ചിക്കാഗോ സെന്റ് മേരീസിൽ സകല വിശുദ്ധരുടെയും തിരുനാൾ ഭക്തിനിർഭരമായി ആചരിച്ചു

ഡോ. റോയി ചേലമലയിൽ

ചിക്കാഗോ: മോർട്ടൻ ഗ്രോവ് സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ ദേവാലയത്തിൽ സകല വിശുദ്ധരുടെയും തിരുനാൾ (All Saints Day) നവംബർ ഒന്നിന് ഞായറാഴ്ച ഭക്തിനിർഭരമായി ആഘോഷിച്ചു. അന്നേ ദിവസം രാവിലെ പത്തുമണിക്ക് നടന്ന വി. കുർബാനയ്ക്കും വചനസന്ദേശത്തിനും ഫാ. ടോമി തേർവാലകൊട്ടയിൽ മുഖ്യ കാർമ്മികനായിരുന്നു.

തുടർന്ന് നോർത്ത് അമേരിക്കയിലെ ക്നാനായ റീജിയന്റെ കീഴിലുള്ള ഏറ്റവും വലിയ സൺഡേ സ്കൂളായ മോർട്ടൻ ഗ്രോവ് സെന്റ് മേരീസ് സൺഡേ സ്കൂളിലെ അദ്ധ്യാപകരുടെ നേതൃത്വത്തിൽ ഓൾ സെയിന്റ്സ് ഡേ പരേഡ് നടന്നു. പ്രീ-സ്കൂൾ മുതൽ മുതിർന്ന ക്ലാസ്സുവരെയുള്ള കുട്ടികൾ തങ്ങളുടെ പേരിനോടൊപ്പമുള്ള വിശുദ്ധരുടെ വേഷങ്ങൾ അണിഞ്ഞു പരേഡിൽ പങ്കെടുത്തത് ഏവർക്കും മറക്കാനാവാത്ത ഒരു അനുഭവമായിരുന്നു. കുട്ടികൾ ദേവാലയത്തിലേക്ക് പ്രവേശിക്കുന്ന സമയത്തു ഗായക സംഘത്തിന്റെ നേതൃത്വത്തിൽ സകല വിശുദ്ധരുടെയും ലുത്തിനിയ ആലപിച്ചു. തുടർന്ന് അൾത്താരയിൽ എല്ലാ കുട്ടികളും ഒരുമിച്ചു അണിനിരന്ന് ഓൾ സെയിന്റ്സ് ഡേ പ്രതിജ്ഞ എടുത്തു. വികാരി ഫാ. സിജു മുടക്കോടിൽ, അസിസ്റ്റന്റ് വികാരി ഫാ. അനീഷ് മാവേലി പുത്തൻപുര എന്നിവർ കുട്ടികളെ ആശീർവദിച്ചു. കുട്ടികളെ ഇത്രയും മനോഹരമായി വിശുദ്ധരുടെ വേഷം അണിയിച്ച് കൊണ്ടുവന്ന മാതാപിതാക്കളെ ഫാ. സിജു, ഫാ. അനീഷ് എന്നിവർ മുക്തകണ്ഠം പ്രശംസിച്ചു. സൺഡേ സ്കൂൾ ക്ലാസ്സുകളിൽ വിശുദ്ധരുടെ ജീവിതത്തെ അനുസ്മരിച്ചുകൊണ്ടുള്ള പ്രത്യേകം ക്ലാസ്സുകളും പ്രദർശനവും നടന്നു. തുടർന്ന് ശാന്തിയുടെയും നിർമ്മാല്യത്തിന്റെയും പ്രതീകമായി ബലൂണുകൾ ബഹുമാനപ്പെട്ട വൈദികരുടെയും സൺഡേസ്കൂൾ അദ്ധ്യാപകരുടെയും ട്രസ്റ്റിമാരുടെയും മാതാപിതാക്കളുടെയും നേതൃത്വത്തിൽ ആകാശത്തേക്ക് പറത്തി. തുടർന്ന് കുട്ടികൾക്കു മധുരം വിതരണം ചെയ്തു.

സൺഡേസ്കൂൾ പ്രിൻസിപ്പൽ സജി പൂതൃക്കയിൽ, അസിസ്റ്റന്റ് ഡി. ആർ.ഇ. മനീഷ് കൈമൂലയിൽ, സെക്രട്ടറി ബിനു ഇടക്കര, മറ്റ് അദ്ധ്യാപകർ എന്നിവരോടൊപ്പം ട്രസ്റ്റിമാരായ സേവ്യർ നടുപ്പറമ്പിൽ, സണ്ണി കണ്ണാല, ജോബി പോളക്കൽ, മജോ കുന്നശ്ശേരി, ഫെലിക്സ് പാലകൻ എന്നിവരും ഈ പരിപാടികളുടെ ക്രമീകരണങ്ങൾക്ക് മേൽനോട്ടം വഹിച്ചു.





ആത്രേയകം ഇതിഹാസത്തിനപ്പുറം ചില മനുഷ്യർ



പുസ്തക പരിചയം



രാധിക വേദ, കാനഡ

ആർമർ ചിത്രകഥകളും അമ്പിളി മാമനുമൊക്കെ വായിച്ചുവളർന്ന ബാല്യത്തോടുള്ള മമത ഇന്നും ഉള്ളതുകൊണ്ടു തന്നെ, പുരാണകഥകളും ഐതിഹ്യങ്ങളും അവയുടെ വ്യത്യസ്ത ആഖ്യാനങ്ങളുമെല്ലാം എനിക്ക് ഏറെ താൽപ്പര്യമുള്ള മേഖലയാണ്. മഹാഭാരതം മഹത്തായ ഒരു ഭാരതീയ ഇതിഹാസമാണ്. എന്നാൽ പൂർണമായും ചരിത്രമെന്നോ പൂർണമായും സാങ്കൽപ്പിക കഥയെന്നോ വിശേഷിപ്പിക്കാൻ നിലവിലുള്ള ചരിത്രപരവും പുരാവസ്തു ശാസ്ത്രപരവുമായ തെളിവുകൾ മതിയാകില്ലെന്നിരിക്കെ, മഹാഭാരതത്തെ പശ്ചാത്തലമാക്കി, ആർ. രാജശ്രീ എഴുതിയ നോവലാണ് 'ആത്രേയകം'.

മലയാളസാഹിത്യത്തിൽ ഇത് പുതിയൊരു പരീക്ഷണമല്ല. പി.കെ. ബാലകൃഷ്ണന്റെ 'ഇനി ഞാൻ ഉറങ്ങട്ടെ'യും എം.ടി. വാസുദേവൻ നായരുടെ 'രണ്ടാമൂഴ'വുമെല്ലാം ഈ ആഖ്യാനപാരമ്പര്യത്തിലെ ശ്രദ്ധേയമായ കൃതികളാണ്. നമുക്ക് പരിചിതമായ കഥയ്ക്കപ്പുറം ഈ കഥാപാത്രങ്ങൾ ഇങ്ങനെയും ചിന്തിച്ചിരിക്കാം, ഇങ്ങനെയും വേദനിച്ചിരിക്കാം, അവരുടെ തീരുമാനങ്ങൾക്കുപിന്നിൽ നാമറിയാത്ത കാരണങ്ങളുമുണ്ടായിരിക്കാം. അതെല്ലാം ചരിത്രസത്യമായിരിക്കണമെന്നില്ല. എന്നാൽ, മനുഷ്യസാധ്യതകളെന്ന നിലയിൽ അത്തരം ഭാവനകളെ പൂർണമായും തള്ളിക്കളയാനും കഴിയില്ല. ആ സാധ്യതകളെ എത്രത്തോളം വിശ്വസനീയമായും ഹൃദയസ്പർശിയായും അവതരിപ്പിക്കാൻ കഴിയുന്നു എന്നതിലാണ് ഇത്തരം പുനരാഖ്യാനങ്ങളുടെ സാഹിത്യപരമായ മികവ്. ആത്രേയകത്തിന്റെ മികവ് അതിന്റെ ആഖ്യാനസങ്കേതത്തിലല്ല; എന്നാൽ പരിചിതമായൊരു ആഖ്യാന സങ്കേതത്തെ ഹൃദയസ്പർശിയായ കഥാപാത്രസൃഷ്ടികളിലൂടെ ശ്രദ്ധേയമായ വായനാനുഭവമാക്കി മാറ്റുന്ന രചനയിലാണ്.

'രാജവീഥി ഉണ്ടായിരിക്കെ കാനനപാതകളിലൂടെ സഞ്ചരിച്ച്, പ്രധാനത്വമെന്നു വാഴ്ത്തപ്പെട്ടതിനെ അപ്രധാനമാക്കിയും, അപ്രധാനികളെ പ്രധാനരാക്കിയും, അവരെ ദുർബലരും വികാരജീവികളും പരാജിതരാക്കിയും ചമച്ച ആഖ്യാനം' എന്ന് മറ്റു വ്യാസശിഷ്യന്മാരാൽ ആക്ഷേപിക്കപ്പെട്ട, വ്യാസശിഷ്യനായ ജൈമിനിയുടെ, ജയം എന്ന കഥാഖ്യാനത്തിലൂടെ വികസിക്കുന്ന കഥയാണ് ആത്രേയകം.

പ്രാധാന്യവും അപ്രാധാന്യവും ആരാണ് തീരുമാനിക്കുന്നത്? ആരാണ് നായകർ? ആരാണ് പ്രതിനായകർ? ഒരേ കഥാപാത്രത്തെ വ്യത്യസ്ത വീക്ഷണകോണുകളിലൂടെ നോക്കിയാൽ ഒരുപക്ഷേ വ്യത്യസ്ത ഉത്തരങ്ങളായിരിക്കാം ലഭിക്കുക. അങ്ങനെയൊരു ഭാവനാത്മകമായ തേടലാണ് ആത്രേയകം എന്നു പറയേണ്ടിവരും.

പൗരുഷത്തിന്റെ ഘോഷങ്ങൾ മുഴങ്ങുമ്പോൾ, കൽപ്പിച്ചുകിട്ടിയ ലിംഗതന്മയ്ക്കും സ്വന്തം ശരീരത്തിനുള്ളിലെ സത്യത്തിനും ഇടയിൽ വീർപ്പുമുട്ടുന്ന ശിഖണ്ഡിയായ നിരമിത്രൻ. അയാളുടെ ജീവിതവും വ്യഥകളുമാണ് ആത്രേയകത്തിന്റെ കാതൽ. ഒരുപാട് കഥാപാത്രങ്ങൾ വന്നുപോകുന്നുണ്ട് ഈ നോവലിൽ. വളരെ കുറച്ചുസമയം കൊണ്ടുതന്നെ കഥാപാത്രങ്ങളോട് മമത തോന്നിപ്പിക്കാൻ എഴുത്തുകാരിക്ക് കഴിയുന്നുണ്ട്.

നോവലിന്റെ ആദ്യ അധ്യായങ്ങളിൽത്തന്നെ നിരമിത്രൻ എന്ന കഥാപാത്രത്തോട് വായനക്കാരന് വല്ലാത്തൊരു സഹാനുഭൂതി തോന്നിത്തുടങ്ങും. പ്രതിശ്രുതവധുവായ ദശാർണ രാജകുമാരിയോടു ചെയ്ത അനീതിയിൽ കുറ്റബോധം തോന്നുന്ന, പിന്നീട് ദ്രുപതന്റെ കോപത്തിനുമുന്നിൽ നിൽക്കാനാവാതെ, ഒരു മകൻ(ശി) ഒരിക്കലും കാണരുതാത്ത ശപിക്കപ്പെട്ട കാഴ്ചയ്ക്ക് സാക്ഷിയായി, ഭയചകിതനായി കൊട്ടാരമുപേക്ഷിച്ച് മരിക്കാനായി ഇറങ്ങുന്ന നിരമിത്രൻ. ചുരുങ്ങിയ വിവരണങ്ങളിലൂടെ അയാളുടെ ഭയവും നിസ്സഹായതയും വായനക്കാരനിലേക്ക് പകരാൻ എഴുത്തുകാരിക്ക് കഴിയുന്നുണ്ട്. അയാളുടെ വേദനകൾ നമ്മുടേതുകൂടിയായി മാറുന്ന തരത്തിൽ, ആദ്യ അധ്യായങ്ങളിൽത്തന്നെ ആ കഥാപാത്രത്തോട് ഒരു വൈകാരികമായ അടുപ്പം രൂപപ്പെടുന്നു.

അതുപോലെ, ആ സന്ദർഭത്തിൽ ദ്രുപതനോട് എത്രത്തോളം വെറുപ്പും അമർഷവും തോന്നുന്നുവോ, കഥ പുരോഗമിക്കുമ്പോൾ ആ വികാരങ്ങളുടെ കാഠിന്യം കുറഞ്ഞുവരുന്നു. ഒരേ കഥാപാത്രത്തെക്കുറിച്ചുള്ള നമ്മുടെ ധാരണകൾ കഥയ്ക്കൊപ്പം മാറിമറിയുന്നു. വെട്ടിപ്പിടിച്ച നേട്ടങ്ങളുടെ ഭാരത്താൽ തളർന്നുപോകുന്ന ഹരിണി, ആഗ്രഹിക്കാത്ത വിധിയെ സ്വീകരിച്ച് കാലത്തിനൊപ്പം നീങ്ങുന്ന കൃഷ്ണ, സ്വന്തം ആഗ്രഹങ്ങൾക്കും പദവിക്കും അപ്പുറമാണ് കടമകളെന്ന് വിശ്വസിച്ച ഇള, വിജയം തൊട്ടരികിലെത്തിയെന്ന് കരുതുമ്പോഴും ഒന്നും നേടാനാവാതെ പോകുന്ന വിപുലൻ...

ഓരോരുത്തർക്കും അവരവരുടേതായ ശരികളും നിസ്സഹായതകളുമുണ്ട്. ഇവർക്കെല്ലാം പശ്ചാത്തലമൊരുക്കുന്ന ഒരു ഭൂമിക മാത്രമല്ല ആത്രേയകം എന്ന കാട്. കഥാപാത്രങ്ങളോടൊപ്പം വളരുകയും തളരുകയും ചെയ്യുന്ന മറ്റൊരു കഥാപാത്രമായി അതും മാറുന്നു. കഥാപാത്രങ്ങളുടെ മാനസികവ്യാപാരങ്ങൾക്കൊപ്പം നമ്മളും സഞ്ചരിക്കുന്നു. വളരെ കുറച്ചുമാത്രം പറഞ്ഞുപോകുന്ന ഇരാവാന്റെ അധ്യായം പ്രത്യേകിച്ചും ഹൃദയഭേദകമായിരുന്നു. വായന കഴിഞ്ഞിട്ടും നെഞ്ചിൽ ഒരു കല്ല് കയറ്റിവച്ചതുപോലെ ആ അനുഭവം അവശേഷിച്ചു.

നോവലിന്റെ അവസാനഭാഗത്തേക്ക് എത്തുമ്പോൾ, തുടക്കത്തിൽ നിരമിത്രന്റെ മാനസികസംഘർഷങ്ങൾക്ക് നൽകിയിരുന്ന വൈകാരികമായ ആഴം എവിടെയൊക്കെയോ നഷ്ടപ്പെടുന്നതുപോലെ തോന്നി. പ്രത്യേകിച്ചും ഭീഷ്മരുടെ പതനമെന്ന നിർണായക സന്ദർഭത്തിൽ നിരമിത്രന്റെ മനസ്സിലൂടെ കടന്നുപോയിരിക്കാവുന്ന സംഘർഷങ്ങൾ കുറച്ചുകൂടി അടുത്തറിയാൻ ആഗ്രഹിച്ചിരുന്നു. അതുപോലെതന്നെ അയാളുടെ മരണവും. അതുവരെ അയാളോടൊപ്പം വൈകാരികമായി സഞ്ചരിച്ച വായനക്കാരിയെന്ന നിലയിൽ അല്പം ദുർബലമായ പരിസമാപ്തിയായി അനുഭവപ്പെട്ടു. നിരമിത്രന് മറ്റൊരു വിധി ഉണ്ടാകണമായിരുന്നു എന്നതല്ല. മറിച്ച്, അത്രയും ആഴത്തിൽ വരച്ചിട്ട ഒരു കഥാപാത്രത്തിന്റെ ജീവിതം അവസാനിക്കുമ്പോൾ, ആ അന്ത്യം വായനക്കാരനിൽ സൃഷ്ടിക്കേണ്ട വൈകാരികമായ ആഘാതം ആഖ്യാനത്തിൽ വേണ്ടത്ര പ്രതിഫലിച്ചില്ലെന്ന തോന്നലാണ്.

ഒരുപക്ഷേ യുദ്ധത്തിന്റെ നിരർത്ഥകതയും, വിജയപരാജയങ്ങൾക്കപ്പുറം മനുഷ്യജീവിതങ്ങൾ എത്ര നിസ്സാരമായി അവസാനിക്കുന്നുവെന്നതും അടയാളപ്പെടുത്താനുള്ള എഴുത്തുകാരിയുടെ ബോധപൂർവമായ തിരഞ്ഞെടുപ്പായിരിക്കാം അത്. എങ്കിലും നിരമിത്രന്റെ ജീവിതത്തിലുടനീളം അയാളുടെ ഉള്ളിലേക്ക് വായനക്കാരനെ കൂട്ടിക്കൊണ്ടുപോയ ആഖ്യാനം, അവസാനനിമിഷങ്ങളിൽ അയാളിൽനിന്ന് അല്പം അകന്നുനിന്നതുപോലെ അനുഭവപ്പെട്ടു.

മഹാഭാരതം പശ്ചാത്തലമാകുമ്പോൾ അതിന്റെ വിശാലമായ കഥാലോകത്തെ ഒരു ചെറിയ നോവലിലേക്ക് കൊണ്ടുവരിക എന്നത് എളുപ്പമുള്ള കാര്യമല്ല. പ്രത്യേകിച്ചും കുരുക്ഷേത്രയുദ്ധത്തിന്റെ അവസാനഘട്ടംവരെ എത്തുന്ന ഒരു കഥാപാത്രത്തിന്റെ ജീവിതം പറയുമ്പോൾ. അതുകൊണ്ടുതന്നെ പല സംഭവങ്ങളും കഥാപാത്രങ്ങളും വിശദമായി വികസിപ്പിക്കപ്പെടാതെ കടന്നുപോകുന്നുണ്ട്.

എന്നാൽ ആത്രേയകം മഹാഭാരതത്തിന്റെ മറ്റൊരു സമ്പൂർണ ആഖ്യാനമാകാൻ ശ്രമിക്കുന്നില്ല. മറിച്ച്, അതിലെ ചില വ്യക്തികളുടെ ജീവിതത്തെയും വീക്ഷണങ്ങളെയും അവരുടെ ഉള്ളിലെ സംഘർഷങ്ങളെയും അടുത്തുനിന്ന് കാണാനുള്ള ശ്രമമാണ്. മഹാഭാരതത്തിന് പല പ്രാദേശിക പാഠഭേദങ്ങളും ഉപകഥകളും വ്യത്യസ്ത വ്യാഖ്യാനങ്ങളുമുണ്ട്. അവയിൽ ഏതാണ് യഥാർത്ഥത്തിൽ സംഭവിച്ചതെന്ന് ഉറപ്പിച്ചുപറയുക അസാധ്യമാണ്. അതിനാൽ ആത്രേയകം വായിക്കുമ്പോൾ ഇടയ്ക്കിടെ തോന്നിപ്പോകുന്ന ഒരു കാര്യമുണ്ട് – ഒരുപക്ഷേ, ഇങ്ങനെയുമാകാമായിരുന്നില്ലേ?

പരിചിതമായ കഥാപാത്രങ്ങളെ കുറിച്ച് നമുക്കുണ്ടായിരുന്ന ഉറച്ച ധാരണകൾക്കിടയിൽ ചില പുതിയ ചോദ്യങ്ങൾക്ക് ഇടമൊരുക്കുകയാണ് ഈ നോവൽ ചെയ്യുന്നത്. മൊത്തത്തിൽ, മികച്ചൊരു വായനാനുഭവം സമ്മാനിച്ച, വായിച്ചിരിക്കേണ്ട പുസ്തകമായിത്തന്നെ അടയാളപ്പെടുത്താവുന്ന കൃതിയാണ് ആത്രേയകം?

കുഞ്ഞുമോൻ സാർ

ജീവകാരുണ്യ പ്രവർത്തനങ്ങളുടെ വഴികാട്ടി

വാരാന്ത്യം





സിബി ഡേവിഡ്
ന്യൂയോർക്ക്



പ്രിയപ്പെട്ട കുഞ്ഞുമോൻ സാറിന്റെ (മാത്യു ഈശോ) വേർപാട് ഏറെ വേദനയോടെയാണ് ഉൾക്കൊള്ളുന്നത്.

എന്നെ സംബന്ധിച്ചിടത്തോളം അദ്ദേഹം ആദരണീയനായ ഒരു വ്യക്തിത്വം എന്നതിലുപരി, കേരളത്തിലെ ഞങ്ങളുടെ എളിയ Art4Life ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് വഴികാട്ടിയും ഉപദേശകനും പ്രചോദനവുമായിരുന്നു. അദ്ദേഹത്തിന്റെ സ്നേഹവും കരുതലും പ്രോത്സാഹനവും എന്നും നന്ദിയോടെ ഓർക്കും.

കഴിഞ്ഞമാസം അദ്ദേഹത്തെ നേരിൽ സന്ദർശിക്കാൻ കഴിഞ്ഞത് ഇന്ന് ഏറെ വിലപ്പെട്ട ഒരു ഓർമ്മയായി മാറുന്നു. ആ കൂടിക്കാഴ്ച അവസാനത്തേതാകുമെന്ന് ഒരിക്കലും കരുതിയിരുന്നില്ല.

അദ്ദേഹത്തിന്റെ വിയോഗം വ്യക്തിപരമായി വലിയൊരു നഷ്ടമാണ്. അദ്ദേഹം പകർന്നു നൽകിയ നന്മയും പ്രചോദനവും എന്നും മനസ്സിൽ നിലനിൽക്കും.

പ്രിയപ്പെട്ട കുഞ്ഞുമോൻ സാറിന്റെ എൺപത്തിമൂന്നാം പിറന്നാളിന് എഴുതിയ കുറിപ്പ് ഒരിക്കൽക്കൂടി കോറിയിടട്ടെ.

ചിന്തകൾ കൊണ്ടും പ്രവർത്തനങ്ങൾ കൊണ്ടും ഒരു ശുദ്ധ ഗാന്ധിയനായിരിക്കുക അത്ര എളുപ്പമല്ല. വലിയ ആദർശങ്ങൾ പ്രസംഗിക്കുന്നവരുണ്ട്. നീട്ടിപ്പിടിച്ച് എഴുതുന്നവരുണ്ട്. എന്നാൽ ജീവിതത്തിന്റെ നിസ്സാരവും വലുതുമായ ഓരോ ഘട്ടങ്ങളിലും മൂല്യബോധത്തോടെ ആദർശങ്ങളെ മുറുകെപ്പിടിക്കുന്ന ചിലരുണ്ട്, ചുരുക്കം ചിലർ. അങ്ങനെയൊരാളാണ് കുഞ്ഞുമോൻ ടി. ഓമല്ലൂർ എന്നറിയപ്പെടുന്ന മാത്യു ഈശോ. ധീരമായ മാധ്യമപ്രവർത്തനവും, കറകളഞ്ഞ സാമൂഹ്യ സേവനങ്ങളും ശുദ്ധമായ രാഷ്ട്രീയ ഇടപെടലുകളും ഒരേപോലെ സമന്വയിപ്പിച്ച ഒരു ഭൂതകാലം അഭിമാനത്തോടെ അയവിറക്കി വിശ്രമജീവിതം ആസ്വദിക്കുകയാണ് ഇന്നദ്ദേഹം.

ചൂടുപിടിച്ച രാഷ്ട്രീയ സംവാദങ്ങളിലും ആകുലിവിസത്തിലും പാതതെളിയിച്ചത്, ബാലജനസഖ്യം വഴിയാണെന്ന് അദ്ദേഹം ഓർമ്മിക്കുന്നു. 1969-ൽ സിഎംഎസ് കോളേജിൽ പഠിക്കുമ്പോൾ അഖില കേരള ബാലജനസഖ്യത്തിന്റെ ജനറൽ സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ടു. ആ സമയത്ത് ഉമ്മൻ ചാണ്ടി സഖ്യത്തിന്റെ ചാരിറ്റി വിഭാഗം ഓഫിസർ ആയിരുന്നു. അന്തരിച്ച ശ്രീ. പാലാ കെ.എം. മാത്യു, ശങ്കരൻചേട്ടന്റെ വക്താവായി പ്രതിനിധാനം ചെയ്തിരുന്നു. വടശേരിക്കരയിൽ വച്ച് നടന്ന സഖ്യത്തിന്റെ വളരെ ചൂട് പിടിച്ച സംസ്ഥാനതല തെരഞ്ഞെടുപ്പ് അദ്ദേഹം ഇന്നും ഓർമ്മിക്കുന്നു.

കോളേജിൽ പഠിക്കുമ്പോൾത്തന്നെ ചാരിറ്റി പ്രവർത്തനങ്ങളിൽ ആകൃഷ്ടനായി കോട്ടയത്തെ പ്രമുഖ സ്വർണ്ണ വ്യാപാരകേന്ദ്രത്തിൽ മറ്റ് മൂന്ന് സുഹൃത്തുക്കളോടൊപ്പം ചേർന്ന് ചിട്ടി തുടങ്ങിയതും അതിൽ നിന്നും ഓരോരുത്തർക്കും കിട്ടിയ അഞ്ച് പവൻ വീതം ഉപയോഗിച്ച് മൂന്ന് പെൺകുട്ടികളുടെ വിവാഹം നടത്തിക്കൊടുത്തതും ഒക്കെ കുഞ്ഞുമോൻ സാർ ഒരു ചെറുപുഞ്ചിരിയോടെ സംഭാഷണമദ്ധ്യേ ഓർമിച്ചു.

ഓർത്തഡോക്സ് സഭാ നേതൃത്വത്തിന്റെ നിർബന്ധപ്രകാരം അദ്ദേഹം 1964-ൽ പത്തനംതിട്ട കാതോലിക്കേറ്റ് കോളജിൽ ഇംഗ്ലീഷ് അധ്യാപകനായി സേവനം ചെയ്തു.

തുടർന്ന് ഡൽഹിയിലെത്തിയ അദ്ദേഹം ജേർണലിസം പഠിക്കുകയും മുഴുവൻ സമയ മാധ്യമ പ്രവർത്തനത്തിലേക്ക് ശ്രദ്ധതിരിക്കുകയും ചെയ്തു. മുൻ പ്രധാനമന്ത്രിയായിരുന്ന മൊറാർജി ദേശായിയുടെ ശുപാർശപ്രകാരം അദ്ദേഹം ലോക് സഭ റിപ്പോർട്ടറായി.

പിന്നീട് ദീർഘകാലം ടൈംസ് ഓഫ് ഇന്ത്യയുടെ സീനിയർ റിപ്പോർട്ടറായിരുന്നു. ആ കാലഘട്ടത്തിൽ മുൻപ്രധാനമന്ത്രിമാരായിരുന്ന മൊറാർജി ദേശായി, ഗുൽസാരിലാൽ നന്ദ തുടങ്ങിയ ഉന്നത നേതാക്കളുമായി വളരെ അടുത്ത സൗഹൃദം സ്ഥാപിക്കാനായതായി കുഞ്ഞുമോൻ സാർ സംഭാഷണത്തിനിടെ ഓർമ്മിച്ചു.

1969-ൽ കോൺഗ്രസ് പാർട്ടി ദേശീയതലത്തിൽ വിഭജിക്കപ്പെട്ട ശേഷം, സംഘടനാ കോൺഗ്രസിന്റെ അടിയുറച്ച പ്രവർത്തകനായി തുടർന്നു. ഒരുപക്ഷെ ഇന്ന് ഇന്ത്യയിലെ ഒരേയൊരു സംഘടനാ കോൺഗ്രസ് പ്രവർത്തകനും താനായിരിക്കുമെന്നും അദ്ദേഹം തമാശയായി പറഞ്ഞു. ഒരുകാലത്ത് കേരളത്തിലും ദേശീയതലത്തിലും മുൻ നിര കോൺഗ്രസ് നേതാക്കളുമായി തോളോട് തോൾ ചേർന്ന് പ്രവർത്തിച്ച അദ്ദേഹം കോൺഗ്രസ് പാർട്ടിയുടെ ഇന്നത്തെ ശോചനീയാവസ്ഥയിൽ വളരെ ദുഖിതനാണ്.



ഈ അടുത്ത കാലത്തു അദ്ദേഹത്തിന്റെ ഭാര്യ മെറിയുടെ അകാല വേർപാടിന് ശേഷം ഇപ്പോൾ മകളുടെകൂടെ മാവേലിക്കരയിലെ വസതിയിൽ വിശ്രമ ജീവിതം നയിക്കുന്നു. സംസ്ഥാന - ദേശീയ തലങ്ങളിൽ പ്രവർത്തിച്ച മേഖലകളിൽ എല്ലാം തന്നെ വലിയൊരു സുഹൃദ്വലയം സൃഷ്ടിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു.

രണ്ടായിരത്തി നാലിൽ കലാവേദി യുഎസ്എയുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടാണ് ലേഖകൻ ശ്രീ കുഞ്ഞുമോൻ ടി. ഓമല്ലൂരുമായി ആദ്യമായി ബന്ധപ്പെടുന്നത്. പ്രശസ്ത ബാലസാഹിത്യകാരനായിരുന്ന ശ്രീ. ജോയൻ കുമരകമാണ് അന്ന് ആ പരിചയപ്പെടലിന് വഴിയൊരുക്കിയത്. അന്ന് ആരംഭിച്ച കലാവേദി ഓൺലൈൻ എന്ന മലയാളം പോർട്ടലിന് വേണ്ട ഏതാനും വിഭവങ്ങൾ ഒരുക്കിക്കൊണ്ടായിരുന്നു പ്രാരംഭപ്രവർത്തനങ്ങൾ.

രണ്ടായിരത്തി ആറിൽ ഒരു പ്രമുഖ മലയാള പ്രസിദ്ധികരണത്തിൽ പ്രസിദ്ധികരിച്ച ഒരു ഫീച്ചർ, ഇടുക്കിയിലെ കല്ലാർ പട്ടം കോളനിയിലെ നൂറിലധികം സ്കൂൾകുട്ടികൾ പഠനം ഉപേക്ഷിച്ച് ബാലവേല, മദ്യാസക്തി, അക്രമ വാസന തുടങ്ങിയ വിഷയങ്ങളിൽ അകപ്പെട്ടിരിക്കുന്നുവെന്ന വാർത്ത, കലാവേദി പ്രവർത്തകരുടെ കണ്ണ് തുറപ്പിച്ചു. കുഞ്ഞുമോൻ സാർ എല്ലാ സഹായങ്ങളും വാഗ്ദാനം ചെയ്തു. ലേഖകൻ ന്യൂയോർക്കിൽനിന്നും പത്തനംതിട്ടയിലെത്തുകയും കുഞ്ഞുമോൻ സാറുമായി ഒരുമിച്ച് ഇടുക്കിയിലെ പട്ടം കോളനിയിലുള്ള ഗവർമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ പ്രിൻസിപ്പാൾ ഫാദർ സാജു മത്തായിയെയും മറ്റു സ്കൂൾ അധികൃതരെയും സന്ദർശിക്കുകയും ചെയ്തു.

രണ്ടായിരത്തി ആറിൽ തിരുവനന്തപുരത്തുവച്ച് അരങ്ങേറിയ കലാവേദി ചലച്ചിത്ര അവാർഡ് വേദിയിൽ വച്ച് 'ആർട്ട് ഫോർ ലൈഫ് - കല ജീവന് വേണ്ടി' എന്നൊരു സഹായ പദ്ധതി പഠനത്തിൽ ഈ കുട്ടികൾക്കായി ആരംഭിച്ചു. നടൻ ശ്രീനിവാസനായിരുന്നു അത് ഉദ്ഘാടനം ചെയ്തത്.

ഈ കുട്ടികളെ തിരിച്ചറിയാനുള്ള ക്രമീകരണങ്ങൾ ഓരോ ക്ലാസ് ടീച്ചർമാർ മുഖേന ആരംഭിക്കുകയും ചെയ്തു. അങ്ങനെ നൂറിലധികം കുട്ടികളെ തിരിച്ചറിയുകയും അവർക്കു വേണ്ട കൗൺസിലിംഗ് സെഷനുകൾ, ബോധവൽക്കരണ സെമിനാറുകൾ, പുസ്തവിതരണം തുടങ്ങി പല സേവനങ്ങളും ആരംഭിച്ചു.

മദ്യാസക്തിയുള്ള കുട്ടികളെ പുളിയന്മലയിൽ സ്ഥിതി ചെയ്യുന്ന ഡി അഡിക്ഷൻ സെന്ററിൽ രണ്ടായിരത്തിഅഞ്ചിനു മുൻപ് ചികിത്സയ്ക്ക് കൊണ്ടുവന്നിരുന്ന കാര്യം അതിന്റെ ഡയറക്ടർ ആയിരുന്ന ഫാദർ ജോസഫ് വലിയത്താഴത്ത് സ്ഥിരീകരിച്ചിരുന്നു. അച്ചന്റെ ഉപദേശവും കലാവേദിയുടെ 'ആർട്ട് ഫോർ ലൈഫ്' എന്ന സഹായ പദ്ധതിയുടെ വികസനത്തിന് സഹായമായിരുന്നു.

പ്രത്യേകിച്ചു, കലാവേദിയുടെ കേരളത്തിലെ സാമൂഹ്യ ഇടപെടലുകളുടെ തുടക്കസമയത്ത് കുഞ്ഞുമോൻ സാറിന്റെ നേതൃത്വവും മാർഗ്ഗോപദേശങ്ങളും പ്രവർത്തനങ്ങളെ നേരായ വഴിയിൽ ഏകോപിപ്പിക്കാൻ വളരെ സഹായിച്ചു. ഈ പ്രവർത്തനങ്ങളുടെ ഫലമായി നിരവധി കുട്ടികൾ പഠനത്തിലേക്ക് ശ്രദ്ധിക്കുകയും ജീവിതത്തിൽ മെച്ചപ്പെട്ടതായും പിന്നീട് മനസിലാക്കിയിട്ടുണ്ട്. പഠന വൈകല്യമുള്ള കുട്ടികൾക്കായി പ്രവർത്തനം ലക്ഷ്യമാക്കി പത്തനംതിട്ടയിലും കലാവേദി ചാരിറ്റബിൾ ഓർഗനൈസേഷനായി 2006-ൽ രജിസ്റ്റർ ചെയ്തിരുന്നു.

അമേരിക്കൻ ഇടക്കാല തെരഞ്ഞെടുപ്പിൽ ട്രംപിന് കനത്ത രാഷ്ട്രീയ തിരിച്ചടി

അനിൽ മറ്റത്തിക്കുന്നേൽ

ചിക്കാഗോ: അമേരിക്കൻ പ്രസിഡണ്ട് ഡോണൾഡ് ട്രംപിന്റെ രണ്ടാം ഭരണകാലത്തിന് ശക്തമായ രാഷ്ട്രീയ തിരിച്ചടിയായി നവംബർ മൂന്നിന് നടന്ന ഇടക്കാല തെരഞ്ഞെടുപ്പ്. അമേരിക്കൻ കോൺഗ്രസിന്റെ ഇരുസഭകളുടെയും നിയന്ത്രണം റിപ്പബ്ലിക്കൻ പാർട്ടിയിൽ നിന്ന് ഡെമോക്രാറ്റുകൾ പിടിച്ചെടുത്തതോടെ ട്രംപിന്റെ ശേഷിക്കുന്ന രണ്ടു വർഷത്തെ ഭരണത്തിന് പുതിയ വെല്ലുവിളികൾ ഉയർന്നിരിക്കുകയാണ്.

ജനപ്രതിനിധി സഭയിലും സെനറ്റിലും ഭൂരിപക്ഷം നേടിയ ഡെമോക്രാറ്റുകൾ റിപ്പബ്ലിക്കൻ പാർട്ടിയുടെ പരമ്പരാഗത ശക്തികേന്ദ്രങ്ങളിലടക്കം ശ്രദ്ധേയമായ വിജയങ്ങളാണ് സ്വന്തമാക്കിയത്. ടെക്സസ്, കാൻസസ്, സൗത്ത് കരോലിന, നോർത്ത് കരോലിന, അയോവ, ഒഹായോ, മെയ്ൻ തുടങ്ങിയ സംസ്ഥാനങ്ങളിലെ സെനറ്റ് മത്സരങ്ങളിൽ ഡെമോക്രാറ്റുകൾ നേടിയ വിജയങ്ങൾ ദേശീയ രാഷ്ട്രീയത്തിൽ വലിയ മാറ്റത്തിനാണ് വഴിയൊരുക്കുന്നത്. ചില മണ്ഡലങ്ങളിലെ അന്തിമ വോട്ടെണ്ണൽ തുടരുന്നുണ്ടെങ്കിലും കോൺഗ്രസിന്റെ ഇരുസഭകളിലെയും ഭൂരിപക്ഷം ഡെമോക്രാറ്റുകൾ ഉറപ്പിച്ചിട്ടുണ്ട്.

ജീവിതച്ചെലവ് വർദ്ധന, ഇറാനുമായുള്ള യുദ്ധം, വ്യാപാരത്തീരുവകൾ, കുടിയേറ്റനയങ്ങൾ, ഫെഡറൽ ഭരണകൂടത്തിന്റെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള ആശങ്കകൾ എന്നിവ തെരഞ്ഞെടുപ്പിൽ പ്രധാന വിഷയങ്ങളായി. വോട്ടർമാർക്കിടയിൽ നടത്തിയ സർവേകളിൽ ട്രംപിന്റെ ഭരണത്തെക്കുറിച്ചുള്ള അതൃപ്തിയും സാമ്പത്തിക സാഹചര്യങ്ങളെക്കുറിച്ചുള്ള ആശങ്കകളും പ്രകടമായിരുന്നു.

തെരഞ്ഞെടുപ്പ് ഫലം ട്രംപിന്റെ പ്രസിഡണ്ട് സ്ഥാനത്തെ നേരിട്ട് ബാധിക്കില്ലെങ്കിലും അദ്ദേഹത്തിന്റെ ഭരണ പരിപാടികൾ നടപ്പാക്കാനുള്ള രാഷ്ട്രീയ സാഹചര്യം കാര്യമായി മാറും. 2027 ജനുവരി മൂന്നിന് പുതിയ കോൺഗ്രസ് അധികാരമേൽക്കുന്നതോടെ വൈറ്റ് ഹൗസിന്റെ നിയന്ത്രണം റിപ്പബ്ലിക്കൻ പ്രസിഡണ്ടിനും നിയമനിർമാണ സഭകളുടെ നിയന്ത്രണം ഡെമോക്രാറ്റുകൾക്കും എന്ന സാഹചര്യം രൂപപ്പെടും. അതോടെ ട്രംപ് മുന്നോട്ടുവെക്കുന്ന പുതിയ നിയമനിർദ്ദേശങ്ങൾ, നികുതി പരിഷ്കാരങ്ങൾ, കുടിയേറ്റ നിയമത്തിലെ മാറ്റങ്ങൾ, ഫെഡറൽ ചെലവ് പദ്ധതികൾ എന്നിവ നടപ്പാക്കാൻ ഡെമോക്രാറ്റുകളുടെ സഹകരണം ആവശ്യമായി വരും. ഇരുസഭകളിലും ഭൂരിപക്ഷമില്ലാത്ത സാഹചര്യത്തിൽ റിപ്പബ്ലിക്കൻ പാർട്ടിക്ക് സ്വന്തം പിന്തുണ മാത്രം



ഉപയോഗിച്ച് പ്രധാന നിയമനിർദ്ദേശങ്ങൾ പാസാക്കാൻ കഴിയില്ല.

ട്രംപ് ഭരണകൂടത്തിന് കൂടുതൽ വെല്ലുവിളിയാകുന്നത് കോൺഗ്രസിന്റെ അന്വേഷണാധികാരങ്ങളാണ്. ജനപ്രതിനിധിസഭയിലെ വിവിധ കമ്മിറ്റികളുടെ നിയന്ത്രണം ഡെമോക്രാറ്റുകൾ ഏറ്റെടുക്കുന്നതോടെ കുടിയേറ്റ നടപടികൾ, ഫെഡറൽ കരാറുകൾ, സർക്കാർ ചെലവുകൾ, ഭരണകൂടത്തിലെ താല്പര്യ സംഘർഷ ആരോപണങ്ങൾ തുടങ്ങിയ വിഷയങ്ങളിൽ പുതിയ അന്വേഷണങ്ങളും ഹിയറിങ്ങുകളും ആരംഭിക്കാനുള്ള സാദ്ധ്യതയുണ്ട്. ആവശ്യമായ രേഖകൾ ഹാജരാക്കാൻ ഉദ്യോഗസ്ഥർക്ക് സമൻസ് നല്കാനും കോൺഗ്രസ് കമ്മിറ്റികൾക്ക് അധികാരമുണ്ട്. സെനറ്റിന്റെ നിയന്ത്രണം നഷ്ടപ്പെട്ടത് ട്രംപിന്റെ ഭരണത്തിന് മറ്റൊരു പ്രധാന തിരിച്ചടിയാണ്. ഫെഡറൽ ജഡ്ജിമാർ, സുപ്രീംകോടതി ജഡ്ജിമാർ, കാബിനറ്റ് അംഗങ്ങൾ, അംബാസഡർമാർ തുടങ്ങിയ പ്രധാന നിയമനങ്ങൾക്ക് സെനറ്റിന്റെ അംഗീകാരം ആവശ്യമാണ്. ഡെമോക്രാറ്റിക് ഭൂരിപക്ഷം ഇത്തരം നിയമനങ്ങൾ തടയാനോ വൈകിപ്പിക്കാനോ സാദ്ധ്യതയുള്ളതിനാൽ ഭരണകൂടത്തിലെ ഭാവി നിയമനങ്ങൾ കൂടുതൽ സങ്കീർണ്ണമാകും.

ഫെഡറൽ ബജറ്റും പ്രധാന വെല്ലുവിളിയായി മാറും. സർക്കാർ പ്രവർത്തനങ്ങൾക്കുള്ള ധനവിനിയോഗം അംഗീകരിക്കുന്നതിൽ ഡെമോക്രാറ്റിക് നേതൃത്വവുമായി ധാരണയിലെത്തേണ്ടിവരും. ഇരുപക്ഷവും വിട്ടുവീഴ്ചയ്ക്കു തയ്യാറാകാത്ത സാഹചര്യമുണ്ടായാൽ സർക്കാർ അടച്ചുപൂട്ടൽ ഉൾപ്പെടെയുള്ള പ്രതിസന്ധികൾക്ക് സാദ്ധ്യതയുണ്ട്.


അതേസമയം, ട്രംപിന്റെ കുടിയേറ്റ നയങ്ങൾ, അതിർത്തി സുരക്ഷാ നടപടികൾ, എക്സിക്യൂട്ടീവ് ഉത്തരവുകൾ എന്നിവയെല്ലാം തെരഞ്ഞെടുപ്പ് ഫലത്തോടെ സ്വമേധയാ റദ്ദാകില്ല. പ്രസിഡണ്ട് എന്ന നിലയിലുള്ള ഭരണഘടനാപരമായ അധികാരങ്ങൾ ട്രംപിന് തുടർന്നും വിനിയോഗിക്കാം. എന്നാൽ, പുതിയ നിയമങ്ങൾക്കും ധനവിനിയോഗത്തിനും കോൺഗ്രസിന്റെ പിന്തുണ ആവശ്യമായതിനാൽ പ്രവർത്തനസ്വാതന്ത്ര്യത്തിന് നിയന്ത്രണങ്ങളുണ്ടാകും.

ഡെമോക്രാറ്റുകൾക്ക് ജനപ്രതിനിധി സഭയിൽ ഭൂരിപക്ഷം ലഭിച്ചതോടെ പ്രസിഡണ്ടിനെതിരെ ഇംപീച്ച്മെന്റ് നടപടികൾ ആരംഭിക്കാനുള്ള രാഷ്ട്രീയ സാദ്ധ്യതയും ഉയർന്നിട്ടുണ്ട്. എന്നാൽ, ഇംപീച്ച്മെന്റ് നടപടികൾ ആരംഭിക്കുന്നതിനും പ്രസിഡണ്ടിനെ സ്ഥാനത്തുനിന്ന് നീക്കുന്നതും വ്യത്യസ്ത നിയമനടപടികളാണ്. പ്രസിഡണ്ടിനെ കുറ്റവിചാരണയിലൂടെ സ്ഥാനത്തുനിന്ന് നീക്കണമെങ്കിൽ സെനറ്റിലെ മൂന്നിൽരണ്ട് അംഗങ്ങളുടെ പിന്തുണ ആവശ്യമാണ്. അതിനാവശ്യമായ ഭൂരിപക്ഷം ഡെമോക്രാറ്റുകൾക്കില്ല.

തെരഞ്ഞെടുപ്പ് ഫലത്തെക്കുറിച്ച് പ്രതികരിച്ച വൈസ് പ്രസിഡണ്ട് ജെ. ഡി. വാൻസ് ഇറാനുമായുള്ള യുദ്ധം റിപ്പബ്ലിക്കൻ പാർട്ടിയുടെ പരാജയത്തിന് കാരണമായതായി അഭിപ്രായപ്പെട്ടു. അതേസമയം. ചില റിപ്പബ്ലിക്കൻ സ്ഥാനാർത്ഥികളുടെ പ്രകടനത്തെയാണ് ട്രംപ് വിമർശിച്ചത്. തെരഞ്ഞെടുപ്പിൽ താൻ നേരിട്ട് മത്സരിച്ചിരുന്നില്ലെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. ട്രംപിന്റെ ഭരണത്തിനു ലഭിച്ച പിന്തുണയുടെയും ജനങ്ങളുടെ അതൃപ്തിയുടെയും വിലയിരുത്തലായി ഈ തെരഞ്ഞെടുപ്പിനെ കാണുന്ന രാഷ്ട്രീയനിരീക്ഷകരുണ്ട്.

(ശേഷം 28-ാം പേജിൽ)

പന്തളം ബിജു തോമാ ട്രഷറർ സ്ഥാനത്തേക്ക് മത്സരിക്കുന്നു



ലാസ് വേഗാസ്: 2028-2030 കാലയളവിലെ തോമാ ട്രഷറർ സ്ഥാനത്തേക്ക് പന്തളം ബിജു തോമസ് മത്സരിക്കുന്നു. തോമായിലും വിവിധ മലയാളി സംഘടനകളിലും നിരവധി ഉത്തരവാദിത്തങ്ങൾ വഹിച്ച് സംഘടനാ പ്രവർത്തന രംഗത്ത് ശ്രദ്ധേയമായ സംഭാവനകൾ നൽകിയിട്ടുള്ള അദ്ദേഹത്തിന്റെ സ്ഥാനാർത്ഥിത്വം ശ്രദ്ധേയമാണ്. നിലവിൽ തോമായുടെ പുതിയ റീജിയനായ മൗണ്ടൈൻ റീജിയന്റെ പ്രഥമ വൈസ് പ്രസിഡണ്ടുകൂടിയാണ് അദ്ദേഹം. തോമായിൽ പതിനെട്ടു വർഷങ്ങളായുള്ള സംഘടനാ പ്രവർത്തന മികവും നേതൃപരിചയവും കൈമുതലാക്കിയ സ്ഥാനാർത്ഥിത്വം.

തോമായുടെ വെസ്റ്റേൺ റീജിയൻ വൈസ് പ്രസിഡണ്ട്, നാഷണൽ കമ്മിറ്റി മെമ്പർ, ബൈലോ കമ്മിറ്റി ചെയർമാൻ, പൊളിറ്റിക്കൽ ഫോറം കൺവീനർ, ലാസ്വേഗാസ് കൺവൻഷൻ കോ-ഓർഡിനേറ്റർ, തോമാ പബ്ലിക് റിലേഷൻസ് ഓഫീസർ എന്നീ നിലകളിൽ അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. കൂടാതെ, കേരളാ അസ്സോസ്സിയേഷൻ ഓഫ് ലാസ്വേഗാസിന്റെ പ്രസിഡണ്ടായും സേവനമനുഷ്ഠിച്ചിട്ടുണ്ട്.

വിവിധ തലങ്ങളിൽ സംഘടനാ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുള്ള അദ്ദേഹത്തിന്റെ അനുഭവസമ്പത്ത് ട്രഷറർ സ്ഥാനാർത്ഥിത്വത്തിന് കരുത്തു പകരുന്നു. സംഘടനയുടെ സാമ്പത്തിക കാര്യങ്ങളിൽ സുതാര്യതയും ഉത്തരവാദിത്തവും ഉറപ്പാക്കുന്നതിനും അംഗങ്ങളുടെ വിശ്വാസം കാത്തുസൂക്ഷിക്കുന്നതിനും കൂട്ടായ പ്രവർത്തനങ്ങളിലൂടെ തോമായുടെ വളർച്ചയ്ക്ക് സംഭാവന നൽകുന്നതിനും അദ്ദേഹത്തിന്റെ സ്ഥാനാർത്ഥിത്വം ലക്ഷ്യമിടുന്നു.

സംഘടനാ രംഗത്തെ പരിചയവും പ്രവർത്തന മികവും മുൻനിർത്തി തോമായുടെ മുന്നോട്ടുള്ള പ്രയാണത്തിൽ കൂടുതൽ ഉത്തരവാദിത്തം ഏറ്റെടുക്കാനാണ് പന്തളം ബിജു തോമസ് ട്രഷറർ സ്ഥാനത്തേക്ക് മത്സരിക്കുന്നത്. തോമാ അംഗങ്ങളുടെ അഭ്യുദയകാംക്ഷികളുടെയും പിന്തുണയും സഹകരണവും അദ്ദേഹം ദയവായി അഭ്യർത്ഥിക്കുന്നു.

ഡാളസ് യൂത്ത് മിനിസ്ട്രി ഒരുക്കുന്ന പിക്കൾബോൾ മത്സരം നവംബർ 14-ന്

ജോക്കുട്ടി മേലേടത്ത്

ഡാളസ് ക്രിസ്തുരാജ ക്നാനായ കത്തോലിക്ക ഇടവക യൂത്ത് മിനിസ്ട്രിയുടെ നേതൃത്വത്തിൽ ഇടവകയിലെ യൂത്ത് & യങ് അടൾട്ട് കുട്ടികൾക്കായി പിക്കൾ ബോൾ മത്സരം നവംബർ 15-ന് നടത്തപ്പെടുന്നു. രാവിലെ 10-ന് യുവജനങ്ങൾക്കായുള്ള വിശുദ്ധ കുർബാനയ്ക്ക് ശേഷം യൂണിറ്റി പാർക്കിൽ വെച്ചാണ് മത്സരം നടത്തപ്പെടുന്നത്. വിജയികൾക്ക് പ്രത്യേക സമ്മാനം നല്കപ്പെടുന്നതാണ്. യൂത്ത് മിനിസ്ട്രി അംഗങ്ങളുടെ നേതൃത്വത്തിൽ രജിസ്ട്രേഷൻ ആരംഭിച്ചു.

ഹൂസ്റ്റൺ പെന്തക്കോസ്തൽ ഫെലോഷിപ്പ് വാർഷിക കൺവൻഷൻ നവംബർ 13 മുതൽ 15 വരെ

ജോയി തുമ്പമൺ

ഹൂസ്റ്റൺ: ഹൂസ്റ്റൺ പെന്തക്കോസ്തൽ ഫെലോഷിപ്പിന്റെ (HPF) 2026-ലെ വാർഷിക കൺവൻഷൻ നവംബർ 13 മുതൽ 15 വരെ സ്റ്റാഫോർഡിലെ ലിവിങ് വാട്ടേഴ്സ് ക്രിസ്ത്യൻ ചർച്ചിൽ (845 Staffordshire Road, Stafford, TX 77477) നടക്കും. ആത്മീയ ഉണർവിനും വിശ്വാസികളുടെ ഐക്യത്തിനും പ്രാധാന്യം നൽകുന്ന ത്രിദിന സമ്മേളനത്തിൽ പ്രമുഖ ദൈവദാസന്മാർ വചനശുശ്രൂഷ നിർവഹിക്കും.

നവംബർ 13-ന് വെള്ളിയാഴ്ചയും 14-ന് ശനിയാഴ്ചയും വൈകിട്ട് 6.30-നും 15-ന് ഞായറാഴ്ച രാവിലെ 9-നും യോഗങ്ങൾ ആരംഭിക്കും. ആരാധന, വചനശുശ്രൂഷ, പ്രത്യേക പ്രാർത്ഥനകൾ, ആത്മീയ ഗാനശുശ്രൂഷ എന്നിവ സമ്മേളനത്തിന്റെ ഭാഗമായി ക്രമീകരിച്ചിട്ടുണ്ട്.

റവ. വില്യം ലീ, റവ. ഡോ. വി.ടി. ഏബ്രഹാം എന്നിവർ മുഖ്യപ്രഭാഷകരായിരിക്കും. വനിതാ സമ്മേളനത്തിൽ ആക്സ പീറ്റേഴ്സൺ വചനസന്ദേശം നൽകും. ഹൂസ്റ്റണിലെയും സമീപപ്രദേശങ്ങളിലെയും വിവിധ പെന്തക്കോസ്ത് സഭകളിൽ നിന്നുള്ള വിശ്വാസികളും ശുശ്രൂഷകന്മാരും സമ്മേളനത്തിൽ പങ്കെടുക്കും.

എച്ച്പിഎഫ് പ്രസിഡണ്ട് പാസ്റ്റർ ബിജു തോമസ്, വൈസ് പ്രസിഡണ്ട് പാസ്റ്റർ ജോൺ സൈമൺ, സെക്രട്ടറി അജി ഇടിക്കുള, ട്രഷറർ ജോൺ മാത്യു പുനലൂർ എന്നിവരുടെ നേതൃത്വത്തിലാണ് സമ്മേളന ക്രമീകരണങ്ങൾ പുരോഗമിക്കുന്നത്.

വർഷിപ്പ് കോ-ഓർഡിനേറ്റർ സ്റ്റീഫൻ സാമുവൽ, ചാരിറ്റി കോ-ഓർഡിനേറ്റർ വിനോദ് ഈപ്പൻ, മീഡിയ കോ-ഓർഡിനേറ്റർ ജോയ് തുമ്പമൺ, പ്രയർ ആൻഡ് കെയർ കോ-ഓർഡിനേറ്റർ പാസ്റ്റർ ജോൺ ഐസക്, ഹിന്ദി വർഷിപ്പ് കോ-ഓർഡിനേറ്റർ ഡാനിയേൽ ഏബ്രഹാം എന്നിവരും വിവിധ ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകുന്നു.

സമ്മേളനത്തിന്റെ മീഡിയ പാർട്ണറായ പ്രയർ മൗണ്ട് മീഡിയ (Prayer Mount Media) കൺവൻഷനിലെ യോഗങ്ങൾ തത്സമയം സംപ്രേഷണം ചെയ്യും. നേരിട്ട് പങ്കെടുക്കാൻ കഴിയാത്തവർക്ക് തത്സമയ സംപ്രേഷണത്തിലൂടെ സമ്മേളനത്തിൽ പങ്കുചേരാൻ അവസരമുണ്ടാകും. ഹൂസ്റ്റണിലെയും സമീപപ്രദേശങ്ങളിലെയും എല്ലാ വിശ്വാസികളെയും കുടുംബസമേതം സമ്മേളനത്തിലേക്ക് സ്വാഗതം ചെയ്യുന്നതായി സംഘാടകർ അറിയിച്ചു.



കൂടുതൽ വിവരങ്ങൾക്ക്: 832-971-3761.

അമേരിക്കൻ കോൺഗ്രസ് തെരഞ്ഞെടുപ്പിൽ ഇന്ത്യൻ വംശജരുടെ മുന്നേറ്റം

അനിൽ മറ്റത്തിക്കുന്നേൽ

വാഷിങ്ടൺ ഡിസി: നവംബർ മൂന്നിനു നടന്ന ഇടക്കാല തെരഞ്ഞെടുപ്പിൽ ഇന്ത്യൻ വംശജരായ സ്ഥാനാർത്ഥികൾ ശ്രദ്ധേയമായ നേട്ടം കൈവരിച്ചു. യുഎസ് ജനപ്രതിനിധി സഭയിലേക്ക് അഞ്ച് ഇന്ത്യൻ വംശജരുടെ വിയം സ്ഥിരീകരിച്ചു.

വിജയിച്ച ആറുപേരും ഡെമോക്രാറ്റിക് പാർട്ടി സ്ഥാനാർത്ഥികളാണ്. ഇന്ത്യൻ വംശജരായ ആമി ബേര, റോ ഖന്ന, പ്രമീള ജയപാൽ, സുഹാസ് സുബ്രഹ്മണ്യം ഡോ. അമീഷ് ഷാ എന്നിവർ തെരഞ്ഞെടുക്കപ്പെട്ടപ്പോൾ ഫ്ളോറിഡയിൽ നിന്നുള്ള പിയ ദണ്ഡിയ ആദ്യമായി അമേരിക്കൻ കോൺഗ്രസിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു.



ഫ്ളോറിഡയിലെ 22-ാം കോൺഗ്രസ് മണ്ഡലത്തിൽ റിപ്പബ്ലിക്കൻ സ്ഥാനാർത്ഥി കേസി അസ്കറിനെ പരാജയപ്പെടുത്തിയാണ് പിയ ദണ്ഡിയയുടെ വിജയം. ഇന്ത്യൻ കുടിയേറ്റക്കാരായ മാതാപിതാക്കളുടെ മകളായ പിയ, അദ്ധ്യാപികയായും സ്കൂൾ പ്രിൻസിപ്പലായും പ്രവർത്തിച്ചിട്ടുണ്ട്. ഏകദേശം 51.9 ശതമാനം വോട്ടുകൾ നേടിയാണ് അവർ ജയിച്ചത്.

കാലിഫോർണിയയിലെ മൂന്നാം മണ്ഡലത്തിൽ നിന്ന് ആമി ബേര എട്ടാം തവണയും കോൺഗ്രസിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു. ഇന്ത്യൻ വംശജയായ അമേരിക്കൻ കോൺഗ്രസ് അംഗങ്ങളിൽ ഏറ്റവും കൂടുതൽ കാലം സേവനമനുഷ്ഠിച്ച വ്യക്തിയാണ് ഡോക്ടർ കൂടിയായ ആമി ബേര.

കാലിഫോർണിയയിലെ 17-ാം മണ്ഡലത്തിൽ നിന്ന് റോ ഖന്നയും വാഷിങ്ടൺ സംസ്ഥാനത്തെ ഏഴാം മണ്ഡലത്തിൽ നിന്ന് പ്രമീള ജയപാലും വീണ്ടും വിജയിച്ചു. വിർജീനിയയിലെ പത്താം മണ്ഡലത്തിൽ നിന്ന് സുഹാസ് സുബ്രഹ്മണ്യവും രണ്ടാം തവണ ജനപ്രതിനിധി സഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു. ഇന്ത്യൻ വംശജയായ അമേരിക്കൻ കോൺഗ്രസ് അംഗങ്ങളിൽ ഏറ്റവും കൂടുതൽ കാലം സേവനമനുഷ്ഠിച്ച വ്യക്തിയാണ് ഡോക്ടർ കൂടിയായ ആമി ബേര.

കാലിഫോർണിയയിലെ 17-ാം മണ്ഡലത്തിൽ നിന്ന് റോ ഖന്നയും വാഷിങ്ടൺ സംസ്ഥാനത്തെ ഏഴാം മണ്ഡലത്തിൽ നിന്ന് പ്രമീള ജയപാലും വീണ്ടും വിജയിച്ചു. വിർജീനിയയിലെ പത്താം മണ്ഡലത്തിൽ നിന്ന് സുഹാസ് സുബ്രഹ്മണ്യവും രണ്ടാം തവണ ജനപ്രതിനിധി സഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു.

നിലവിൽ കോൺഗ്രസിലെ ഇന്ത്യൻ വംശജരായ രണ്ട് പ്രമുഖ അംഗങ്ങളായ രാജാ കൃഷ്ണമൂർത്തിയും താനേദാറും പുതിയ കോൺഗ്രസിൽ ഉണ്ടാകില്ല. ഇല്ലിനോയിയിൽ നിന്നുള്ള രാജാ കൃഷ്ണമൂർത്തി യുഎസ് സെനറ്റിലേക്ക് മത്സരിക്കുന്നതിനായി ജനപ്രതിനിധി സഭയിലെ സീറ്റ് ഒഴിയാൻ തീരുമാനിച്ചെങ്കിലും ഡെമോക്രാറ്റിക് പ്രൈമറിയിൽ പരാജയപ്പെട്ടു. മിഷിഗണിലെ താനേദാർ വീണ്ടും മത്സരിച്ചെങ്കിലും പാർട്ടി പ്രൈമറിയിൽ ഡൊണവൻ മക്കിന്നിയോട് പരാജയപ്പെട്ടു.

കോൺഗ്രസ് തെരഞ്ഞെടുപ്പിന് പുറമേ മേരിലാൻഡിലെ ലെഫ്റ്റനന്റ് ഗവർണറായി ഇന്ത്യൻ വംശജയായ അരുണ മില്ലറും വീണ്ടും തെരഞ്ഞെടുക്കപ്പെട്ടു. എന്നാൽ, ഒഹായോ ഗവർണർ സ്ഥാനത്തേക്ക് മത്സരിച്ച ഇന്ത്യൻ വംശജനായ റിപ്പബ്ലിക്കൻ നേതാവ് വിവേക് രാമസ്വാമി ഡെമോക്രാറ്റിക് സ്ഥാനാർത്ഥി ഏമി ആക്ടനോട് പരാജയപ്പെട്ടു. അമേരിക്കൻ രാഷ്ട്രീയത്തിൽ ഇന്ത്യൻ വംശജരുടെ പ്രാതിനിധ്യം നിലനിർത്തുന്ന തെരഞ്ഞെടുപ്പ് ഫലങ്ങളാണിത്. 2027 ജനുവരി മൂന്നിനാണ് പുതുതായി തെരഞ്ഞെടുക്കപ്പെട്ട അമേരിക്കൻ കോൺഗ്രസ് അധികാരമേല്ക്കുന്നത്.

ലോസ് ഏഞ്ചലസ് മേയർ തെരഞ്ഞെടുപ്പിൽ മലയാളി വംശജയായ നിത്യ രാമന് ചരിത്ര വിജയം

ലോസ് ഏഞ്ചലസ്: അമേരിക്കയിലെ രണ്ടാമത്തെ വലിയ നഗരമായ ലോസ് ഏഞ്ചലസ് മേയർ തെരഞ്ഞെടുപ്പിൽ മലയാളി വംശജയായ നിത്യ രാമന് ചരിത്ര വിജയം. ഡെമോക്രാറ്റിക് സ്ഥാനാർഥിയായാണ് നിത്യ വിജയിച്ചു കയറിയത്. നിലവിലെ മേയർ കാരെൻ ബേസിനെ പരാജയപ്പെടുത്തിയാണ് സിറ്റി കൗൺസിൽ അംഗമായ നിത്യ ഈ പദവിയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടത്. അവസാന ഫലങ്ങൾ അനുസരിച്ച് നിത്യയ്ക്ക് 405,193 വോട്ടുകൾ ലഭിച്ചു. കാരൻ ബേസിന് 379,069 വോട്ടും. ലൊസാഞ്ചലസിന്റെ മേയറായ കാരെൻ ബേസ് അമേരിക്കൻ പ്രാദേശിക രാഷ്ട്രീയത്തിൽ ഏറെ ശ്രദ്ധിക്കപ്പെട്ട ഈ മത്സരത്തിൽ ശക്തമായ പോരാട്ടമാണ് ഇരുവർക്കും നേരിടേണ്ടി വന്നത്. 2020 മുതൽ ലോസ് ഏഞ്ചലസ് സിറ്റി കൗൺസിൽ അംഗമായി പ്രവർത്തിച്ചു വരികയായിരുന്നു നിത്യ രാമൻ. തുടക്കത്തിൽ ബേസിനെ പിന്തുണച്ചിരുന്ന നിത്യ ഫെബ്രുവരിയിലാണ് സ്വന്തമായി മത്സരരംഗത്തേക്ക് ഇറങ്ങിയത്.

ജനങ്ങളുടെ ജീവിതപ്രശ്നങ്ങൾ മുൻനിർത്തി നടത്തിയ കാമ്പയിനാണ് നിത്യക്ക് വിജയമൊരുക്കിയത്. നഗരത്തിലെ പ്രധാന പ്രശ്നങ്ങളായ വീടില്ലായ്മ, പൊതുസുരക്ഷ, പാർപ്പിട മേഖലയിലെ പ്രതിസന്ധികൾ എന്നിവയായിരുന്നു പ്രചാരണത്തിലെ പ്രധാന വിഷയങ്ങൾ. തലമുറ മാറ്റത്തിനും പുതിയ നയങ്ങൾക്കും വേണ്ടിയാണ് താൻ നിലകൊള്ളുന്നതെന്ന് നിത്യ തുറന്നടിച്ചു. തൊഴിലാളി സംഘടനകളുടെയും ഡെമോക്രാറ്റിക് പാർട്ടിയുടെയും പൂർണ്ണ പിന്തുണ കാരെൻ ബേസിനായിരുന്നു ഉണ്ടായിരുന്നത്. എന്നാൽ 'ഡെമോക്രാറ്റിക് സോഷ്യലിസ്റ്റ്സ് ഓഫ് അമേരിക്ക' പോലെയുള്ള പുരോഗമന സംഘടനകളുടെ വലിയ പിന്തുണ നേടാൻ നിത്യക്ക് സാധിച്ചു. യുവാക്കളെയും സാധാരണക്കാരെയും കേന്ദ്രീകരിച്ചുള്ള പ്രവർത്തനങ്ങൾ നിത്യയുടെ ജനപ്രീതി വർധിപ്പിച്ചു. പഴയ വോട്ടർമാരെയും മുതിർന്ന പൗരന്മാരെയും കേന്ദ്രീകരിച്ചായിരുന്നു ബേസ് അവസാന ഘട്ടത്തിൽ പ്രചാരണം നടത്തിയത്.

എന്നാൽ ബാറുകൾ, നൈറ്റ് ക്ലബ്ബുകൾ, കോളേജ് ക്യാമ്പസുകൾ എന്നിവ കേന്ദ്രീകരിച്ച് യുവതലമുറയെ



ഒപ്പം നിർത്താൻ നിത്യക്ക് കഴിഞ്ഞു. സിറ്റി ഹാളിൽ കാതലായ മാറ്റങ്ങൾ വേണമെന്ന നിത്യയുടെ ആവശ്യത്തിന് വലിയ സ്വീകാര്യത ലഭിച്ചു. കഴിഞ്ഞ ജൂണിൽ നടന്ന പ്രാഥമിക തെരഞ്ഞെടുപ്പിൽ 34 ശതമാനം വോട്ട് മാത്രമാണ് ബേസിന് ലഭിച്ചിരുന്നത്. 2025-ലെ പാലിസേഡ്സിലെ കാട്ടുതീയുടെ സമയത്ത് ബേസ് വിദേശത്തായിരുന്നത് വലിയ വിമർശനങ്ങൾക്ക് വഴിവെച്ചിരുന്നു. ഇത് അവരുടെ ജനപ്രീതി കുറയുന്നതിന് കാരണമായെന്നാണ് വിലയിരുത്തപ്പെടുന്നത്. തെരുവിൽ കഴിയുന്നവരുടെ എണ്ണം 11 ശതമാനം കുറയ്ക്കാൻ തന്റെ ഭരണത്തിന് സാധിച്ചെന്ന് ബേസ് പ്രചാരണത്തിൽ അവകാശപ്പെട്ടിരുന്നു. എന്നാൽ ഈ തന്ത്രങ്ങൾ പരാജയമാണെന്ന് നിത്യ ശക്തമായി വിമർശിച്ചു. സ്വന്തം മണ്ഡലത്തിൽ വീടില്ലാത്തവരുടെ എണ്ണം പകുതിയായി കുറച്ച മാതൃക നഗരമൊട്ടാകെ നടപ്പാക്കുമെന്ന് അവർ പ്രഖ്യാപിച്ചു. വിജയം ഉറപ്പിച്ച ശേഷവും പിന്തുണച്ച വരോട് നന്ദി പറഞ്ഞ് നിത്യ ഗ്രീക്ക് തിയേറ്റർ പ്ലാസയിൽ സംസാരിച്ചു. ജയസാധ്യത വളരെ കൂടുതലാണെന്ന് പ്രതീക്ഷ പങ്കുവെച്ച അവർ, വോട്ടെണ്ണൽ പൂർത്തിയാകുന്നത് വരെ ജാഗ്രത തുടരണമെന്നും അണികളോട് ആവശ്യപ്പെട്ടു.

1981 ജൂലൈ 28-ന് കേരളത്തിലാണ് നിത്യ രാമന്റെ ജനനം. തിരുവനന്തപുരം നഗരത്തിലെ കോട്ടയ്ക്കകത്ത് രാമസ്വാമി കോവിൽതെരുവിലാണ് നിത്യയുടെ കുടുംബം പതിറ്റാണ്ടുകൾക്കു മുൻപ് കഴിഞ്ഞിരുന്നത്. പോസ്റ്റ്മാസ്റ്ററായിരുന്ന കെ. രാമയ്യരുടെ ചെറുമകളാണ് നിത്യ. കെൽട്രോണിലെ ഉദ്യോഗസ്ഥനായിരുന്ന ആർ. വെങ്കട്ടരാമനും ഇന്ത്യൻ ഓവർസീസ് ബാങ്കിലെ ജീവനക്കാരിയായിരുന്ന സുധയുമാണ് മാതാപിതാക്കൾ. നിത്യയ്ക്ക് ആറു വയസ്സുള്ളപ്പോഴാണു കുടുംബം യുഎസിലേക്കു കുടിയേറിയത്. കുടുംബവീട് മുൻപേ വിറ്റുപോയി.

(ശേഷം 28-ാം പേജിൽ)

അപരൻ അമേരിക്കൻ തെരഞ്ഞെടുപ്പിലും; അലാസ്കയിൽ ഒരേ പേരിൽ രണ്ട് സ്ഥാനാർത്ഥികൾ

അനിൽ മറ്റത്തിക്കുന്നേൽ

ചിക്കാഗോ: കേരളത്തിലെ തെരഞ്ഞെടുപ്പുകളിൽ പരിചിതമായ അപരൻ പ്രതിഭാസം അമേരിക്കൻ തെരഞ്ഞെടുപ്പിലും വലിയ രാഷ്ട്രീയ വിവാദത്തിന് വഴിയൊരുക്കിയിരിക്കുകയാണ്. അലാസ്കയിലെ സെനറ്റ് തെരഞ്ഞെടുപ്പിൽ നിലവിലെ റിപ്പബ്ലിക്കൻ സെനറ്റർ ഡാൻ സള്ളിവന്റെ അതേ പേരിൽ മറ്റൊരു സ്ഥാനാർത്ഥി മത്സരിച്ചതാണ് ദേശീയശ്രദ്ധ നേടിയിരിക്കുന്നത്. തെരഞ്ഞെടുപ്പിൽ ഇരുവരും വോട്ടുകൾ നേടിയതോടെ വോട്ടർമാരെ തെറ്റിദ്ധരിപ്പിക്കാൻ ബോധപൂർവമായ ശ്രമം നടന്നിട്ടുണ്ടോയെന്ന ചോദ്യം ഉയർന്നിരിക്കുകയാണ്.

റിപ്പബ്ലിക്കൻ പാർട്ടിയുടെ നിലവിലെ സെനറ്റർ ഡാനിയൽ എസ്. സള്ളിവൻ വീണ്ടും തെരഞ്ഞെടുപ്പിനെ നേരിടുമ്പോഴാണ് വിരമിച്ച അദ്ധ്യാപകനായ ഡാനിയൽ ജെ. സള്ളിവൻ ജൂനിയർ മത്സരരംഗത്തെത്തിയത്. ഒരേ പേരിലുള്ള രണ്ട് സ്ഥാനാർത്ഥികൾ വോട്ടിങ് പേപ്പറിൽ ഇടംപിടിച്ചതോടെ തെരഞ്ഞെടുപ്പിന്റെ സുതാര്യതയെക്കുറിച്ച് ചോദ്യങ്ങൾ ഉയർന്നു.

പ്രധാന സ്ഥാനാർത്ഥികൾ തമ്മിലുള്ള വ്യത്യാസത്തേക്കാൾ ഏറെ വോട്ടുകൾ അപരന് ലഭിച്ചതാണ് വിവാദത്തിന്റെ പ്രാധാന്യം വർദ്ധിപ്പിച്ചിരിക്കുന്നത്. എന്നാൽ, ഈ വോട്ടുകളെല്ലാം നിലവിലെ സെനറ്റർക്കു ലഭിക്കേണ്ടതായിരുന്നുവെന്ന് തെളിയിക്കപ്പെട്ടിട്ടില്ല. വോട്ടർമാരുടെ യഥാർത്ഥ ഉദ്ദേശ്യം എന്തായിരുന്നുവെന്നത് വ്യക്തമല്ല.

തെരഞ്ഞെടുപ്പിനു മുമ്പുതന്നെ രണ്ടാമത്തെ സള്ളിവന്റെ സ്ഥാനാർത്ഥിത്വത്തെ റിപ്പബ്ലിക്കൻ നേതാക്കൾ ചോദ്യം ചെയ്തിരുന്നു. വോട്ടർമാരിൽ ആശയക്കുഴപ്പം സൃഷ്ടിക്കാനാണ് സ്ഥാനാർത്ഥിത്വമെന്ന നിഗമനത്തിൽ അലാസ്ക തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ ആദ്യം അദ്ദേഹത്തെ മത്സരത്തിൽനിന്ന് അയോഗ്യനാക്കിയിരുന്നു. എന്നാൽ, കോടതി ഇടപെടലിനെത്തുടർന്ന് അദ്ദേഹത്തിന് മത്സരിക്കാൻ അനുമതി ലഭിച്ചു.

പിന്നീട് പുറത്തുവന്ന മാധ്യമ റിപ്പോർട്ടുകളിൽ ഡെമോക്രാറ്റിക് സ്ഥാനാർത്ഥി മേരി പെൽറ്റോളയുടെ പ്രചാരണവുമായി ബന്ധമുള്ള ചിലർ അപരസ്ഥാനാർത്ഥിയെ മത്സരിപ്പിക്കാൻ ശ്രമിച്ചുവെന്ന ആരോപണം ഉയർന്നു. എന്നാൽ, ഇത്തരം നീക്കങ്ങളെക്കുറിച്ച് തനിക്ക് അറിവുണ്ടായിരുന്നില്ലെന്നും വോട്ടർമാരെ തെറ്റിദ്ധരിപ്പിക്കുന്ന നടപടികളെ പിന്തുണക്കില്ലെന്നും പെൽറ്റോള വ്യക്തമാക്കി.

പ്രസിഡണ്ട് ഡോണൾഡ് ട്രംപും റിപ്പബ്ലിക്കൻ നേതാക്കളും വിഷയത്തിൽ അന്വേഷണം ആവശ്യപ്പെട്ടു. അമേരിക്കൻ നീതിന്യായ വകുപ്പ് തെരഞ്ഞെടുപ്പിന്റെ ഫലം ഔദ്യോഗികമായി സ്ഥിരീകരിക്കുന്നതുമായി ബന്ധപ്പെട്ട് കോടതിയെ സമീപിക്കുകയും ഫെഡറൽ അന്വേഷണം ആരംഭിക്കുകയും ചെയ്തു. എന്നാൽ, അപരസ്ഥാനാർത്ഥിയെ മത്സരിപ്പിച്ചതിലൂടെ നിയമലംഘനം നടന്നുവെന്നത് ഇതുവരെ തെളിയിക്കപ്പെട്ടിട്ടില്ല. ഇത്തരം സ്ഥാനാർത്ഥികളെ പ്രോത്സാഹിപ്പിക്കുന്ന രാഷ്ട്രീയ തന്ത്രങ്ങൾ അമേരിക്കയിൽ മുമ്പും ഇരുപാർട്ടികളും ഉപയോഗിച്ചിട്ടുണ്ടെന്ന് തെരഞ്ഞെടുപ്പ് നിരീക്ഷകർ ചൂണ്ടിക്കാട്ടുന്നു.



അലാസ്കയിലെ തെരഞ്ഞെടുപ്പിന് മറ്റൊരു പ്രത്യേകതയുമുണ്ട്. ഇവിടെ റാങ്ക്ഡ് ചോയ്സ് വോട്ടിങ് സംവിധാനമാണ് നിലവിലുള്ളത്. വോട്ടർമാർക്ക് സ്ഥാനാർത്ഥികളെ ഒന്നാം മുൻഗണന, രണ്ടാം മുൻഗണന എന്നിങ്ങനെ ക്രമീകരിക്കാം. ആദ്യഘട്ടത്തിൽ ഒരു സ്ഥാനാർത്ഥിക്കും 50 ശതമാനത്തിലധികം വോട്ടുകൾ ലഭിക്കാത്ത സാഹചര്യത്തിൽ കുറഞ്ഞ വോട്ടുള്ള സ്ഥാനാർത്ഥികളെ ഒഴിവാക്കി അവരുടെ വോട്ടർമാരുടെ അടുത്ത മുൻഗണന പരിഗണിക്കുന്ന രീതിയിലാണ് വിജയിയെ നിർണയിക്കുന്നത്.

നവംബർ 18-ന് ആവശ്യമെങ്കിൽ റാങ്ക്ഡ് ചോയ്സ് വോട്ടെണ്ണൽ നടത്താനാണ് തെരഞ്ഞെടുപ്പ് അധികൃതരുടെ തീരുമാനം. അതിനാൽ നിലവിലെ ചെറിയ ലീഡ് അന്തിമ വിജയമായി കണക്കാക്കാനാകില്ല.

880 കോടി ഡോളറിന്റെ വൻ വികസന പദ്ധതിയുമായി ചിക്കാഗോ ഒഹെയർ വിമാനത്താവളം;

പുതിയ അന്താരാഷ്ട്ര ടെർമിനലും 43 വിമാനഗേറ്റുകളും വരുന്നു

അനിൽ മറ്റത്തിക്കുന്നേൽ

ചിക്കാഗോ: ലോകത്തിലെ ഏറ്റവും തിരക്കേറിയ വിമാനത്താവളങ്ങളിലൊന്നായ ചിക്കാഗോ ഒഹെയർ അന്താരാഷ്ട്ര വിമാനത്താവളത്തെ ആഗോള വ്യോമഗതാഗതത്തിന്റെ പ്രധാന കേന്ദ്രമായി കൂടുതൽ വികസിപ്പിക്കുന്നതിനുള്ള 880 കോടി ഡോളറിന്റെ ബൃഹത്തായ നവീകരണ പദ്ധതി പുരോഗമിക്കുന്നു. ORD Next എന്ന പേരിൽ നടപ്പാക്കുന്ന പദ്ധതിയുടെ ഭാഗമായി രണ്ട് പുതിയ കോൺകോഴ്സുകളും അത്യാധുനിക അന്താരാഷ്ട്ര ടെർമിനലും ഭൂഗർഭ യാത്രാസൗകര്യങ്ങളും ഒരുക്കും. അടുത്ത എട്ടു വർഷത്തിനുള്ളിൽ വിവിധ ഘട്ടങ്ങളിലായി പദ്ധതികൾ പൂർത്തിയാക്കാനാണ് ചിക്കാഗോ നഗരത്തിന്റെ ലക്ഷ്യം.

ചിക്കാഗോ ഡിപ്പാർട്ട്മെന്റ് ഓഫ് ഏവിയേഷൻ പുറത്തുവിട്ട ഏറ്റവും പുതിയ വിവരങ്ങൾ പ്രകാരം ഒഹെയറിലെ പുതിയ കോൺകോഴ്സ് ഡി യുടെ നിർമാണം അതിവേഗം പുരോഗമിക്കുകയാണ്. 2025 ഓഗസ്റ്റിൽ ആരംഭിച്ച നിർമ്മാണപ്രവർത്തനങ്ങളുടെ ഭാഗമായി കെട്ടിടത്തിന്റെ സ്റ്റീൽ ഘടന ഉയർന്നു തുടങ്ങിയിട്ടുണ്ട്. 2028 അവസാനത്തോടെ 19 വിമാനഗേറ്റുകളുള്ള പുതിയ കോൺകോഴ്സ് പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്.

145 കോടി ഡോളർ നിർമ്മാണച്ചെലവ് കണക്കാക്കുന്ന കോൺകോഴ്സ് ഡി ഏകദേശം 5.80 ലക്ഷം ചതുരശ്ര അടി വിസ്തൃതിയുള്ള ബഹുനില കെട്ടിടമായിരിക്കും. ചെറിയ വിമാനങ്ങൾക്കും വലിയ അന്താരാഷ്ട്ര വിമാനങ്ങൾക്കും ആവശ്യാനുസരണം ഉപയോഗിക്കാവുന്ന രീതിയിലാണ് ഗേറ്റുകൾ രൂപകല്പന ചെയ്തിരിക്കുന്നത്. സാധാരണ വിമാനങ്ങൾക്കുള്ള 19 ഗേറ്റുകളിൽ 18 എണ്ണം ആവശ്യമെങ്കിൽ ഒമ്പത് വലിയ വിമാനഗേറ്റുകളായി ക്രമീകരിക്കാനും കഴിയും.

പുതിയ കോൺകോഴ്സിൽ 20,000 ചതുരശ്ര അടിയിലധികം എയർലൈൻ ലോഞ്ചുകളും 30,000 ചതുരശ്ര അടിയിലധികം റീട്ടെയിൽ ഭക്ഷണശാലാ സൗകര്യങ്ങളും ഒരുക്കും. കുട്ടികൾക്കായി പ്രത്യേക കളിസ്ഥലവും യാത്രക്കാർക്ക് വിശ്രമിക്കാനുള്ള ആധുനിക സൗകര്യങ്ങളും ഉണ്ടായിരിക്കും.

പദ്ധതിയുടെ അടുത്ത പ്രധാന ഘട്ടമാണ് കോൺകോഴ്സ് ഇ. ഇതിന്റെ ആദ്യഘട്ട നിർമ്മാണം 2026 അവസാനത്തോടെ ആരംഭിക്കുമെന്ന് നഗരാധികൃതർ പ്രഖ്യാപിച്ചിട്ടുണ്ട്. 2030-ൽ ആദ്യത്തെ 14 ഗേറ്റുകൾ പ്രവർത്തനസജ്ജമാക്കാനാണ് പദ്ധതി. തുടർന്ന് 10 ഗേറ്റുകൾകൂടി നിർമ്മിച്ച് 2034-ഓടെ കോൺകോഴ്സ് ഇ-യിലെ ആകെ ഗേറ്റുകളുടെ എണ്ണം 24 ആക്കും.

ഏകദേശം 4.60 ചതുരശ്ര അടി വിസ്തൃതിയുള്ള കോൺകോഴ്സ് ഇ-യിൽ ആഭ്യന്തര വിമാനങ്ങൾക്കും ചില അന്താരാഷ്ട്ര വിമാനങ്ങൾക്കും സൗകര്യമുണ്ടാകും. വിമാനത്താവളത്തിലെ മറ്റ് ടെർമിനലുകളുമായി വേഗത്തിൽ ബന്ധപ്പെടാനുള്ള ഭൂഗർഭ നടപ്പാതകളും ഇവിടെ ഒരുക്കും.

ഒഹെയർ വികസനത്തിന്റെ ഏറ്റവും പ്രധാന ഘടകം നിലവിലുള്ള ടെർമിനൽ രണ്ടിനു പകരമായി നിർമ്മിക്കുന്ന പുതിയ ഒഹെയർ ഗ്ലോബൽ ടെർമിനലാണ്. ഏകദേശം 22 ലക്ഷം ചതുരശ്ര അടി വിസ്തൃതിയുള്ള ഈ കെട്ടിടം നിലവിലുള്ള ടെർമിനൽ രണ്ടിന്റെ ഇരട്ടിയോളം വലിപ്പമുള്ളതായിരിക്കും.

ആഭ്യന്തര വിമാനങ്ങളും അന്താരാഷ്ട്ര വിമാനങ്ങളും ഒരേ ടെർമിനൽ സംവിധാനത്തിൽ കൂടുതൽ കാര്യക്ഷമമായി കൈകാര്യം ചെയ്യാൻ കഴിയുന്ന രീതിയിലാണ് പുതിയ ഗ്ലോബൽ ടെർമിനൽ രൂപകൽപ്പന ചെയ്തിരിക്കുന്നത്. യുണൈറ്റഡ് എയർലൈൻസിന്റെയും അമേരിക്കൻ എയർലൈൻസിന്റെയും പ്രധാന ഹബ് എന്ന നിലയിൽ ഒഹെയറിന്റെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുക എന്നതാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം.

2029-ൽ ഗ്ലോബൽ ടെർമിനലിന്റെ നിർമ്മാണം ആരംഭിച്ച 2033-ൽ പൂർത്തിയാക്കാനാണ് പുതുക്കിയ സമയക്രമം. നിർമ്മാണം നടക്കുമ്പോഴും വിമാനത്താവളത്തിന്റെ സർവീസുകൾക്ക് വലിയ തടസ്സമുണ്ടാകാതിരിക്കാൻ പുതിയ ഗേറ്റുകൾ ആദ്യം പ്രവർത്തനസജ്ജമാക്കുന്ന രീതിയിലാണ് പദ്ധതി പുനഃക്രമീകരിച്ചിരിക്കുന്നത്.

കോൺകോഴ്സ് ഡി, ഇ എന്നിവയെ പ്രധാന ടെർമിനലുകളായി ബന്ധിപ്പിക്കുന്ന ഭൂഗർഭ യാത്രാസംവിധാനവും വികസനത്തിന്റെ ഭാഗമാണ്. ചലിക്കുന്ന നടപ്പാതകൾ, ബാഗേജ് കൈകാര്യം ചെയ്യാനുള്ള പ്രത്യേക സംവിധാനം, വിമാനത്താവള ജീവനക്കാർക്കുള്ള സുരക്ഷിത യാത്രാമാർഗങ്ങൾ എന്നിവ ഉൾപ്പെടുന്നതായിരിക്കും പുതിയ ഭൂഗർഭ പാത.

ഭാവിയിൽ യാത്രക്കാരുടെ എണ്ണം വർദ്ധിക്കുന്ന സാഹചര്യമുണ്ടായാൽ ഓട്ടോമേറ്റഡ് പീപ്പിൾ മൂവർ സംവിധാനം സ്ഥാപിക്കാവുന്ന രീതിയിലാണ് ഭൂഗർഭ പാത രൂപകല്പന ചെയ്യുന്നത്.

വിമാനത്താവളത്തിന്റെ വികസന പദ്ധതി പുരോഗമിക്കുന്നതിനിടെ യാത്രക്കാരുടെ എണ്ണത്തിലും വലിയ വർദ്ധനയാണ് രേഖപ്പെടുത്തുന്നത്. ചിക്കാഗോ ഡിപ്പാർട്ട്മെന്റ് ഏവിയേഷന്റെ പുതിയ കണക്കുകൾ പ്രകാരം 2026 ജനുവരി മുതൽ ഓഗസ്റ്റ് വരെയുള്ള എട്ടു മാസത്തിനിടെ 5.96 കോടി യാത്രക്കാരാണ് ഒഹെയർ വിമാനത്താവളം ഉപയോഗിച്ചത്. 2025-ലെ സമാന കാലയളവിനെ അപേക്ഷിച്ച് 5.6 ശതമാനം വർദ്ധനയാണിത്.

ഇതേ കാലയളവിൽ 6,20,121 വിമാന ടേക്ക്ഓഫുകളും ലാൻഡിങ്ങുകളും രേഖപ്പെടുത്തി. മുൻവർഷത്തേക്കാൾ 10.3 ശതമാനം വർദ്ധനയാണ് വിമാനങ്ങളുടെ പ്രവർത്തനത്തിൽ ഉണ്ടായിരിക്കുന്നത്. വർദ്ധിച്ചുവരുന്ന യാത്രക്കാരുടെ എണ്ണവും വിമാന സർവീസുകളും കൈകാര്യം ചെയ്യുന്നതിനായാണ് പുതിയ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നത്.

അന്താരാഷ്ട്ര വിമാനസർവീസുകളുടെ കാര്യത്തിലും ഒഹെയറിൽ പുതിയ മുന്നേറ്റങ്ങളുണ്ടാകുന്നുണ്ട്. ഈ വർഷം ജൂണിൽ ഈജിപ്ത് എയറിന്റെ ചിക്കാഗോ-കെയ്റോ നേരിട്ടുള്ള സർവീസും എയർ കാനഡയുടെ ടൊറന്റോ ബില്ലി ബിഷപ്പ് വിമാനത്താവളത്തിലേക്കുള്ള സർവീസും ആരംഭിച്ചിരുന്നു. നവംബർ ഒമ്പതിന് ഫിലിപ്പീൻ എയർലൈൻസ് ചിക്കാഗോയിൽനിന്ന് മനിലയിലേക്ക് നേരിട്ടുള്ള വിമാന സർവീസ് ആരംഭിക്കാനും ഒരുങ്ങുകയാണ്. ചിക്കാഗോയിൽനിന്ന് ഇന്ത്യയിലേക്കും പ്രത്യേകിച്ച് കേരളത്തിലേക്കും യാത്ര ചെയ്യുന്ന മലയാളികൾക്കും വിമാനത്താവള വികസനം ദീർഘകാലാടിസ്ഥാനത്തിൽ പ്രയോജനകരമായേക്കും. കൂടുതൽ അന്താരാഷ്ട്ര വിമാനങ്ങൾക്കും പുതിയ റൂട്ടുകൾക്കും സൗകര്യമൊരുക്കുന്നതിലൂടെ വിദേശയാത്രകളിലെ കണക്ഷനുകൾ മെച്ചപ്പെടുത്താൻ പദ്ധതിക്ക് കഴിയും.

(ശേഷം 28-ാം പേജിൽ)



പാസ്റ്റർ ഏബ്രഹാം ജോർജ് അന്തരിച്ചു



ആലപ്പുഴ: ഇന്ത്യ പെന്തെക്കോസ്ത് ദൈവസഭ സീനിയർ സഭാ ശുശ്രൂഷകനും ഐപിസി കേരള സ്റ്റേറ്റ് കൗൺസിൽ മുൻ വൈസ് പ്രസിഡണ്ടും ഇന്ത്യ പെന്തെക്കോസ്ത് ദൈവസഭ ആലപ്പുഴ വെസ്റ്റ് സെന്റർ സീനിയർ ശുശ്രൂഷകനും ആലപ്പുഴയുടെ അപ്പോസ്തലൻ എന്ന് അറിയപ്പെട്ടിരുന്ന പത്തനംതിട്ട മല്ലശ്ശേരിൽ വിലവിനാൽ പന്തലോടിയിൽ കുടുംബാംഗം പാസ്റ്റർ ഏബ്രഹാം ജോർജ് അന്തരിച്ചു.

ഇന്ത്യ പെന്തെക്കോസ്ത് ദൈവസഭയുടെ കേരളത്തിലെ ആത്മീയവും സംഘടനാപരവുമായ നേതൃത്വപരമായ ഉത്തരവാദിത്വങ്ങൾ വഹിച്ച പാസ്റ്റർ ഏബ്രഹാം ജോർജ് ഇന്ത്യ പെന്തെക്കോസ്ത് ദൈവസഭയുടെ വളർച്ചയ്ക്കും ശുശ്രൂഷാ പ്രവർത്തനങ്ങൾക്കും വളരെ വിലപ്പെട്ട സംഭാവനകൾ നല്കിയിരുന്നു.

ഐപിസി കേരള സ്റ്റേറ്റ് കൗൺസിൽ വൈസ് പ്രസിഡണ്ട്, ഐപിസി ആലപ്പുഴ വെസ്റ്റ് സെന്റർ ശുശ്രൂഷകൻ എന്ന നിലയിലും സഭയുടെ വിവിധപ്രവർത്തനങ്ങളിൽ ശ്രദ്ധേയമായ പങ്കുവഹിച്ചിരുന്നു.

ഭാര്യ പരേതയായ ലീലാമ്മ ഏബ്രഹാം. മക്കൾ: വെസ്ലി പി. ഏബ്രഹാം (ഐപിസി കേരളസ്റ്റേറ്റ് കൗൺസിൽ മുൻ അംഗം, പിവൈപിഎ മുൻ ട്രഷറർ), പ്രിൻസിലി. മരുമക്കൾ: മിനി വെസ്ലി, ബിനോയ്.

വാർത്ത: പ്രസാദ് തീയാടിക്കൽ

ഡാളസ് മലയാളി അസോസിയേഷന്റെ നേതൃത്വത്തിൽ ദേശീയ കാർഡ് ഗെയിം ടൂർണമെന്റ് നവംബർ 14-ന്

ബിനോയ് സെബാസ്റ്റ്യൻ

ഡാളസ്: മലയാളി അസോസിയേഷന്റെയും ഫോമടെക്സോമ റീജിയന്റെയും സംയുക്താഭിമുഖ്യത്തിൽ നടത്തപ്പെടുന്ന ദേശീയ കാർഡ് ഗെയിം ടൂർണമെന്റ് നവംബർ 14-ന് ശനിയാഴ്ച രാവിലെ 8 മണിക്ക് തുടക്കം കുറിക്കുന്നു.

ഇന്റർനാഷണൽ 56, 28, റമ്മി തുടങ്ങിയ ഇനങ്ങളിലായി നടത്തപ്പെടുന്ന മത്സരങ്ങളിൽ ടെക്സസിൽ നിന്നും അമേരിക്കയുടെ മറ്റ് സംസ്ഥാനങ്ങളിൽ നിന്നും എത്തുന്ന നൂറിലധികം മത്സരാർത്ഥികൾ പങ്കെടുക്കുമെന്നു പ്രതീക്ഷിക്കുന്നു.

56 ടൂർണമെന്റ് വിജയികൾക്ക് 2001 ഡോളറിന്റെ ഒന്നാം സമ്മാനവും ഡിഎംഎ നല്കുന്ന എവർ റോളിംഗ് ട്രോഫിയും 28 വിജയികൾക്ക് ഒന്നാം സമ്മാനമായി 1001 ഡോളറും എവർ റോളിംഗ് ട്രോഫിയും റമ്മി വജയികൾക്ക് 1001 ഡോളറിന്റെ ഒന്നാം സമ്മാനവും നല്കും. എല്ലാ മത്സരങ്ങൾക്കും രണ്ടും മൂന്നും നാലും വിജയികൾക്ക് ക്യാഷ് അവാർഡുകളും ഉണ്ടായിരിക്കുന്നതാണ്.

ഡാളസിലെ ഫാർമേഴ്സ് ബ്രാഞ്ച് സിറ്റിയിൽ നടത്തപ്പെടുന്ന മത്സരസ്ഥലം 11496 ലൂണാ റോഡ്, ഫാർമേഴ്സ് ബ്രാഞ്ച്, ടെക്സസ് 75234. കൂടുതൽ വിവരങ്ങൾക്ക്: ബിനോ കല്ലുങ്കൽ (847 322 0056), ജൂഡി ജോസ് (214 776 8290), ഷെല്ലി തോമസ് (817 946 9053), ബിജു ലോസൺ (972 342 0568). മധു ജോസഫ് (915 255 8416), സൈജു അത്തിക്കളം (623 337 7955), ഡക്സ്റ്റർ ഫെരേര (972 768 4652), ശ്രീനാഥ് ജി. (510 378 5572).



അമേരിക്കൻ ഇടക്കാല തെരഞ്ഞെടുപ്പിൽ വനിതാ മുന്നേറ്റം



വാഷിങ്ടൺ ഡിസി: നവംബർ മൂന്നിനു നടന്ന അമേരിക്കൻ ഇടക്കാല തെരഞ്ഞെടുപ്പിൽ ഡെമോക്രാറ്റിക് പാർട്ടിയിലെ വനിതാ സ്ഥാനാർത്ഥികൾ കൈവരിച്ച വിജയങ്ങൾ അമേരിക്കൻ രാഷ്ട്രീയ ചരിത്രത്തിൽ പുതിയ അദ്ധ്യായം കുറിക്കുന്നു. ജോർജിയ, ടെക്സസ്, ന്യൂ മെക്സിക്കോ, ഒഹായോ തുടങ്ങിയ സംസ്ഥാനങ്ങളിൽ ചരിത്രപരമായ നേട്ടങ്ങൾ കൈവരിച്ച വനിതകൾ രാഷ്ട്രീയ നേതൃത്വത്തിൽ സ്ത്രീകളുടെ വർദ്ധിച്ചുവരുന്ന സ്വാധീനം വ്യക്തമാക്കുന്നു.

അനിൽ മറ്റത്തിക്കുന്നേൽ

ജോർജിയയിൽ മുൻ അറ്റ്ലാന്റ മേയർ കീഷ ലാൻസ് ബോട്ടംസ് ഗവർണറായി തെരഞ്ഞെടുക്കപ്പെട്ടതോടെ അമേരിക്കൻ ചരിത്രത്തിൽ ഒരു സംസ്ഥാനത്തിന്റെ ഗവർണറായി തെരഞ്ഞെടുക്കപ്പെടുന്ന ആദ്യ ആഫ്രിക്കൻ അമേരിക്കൻ വനിതയെന്ന നേട്ടം സ്വന്തമാക്കി. റിപ്പബ്ലിക്കൻ സ്ഥാനാർത്ഥി റിക്ക് ജാക്സണെയാണ് അവർ പരാജയപ്പെടുത്തിയത്. രണ്ട് പതിറ്റാണ്ടിലേറെ നീണ്ട റിപ്പബ്ലിക്കൻ ഭരണത്തിന് ഇതോടെ ജോർജിയയിൽ വിരാമമായി.

ടെക്സസിൽ ഡെമോക്രാറ്റിക് സ്ഥാനാർത്ഥി ജീന ഹിനോഹോസ നിലവിലെ റിപ്പബ്ലിക്കൻ ഗവർണർ ഗ്രെഗ് അബോട്ടിനെ പരാജയപ്പെടുത്തി ചരിത്രവിജയം നേടി. ടെക്സസിന്റെ ചരിത്രത്തിലെ ആദ്യ ലാറ്റിന വംശജയായ വനിതാ ഗവർണറാകുന്ന ഹിനോഹോസയുടെ വിജയം മൂന്ന് പതിറ്റാണ്ടിലേറെയായി റിപ്പബ്ലിക്കൻപാർട്ടി കൈവശം വെച്ചിരുന്ന ഗവർണർ പദവി ഡെമോക്രാറ്റുകൾ തിരിച്ചുപിടിക്കുന്നതിനും കാരണമായി.

ന്യൂ മെക്സിക്കോയിൽ മുൻ അമേരിക്കൻ ആഭ്യന്തര സെക്രട്ടറി ഡെബ് ഹാലൻഡ് ഗവർണറായി തെരഞ്ഞെടുക്കപ്പെട്ടു. സംസ്ഥാനത്തിന്റെ ഗവർണർ പദവിയിലെത്തുന്ന ആദ്യ തദ്ദേശീയ അമേരിക്കൻ വനിതയെന്ന ചരിത്രനേട്ടമാണ് അവർ സ്വന്തമാക്കുന്നത്. റിപ്പബ്ലിക്കൻ സ്ഥാനാർത്ഥി ഗ്രെഗ് ഹള്ളിനെ പരാജയപ്പെടുത്തിയ ഹാലൻഡിന് ഏകദേശം 57 ശതമാനം വോട്ടുകൾ ലഭിച്ചു.

ഒഹായോയിൽ ഡെമോക്രാറ്റിക് സ്ഥാനാർത്ഥിയും മുൻ സംസ്ഥാന ആരോഗ്യവകുപ്പ് ഡയറക്ടറുമായ ഡോ. ഏമി ആക്ടൺ, ഇന്ത്യൻ വംശജനായ റിപ്പബ്ലിക്കൻ സ്ഥാനാർത്ഥി വിവേക് രാമസ്വാമിയെ പരാജയപ്പെടുത്തി. സംസ്ഥാനത്തിന്റെ ചരിത്രത്തിലെ ആദ്യ വനിതാ ഗവർണറായി തെരഞ്ഞെടുക്കപ്പെട്ട ആക്ടണിന്റെ വിജയം ഡെമോക്രാറ്റുകൾക്ക് നിർണായക രാഷ്ട്രീയ നേട്ടമായി. ഏകദേശം 52.3 ശതമാനം വോട്ടുകൾ ആക്ടണിന് ലഭിച്ചപ്പോൾ രാമസ്വാമിക്ക് 44.4 ശതമാനമാണ് ലഭിച്ചത്.

അരിസോണയിൽ ഡെമോക്രാറ്റിക് ഗവർണർ കെയ്റ്റി ഹോബ്സ് വീണ്ടും തെരഞ്ഞെടുക്കപ്പെട്ടു. മസാച്യുസെറ്റ്സിൽ മൗറ ഹീലിയും ന്യൂയോർക്കിൽ കാത്തി ഹോക്കലും ഗവർണർ പദവികൾ നിലനിർത്തി. ഭരണത്തുടർച്ച ഉറപ്പാക്കിയ ഈ വിജയങ്ങളും ഡെമോക്രാറ്റിക് വനിതാ നേതൃത്വത്തിന്റെ പ്രധാന നേട്ടങ്ങളായി.

അമേരിക്കൻ സെനറ്റിലേക്കുള്ള തെരഞ്ഞെടുപ്പിലും ഡെമോക്രാറ്റിക് വനിതകൾ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിച്ചു. മിനസോട്ടയിൽ നിലവിലെ ലഫ്റ്റനന്റ് ഗവർണർ പെഗ്ഗി ഫ്ളാനഗൻ റിപ്പബ്ലിക്കൻ സ്ഥാനാർത്ഥി മിഷേൽ ടഫോയയെ പരാജയപ്പെടുത്തി സെനറ്റിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു. തദ്ദേശീയ അമേരിക്കൻ സമൂഹത്തിൽ നിന്നുള്ള ഫ്ളാനഗന്റെ വിജയം രാഷ്ട്രീയ പ്രാതിനിധ്യത്തിന്റെ ചരിത്രപരമായ മുന്നേറ്റമായാണ് വിലയിരുത്തപ്പെടുന്നത്.

സൗത്ത് കരോലിനയിൽ ശിശുരോഗ വിദഗ്ദ്ധയായ ആനി ആൻഡ്രൂസ് റിപ്പബ്ലിക്കൻ സ്ഥാനാർത്ഥി ഡാർലൈൻ ഗ്രഹാമിനെ പരാജയപ്പെടുത്തി അട്ടിമറിവിജയം നേടി. സംസ്ഥാനത്ത് 1998-ന് ശേഷം ആദ്യമായാണ് ഒരു ഡെമോക്രാറ്റിക് സ്ഥാനാർത്ഥി അമേരിക്കൻ സെനറ്റിലേക്ക് തെരഞ്ഞെടുക്കപ്പെടുന്നത്. സൗത്ത് കരോലിനയിൽ നിന്ന് സെനറ്റിലേക്ക് തെരഞ്ഞെടുക്കപ്പെടുന്ന ആദ്യ വനിതയെന്ന നേട്ടവും ആൻഡ്രൂസ് സ്വന്തമാക്കി.

ഇല്ലിനോയിയിൽ നിലവിലെ ലെഫ്റ്റനന്റ് ഗവർണർ ജൂലിയാന സ്ട്രാറ്റൺ റിപ്പബ്ലിക്കൻ സ്ഥാനാർത്ഥി ഡോൺ ട്രേസിയെ പരാജയപ്പെടുത്തി അമേരിക്കൻ സെനറ്റിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു. വിരമിക്കുന്ന ഡിക്ക് ഡർബിന്റെ സീറ്റാണ് സ്ട്രാറ്റൺ നിലനിർത്തിയത്. ഇല്ലിനോയിയിൽ നിന്ന് സെനറ്റിലേക്ക് തെരഞ്ഞെടുക്കപ്പെടുന്ന രണ്ടാമത്തെ ആഫ്രിക്കൻ അമേരിക്കൻ വനിതയാണ് സ്ട്രാറ്റൺ. ഇതോടെ രണ്ട് വ്യത്യസ്ത വംശീയ ന്യൂനപക്ഷ പശ്ചാത്തലങ്ങളിലുള്ള വനിതകൾ ഒരേസമയം സെനറ്റിൽ പ്രതിനിധീകരിക്കുന്ന ആദ്യ സംസ്ഥാനമായി ഇല്ലിനോയി മാറും.

2026-ലെ ഇടക്കാല തെരഞ്ഞെടുപ്പിൽ വനിതാ സ്ഥാനാർത്ഥികൾ കൈവരിച്ച ഈ വിജയങ്ങൾ കേവലം പാർട്ടികളുടെ രാഷ്ട്രീയ നേട്ടങ്ങൾക്കപ്പുറം അമേരിക്കയിലെ ഭരണനേതൃത്വത്തിലും ജനപ്രാതിനിധ്യത്തിലും സംഭവിക്കുന്ന മാറ്റങ്ങളുടെ പ്രതിഫലനമാണ്.

ആഫ്രിക്കൻ അമേരിക്കൻ, ലാറ്റിന, തദ്ദേശീയ അമേരിക്കൻ സമൂഹങ്ങളിൽ നിന്നുള്ള വനിതകൾ നിർണായക പദവികളിലേക്ക് ഉയർന്നുവരുന്നത് അമേരിക്കൻ ജനാധിപത്യത്തിന്റെ വൈവിധ്യത്തിനും പുതിയ രാഷ്ട്രീയ നേതൃത്വത്തിനും കൂടുതൽ പ്രാധാന്യം നല്കുന്നു.

കായിക ആവേശത്തിന് വീണ്ടും പുത്തൻ ഉണർവ്; ഈ വർഷത്തെ KCADFW പിക്കിൾബോൾ ടൂർണമെന്റ് ഡിസംബർ 5-ന്



ഡാളസ്: ക്നാനായ കാത്തലിക് അസോസിയേഷൻ ഓഫ് ഡാളസ് ഫോർട്ട്വർത്തിന്റെ (KCADFW) ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന ഈ വർഷത്തെ പിക്കിൾബോൾ ടൂർണമെന്റ് ഡിസംബർ 5-ന് ശനിയാഴ്ച പ്ലനോയിലെ Dill Dinkers ഇൻഡോർ സ്പോർട്സ് സെന്ററിൽ നടക്കും. രാവിലെ 8.45 മുതൽ ഉച്ചയ്ക്ക് 12.30 വരെയാണ് മത്സരങ്ങൾ ക്രമീകരിച്ചിരിക്കുന്നത്.

KCADFW ഓരോ വർഷവും സംഘടിപ്പിച്ചുവരുന്ന കായിക മത്സരങ്ങളിൽ ഏറെ ആവേശത്തോടെയും പ്രതീക്ഷയോടെയുമാണ് അംഗങ്ങൾ പങ്കെടുക്കുന്നത്. കായികവിനോദത്തിലൂടെ സൗഹൃദവും കൂട്ടായ്മയും വളർത്തുന്നതിനൊപ്പം അംഗങ്ങളുടെ കായിക മികവ് പ്രകടിപ്പിക്കാനുള്ള മികച്ച വേദി കൂടിയാണ് ഇത്തരം മത്സരങ്ങൾ. ഓരോ വർഷവും മത്സരങ്ങളിൽ പങ്കെടുക്കുന്നവരുടെ എണ്ണം വർദ്ധിച്ചുവരുന്നത് ഈ പരിപാടിയുടെ ജനപ്രീതിയും വിജയവും വ്യക്തമാക്കുന്നു. കഴിഞ്ഞ വർഷങ്ങളിലെ ആവേശകരമായ പങ്കാളിത്തം കണക്കിലെടുക്കുമ്പോൾ ഈ വർഷവും റെക്കോർഡ് പങ്കാളിത്തമാണ് സംഘാടകർ പ്രതീക്ഷിക്കുന്നത്.

പുരുഷ ഡബിൾസ്, വനിതാ ഡബിൾസ്, മിക്സഡ് ഡബിൾസ് എന്നീ മൂന്ന് വിഭാഗങ്ങളിലായാണ് മത്സരങ്ങൾ സംഘടിപ്പിക്കുന്നത്. ടൂർണമെന്റിനായുള്ള ഒരുക്കങ്ങൾ പുരോഗമിച്ചുവരികയാണ്. മത്സരത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന കായികപ്രേമികൾ രജിസ്ട്രേഷൻ സമയപരിധിക്കുള്ളിൽ പേരുകൾ രജിസ്റ്റർ ചെയ്യണമെന്ന് സംഘാടകർ അഭ്യർത്ഥിച്ചു.

ടൂർണമെന്റിന്റെ വിജയകരമായ നടത്തിപ്പിനായി KCADFW സ്പോർട്സ് കമ്മിറ്റി അംഗങ്ങളായ അബി പടപുരയ്ക്കൽ, മാത്യു വടക്കഞ്ചേരിൽ, മെബിൻ വിരുത്തികുളങ്ങര എന്നിവർ നേതൃത്വം നല്കി പ്രവർത്തിച്ചുവരുന്നു.

രജിസ്ട്രേഷൻ അവസാന തീയതി നവംബർ 28 ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2 മണി (GST).

കായികമത്സരങ്ങളിലൂടെ KCADFW കുടുംബങ്ങൾക്കിടയിൽ കൂടുതൽ സൗഹൃദവും ഐക്യവും വളർത്തുക എന്ന ലക്ഷ്യത്തോടെ സംഘടിപ്പിക്കുന്ന ഈ ടൂർണമെന്റ് ആവേശകരമായ ഒരു കായിക സംഗമമായി മാറുമെന്നാണ് പ്രതീക്ഷിക്കുന്നത്. കൂടുതൽ വിവരങ്ങൾക്ക്: KCADFW സ്പോർട്സ് കമ്മിറ്റി അംഗങ്ങളുമായി ബന്ധപ്പെടാവുന്നതാണ്.



അമേരിക്കൻ സെനറ്റിലെ ആദ്യ മുസ്‌ലിം അംഗമായി അബ്ദുൾ എൽ-സയ്യിദ്

അനിൽ മറ്റത്തിക്കുന്നേൽ

ചിക്കാഗോ: അമേരിക്കൻ ഇടക്കാല തെരഞ്ഞെടുപ്പിൽ ദേശീയ ശ്രദ്ധ നേടിയ മിഷിഗൺ സെനറ്റ് മത്സരത്തിൽ ഡെമോക്രാറ്റിക് സ്ഥാനാർത്ഥി അബ്ദുൾ എൽ-സയ്യിദിന് ചരിത്രവിജയം. റിപ്പബ്ലിക്കൻ സ്ഥാനാർത്ഥിയും മുൻ കോൺഗ്രസ് അംഗവുമായ മൈക്ക് റോജേഴ്സിനെ പരാജയപ്പെടുത്തി അബ്ദുൾ എൽ-സയ്യിദ് അമേരിക്കൻ സെനറ്റിലേക്ക് തെരഞ്ഞെടുക്കപ്പെടുന്ന ആദ്യ മുസ്‌ലിം വ്യക്തിയെന്ന ചരിത്ര നേട്ടം സ്വന്തമാക്കി.

തെരഞ്ഞെടുപ്പിനു തൊട്ടു മുമ്പ് സ്വന്തം പാർട്ടിയിലെ പ്രമുഖനേതാവ് റിപ്പബ്ലിക്കൻ സ്ഥാനാർത്ഥിക്ക് പിന്തുണ പ്രഖ്യാപിച്ചതും പ്രസിഡണ്ട് ഡോണൾഡ് ട്രംപ് ഉൾപ്പെടെയുള്ള റിപ്പബ്ലിക്കൻ നേതാക്കളുടെ മതപരമായ ആരോപണങ്ങളും ഇസ്രായേൽ-പലസ്തീൻ വിഷയത്തിലെ കടുത്ത അഭിപ്രായ വ്യത്യാസങ്ങളും ചേർന്ന് അമേരിക്കയിലെ ഏറ്റവും വിവാദപരമായ സെനറ്റ് മത്സരങ്ങളിലൊന്നായി മിഷിഗണിലെ തെരഞ്ഞെടുപ്പ് മാറിയിരുന്നു.

ലഭ്യമായ കണക്കുകൾ പ്രകാരം ഏകദേശം 94 ശതമാനം വോട്ടുകൾ എണ്ണിയപ്പോൾ അബ്ദുൾ എൽ-സയ്യിദിന് 52.31 ശതമാനവും മൈക്ക് റോജേഴ്സിന് 45.69 ശതമാനവും വോട്ടുകളാണ് ലഭിച്ചത്. അസോസിയേറ്റഡ് പ്രസും മറ്റ് പ്രമുഖ അമേരിക്കൻ മാധ്യമങ്ങളും അബ്ദുൾ എൽ-സയ്യിദിന്റെ വിജയം പ്രഖ്യാപിച്ചു.

തെരഞ്ഞെടുപ്പിന് രണ്ട് ദിവസം മാത്രം ശേഷിക്കെ മിഷിഗണിലെ ഡെമോക്രാറ്റിക് കോൺഗ്രസ് അംഗം ഹേലി സ്റ്റീവൻസ് നടത്തിയ പ്രഖ്യാപനമാണ് മത്സരത്തെ ദേശീയ ശ്രദ്ധയിലെത്തിച്ചത്. ഓഗസ്റ്റിൽ നടന്ന ഡെമോക്രാറ്റിക് പ്രൈമറി തെരഞ്ഞെടുപ്പിൽ അബ്ദുൾ എൽ-സയ്യിദിനോട് ഏകദേശം ഒരു ശതമാനം വോട്ടിന്റെ വ്യത്യാസത്തിൽ പരാജയപ്പെട്ട സ്റ്റീവൻസ് നവംബർ ഒന്നിന് ഡെട്രോയിറ്റിലെ ഒരു പള്ളിയിൽ നടന്ന ചടങ്ങിൽ റിപ്പബ്ലിക്കൻ സ്ഥാനാർത്ഥി മൈക്ക് റോജേഴ്സിന് പരസ്യമായി പിന്തുണ പ്രഖ്യാപിച്ചു. പ്രൈമറിയിലെ തോൽവിക്കുശേഷം ഡെമോക്രാറ്റിക് സ്ഥാനാർത്ഥിയെ പിന്തുണയ്ക്കുമെന്ന് നേരത്തെ അറിയിച്ചിരുന്ന സ്റ്റീവൻസിന്റെ പെട്ടെന്നുള്ള നിലപാട് മാറ്റം സ്വന്തം പാർട്ടിക്കുള്ളിൽ വലിയ പ്രതിഷേധത്തിന് കാരണമായി.

ഡെമോക്രാറ്റിക് സെനറ്റ് നേതാവ് ചക്ക് ഷുമർ ഉൾപ്പെടെയുള്ള പ്രമുഖർ സ്റ്റീവൻസിന്റെ തീരുമാനത്തെ ശക്തമായി വിമർശിച്ചു. അവരുടെ ചീഫ് ഓഫ് സ്റ്റാഫ് ഉൾപ്പെടെ ചില ജീവനക്കാർ രാജിവെച്ചതായും റിപ്പോർട്ടുകളുണ്ടായി. എന്നാൽ, സ്വന്തം പാർട്ടിയെ പൂർണമായി ഉപേക്ഷിക്കുകയല്ലെന്നും അബ്ദുൾ എൽ-സയ്യിദിന്റെ ചില രാഷ്ട്രീയ നിലപാടുകളോടുള്ള എതിർപ്പാണ് റിപ്പബ്ലിക്കൻ സ്ഥാനാർത്ഥിയെ പിന്തുണയ്ക്കാൻ കാരണമെന്നും സ്റ്റീവൻസ് വിശദീകരിച്ചു.

മിഷിഗൺ തെരഞ്ഞെടുപ്പിലെ പ്രധാന വിവാദങ്ങളിലൊന്ന് ഇസ്രായേലും ഗാസയിലെ യുദ്ധവുമായിരുന്നു. ഇസ്രായേലിന് അമേരിക്ക നല്കുന്ന സൈനികസഹായത്തെ അബ്ദുൾ എൽ-സയ്യിദ് ശക്തമായി വിമർശിച്ചിരുന്നു. ഗാസയിലെ ഇസ്രായേൽ സൈനിക നടപടികളെ വംശഹത്യയായി വിശേഷിപ്പിക്കുകയും ചെയ്തിരുന്നു.



അതേസമയം, ഇസ്രായേലിനെ അനുകൂലിക്കുന്ന ചില സംഘടനകളും ജൂതസമൂഹത്തിലെ ചില വിഭാഗങ്ങളും അബ്ദുൾ എൽ-സയ്യിദിന്റെ നിലപാടുകൾക്കെതിരെ രംഗത്തെത്തി. ഇസ്രായേലിനുള്ള അമേരിക്കൻ സൈനികസഹായവും ഭക്ഷ്യവില വർദ്ധനയും തമ്മിൽ ബന്ധപ്പെടുത്തി ഒരു സ്വതന്ത്ര സംഘടന പുറത്തിറക്കിയ തെരഞ്ഞെടുപ്പ് പരസ്യവും വിവാദമായി. ആ പരസ്യത്തെ യഹൂദവിരുദ്ധമെന്ന് ഹേലി സ്റ്റീവൻസ് വിശേഷിപ്പിച്ചു. എന്നാൽ, പരസ്യം തന്റെ പ്രചാരണസംഘം തയ്യാറാക്കിയതല്ലെന്നും അതിലെ ഉള്ളടക്കത്തോട് തനിക്ക് യോജിപ്പില്ലെന്നും അബ്ദുൾ എൽ-സയ്യിദ് വ്യക്തമാക്കി. വിവാദ രാഷ്ട്രീയ കമന്റേറ്ററായ ഹസൻ പൈക്കറുമായി അബ്ദുൾ എൽ-സയ്യിദ് നടത്തിയ പ്രചാരണ പരിപാടികളും വിമർശനങ്ങൾക്ക് കാരണമായി.

പ്രസിഡണ്ട് ട്രംപും റിപ്പബ്ലിക്കൻ നേതാക്കളും തെരഞ്ഞെടുപ്പ് പ്രചാരണത്തിന്റെ അവസാന ഘട്ടത്തിൽ അബ്ദുൾ എൽ-സയ്യിദിനെതിരെ കടുത്ത ആരോപണങ്ങൾ ഉയർത്തിയിരുന്നു. അബ്ദുൾ എൽ-സയ്യിദിന് മുസ്‌ലിം ബ്രദർഹുഡ് സംഘടനയുമായി ബന്ധമുണ്ടെന്നതായിരുന്നു പ്രധാന ആരോപണങ്ങളിലൊന്ന്. ടെക്സസ് സെനറ്റർ ടെഡ് ക്രൂസും സമാനമായ ആശങ്കകൾ പരസ്യമായി ഉന്നയിച്ചു. എന്നാൽ, അത്തരമൊരു സംഘടനയിൽ ഒരിക്കലും അംഗമായിട്ടില്ലെന്നും ഭാവിയിലും അംഗമാകില്ലെന്നും അബ്ദുൾ എൽ-സയ്യിദ് വ്യക്തമാക്കി.

അദ്ദേഹത്തിന് തീവ്രവാദ സംഘടനകളുമായി ബന്ധമുണ്ടെന്ന ആരോപണങ്ങളെ പിന്തുണയ്ക്കുന്ന തെളിവുകളൊന്നും പുറത്തു വന്നിട്ടില്ല. മുസ്‌ലിം മതവിശ്വാസത്തെ രാഷ്ട്രീയ ആയുധമാക്കുകയാണെന്ന് ആരോപിച്ച് ഡെമോക്രാറ്റിക് നേതാക്കൾ റിപ്പബ്ലിക്കൻ പ്രചാരണത്തെ വിമർശിച്ചു.

2001 സെപ്റ്റംബർ 11-ലെ ഭീകരാക്രമണത്തെ പരാമർശിച്ചുകൊണ്ടുപോലും ട്രംപ് അബ്ദുൾ എൽ-സയ്യിദിനെതിരെ പ്രചാരണം നടത്തിയിരുന്നു. തെരഞ്ഞെടുപ്പിലെ മതപരമായ പരാമർശങ്ങൾ അമേരിക്കയിൽ ഇസ്ലാമോഫോബിയയെക്കുറിച്ചുള്ള പുതിയ രാഷ്ട്രീയ ചർച്ചകൾക്കും വഴിവെച്ചു.

ആരാണ് അബ്ദുൾ എൽ-സയ്യിദ്? ഈജിപ്ഷ്യൻ കുടിയേറ്റ കുടുംബത്തിൽ നിന്നുള്ള 42 വയസ്സുകാരനായ അബ്ദുൾ എൽ-സയ്യിദ് പൊതുജനാരോഗ്യ രംഗത്തു നിന്നാണ് അമേരിക്കൻ രാഷ്ട്രീയത്തിലേക്ക് കടന്നുവന്നത്. ഡെട്രോയിറ്റിലെ ആരോഗ്യ വകുപ്പിന്റെ ഡയറക്ടറായി പ്രവർത്തിച്ചിരുന്ന അദ്ദേഹം 2018-ൽ മിഷിഗൺ ഗവർണർ സ്ഥാനത്തേക്ക് മത്സരിച്ചെങ്കിലും ഡെമോക്രാറ്റിക് പ്രൈമറിയിൽ പരാജയപ്പെട്ടിരുന്നു.

ആരോഗ്യപരിരക്ഷ എല്ലാവർക്കും ലഭ്യമാക്കുക, മെഡിക്കൽ കടബാദ്ധ്യത കുറയ്ക്കുക, വൻകിട കോർപ്പറേറ്റുകളുടെ രാഷ്ട്രീയ സ്വാധീനം നിയന്ത്രിക്കുക, സമ്പന്നർക്ക് കൂടുതൽ നികുതി ചുമത്തുക തുടങ്ങിയ പുരോഗമന നയങ്ങളായിരുന്നു അദ്ദേഹത്തിന്റെ തെരഞ്ഞെടുപ്പ് പ്രചാരണത്തിലെ പ്രധാന വിഷയങ്ങൾ. യുവാക്കളുടെയും സാധാരണക്കാരുടെയും ഇടയിൽ ശക്തമായ പ്രചാരണശൃംഖല സൃഷ്ടിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞതായി തെരഞ്ഞെടുപ്പ് റിപ്പോർട്ടുകൾ വ്യക്തമാക്കുന്നു.

റിപ്പബ്ലിക്കൻ സ്ഥാനാർത്ഥി മൈക്ക് റോജേഴ്സ് മുൻ കോൺഗ്രസ് അംഗവും സൈനിക സേവനപരിചയവുമുള്ള മുൻ എഫ്ബിഐ ഉദ്യോഗസ്ഥനുമാണ്. 2024-ൽ മിഷിഗണിൽ സെനറ്റിലേക്ക് മത്സരിച്ച അദ്ദേഹം ഡെമോക്രാറ്റിക് സ്ഥാനാർത്ഥി എലിസ സ്ലോട്ട്കിനോട് നേരിയ വ്യത്യാസത്തിലാണ് പരാജയപ്പെട്ടത്. ഇത്തവണ പ്രസിഡണ്ട് ട്രംപിന്റെയും ദേശീയ റിപ്പബ്ലിക്കൻ നേതൃത്വത്തിന്റെയും പിന്തുണയോടെയാണ് റോജേഴ്സ് വീണ്ടും മത്സരിച്ചത്. എന്നാൽ, ജീവിതച്ചെലവ് വർദ്ധന, ഇറാൻ യുദ്ധം, സാമ്പത്തിക നയങ്ങൾ, വ്യാപാര തീരുവകൾ എന്നിവയെക്കുറിച്ചുള്ള വോട്ടർമാരുടെ ആശങ്കകൾ മത്സരത്തിൽ നിർണായക ചർച്ചാവിഷയങ്ങളായി. തെരഞ്ഞെടുപ്പിന്റെ അവസാന ഘട്ടത്തിൽ ചില വിഷയങ്ങളിൽ ട്രംപിന്റെ നിലപാടുകളിൽ നിന്ന് അകലം പാലിക്കാനും റോജേഴ്സ് ശ്രമിച്ചിരുന്നു.

മിഷിഗണിൽ നിന്നുള്ള ഡെമോക്രാറ്റിക് സെനറ്റർ ഗാരി പീറ്റേഴ്സ് വീണ്ടും മത്സരിക്കില്ലെന്ന് പ്രഖ്യാപിച്ചതോടെയാണ് ഈ സീറ്റിലേക്ക് പുതിയ സ്ഥാനാർത്ഥിയെ കണ്ടെത്തേണ്ടിവന്നത്. ഡെമോക്രാറ്റിക് പാർട്ടിയിലെ പരമ്പരാഗത നേതൃത്വത്തിന്റെ പിന്തുണ ലഭിച്ച ഹേലി സ്റ്റീവൻസിനെ പ്രൈമറിയിൽ പരാജയപ്പെടുത്തിയ അബ്ദുൾ എൽ-സയ്യിദിന്റെ മുന്നേറ്റം തന്നെ പാർട്ടിക്കുള്ളിലെ പുരോഗമന വിഭാഗവും മിതവാദ വിഭാഗവും തമ്മിലുള്ള അഭിപ്രായ വ്യത്യാസങ്ങൾ തുറന്നുകാട്ടിയിരുന്നു.

പ്രൈമറിയിൽ അബ്ദുൾ എൽ-സയ്യിദിനെ പരാജയപ്പെടുത്താൻ ഇസ്രായേൽ അനുകൂല സംഘടനയായ എഐപിഎസിയുമായി ബന്ധപ്പെട്ട രാഷ്ട്രീയ പ്രചാരണത്തിനായി ഏകദേശം മൂന്നു കോടി ഡോളർ ചെലവഴിച്ചതായാണ് റിപ്പോർട്ടുകൾ. ഇത്രയധികം സാമ്പത്തികവും രാഷ്ട്രീയവുമായ എതിർപ്പുകൾക്കിടയിലും പൊതുതെരഞ്ഞെടുപ്പിൽ വിജയം നേടിയത് ഡെമോക്രാറ്റിക് പാർട്ടിയുടെ ഭാവിരാഷ്ട്രീയ ദിശയെക്കുറിച്ചുള്ള ചർച്ചകൾക്ക് പുതിയ മാനം നല്കിയിരിക്കുകയാണ്.

മിഷിഗണിൽ നിന്നുള്ള ഈ വിജയം അമേരിക്കൻ രാഷ്ട്രീയത്തിലെ മുസ്‌ലിം പ്രാതിനിധ്യത്തിന്റെ ചരിത്രത്തിലും പുതിയ അദ്ധ്യായമാണ്. അമേരിക്കൻ ജനപ്രതിനിധി സഭയിൽ നേരത്തെ മുസ്‌ലിം അംഗങ്ങൾ തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ടെങ്കിലും സെനറ്റിൽ ഇതുവരെ മുസ്‌ലിം അംഗം ഉണ്ടായിരുന്നില്ല. അബ്ദുൾ എൽ-സയ്യിദിന്റെ വിജയത്തോടെ ഈ ചരിത്രപരമായ മാറ്റത്തിനാണ് വഴിയൊരുങ്ങുന്നത്.

മിഷിഗണിലെ ഡെമോക്രാറ്റിക് പാർട്ടിക്കുള്ളിലെ ഭിന്നതകളും റിപ്പബ്ലിക്കൻ പാർട്ടിയുടെ ശക്തമായ പ്രചാരണവും മതപരമായ ആരോപണങ്ങളും മറികടന്ന് നേടിയ ഈ വിജയം അമേരിക്കയിലെ കുടിയേറ്റ സമൂഹങ്ങളുടെയും ന്യൂനപക്ഷ പ്രാതിനിധ്യത്തിന്റെയും പശ്ചാത്തലത്തിലും ദേശീയശ്രദ്ധ നേടിയിരിക്കുകയാണ്.

അതേസമയം തെരഞ്ഞെടുപ്പ് പ്രചാരണത്തിൽ ഉയർത്തിയ ആരോഗ്യ പരിരക്ഷയും സാമ്പത്തിക പരിഷ്കാരങ്ങളും നിയമമാക്കാൻ കഴിയുമോ എന്നത് കോൺഗ്രസിലെ ഭാവി രാഷ്ട്രീയ സാഹചര്യങ്ങളെ ആശ്രയിച്ചിരിക്കും. രാഷ്ട്രീയ വിവാദങ്ങളും സ്വന്തം പാർട്ടിയിലെ എതിർപ്പും നിറഞ്ഞുനിന്ന മിഷിഗൺ സെനറ്റ് തെരഞ്ഞെടുപ്പ് അമേരിക്കൻ സെനറ്റിലേക്ക് ആദ്യമായി ഒരു മുസ്‌ലിം വ്യക്തിയെ തെരഞ്ഞെടുക്കുന്നതിലൂടെ ചരിത്രത്തിൽ ഇടംപിടിച്ചിരിക്കുകയാണ്.

ഇറ്റലിയിൽ വാഹനാപകടത്തിൽ മലയാളി മരിച്ചു

റോം: ഇറ്റലിയിലെ റോമിൽ കുടുംബസമേതം താമസിച്ചുവന്ന അങ്കമാലി കറുകുറ്റി സ്വദേശിയും ഇറ്റലി മലയാളി സംഘടനയായ അങ്കമാലി ഫ്രണ്ട്സ് ഇറ്റലിയുടെ മെംബറുമായ ബേബി മൂലൻ (45) വാഹനാപകടത്തിൽ മരണമടഞ്ഞു.



നേരത്തെ ഇറ്റലിയിൽ നേഴ്സായി ജോലിചെയ്തുവന്ന ഭാര്യ ഭാവ്യ ബേബി ഇപ്പോൾ ജർമ്മനിയിലാണ്. മൂന്നു മക്കളുണ്ട്. ബേബിയും കുട്ടികളും ജർമ്മനിയിലേക്ക് പോകുവാനുള്ള തയ്യാറെടുപ്പിനിടെയാണ് അപകടം സംഭവിച്ചത്.

തലയ്ക്ക് ഗുരുതരമായി പരുക്കേറ്റ ബേബിയെ തൊട്ടടുത്ത സാൻ കാമില്ലോ ഹോസ്പിറ്റലിൽ എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല.

ജെ.ബി. പ്രിറ്റ്സ്കർ മൂന്നാം തവണയും ഗവർണർ

അനിൽ മറ്റത്തിക്കുന്നേൽ



ചിക്കാഗോ: അമേരിക്കൻ ഇടക്കാല തെരഞ്ഞെടുപ്പിൽ ഇല്ലിനോയി സംസ്ഥാന ഗവർണറായി ഡെമോക്രാറ്റിക് പാർട്ടിയുടെ ജെ. ബി. പ്രിറ്റ്സ്കർ മൂന്നാം തവണയും തെരഞ്ഞെടുക്കപ്പെട്ടു. റിപ്പബ്ലിക്കൻ സ്ഥാനാർത്ഥിയും മുൻ സംസ്ഥാന സെനറ്ററുമായ ഡാരൻ ബെസ്ലിയെ പരാജയപ്പെടുത്തിയാണ് പ്രിറ്റ്സ്കർ ചരിത്രവിജയം സ്വന്തമാക്കിയത്.

നവംബർ 3-ന് ചൊവ്വാഴ്ച വൈകിട്ട് ഏഴുമണിക്ക് പോളിങ് അവസാനിച്ചതിനു തൊട്ടു പിന്നാലെ 7.01-ന് അസോസിയേറ്റഡ് പ്രസ് പ്രിറ്റ്സ്കറിന്റെ വിജയം സ്ഥിരീകരിച്ചു. ഇല്ലിനോയിയുടെ ചരിത്രത്തിൽ തുടർച്ചയായി മൂന്നാം തവണ ഗവർണറായി തെരഞ്ഞെടുക്കപ്പെടുന്ന ആദ്യ ഡെമോക്രാറ്റാണ് പ്രിറ്റ്സ്കർ. റിപ്പബ്ലിക്കൻ പാർട്ടിയുടെ ജിം തോംപ്സണുശേഷം മൂന്നാം തവണ തെരഞ്ഞെടുക്കപ്പെടുന്ന ആദ്യ ഗവർണറെന്ന നേട്ടവും അദ്ദേഹം സ്വന്തമാക്കി. 2022-ലെ തെരഞ്ഞെടുപ്പിലും പ്രിറ്റ്സ്കറും ബെസ്ലിയും തമ്മിലായിരുന്നു പ്രധാന മത്സരം. അന്ന് ഏകദേശം 13 ശതമാനം പോയിന്റിന്റെ വ്യത്യാസത്തിലാണ് പ്രിറ്റ്സ്കർ വിജയിച്ചത്.

ഇത്തവണത്തെ പ്രചാരണത്തിൽ വർദ്ധിച്ചുവരുന്ന ജീവിതച്ചെലവ്, വസ്തു നികുതി, ഇന്ധനവില തുടങ്ങിയ വിഷയങ്ങൾ ഉയർത്തിക്കാട്ടിയാണ് ഡാരൻ ബെസ്ലി വോട്ടർമാരെ സമീപിച്ചത്. പ്രസിഡണ്ട് ഡോണൾഡ് ട്രംപിന്റെ പിന്തുണയും ബെസ്ലിക്കുണ്ടായിരുന്നു.

അതേസമയം സംസ്ഥാനത്തെ സാമ്പത്തിക പുരോഗതി, മിനിമം വേതന വർദ്ധന, ആരോഗ്യ പരിരക്ഷ, സാമൂഹിക ക്ഷേമപദ്ധതികൾ തുടങ്ങിയ നേട്ടങ്ങളാണ് പ്രിറ്റ്സ്കർ പ്രചാരണത്തിൽ ഉയർത്തിക്കാട്ടിയത്.

2028-ലെ അമേരിക്കൻ പ്രസിഡണ്ട് തെരഞ്ഞെടുപ്പിൽ ഡെമോക്രാറ്റിക് പാർട്ടിയുടെ സാദ്ധ്യതയുള്ള സ്ഥാനാർത്ഥികളിൽ ഒരാളായി പ്രിറ്റ്സ്കറുടെ പേര് രാഷ്ട്രീയ വൃത്തങ്ങളിൽ ചർച്ച ചെയ്യപ്പെടുന്ന സാഹചര്യത്തിൽ മൂന്നാം വിജയത്തിന് ദേശീയ രാഷ്ട്രീയത്തിലും പ്രാധാന്യമുണ്ട്. എന്നാൽ, പ്രസിഡണ്ട് സ്ഥാനത്തേക്ക് മത്സരിക്കുമെന്ന ഔദ്യോഗിക പ്രഖ്യാപനം ഉണ്ടായിട്ടില്ല.

പ്രിറ്റ്സ്കറുടെ പുതിയ ഭരണകാലത്ത് ക്രിസ്റ്റ്യൻ മിച്ചൽ ലെഫ്റ്റനന്റ് ഗവർണറായി ചുമതലയേൽക്കും. നിലവിലെ ലെഫ്റ്റനന്റ് ഗവർണർ ജൂലിയാന സ്ട്രാറ്റൺ ഇത്തവണ അമേരിക്കൻ സെനറ്റിലേക്കാണ് മത്സരിച്ചത്.

കാൻസസിൽ ട്രംപ് പിന്തുണച്ച സെനറ്ററെ പരാജയപ്പെടുത്തി ക്രിസ്ത്യൻ പാസ്റ്റർ ചരിത്രം കുറിച്ചു

അനിൽ മറ്റത്തിക്കുന്നേൽ

ചിക്കാഗോ: അമേരിക്കൻ ഇടക്കാല തെരഞ്ഞെടുപ്പിൽ റിപ്പബ്ലിക്കൻ പാർട്ടിയുടെ പരമ്പരാഗത ശക്തികേന്ദ്രമായ കാൻസസ് സംസ്ഥാനം ചരിത്രപരമായ രാഷ്ട്രീയ മാറ്റത്തിന് സാക്ഷിയായി. 94 വർഷത്തിനുശേഷം ആദ്യമായി അമേരിക്കൻ സെനറ്റിലേക്ക് ഒരു ഡെമോക്രാറ്റിക് സ്ഥാനാർത്ഥിയെ തെരഞ്ഞെടുത്തിരിക്കുകയാണ് കാൻസസിലെ വോട്ടർമാർ. പ്രസിഡണ്ട് ഡോണൾഡ് ട്രംപിന്റെ ശക്തമായ പിന്തുണയോടെ മത്സരിച്ച നിലവിലെ റിപ്പബ്ലിക്കൻ സെനറ്റർ റോജർ മാർഷലിനെ പരാജയപ്പെടുത്തി ക്രിസ്ത്യൻ പാസ്റ്ററായ ആദം ഹാമിൽട്ടണാണ് ചരിത്ര വിജയം നേടിയത്. 62 വയസ്സുകാരനായ ഹാമിൽട്ടൺ അമേരിക്കയിലെ ഏറ്റവും പഴക്കമുള്ള റിപ്പബ്ലിക്കൻ സെനറ്റ് ആധിപത്യങ്ങളിലൊന്നിനാണ് അന്ത്യം കുറിച്ചത്. അസോസിയേറ്റഡ് പ്രസും മറ്റ് പ്രമുഖ അമേരിക്കൻ മാധ്യമങ്ങളും അദ്ദേഹത്തിന്റെ വിജയം പ്രഖ്യാപിച്ചു. അനൗദ്യോഗിക കണക്കുകൾ പ്രകാരം ഹാമിൽട്ടണ് ഏകദേശം 5,56,414 വോട്ടുകളും 50.9 ശതമാനം വോട്ട് വിഹിതവും ലഭിച്ചു. റോജർ മാർഷലിന് ഏകദേശം 5,03,230 വോട്ടുകളും 46.1 ശതമാനം വോട്ട് വിഹിതവുമാണ് ലഭിച്ചത്. ലിബർട്ടേറിയൻ സ്ഥാനാർത്ഥി ഡേവിഡ് ഗ്രഹാമിന് ഏകദേശം മൂന്നു ശതമാനം വോട്ടുകൾ ലഭിച്ചു.

1932-ൽ ജോർജ് മക്ഗിൽ വീണ്ടും തെരഞ്ഞെടുക്കപ്പെട്ടതിനു ശേഷം കാൻസസിൽനിന്ന് ഒരു ഡെമോക്രാറ്റും അമേരിക്കൻ സെനറ്റിലേക്ക് വിജയിച്ചിരുന്നില്ല. 1938-ൽ മക്ഗിൽ പരാജയപ്പെട്ടതിനെത്തുടർന്ന് സംസ്ഥാനത്തെ രണ്ട് സെനറ്റ് സീറ്റുകളിലും റിപ്പബ്ലിക്കൻ പാർട്ടിയുടെ ആധിപത്യമാണ് നിലനിന്നിരുന്നത്. ഇത്തവണത്തെ വിജയം ഡെമോക്രാറ്റുകളുടെ 94 വർഷത്തെ തെരഞ്ഞെടുപ്പ് പരാജയപരമ്പരയ്ക്കാണ് വിരാമമിട്ടിരിക്കുന്നത്.

2024-ലെ പ്രസിഡണ്ട് തെരഞ്ഞെടുപ്പിൽ ഡോണൾഡ് ട്രംപ് 16 ശതമാനത്തിലധികം വോട്ടിന്റെ വ്യത്യാസത്തിൽ വിജയിച്ച സംസ്ഥാനമാണ് കാൻസസ്. അതുകൊണ്ടുതന്നെ ഇത്തവണത്തെ സെനറ്റ് തെരഞ്ഞെടുപ്പിലും റിപ്പബ്ലിക്കൻ പാർട്ടിക്ക് വിജയസാധ്യത കൂടുതലാണെന്നായിരുന്നു ആദ്യഘട്ടത്തിലെ പൊതുവായ വിലയിരുത്തൽ. എന്നാൽ, പ്രചാരണം അവസാന ഘട്ടത്തിലെത്തിയപ്പോൾ മത്സരം കടുത്തതോടെ പ്രസിഡണ്ട് ട്രംപും വൈസ് പ്രസിഡണ്ട് ജെ.ഡി. വാൻസും റോജർ മാർഷലിനു വേണ്ടി നേരിട്ട് പ്രചാരണത്തിനെത്തി.

കാൻസസ് സിറ്റിക്ക് സമീപമുള്ള ലീവുഡിൽ ആസ്ഥാനമുള്ള ചർച്ച് ഓഫ് ദി റെസറക്ഷന്റെ സ്ഥാപക പാസ്റ്ററാണ് ആദം ഹാമിൽട്ടൺ. അമേ



രിക്കയിലെ ഏറ്റവും വലിയ യുണൈറ്റഡ് മെത്തഡിസ്റ്റ് സഭാസമൂഹങ്ങളിലൊന്നിന് നേതൃത്വം നല്കുന്ന അദ്ദേഹം മതഗ്രന്ഥ രചയിതാവും പ്രഭാഷകനുമാണ്. ക്രിസ്തീയ വിശ്വാസം, സാമൂഹിക നീതി, നേതൃത്വമൂല്യങ്ങൾ തുടങ്ങിയ വിഷയങ്ങളിൽ മുപ്പതിലധികം പുസ്തകങ്ങൾ രചിച്ചിട്ടുണ്ട്.

രാഷ്ട്രീയത്തിൽ മിതവാദ നിലപാടുകൾ സ്വീകരിക്കുന്ന സ്വതന്ത്ര ചിന്താഗതിയുള്ള ഡെമോക്രാറ്റ് എന്ന നിലയിലാണ് ഹാമിൽട്ടൺ തെരഞ്ഞെടുപ്പ് പ്രചാരണം നടത്തിയത്. റിപ്പബ്ലിക്കൻ, ഡെമോക്രാറ്റിക് പാർട്ടികൾ തമ്മിലുള്ള രാഷ്ട്രീയ ഭിന്നതകൾ കുറയ്ക്കുകയും സാധാരണക്കാരുടെ ജീവിതപ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുകയും ചെയ്യുമെന്നായിരുന്നു അദ്ദേഹത്തിന്റെ പ്രധാന വാഗ്ദാനം.

ജീവിതച്ചെലവ് വർദ്ധന, ഭക്ഷ്യവസ്തുക്കളുടെ വിലക്കയറ്റം, ആരോഗ്യ പരിരക്ഷ, കർഷകരുടെ സാമ്പത്തിക പ്രതിസന്ധി, വ്യാപാര തീരുവകൾ എന്നിവയാണ് തെരഞ്ഞെടുപ്പിൽ പ്രധാന ചർച്ചാവിഷയങ്ങളായത്. പ്രത്യേകിച്ച് ഇറാനുമായുള്ള യുദ്ധത്തിന്റെ പശ്ചാത്തലത്തിൽ ഡീസലിന്റെയും വളത്തിന്റെയും വില വർദ്ധിച്ചത് കർഷകരിൽ ആശങ്ക സൃഷ്ടിച്ചിരുന്നു. ട്രംപ് ഭരണകൂടത്തിന്റെ വ്യാപാരത്തീരുവകളും ഭക്ഷ്യസഹായ പദ്ധതികളിലെ നിയന്ത്രണങ്ങളും സാധാരണ കുടുംബങ്ങളുടെ സാമ്പത്തികഭാരം വർദ്ധിപ്പിച്ചുവെന്നായിരുന്നു ഹാമിൽട്ടണിന്റെ വിമർശനം. അതേസമയം, പ്രസിഡണ്ടിന്റെ സാമ്പത്തിക, കുടിയേറ്റ, ദേശീയസുരക്ഷാ നയങ്ങളെ പിന്തുണച്ചുകൊണ്ടാണ് റോജർ മാർഷൽ പ്രചാരണം നടത്തിയത്.

വൈദ്യശാസ്ത്ര രംഗത്തുനിന്ന് രാഷ്ട്രീയത്തിലെത്തിയ റോജർ മാർഷൽ 2020-ലാണ് ആദ്യമായി സെനറ്റിലേക്ക് തെരഞ്ഞെടുക്കപ്പെട്ടത്. അതിനു മുമ്പ് 2017 മുതൽ അമേരിക്കൻ ജനപ്രതിനിധി സഭയിൽ അംഗമായിരുന്നു. ട്രംപിന്റെ പ്രധാന രാഷ്ട്രീയ അനുയായികളിലൊരാളായ മാർഷലിന്റെ പരാജയം റിപ്പബ്ലിക്കൻ പാർട്ടിക്ക് ശ്രദ്ധേയമായ തിരിച്ചടിയായി.

തെരഞ്ഞെടുപ്പ് പ്രചാരണത്തിനായി ഏകദേശം 11 കോടി ഡോളർ ചെലവഴിച്ചതായാണ് റിപ്പോർട്ടുകൾ. താരതമ്യേന ചെലവ് കുറഞ്ഞ തെരഞ്ഞെടുപ്പ് വിപണിയായ കാൻസസിൽ ഇത്രയും വലിയ തുക ചെലവഴിക്കപ്പെട്ടത് സംസ്ഥാനത്തിന്റെ രാഷ്ട്രീയ ചരിത്രത്തിലെ റെക്കോർഡാണ്.

വിജയത്തിനുശേഷം ഓവർലാൻഡ് പാർക്കിൽ അനുയായികളെ അഭിസംബോധന ചെയ്ത ഹാമിൽട്ടൺ, റിപ്പബ്ലിക്കൻ പാർട്ടിയും ഡെമോക്രാറ്റിക് പാർട്ടിയും പരസ്പരം സഹകരിച്ച് ജനങ്ങളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണണമെന്നാണ് കാൻസസിലെ ജനങ്ങൾ ആഗ്രഹിക്കുന്നതെന്ന് പറഞ്ഞു. രാഷ്ട്രീയ ഭിന്നതകൾക്കപ്പുറം അമേരിക്കയുടെ പൊതുതാല്പര്യങ്ങൾക്ക് പ്രാധാന്യം നല്കണമെന്ന സന്ദേശമാണ് തെരഞ്ഞെടുപ്പ് നല്കുന്നതെന്നും അദ്ദേഹം വ്യക്തമാക്കി.

പരാജയം അംഗീകരിച്ച റോജർ മാർഷൽ സെനറ്റിൽ കാൻസസിനെ പ്രതിനിധീകരിക്കാൻ കഴിഞ്ഞത് തന്റെ ജീവിതത്തിലെ വലിയ ബഹുമതിയായിരുന്നുവെന്ന് പറഞ്ഞു. രാജ്യത്തിനു വേണ്ടിയുള്ള പ്രവർത്തനം തുടരുമെന്നും അദ്ദേഹം അറിയിച്ചു.

അമേരിക്കൻ കോൺഗ്രസിന്റെ നിയന്ത്രണത്തിനായുള്ള ദേശീയ പോരാട്ടത്തിൽ കാൻസസിലെ ഈ വിജയം ഡെമോക്രാറ്റുകൾക്ക് പ്രധാന നേട്ടമായി. ട്രംപ് വലിയ ഭൂരിപക്ഷത്തിൽ വിജയിച്ച സംസ്ഥാനത്തുപോലും ഇത്തവണ വോട്ടർമാർ വ്യത്യസ്തമായ തീരുമാനമെടുത്തത് അമേരിക്കൻ രാഷ്ട്രീയത്തിലെ മാറുന്ന സാഹചര്യങ്ങളെക്കുറിച്ചുള്ള ചർച്ചകൾക്ക് വഴിയൊരുക്കിയിരിക്കുകയാണ്.

94 വർഷമായി ഡെമോക്രാറ്റുകൾക്ക് വിജയിക്കാനാകാതിരുന്ന കാൻസസിലെ സെനറ്റ് തെരഞ്ഞെടുപ്പിൽ ഒരു ക്രിസ്ത്യൻ പാസ്റ്റർ നേടിയ അപ്രതീക്ഷിത വിജയം 2026-ലെ അമേരിക്കൻ ഇടക്കാല തെരഞ്ഞെടുപ്പിലെ ഏറ്റവും ശ്രദ്ധേയമായ രാഷ്ട്രീയ മാറ്റങ്ങളിലൊന്നായി ചരിത്രത്തിൽ ഇടംപിടിച്ചിരിക്കുകയാണ്.

പാരാലിമ്പിക്സിൽ രണ്ട് സ്വർണ മെഡലുകൾ നേടിയ ജോഷ് ട്യൂറെക് സെനറ്റിലേക്ക്

അനിൽ മറ്റത്തിക്കുന്നേൽ

ചിക്കാഗോ: അന്താരാഷ്ട്ര കായിക വേദികളിൽ അമേരിക്കയ്ക്കു വേണ്ടി രണ്ട് പാരാലിമ്പിക് സ്വർണമെഡലുകൾ നേടിയ വീൽചെയർ ബാസ്കറ്റ്ബോൾ താരം ജോഷ് ട്യൂറെക് ഇനി അമേരിക്കൻ സെനറ്റിലേക്ക്. നവംബർ മൂന്നിനു നടന്ന ഇടക്കാല തെരഞ്ഞെടുപ്പിൽ അയോവ സംസ്ഥാനത്തു നിന്ന് ഡെമോക്രാറ്റിക് സ്ഥാനാർത്ഥിയായി മത്സരിച്ച ജോഷ് ട്യൂറെക് പ്രസിഡണ്ട് ഡോണൾഡ് ട്രംപിന്റെ പിന്തുണയുണ്ടായിരുന്ന റിപ്പബ്ലിക്കൻ സ്ഥാനാർത്ഥി ആഷ്ലി ഹിൻസണെ പരാജയപ്പെടുത്തിയാണ് ചരിത്രനേട്ടം കൈവരിച്ചത്.

അമേരിക്കൻ വാർത്താ ഏജൻസിയായ അസോസിയേറ്റഡ് പ്രസ് നവംബർ മൂന്ന് രാത്രി ജോഷ് ട്യൂറെക്കിന്റെ വിജയം പ്രഖ്യാപിച്ചു. നവംബർ നാലിന് പുലർച്ചെ ലഭ്യമായ അനൗദ്യോഗിക കണക്കുകൾ പ്രകാരം ജോഷ് ട്യൂറെക്കിന് ഏകദേശം 50.5 ശതമാനവും ഹിൻസണിന് 46.4 ശതമാനവും വോട്ടുകൾ ലഭിച്ചു. ലിബർട്ടേറിയൻ സ്ഥാനാർത്ഥി തോമസ് ലെയ്നും മത്സരരംഗത്തുണ്ടായിരുന്നു.

റിപ്പബ്ലിക്കൻ സെനറ്റർ ജോണി ഏൺസ്റ്റ് വീണ്ടും മത്സരിക്കേണ്ടതില്ലെന്ന് തീരുമാനിച്ചതിനെത്തുടർന്ന് ഒഴിവുവന്ന സീറ്റിലേക്കായിരുന്നു തെരഞ്ഞെടുപ്പ്. ജോഷ് ട്യൂറെക്കിന്റെ വിജയത്തോടെ ഒരു പതിറ്റാണ്ടിലധികത്തിനു ശേഷമാണ് അയോവയിൽനിന്ന് ഒരു ഡെമോക്രാറ്റ് അമേരിക്കൻ സെനറ്റിലേക്ക് തെരഞ്ഞെടുക്കപ്പെടുന്നത്.

47 വയസ്സുകാരനായ ജോഷ് ട്യൂറെക് അയോവയിലെ കൗൺസിൽ ബ്ലഫ്സിലാണ് ജനിച്ചുവളർന്നത്. ജന്മനാ നട്ടെല്ലിന്റെ വളർച്ചയെ ബാധിക്കുന്ന സ്പൈന ബിഫിഡ എന്ന അവസ്ഥയുള്ള അദ്ദേഹം വീൽചെയർ ഉപയോഗിച്ചാണ് സഞ്ചരിക്കുന്നത്. പന്ത്രണ്ടാം വയസ്സിനു മുമ്പ് 21 ശസ്ത്രക്രിയകൾക്ക് വിധേയനായ ജോഷ് ട്യൂറെക് പിന്നീട് കഠിനമായ പരിശീലനത്തിലൂടെ അന്താരാഷ്ട്ര കായികരംഗത്ത് ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിച്ചു.

2004-ലെ ഏഥൻസ് പാരാലിമ്പിക്സിൽ ആദ്യമായി അമേരിക്കയെ പ്രതിനിധീകരിച്ച അദ്ദേഹം നാല് പാരാലിമ്പിക്സുകളിൽ പങ്കെടുത്തു. 2012-ലെ ലണ്ടൻ പാരാലിമ്പിക്സിൽ വെങ്കലമെഡലും 2016-ലെ റിയോ ഡി ജനീറോ, 2020-ലെ ടോക്കിയോ പാരാലിമ്പിക്സുകളിൽ സ്വർണമെഡലുകളും നേടി. കോവിഡ് മഹാമാരിയെ തുടർന്ന് മാറ്റിവെച്ച ടോക്കിയോ പാരാലിമ്പിക്സ് 2021-ലാണ് നടന്നത്.

യൂറോപ്പിലും മറ്റു രാജ്യങ്ങളിലും പ്രൊഫഷണൽ വീൽചെയർ ബോസ്കറ്റ്ബോൾ കളിച്ചിട്ടുള്ള ജോഷ് ട്യൂറെക് 2023-ൽ അമേരിക്കയിലെ നാഷ



ണൽ വീൽചെയർ ബാസ്കറ്റ്ബോൾ അസോസിയേഷന്റെ ഹാൾ ഓഫ് ഫെയിമിലും ഇടംനേടി.

കായികരംഗത്തു നിന്ന് രാഷ്ട്രീയത്തിലേക്ക് കടന്ന അദ്ദേഹം 2022-ൽ അയോവ നിയമസഭയിലേക്ക് മത്സരിച്ചു വിജയിച്ചു. റിപ്പബ്ലിക്കൻ സ്വാധീനമുള്ള മണ്ഡലത്തിൽ വെറും ആറ് വോട്ടുകളുടെ ഭൂരിപക്ഷത്തിലായിരുന്നു ആദ്യവിജയം. 2023 മുതൽ അയോവ ജനപ്രതിനിധി സഭയിലെ അംഗമായി പ്രവർത്തിച്ചുവരികയാണ്.

ആരോഗ്യ പരിരക്ഷയുടെ ചെലവ് കുറയ്ക്കുക, സാധാരണ കുടുംബങ്ങളുടെ സാമ്പത്തിക പ്രശ്നങ്ങൾ പരിഹരിക്കുക, കർഷകരെ സഹായിക്കുക, സർക്കാർ പ്രവർത്തനങ്ങളിൽ സുതാര്യത ഉറപ്പാക്കുക എന്നിവയായിരുന്നു സെനറ്റ് തെരഞ്ഞെടുപ്പിൽ ട്യൂറെക് ഉയർത്തിയ പ്രധാന വിഷയങ്ങൾ.

തെരഞ്ഞെടുപ്പ് പ്രചാരണത്തിനിടെ മുൻ പ്രസിഡണ്ട് ബരാക് ഒബാമ ട്യൂറെക്കിനു പിന്തുണപ്രഖ്യാപിച്ചിരുന്നു. ഇരുവരും ഒരുമിച്ച് ബാസ്കറ്റ്ബോൾ കളിക്കുന്ന വീഡിയോയും പ്രചാരണത്തിന്റെ ഭാഗമായി പുറത്തിറക്കിയിരുന്നു. മറുവശത്ത് അമേരിക്കൻ ജനപ്രതിനിധി സഭാംഗമായ ആഷ്ലി ഹിൻസണിന് പ്രസിഡണ്ട് ട്രംപിന്റെ പിന്തുണയുണ്ടായിരുന്നു.

2024-ലെ പ്രസിഡണ്ട് തെരഞ്ഞെടുപ്പിൽ ട്രംപ് വലിയ ഭൂരിപക്ഷത്തിൽ വിജയിച്ച സംസ്ഥാനമായ അയോവയിൽ ഡെമോക്രാറ്റുകൾ നേടിയ ഈ സെനറ്റ് വിജയം ദേശീയ രാഷ്ട്രീയത്തിലും ശ്രദ്ധേയമായി.

തെരഞ്ഞെടുപ്പ് വിജയത്തിനുശേഷം അനുയായികളെ അഭിസംബോധന ചെയ്ത ജോഷ് ട്യൂറെക്, തൊഴിലാളി കുടുംബത്തിൽ ജനിച്ച് ആരോഗ്യപരമായ നിരവധി വെല്ലുവിളികളെ അതിജീവിച്ച് രാജ്യത്തെ പാരാലിമ്പിക്സിൽ പ്രതിനിധീകരിക്കാനും ഒടുവിൽ അമേരിക്കൻ സെനറ്റിലേക്ക് തെരഞ്ഞെടുക്കപ്പെടാനും കഴിഞ്ഞത് തന്റെ അമേരിക്കൻ സ്വപ്നത്തിന്റെ സാക്ഷാത്കാരമാണെന്ന് പറഞ്ഞു.


കായികരംഗത്ത് ശാരീരിക പരിമിതികളെ മറികടന്ന് ലോകത്തിന്റെ നെറുകയിലെത്തിയ ജോഷ് ട്യൂറെക്കിന്റെ രാഷ്ട്രീയവിജയം, ഭിന്നശേഷിക്കാരുടെ സാമൂഹിക, രാഷ്ട്രീയ പ്രാതിനിധ്യവുമായി ബന്ധപ്പെട്ട ചർച്ചകൾക്കും പുതിയ ശ്രദ്ധ നല്കിയിരിക്കുകയാണ്.

പാരാലിമ്പിക്സ് സ്വർണമെഡൽ ജേതാവിൽ നിന്ന് അമേരിക്കൻ സെനറ്റിലേക്കുള്ള ജോഷ് ട്യൂറെക്കിന്റെ യാത്ര, 2026-ലെ അമേരിക്കൻ ഇടക്കാല തെരഞ്ഞെടുപ്പിലെ ശ്രദ്ധേയമായ വ്യക്തിഗത നേട്ടങ്ങളിലൊന്നായി മാറിയിരിക്കുകയാണ്.

ക്നാനായ റീജിയൻ ഹൈസ്കൂൾ കുട്ടികൾക്കായി 'റൂട്ടട് 26' കോൺഫറൻസ് ചിക്കാഗോയിൽ

ജോക്കുട്ടി മേലേടത്ത്

ചിക്കാഗോ: ക്നാനായ റീജിയന്റെ നേതൃത്വത്തിൽ റ്റീൻ മിനിസ്ട്രി ഹൈസ്കൂൾ കുട്ടികൾക്കായി 'റൂട്ടട് 26' കോൺഫറൻസ് ഡിസംബർ 27 മുതൽ 30 വരെ ചിക്കാഗോയിൽ വെച്ച് നടത്തപ്പെടും. ചിക്കാഗോയിലെ ഡയറിൻ ഉള്ള കാർമലൈറ്റ് സ്പിരിച്വൽ സെന്ററിൽ വെച്ചാണ് കോൺഫറൻസ് നടത്തപ്പെടുന്നത്. ബെൻസൻവിൽ തിരുഹൃദയ ദേവാലയവും മോർട്ടൻഗ്രോവ് സെന്റ് മേരീസ് ദേവാലയവും സംയുക്തമായി ക്നാനായ റീജിയണിലെ എല്ലാ ഹൈസ്കൂൾ കുട്ടികളെയും പങ്കെടുപ്പിച്ച് കോൺഫറൻസ് നടത്തപ്പെടുന്നു. നവംബർ 9 തിങ്കളാഴ്ച രജിസ്ട്രേഷൻ അവസാനിക്കും.



ഫൊക്കാന ന്യൂയോർക്ക് മെട്രോ റീജിയൻ പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തു


ജിജി റ്റോം













ന്യൂയോർക്ക്: ഫെഡറേഷൻ ഓഫ് കേരള അസോസിയേഷൻസ് ഇൻ നോർത്ത് അമേരിക്ക (ഫൊക്കാന)യുടെ ന്യൂയോർക്ക് മെട്രോ റീജിയന്റെ 2026-2028 കാലയളവിലേക്കുള്ള പുതിയ ഭാരവാഹികളെയും കമ്മിറ്റി അംഗങ്ങളെയും തെരഞ്ഞെടുത്തു. റീജിയണൽ വൈസ് പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെട്ട ഉഷ ജോർജിന്റെ നേതൃത്വത്തിലുള്ള പുതിയ കമ്മിറ്റി അടുത്ത രണ്ട് വർഷത്തേക്കുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കും.

പുതിയ ഭാരവാഹികളായി ഡോൺ തോമസ് (റീജിയണൽ സെക്രട്ടറി), തോമസ് സഖറിയ (സുജിത്) (റീജിയണൽ ട്രഷറർ), ഡോ.അന്ന ജോർജ് (റീജിയണൽ വിമൻസ് ഫോറം ചെയർ), ലൈസി അലക്സ് (റീജിയണൽ ജോയിന്റ് സെക്രട്ടറി), ബാഹുലേയൻ രാഘവൻ (റീജിയണൽ ജോ. ട്രഷറർ), ഷാജി എണ്ണച്ചേരിൽ (റീജിയണൽ പി ആർഒ), ജോണി സക്കറിയ (റീജിയണൽ ഓഡിറ്റർ) എന്നിവർ തെരഞ്ഞെടുക്കപ്പെട്ടു. വിനോദ് കെആർകെ, റോജിസ് ഫിലിപ്പ്, ചെറിയാൻ പാലത്ര, ജൂബി വെട്ടം, ജോബി ജോർജ്, ശോശാമ്മ ആൻഡ്രൂസ്, ഡെയ്സി ജോസഫ്, ഗ്രേസ് അലക്സാണ്ടർ, മേരിക്കുട്ടി മൈക്കിൾ, സൂസൻ തോമസ്, റോയ് കുര്യാക്കോസ്, ബെന്നി ഇട്ടിര എന്നിവർ കമ്മിറ്റി അംഗങ്ങളായിരിക്കും.

കൂടാതെ ഫൊക്കാന നാഷണൽ കമ്മിറ്റി അംഗങ്ങളായ ജിൻസ് ജോസഫ്, മേരി ഫിലിപ്പ്, ചെറിയാൻ പെരുമാൾ, റെജി വർഗീസ് എന്നിവരും ബോർഡ് അംഗങ്ങളായ ബിജു ജോൺ കൊട്ടാരക്കര, തോമസ് തോമസ് പാലത്ര എന്നിവരും റീജിയണൽ കമ്മിറ്റിയുടെ ഭാഗമായിരിക്കും.

ന്യൂയോർക്ക് മെട്രോ റീജിയന്റെ പ്രവർത്തനങ്ങൾ കൂടുതൽ സജീവമാക്കുകയും മലയാളി സമൂഹത്തിലെ വിവിധ തലമുറകളെ ഒരുമിപ്പിക്കുകയും ചെയ്യുന്നതിനായിരിക്കും അടുത്ത രണ്ട് വർഷങ്ങളിൽ മുൻഗണന നല്കുകയെന്ന് റീജിയണൽ വൈസ് പ്രസിഡണ്ട് ഉഷ ജോർജ് അറിയിച്ചു.

അടുത്ത രണ്ട് വർഷങ്ങളിൽ ന്യൂയോർക്ക് മെട്രോ റീജിയന്റെ പ്രവർത്തനങ്ങൾ കൂടുതൽ ഏകോപിതവും ജനപങ്കാളിത്തമുള്ളതുമാക്കുന്നതിനാണ് പ്രാധാന്യം നല്കുന്നതെന്ന് റീജിയണൽ സെക്രട്ടറി ഡോൺ തോമസ് അറിയിച്ചു.

സംഘടനയുടെ സാമ്പത്തിക പ്രവർത്തനങ്ങളിൽ സുതാര്യതയും ഉത്തരവാദിത്വവും ഉറപ്പുവരുത്തുന്നതിനൊപ്പം സമൂഹത്തിന് പ്രയോജനപ്പെടുന്ന പുതിയ പദ്ധതികൾക്ക് പിന്തുണ നല്കുമെന്ന് റീജിയണൽ ട്രഷറർ തോമസ് സക്കറിയ (സുജിത്) അറിയിച്ചു.

ഫൊക്കാന ന്യൂയോർക്ക് മെട്രോ റീജിയൻ വിമൻസ് ഫോറത്തിന്റെ പ്രവർത്തനങ്ങൾ കൂടുതൽ വിപുലീകരിക്കുമെന്നും വനിതകളുടെ നേതൃപാടവവും സാമൂഹിക പങ്കാളിത്തവും വർദ്ധിപ്പിക്കുന്നതിന് പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കുമെന്നും റീജിയണൽ വിമൻസ് ഫോറം ചെയർ ഡോ. അന്ന ജോർജ് അറിയിച്ചു.

ഫൊക്കാനയുടെ ദേശീയ നേതൃത്വവുമായി ചേർന്ന് പ്രവർത്തിക്കുന്നതിനൊപ്പം ന്യൂയോർക്ക് മെട്രോ മേഖലയിലെ മലയാളി സമൂഹത്തിന്റെ ഐക്യവും സാംസ്കാരിക പൈതൃകവും നിലനിർത്തുന്നതിനും പുതിയ തലമുറയെ സംഘടനയുടെ പ്രവർത്തനങ്ങളിലേക്ക് ആകർഷിക്കുന്നതിനും കമ്മിറ്റി മുൻഗണന നല്കും.

ഫൊക്കാന പ്രസിഡണ്ട് ഫിലിപ്പോസ് ഫിലിപ്പിന്റെയും അദ്ദേഹത്തിന്റെ നേതൃത്വത്തിലുള്ള ദേശീയ ടീമിന്റെയും ഒപ്പം അടുത്ത രണ്ട് വർഷം പ്രവർത്തിക്കാൻ അവസരം ലഭിച്ചതിൽ അതിയായ സന്തോഷമുണ്ടെന്ന് ഉഷ ജോർജ് പറഞ്ഞു.

ഈ ദൗത്യത്തിൽ എല്ലാ മലയാളി സംഘടനകളുടെയും പ്രവർത്തകരുടെയും അഭ്യുദയകാംക്ഷികളുടെയും പൂർണ പിന്തുണയും സഹകരണവും പ്രാർത്ഥനയും ഉണ്ടാകണമെന്നും അഭ്യർത്ഥിച്ചു.

ചർച്ച് ഓഫ് ഗോഡ് ഏഷ്യാ-പസഫിക് റീജിയൺ പ്രസിഡണ്ടായി റവ. ജോൺസൺ തരകൻ തെരഞ്ഞെടുക്കപ്പെട്ടു

പി.പി. ചെറിയാൻ



ഡാളസ്/ബാങ്കോക്ക് (തായ്ലൻഡ്): ചർച്ച് ഓഫ് ഗോഡ് ഏഷ്യാ-പസഫിക് റീജിയന്റെ പുതിയ പ്രസിഡണ്ടായി ഡാളസിൽ നിന്നുള്ള ചർച്ച് ഓഫ് ഗോഡ് ഇൻ സൗത്ത് ഇന്ത്യയുടെ പ്രസിഡണ്ട് റവ. ജോൺസൺ തരകനെ ഐകകണ്ഠ്യേന തെരഞ്ഞെടുത്തു.

തായ്ലൻഡിൽ വെച്ച് നടന്ന സംഘടനയുടെ ഏഷ്യാ-പസഫിക് റീജിയൺ സമ്മേളനത്തിലാണ് ഈ ചരിത്രപരമായ തീരുമാനം ഉണ്ടായത്. കഴിഞ്ഞ നാല് വർഷമായി ചർച്ച് ഓഫ് ഗോഡ് ഏഷ്യ-പസഫിക് റീജിയന്റെ വൈസ് പ്രസിഡണ്ടായി മികച്ച രീതിയിൽ സേവനമനുഷ്ഠിച്ചു വരികയായിരുന്നു അദ്ദേഹം. അദ്ദേഹത്തിന്റെ കാര്യക്ഷമമായ നേതൃത്വവും സംഘടനയുടെ വളർച്ചയ്ക്കായി നല്കിയ സംഭാവനകളും പരിഗണിച്ചാണ് ഈ ഉന്നത പദവിയിലേക്ക് ഐകകണ്ഠ്യേന തെരഞ്ഞെടുത്തത്.

ഏഷ്യാ-പസഫിക് മേഖലയിലെ 23 രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികൾ പങ്കെടുത്ത ഉന്നതതല യോഗത്തിലാണ് തെരഞ്ഞെടുപ്പ് പ്രക്രിയ പൂർത്തിയായത്. റവ. ജോൺസൺ തരകന്റെ നേതൃത്വത്തിൽ ഏഷ്യാ-പസഫിക് മേഖലയിലെ സഭാ പ്രവർത്തനങ്ങളും ജീവകാരുണ്യ പ്രവർത്തനങ്ങളും കൂടുതൽ ഊർജ്ജസ്വലമായി മുന്നോട്ടു കൊണ്ടുപോകാൻ സാധിക്കുമെന്ന് യോഗത്തിൽ പങ്കെടുത്ത വിവിധ രാജ്യങ്ങളിലെ പ്രതിനിധികൾ പ്രത്യാശ പ്രകടിപ്പിച്ചു.

1997 മുതൽ 2004 വരെ ജോൺസൺ ചർച്ച് ഓഫ് ഗോഡിന്റെ കൗൺസിൽ അംഗമായി സേവനമനുഷ്ഠിച്ചു. കൗൺസിൽ അംഗമെന്ന നിലയിൽ ഈ കാലഘട്ടങ്ങളിൽ സഭാശുശ്രൂഷയും സ്വയംസഹായ പദ്ധതികളും വികസിപ്പിക്കാൻ അദ്ദേഹം സഹായിച്ചു.

2006 മുതൽ 2012 വരെ ഇന്ത്യയിലെ നാഗ്പൂരിൽ ചർച്ച് ഓഫ് ഗോഡ് മിനിസ്ട്രികളുടെ പ്രസിഡണ്ടായി സേവനമനുഷ്ഠിച്ച അദ്ദേഹം തുടർന്ന് 2012 ഒക്ടോബർ 30-ന് ചർച്ച് ഓഫ് ഗോഡിന്റെ പ്രസിഡണ്ടായും ഏകകണ്ഠമായി തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. നിയമത്തിലും ശാസ്ത്രത്തിലും ബിരുദാനന്തര ബിരുദത്തിനു പുറമെ ദിവ്യത്വത്തിലും കലയിലും ബിരുദാനന്തര ബിരുദം നേടിയിട്ടുള്ള അദ്ദേഹത്തിന്റെ ഭാര്യ ലെതമോളും രണ്ട് ആൺകുട്ടികളുമടങ്ങുന്നതാണ് കുടുംബം.

ഏഷ്യ-പസഫിക് മേഖലയിലുടനീളം ആരോഗ്യകരമായ സുവിശേഷ പ്രവർത്തനങ്ങൾ നടക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനും വികസിപ്പിക്കുന്നതിനും ഒരുമിച്ച് പ്രവർത്തിക്കുന്നതിനും താല്പര്യമുള്ള പാസ്റ്റർമാരുടെ ഒരു സംഘത്തെ വളർത്തിയെടുക്കുക എന്നതിലൂടെ സഭകളെ ശാക്തീകരിക്കുക എന്നതാണ് അദ്ദേഹത്തിന്റെ പ്രധാന ദർശനം.

കോൺഗ്രസ് നേതാവ് ടി.എൻ. പ്രതാപന്റെ പുസ്തകം പ്രകാശനം ചെയ്ത് ഷാർജ ഭരണാധികാരി

ഷാർജ: യുഎഇ. സുപ്രീം കൗൺസിൽ അംഗവും ഷാർജ ഭരണാധികാരിയുമായ ശൈഖ് ഡോ. സുൽത്താൻ ബിൻ മുഹമ്മദ് അൽ ഖാസിമി തന്റെ പുസ്തകം പ്രകാശനം ചെയ്തതിന്റെ ആഹ്ലാദത്തിലാണ് കോൺഗ്രസ് നേതാവ് ടി.എൻ. പ്രതാപൻ. ഷാർജ അന്താരാഷ്ട്ര പുസ്തകോത്സവത്തിൽ ആദ്യമായാണ് ഒരു മലയാളിയുടെ പുസ്തകം ശൈഖ് സുൽത്താൻ പ്രകാശനം ചെയ്യുന്നത്. അമ്മമാർക്കുള്ള ആദരമാണ് ഈ മുഹൂർത്തമെന്ന് ടി.എൻ. പ്രതാപൻ പറഞ്ഞു.

ലുലു ഗ്രൂപ്പ് ചെയർമാൻ എം.എ. യൂസഫലിക്കൊപ്പമെത്തി ഷാർജ ഭരണാധികാരി ശൈഖ് ഡോ. സുൽത്താൻ ബിൻ മുഹമ്മദ് അൽ ഖാസിമിക്ക് 'അമ്മേ അനുപമ സൗന്ദര്യമേ' എന്ന തന്റെ പുസ്തകം സമ്മാനിക്കാനായിരുന്നു എ.ഐ.സി.സി. സെക്രട്ടറി ടി. എൻ. പ്രതാപന്റെ ആഗ്രഹം. പക്ഷേ, കൂടിക്കാഴ്ചയിൽ എം.എ. യൂസഫലിയിൽനിന്ന് പുസ്തകം ഏറ്റുവാങ്ങി ശൈഖ് സുൽത്താൻ പ്രകാശനം നിർവഹിച്ചു. ഇതൊരു അത്യപൂർവ നിമിഷമായിരുന്നു. പുസ്തകപ്രകാശനത്തിനായി സജ്ജീകരിച്ച ചടങ്ങിൽ എം.എ. യൂസഫലിയാണ്, ഷാർജ ഭരണാധികാരി പുസ്തകം പ്രകാശനം ചെയ്ത വിവരം അറിയിച്ചത്.

പൂ ചോദിച്ചപ്പോൾ പൂന്തോട്ടം കിട്ടിയതിന്റെ സന്തോഷമായിരുന്നു തനിക്കെന്നായിരുന്നു ടി.എൻ. പ്രതാപന്റെ പ്രതികരണം. സ്വന്തം മാതാവടക്കം അറിയപ്പെടുന്നവരും അല്ലാത്തവരുമായ അമ്മമാരെക്കുറിച്ചുള്ളതാണ് പ്രതാപന്റെ പുസ്തകം. അമ്മയെക്കുറിച്ച് നേരത്തേ എഴുതിയ ഗസലിന്റെ വരികളാണ് പുസ്തകത്തിന്റെ തലക്കെട്ടായി ചേർത്തത്. എം.എ. സലീം, വി.ടി. സലീം, രവി ഡി.സി, മോഹൻകുമാർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.



വിനിമയ നിരക്ക്

യു.എസ്. ഡോളർ	93.96
യൂറോ	105.14
സ്റ്റെർലിംഗ്പൗണ്ട്	126.00
സ്വിസ് ഫ്രാങ്ക്	114.81
സിംഗപ്പൂർ ഡോളർ	73.43
കനേഡിയൻ ഡോളർ	66.75
ഒമാൻ റിയാൽ	244.37
ബഹ്റൈൻ ദിനാർ	248.58
സൗദി റിയാൽ	24.99
യു.എ.ഇ. ദിർഹം	25.56
കുവൈത്ത് ദിനാർ	302.21

ന്യൂസിലൻഡ് പാർലമെന്റിലേക്ക് കോഴിക്കോട് സ്വദേശി മഹേഷ് മുരളീധരനും

എലത്തൂർ: ന്യൂസീലൻഡ് പാർലമെന്റ് തെരഞ്ഞെടുപ്പിൽ കോഴിക്കോട് സ്വദേശി മഹേഷ് മുരളീധരനു (46) ജയം. പ്രമുഖ വെഞ്ചർ ക്യാപിറ്റലിസ്റ്റും ടെക് സംരംഭകനുമായ അദ്ദേഹം തലക്കുളത്തൂർ സ്വദേശികളായ മുരളീധരന്റെയും മീരയുടെയും മകനാണ്. നാഷനൽ പാർട്ടിയിൽനിന്ന് ഇതാദ്യമായാണ് ഇന്ത്യൻ വംശജൻ എംപിയായി ജയിക്കുന്നത്. എല്ലാ വർഷവും ജന്മനാട്ടിലെത്താറുള്ള മഹേഷ് ഒടുവിലെത്തിയത് രണ്ടുമാസം മുൻപ് മുത്തശ്ശി സരളയുടെ മരണാനന്തരച്ചടങ്ങിൽ പങ്കെടുക്കുന്നതിനാണ്.



മഹേഷ് മുരളീധരൻ ഭാര്യ പ്രവീണയോടൊപ്പം.

മക്കാഞ്ചേരി തറവാട്ടിലായിരുന്നു മഹേഷിന്റെ കുട്ടിക്കാലം. പിന്നീട് അച്ഛനു സിംഗപ്പൂരിൽ ജോലി ലഭിച്ചതോടെയാണു താമസം മാറിയത്. മഹേഷിന്റെ പതിനാലാം വയസ്സിലാണ് ഹൈസ്കൂൾ പഠനത്തിനായി ന്യൂസിലൻഡിലേക്കു കുടിയേറിയത്. ന്യൂ സൗത്ത് വെയിൽസ് സർവകലാശാലയിൽനിന്ന് എംബിഎയും ഓക്‌ലൻഡ് സർവകലാശാലയിൽനിന്ന് പബ്ലിക് പോളിസിയിൽ പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമയും നേടിയിട്ടുണ്ട്. ലോകപ്രശസ്ത ഡിസൈനിങ് ആപ്പായ 'കാൻവ'യുടെ തുടക്കകാലത്തു മുൻനിരക്കാരിൽ ഒരാളായിരുന്നു. ഭാര്യ പ്രവീണയോടൊപ്പം മിഷൻ ബേയിലാണ് താമസം.

ജോർജ് മത്തായി വൈരമൺ അന്തരിച്ചു



ഹൂസ്റ്റൺ/കൊല്ലം: കുണ്ടറ വൈരമൺ ഗാർഡൻസിൽ പരേതരായ റിട്ട. എം.ഡബ്ല്യു. ഒ, ജി. മത്തായിയുടെയും തങ്കമ്മ മത്തായിയുടെയും മകൻ ജോർജ് മത്തായി വൈരമൺ (ലാലുമോൻ-75) ഹൂസ്റ്റണിൽ അന്തരിച്ചു. സ്റ്റാഫോർഡ് ബൈബിൾ ചാപ്പൽ അംഗമായിരുന്നു. കുണ്ടറ ബ്രദറൺ അസംബ്ലിയിൽ നിന്നുള്ള മുൻ കുവൈറ്റ് പ്രവാസിയാണ്. ഭാര്യ ഏലിയാമ്മ ജോർജ് (സൂസൻ) പുനലൂർ ഇളമ്പൽ നടുക്കുന്ന് വാഴപ്പള്ളിൽ കുടുംബാംഗമാണ്. മക്കൾ: ആനി നിഷ ജോർജ്-ബിജു തോമസ് (ബെംഗ്ളൂർ), നിസ്സി ജോർജ് വൈരമൺ-ഡാരിൽ ജോൺ കല്ലൂർ (കാനഡ), അജയ് ജോർജ് വൈരമൺ-ആശ സാബു (ബെംഗ്ളൂരു). സഹോദരങ്ങൾ: എലിസബത്ത് ജെയിംസ് (ഹൂസ്റ്റൺ), മേരി കോശി (ചേപ്പാട്), സുവിശേഷൻ സി. എം. ജോൺ (കുണ്ടറ), ഡോ. മാത്യു വൈരമൺ (ഹൂസ്റ്റൺ), ഡോ. ജേക്കബ് സി.എം (ഹൂസ്റ്റൺ) സി.എം. അലക്സ് (ഹൂസ്റ്റൺ).

നവംബർ 13-ന് വെള്ളിയാഴ്ച വൈകുന്നേരം 7 മണിക്ക് ഹൂസ്റ്റണിലെ സോവേഴ്സ് ഹാർവെസ്റ്റ് ചർച്ചിൽ (Sowers Harvest Church, 10502 Altobury Ln, Houston, TX 77031) പൊതുദർശനവും നവംബർ 14-ന് ശനിയാഴ്ച രാവിലെ 10 മണിക്ക് ഐപിസി ഹെബ്രോൺ ഹൂസ്റ്റണിലെ സംസ്കാര ശുശ്രൂഷകൾക്കു ശേഷം (4660 S. Sam Houston Pkwy, E Houston, TX 77048) ഉച്ച കഴിഞ്ഞ് 2 മണിക്ക് പെയർലാൻഡിലുള്ള സൗത്ത് പാർക്ക് ഫ്യൂണറൽ ഹോം ആൻഡ് സെമിത്തേരിയിൽ (South Park Funeral Home and Cemetery, 1310 N main Street Pearland, TX 77581) മൃതദേഹം സംസ്കരിക്കുന്നതുമാണ്.

ശുശ്രൂഷകളുടെ ലൈവ്സ്ട്രീം ലിങ്കുകൾ:

Viewing Service

Friday, Nov 13, 2026 | 7:00 PM CST

Watch Live: https://youtu.be/KUQ-ccK6OS8

Homegoing Service & Interment

Saturday, Nov 14, 2026 | 10:00 AM CST

Watch Live: https://youtu.be/Yq5jnE6ZDwM

കൂടുതൽ വിവരങ്ങൾക്ക്: ഡോ. മാത്യു വൈരമൺ +1 281 857 7538 (ഹൂസ്റ്റൺ), അജയ് ജോർജ് വൈരമൺ +91 879 238 3789 (ഇന്ത്യ).



കേരളത്തെ ഭിന്നശേഷിസൗഹൃദ സംസ്ഥാനമാക്കുമെന്ന് മുഖ്യമന്ത്രി

തിരുവനന്തപുരം: ഇന്ത്യയിലെ ആദ്യ ഭിന്നശേഷിസൗഹൃദ സംസ്ഥാനമാക്കി കേരളത്തെ മാറ്റുമെന്ന് മുഖ്യമന്ത്രി വി.ഡി. സതീശൻ. സംസ്ഥാന സ്പെഷ്യൽ സ്കൂൾ കലോത്സവത്തിന്റെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം.

നൂറിലധികം കുട്ടികളുള്ള എല്ലാ സ്പെഷ്യൽ സ്കൂളുകൾക്കും എയ്ഡഡ് പദവി നൽകും. കൂടാതെ കേരളത്തിലെ ഭിന്നശേഷിക്കാരായ മുഴുവൻ ആളുകളുടെയും വിവരങ്ങൾ ഉൾപ്പെടുത്തി സമഗ്ര ഡേറ്റ ശേഖരിക്കുകയും അത് തുടർച്ചയായി പുതുക്കുകയും ചെയ്യും. ഭിന്നശേഷിക്കുട്ടികളുടെ ആവശ്യങ്ങൾക്ക് കേരളത്തിന്റെ ധനപ്രതിസന്ധി തടസ്സമാകില്ല. മുൻഗണന നൽകി ഖജനാവിൽനിന്ന് ആവശ്യമായ തുക ലഭ്യമാക്കും.

അടുത്ത വർഷംമുതൽ പൊതുവിദ്യാലയങ്ങളിലെ ഭിന്നശേഷി വിദ്യാർത്ഥികളെക്കൂടി പങ്കാളികളാക്കി കലോത്സവം കൂടുതൽ വിപുലീകരിക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു. മന്ത്രി എൻ. ഷംസുദ്ദീൻ അദ്ധ്യക്ഷനായി.

പ്ലസ് വൺ വിദ്യാർത്ഥിയുടെ കൊലപാതകം: 17 – കാരനടക്കം നാല് പേർ പിടിയിൽ

തിരുവനന്തപുരം: ശ്രീകാര്യം പാങ്ങാപ്പാറയിൽ പ്ലസ് വൺ വിദ്യാർത്ഥി അഭിരാമിനെ കൊലപ്പെടുത്തി ചാക്കിൽക്കെട്ടി തള്ളിയ കേസിലെ അന്വേഷണത്തിൽ വഴിത്തിരിവ്. പ്രതികൾ അപായപ്പെടുത്താൻ പദ്ധതിയിട്ടത് അഭിരാമിന്റെ സുഹൃത്തായ കൗമാരക്കാരനെ ആയിരുന്നെന്നു പോലീസ് വെളിപ്പെടുത്തി. അഭിരാമിനെ ഉപയോഗിച്ച് ഇയാളെ പാങ്ങപ്പാറയിലെ ആളൊഴിഞ്ഞ സ്ഥലത്തേക്കു വിളിച്ചുവരുത്താനായിരുന്നു ആലോചിച്ചതെന്നു പ്രതികൾ മൊഴി നൽകി. ഇതിനു വിസമ്മതിച്ചതോടെ അഭിരാമിനെ ക്രൂരമായി മർദിച്ചു കൊലപ്പെടുത്തിയെന്നാണു നഗമനം. ഒന്നാം പ്രതിയായ 17 വയസ്സുകാരനും കാപ്പ കേസ് പ്രതിയായ ശ്രീകാര്യം കല്ലമ്പള്ളി സ്വദേശി രണ്ടാം പ്രതി ഉമർ മുഹ്താറും (22) ചേർന്നാണ് കൊലപാതകം നടത്തിയതെന്നും പോലീസ് അറിയിച്ചു. ഒന്നാം പ്രതിയുടെ സുഹൃത്തും മണക്കാട് സ്വദേശിയുമായ ഐടിഐ വിദ്യാർത്ഥിനി ആനന്ദയാണ് (18) മൂന്നാം പ്രതി. നാലാം പ്രതി ആക്കുളം മണകുന്നിൽ എസ്. ഐശ്വര്യ. ആനന്ദയുടെ സമൂഹമാധ്യമ അക്കൗണ്ടിലൂടെ സന്ദേശമയച്ചാണ് അഭിരാമിനെ സംഭവസ്ഥലത്തെത്തിച്ചത്. നേരിട്ടു പങ്കില്ലെങ്കിലും സംഭവത്തെക്കുറിച്ച് ആനന്ദയ്ക്ക് അറിവുണ്ടായിരുന്നെന്നു പോലീസ് പറഞ്ഞു.

രണ്ടാം പ്രതി ഉമറിനെയും മൂന്നാം പ്രതി ആനന്ദയെയും റിമാൻഡ് ചെയ്തു. പ്രായപൂർത്തിയാകാത്ത ഒന്നാം പ്രതിയെ പൂജപ്പുര ഒബ്സർവേഷൻ ഹോമിൽ പ്രവേശിപ്പിച്ചു. ഇയാൾ ഉമറിനൊപ്പം മുൻപ് മോഷണക്കേസുകളിൽ പ്രതിയായിട്ടുണ്ടെന്നും പോലീസ് അറിയിച്ചു. ഉമറിനെ രക്ഷിക്കാനാണ് ഗൂഢാലോചനയുടെ ഭാഗമായതെന്ന് ഐശ്വര്യ മൊഴിനൽകി.

നവംബർ രണ്ടിന് തിങ്കളാഴ്ച വൈകിട്ടാണ് ശ്രീകാര്യം പാങ്ങപ്പാറയിലെ ആളൊഴിഞ്ഞ പറമ്പിൽ അഭിരാമിന്റെ മൃതദേഹം ചാക്കിൽ കെട്ടിയ നിലയിൽ കണ്ടെത്തിയത്.

ഭാര്യയടക്കം ഏഴുപേരെ കൊലപ്പെടുത്തിയ ടാക്സി ഡ്രൈവർ അറസ്റ്റിൽ

ബെംഗളൂരു: വീട്ടുവഴക്കിനെത്തുടർന്ന് ഏഴ് വയസ്സുള്ള കുട്ടിയെ ഉൾപ്പെടെ കുടുംബത്തിലെ ഏഴ് പേരെ കൊലപ്പെടുത്തി മൃതദേഹങ്ങൾ കർണാടകയിലും തമിഴ്നാട്ടിലുമായി ഉപേക്ഷിച്ച ടാക്സി ഡ്രൈവർ അറസ്റ്റിൽ. കുട്ടിയുടെ മൃതദേഹം നന്ദി ഹിൽസിനു സമീപത്തുനിന്നു കണ്ടെടുത്തു. മറ്റുള്ള മൃതദേഹങ്ങൾക്കായി തെരച്ചിൽ തുടരുന്നു.

'താനവരതി' എന്ന ക്രൈം മാസികയുടെ നടത്തിപ്പുകാരൻ കൂടിയായ രാജാജി നഗർ സ്വദേശി എസ്. ഇന്ദുശേഖറാണ് (അർജുൻ-52) കഴിഞ്ഞ മാസം നടന്ന കൊലപാതകങ്ങളുടെ പേരിൽ പിടിയിലായത്. ഭാര്യ സുനിത, സുനിതയുടെ സഹോദരന്മാരായ ശിവകുമാർ, ശങ്കർ, അവരുടെ ഭാര്യമാരായ ദിവ്യ, നളിനി, ഭാര്യാമാതാവ് രൂപവതി, ശിവകുമാറിന്റെ ഏഴ് വയസ്സുള്ള മകൻ പുനീത് എന്നിവരെയാണ് ഒക്ടോബർ 16-നും 31-നും ഇടയ്ക്കു കൊലപ്പെടുത്തിയത്.

നളിനിയെ കാണാനില്ലെന്ന് അമ്മ തുംഗമ്മ നവംബർ മൂന്നിന് നൽകിയ പരാതിയെത്തുടർന്നുള്ള അന്വേഷണമാണ് ഞെട്ടിപ്പിക്കുന്ന കൊലപാതക പരമ്പരയിലേക്ക് എത്തിയത്.

വീട്ടുവഴക്കിൽ ഭാര്യയെ പിന്തുണച്ച കുടുംബാംഗങ്ങളെ ഒന്നൊന്നായി കൊലപ്പെടുത്തുകയായിരുന്നു എന്ന് പ്രതി ഇന്ദുശേഖർ സമ്മതിച്ചു. ആദ്യം ഭാര്യയെയാണു കൊന്നത്. അരകല്ലുപ



യോഗിച്ചു തലയ്ക്കടിച്ചു കൊന്നശേഷം മൃതദേഹം നന്ദി ഹിൽസിൽ ഉപേക്ഷിച്ചു.

ഭാര്യ ടൂർ പോയിരിക്കുകയാണെന്ന് അയൽക്കാരെ ധരിപ്പിക്കുകയും അവരുടെ മൊബൈൽ ഫോൺ സ്വിച്ച് ഓഫ് ആക്കുകയും ചെയ്തു. തുടർന്നുള്ള ദിവസങ്ങളിൽ ശിവകുമാറിന്റെയും ശങ്കറിന്റെയും കുടുംബങ്ങളെ വിരുന്നിനായി വീട്ടിലേക്ക് വിളിച്ചുവരുത്തി കൊലപ്പെടുത്തി. ഇതിനായി 17 വയസ്സുള്ള മകളുടെ സഹായവും തേടിയെന്ന് പോലീസ് പറഞ്ഞു.

മൃതദേഹങ്ങൾ സ്വന്തം കാറിൽ ശേഖർ ഷിറാഡി ചുരം, മൈസൂരു ചാമുണ്ഡി ഹിൽസ്, സേലത്തിനു സമീപം ഏർക്കാട് ചുരം എന്നിവിടങ്ങളിൽ കൊണ്ടുപോയി ഉപേക്ഷിക്കുകയായിരുന്നു.

നളിനിയുടെ 11 വയസ്സുള്ള മകൻ രക്ഷപ്പെട്ടു. കൊലപാതകം കണ്ടു നടുങ്ങിയ തന്നെ ശേഖർ കാറിൽ ദിവസം മുഴുവൻ ചുറ്റിക്കറങ്ങാൻ കൊണ്ടുപോയെന്നും അന്ന് കാറിൽത്തന്നെയാണ് ഉറങ്ങിയതെന്നും ബാലൻ മൊഴി നൽകി. ഈ യാത്രയിൽ പലയിടങ്ങളിലായി ചാക്കുകെട്ടുകൾ ഉപേക്ഷിച്ചെന്നും പറഞ്ഞു.

മറ്റുള്ളവർക്ക് സംശയം തോന്നാതിരിക്കാൻ ഭാര്യയൊഴികെ കൊലചെയ്യപ്പെട്ട മറ്റുള്ളവരുടെ മൊബൈൽഫോണുകൾ ഓഫ് ചെയ്യാതിരിക്കുകയും മെസേജുകൾക്ക് പ്രതി മറുപടി നൽകുകയും ചെയ്തിരുന്നതായും പോലീസ് പറഞ്ഞു.

ശ്രീനാരായണ ധർമസംഘം ട്രസ്റ്റ് ബോർഡ്: സ്വാമി ഋതംഭരാനന്ദ പ്രസിഡന്റ്, സ്വാമി വിശുദ്ധാനന്ദ ജനറൽ സെക്രട്ടറി

വർക്കല: ശിവഗിരി ശ്രീനാരായണ ധർമസംഘം ട്രസ്റ്റ് ബോർഡ് പ്രസിഡന്റായി സ്വാമി ഋതംഭരാനന്ദയെയും ജനറൽ സെക്രട്ടറിയായി സ്വാമി വിശുദ്ധാനന്ദയെയും തെരഞ്ഞെടുത്തു. നിലവിലെ ട്രഷറർ സ്വാമി ശാരദാനന്ദ തുടരും. സ്വാമി ഋതംഭരാനന്ദയുടെയും സ്വാമി അനപേക്ഷാനന്ദയുടെയും പേരുകൾ ഉയർന്നതോടെ വോട്ടെടുപ്പിലൂടെയാണു പ്രസിഡന്റിനെ തെരഞ്ഞെടുത്തത്. ജനറൽ സെക്രട്ടറി, ട്രഷറർ പദവികളിലേക്ക് ഏകകണ്ഠമായി ആയിരുന്നു തെരഞ്ഞെടുപ്പ്. ബോർഡിലെ പുതിയ 11 അംഗങ്ങളും ഭാരവാഹികളും സത്യപ്രതിജ്ഞ ചെയ്തു.

നിത്യ രാമന് ചരിത്ര വിജയം

(21-ാം പേജിൽനിന്നും)

നിത്യയുടെ അച്ഛന്റെ സഹോദരി വനജയും ഭർത്താവ് ശങ്കരനാരായണ അയ്യരും തിരുവനന്തപുരത്തെ കുമാരപുരത്തുണ്ട്. നിത്യ തിരുവനന്തപുരത്ത് എത്തുമ്പോൾ ഈ വീട്ടിലാണ് താമസിക്കാറുള്ളത്. 5 വർഷം മുൻപായിരുന്നു അവസാന സന്ദർശനം. ഭർത്താവ് വാലി ചന്ദ്രശേഖറും മക്കളായ കർണയും കാവേരിയും ഒപ്പമുണ്ടായിരുന്നു. നിത്യ ചെന്നൈ കലാക്ഷേത്രയിലെത്തി, ഷീല സാംസണിന്റെ കീഴിൽ ഭരതനാട്യ പരിശീലനം നേടിയിട്ടുണ്ട്. തിരുവനന്തപുരത്തും നൃത്തം അവതരിപ്പിച്ചു. തമിഴ് നന്നായി പറയുകയും എഴുതുകയും ചെയ്യുന്ന നിത്യ, 'ട്രാൻസ്പെരന്റ് ചെന്നൈ' എന്ന സംരംഭവുമായി ബന്ധപ്പെട്ട് ചെന്നൈയിലെ ചേരിപ്രദേശങ്ങളിൽ പ്രവർത്തിച്ചിട്ടുണ്ട്. മലയാളം കേട്ടാൽ മനസ്സിലാകും. വനജയുടെ യുഎസിലുള്ള മൂത്ത മകൾ ഉമാ ശങ്കർ നിത്യയുടെ തെരഞ്ഞെടുപ്പു പ്രവർത്തനങ്ങളിൽ സജീവമായിരുന്നു. വെങ്കിട്ടരാമന്റെ മറ്റൊരു സഹോദരി പുഷ്പയുടെ മകളാണ് നടി അഭിരാമി. ഹാർവാർഡ് സർവകലാശാലയിൽനിന്നു സോഷ്യോളജിയിൽ ബിരുദവും മസാച്യുസെറ്റ്സ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽനിന്ന് നഗരാസൂത്രണത്തിൽ ബിരുദാനന്തര ബിരുദം കരസ്ഥമാക്കി. നിത്യയുടെ ചരിത്രപരമായ ഈ നേട്ടം പ്രവാസി മലയാളി സമൂഹത്തിനും ഏറെ അഭിമാനം നൽകുന്നതാണ്. 1981-ൽ കേരളത്തിലാണ് നിത്യ രാമൻ ജനിച്ചത്. ആറാം വയസ്സിൽ കുടുംബത്തോടൊപ്പം അമേരിക്കയിലേക്ക് കുടിയേറിയ അവർ 22-ാം വയസ്സിൽ യു.എസ് പൗരത്വം നേടി.

ലോകപ്രശസ്തമായ ഹാർവാർഡ് സർവകലാശാല, എം.ഐ.ടി എന്നിവിടങ്ങളിൽ നിന്നാണ് നിത്യ ഉന്നത വിദ്യാഭ്യാസം പൂർത്തിയാക്കിയത്. രാഷ്ട്രീയത്തിൽ സജീവമാകുന്നതിന് മുൻപ് ശുചിത്വനഗര വികസന മേഖലകളിൽ നിത്യ സജീവമായി പ്രവർത്തിച്ചിരുന്നു. ഇന്ത്യയിൽ 'ട്രാൻസ്പാരന്റ് ചെന്നൈ' എന്ന സംഘടന രൂപീകരിച്ച് പ്രവർത്തിച്ച പരിചയവും അവർക്കുണ്ട്. തുടർന്ന് ലോസ് ഏഞ്ചലസിലേക്ക് മാറിയ നിത്യ സാമൂഹിക സേവന രംഗത്ത് ശ്രദ്ധേയമായ മുദ്ര പതിപ്പിക്കുകയായിരുന്നു.

വികസന പദ്ധതിയുമായി ചിക്കാഗോ ഒഹെയർ വിമാനത്താവളം

(22-ാം പേജിൽനിന്നും)

എന്നാൽ ചിക്കാഗോയിൽനിന്ന് ഇന്ത്യയിലേക്ക് പുതിയ നേരിട്ടുള്ള വിമാനസർവീസ് ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട ഔദ്യോഗിക പ്രഖ്യാപനം ഇതുവരെ ഉണ്ടായിട്ടില്ല.

വികസനപദ്ധതി ചിക്കാഗോയുടെ സാമ്പത്തിക മേഖലയ്ക്കും വലിയ നേട്ടമാകുമെന്നാണ് നഗരാധികൃതരുടെ പ്രതീക്ഷ. നിർമാണം, ഇലക്ട്രിക്കൽ ജോലികൾ, പ്ലംബിങ്, എയർ കണ്ടീഷനിങ്, ബാഗേജ് സംവിധാനങ്ങൾ, വിമാനത്താവള സാങ്കേതികവിദ്യകൾ തുടങ്ങിയ മേഖലകളിൽ ആയിരക്കണക്കിന് തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടും.

ചിക്കാഗോ മേയർ ബ്രാൻഡൻ ജോൺസൺ, ഡിപ്പാർട്ട്മെന്റ് ഓഫ് ഏവിയേഷൻ കമ്മീഷണർ മൈക്കൽ മക്മറേ എന്നിവരുടെ നേതൃത്വത്തിലാണ് പദ്ധതിയുടെ വിവിധ ഘട്ടങ്ങൾ മുന്നോട്ടുപേകുന്നത്. പ്രാദേശിക തൊഴിലാളികൾക്കും ന്യൂനപക്ഷ, വനിതാ ഉടമസ്ഥതയിലുള്ള കമ്പനികൾക്കും പദ്ധതിയിൽ പങ്കാളികളാകാനുള്ള അവസരങ്ങൾ ഒരുക്കിയിട്ടുണ്ട്.

വിമാനത്താവളത്തിലെ തിരക്ക് നിയന്ത്രിക്കുന്നതിനായി ഫെഡറൽ ഏവിയേഷൻ അഡ്മിനിസ്ട്രേഷൻ ഏർപ്പെടുത്തിയ വിമാനപ്രവർത്തനപരിധിയും വികസനത്തിന്റെ പ്രാധാന്യം വർദ്ധിപ്പിക്കുന്നുണ്ട്. കൂടുതൽ വിമാനങ്ങൾ പ്രവർത്തിപ്പിക്കാനുള്ള എയർലൈൻസുകളുടെ ആവശ്യവും നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങളുടെ ശേഷിയും തമ്മിലുള്ള വ്യത്യാസം പരിഹരിക്കാൻ പുതിയ കോൺകോഴ്സുകൾ സഹായിക്കുമെന്നാണ് പ്രതീക്ഷ.

ഒഹെയർ വിമാനത്താവളത്തിന്റെ ദീർഘകാല വികസനപദ്ധതിയിൽ നിർമാണഘട്ടങ്ങൾ പൂർത്തിയാകുന്നതിനനുസരിച്ച് പുതിയ സൗകര്യങ്ങൾ യാത്രക്കാർക്ക് തുറന്നുകൊടുക്കും. 2028-ൽ കോൺകോഴ്സ് ഡി, 2030-ൽ കോൺകോഴ്സ് ഇ-യുടെ ആദ്യഘട്ടം, 2033-ൽ ഗ്ലോബൽ ടെർമിനൽ, 2034-ൽ കോൺകോഴ്സ് ഇ-യുടെ രണ്ടാംഘട്ടം എന്നിവ പൂർത്തിയാക്കാനാണ് നിലവിലെ സമയക്രമം.

800 കോടി ഡോളറിന്റെ ഈ ബൃഹത്തായ വികസനപദ്ധതി പൂർത്തിയാകുന്നതോടെ അമേരിക്കയിലെ പ്രധാന അന്താരാഷ്ട്ര യാത്രാ ക്ലേശങ്ങളിലൊന്നായ ചിക്കാഗോ ഒഹെയറിന്റെ ശേഷിയും സൗകര്യങ്ങളും ഗണ്യമായി വർദ്ധിക്കും. കൂടുതൽ അന്താരാഷ്ട്ര വിമാനസർവീസുകൾക്കും വേഗത്തിലുള്ള കണക്ഷനുകൾക്കും ആധുനിക യാത്രാസൗകര്യങ്ങൾക്കും വഴിയൊരുക്കുന്ന പദ്ധതിയിലൂടെ ആഗോള വ്യോമഗതാഗത ഭൂപടത്തിൽ ചിക്കാഗോയുടെ സ്ഥാനം കൂടുതൽ ശക്തിപ്പെടുത്തുകയാണ് നഗരത്തിന്റെ ലക്ഷ്യം.

ട്രംപിന് കനത്ത രാഷ്ട്രീയ തിരിച്ചടി

(20-ാം പേജിൽനിന്നും)

എന്നാൽ, ഡെമോക്രാറ്റുകൾക്കും ലഭിച്ച ഭൂരിപക്ഷം ഉപയോഗിച്ച് ജനങ്ങളുടെ സാമ്പത്തിക ആശങ്കകൾ പരിഹരിക്കുന്നതിനും ഭരണകൂടത്തിന്റെ പ്രവർത്തനങ്ങളിൽ മേൽനോട്ടം ഉറപ്പാക്കുന്നതിനുമുള്ള ഉത്തരവാദിത്വം ഏറ്റെടുക്കേണ്ടിവരും. 2028-ലെ പ്രസിഡൻഷ്യൽ തെരഞ്ഞെടുപ്പിന് മുന്നോടിയായി റിപ്പബ്ലിക്കൻ പാർട്ടിയുടെ നേതൃത്വത്തെയും ഭാവി രാഷ്ട്രീയ തന്ത്രങ്ങളെയും സംബന്ധിച്ച ചർച്ചകൾക്കും ഈ പരാജയം തുടക്കമിട്ടിരിക്കുകയാണ്. വൈസ് പ്രസിഡന്റ് ജെ.ഡി. വാൻസ് ഉൾപ്പെടെയുള്ള നേതാക്കളുടെ രാഷ്ട്രീയ ഭാവിയിലും തെരഞ്ഞെടുപ്പ് ഫലം സ്വാധീനം ചെലുത്തിയേക്കും.

2027 ജനുവരിയിൽ പുതിയ കോൺഗ്രസ് അധികാരമേൽക്കുന്നതോടെ ട്രംപിന്റെ രണ്ടാം ഭരണകാലത്തിന്റെ ശേഷിക്കുന്ന രണ്ടുവർഷം വൈറ്റ് ഹൗസും ഡെമോക്രാറ്റിക് ഭൂരിപക്ഷമുള്ള കോൺഗ്രസും തമ്മിലുള്ള രാഷ്ട്രീയ സഹകരണത്തിന്റെയും ഏറ്റുമുട്ടലുകളുടെയും കാലഘട്ടമായി മാറാനാണ് സാധ്യത. അമേരിക്കയുടെ ആഭ്യന്തര നയങ്ങളിലും സാമ്പത്തിക തീരുമാനങ്ങളിലും അന്താരാഷ്ട്ര ബന്ധങ്ങളിലും ഈ രാഷ്ട്രീയ മാറ്റത്തിന്റെ പ്രതിഫലനങ്ങൾ ഉണ്ടാകാം.

SEEKING BRIDEGROOM

*We are seeking a suitable alliance for our daughter, a 26-year-old God fearing and compassionate young woman who is currently residing in the USA. She holds a Master's degree in Social Work (MSW) and is currently employed as a social worker at a state agency. She is well-mannered, family-oriented and values both her faith and profession deeply. We are looking for a groom that was born and raised in the United States and upholds similar values as our daughter. If you know anyone that would be interested, please reach out to us at the following numbers below: **847-903-6670, 847-371-1212, 847-596-7493**.

US. Settled Orthodox Christian parents invite proposals for their daughter, US. Citizen aged 35 years 5'1" raised in the US. She is a University graduate working as a nurse. Looking for God fearing professionally qualified, family oriented boy. If interested please contact WhatsApp number **1(510)384 8625.

*US settled Pentecostal parents looking for suitable proposals for their daughter who is in her last year medical school. (July 2000, 5'2 height, raised in USA). She is baptized, spirit filled, mission oriented and has a strong spiritual background. Seeking a God fearing, baptized family oriented, and professionally qualified boy (only from USA and 30 years below). If interested, please respond recent photos with details to WhatsApp **001-832 790 0002.**

*Roman Catholic parents looking for groom for 24 year old, tall, beautiful and God-fearing daughter. She completed her masters in social science and works for the U.S. government hospital. Inviting suitable groom with good education. Please email with photo to **seanjoey2020@gmail.com**

*Pentecostal parents invite proposals for their daughter D.O.B. August 86, 5'6" working as Accounts Manager for a Financial Institution in the U.S. She did schooling and undergrad from Canada and Masters in Accounting and M.B.A. from U.S.Those who are interested may please respond with details and recent pictures to **scjoseph22@gmail.com** or call (whatsapp) **1 416 903 5007**.

*Parents seek proposal for daughter, age 26, baptized Christian, raised in USA, 5'.1", active in a Bible-based community church with Pentecostal beliefs, employed after B.S. in Engineering. Looking for one with similar faith, values, and professional background. Please email with photo & details to **Lordhears@outlook.com**

*A Pentecostal missionary family in Kerala is seeking proposals for their youngest daughter (31 years old, 163cm), who holds an M.Sc. in Audiology and Speech-Language Pathology. She is currently working in Seattle, WA. Pentecostal parents of boys with a missionary spirit and good educational background may send a recent photo and profile to **email4ksa@gmail.com** or contact **+91 94474 01025, 94961 07772**.

*Knanaya Catholic parents invite proposal for daughter (January 1997) Height 5'3" Born and raised in US, Working as RN in University hospital Chicago. Speaks Malayalam. Looking for family oriented, God- fearing alliance from Knanaya Catholic boys brought up in USA or Canada Call or message with details to **6304406128.**

*Our Family settled in USA with origins in Kerala invites proposals for our daughter unmarried, age 32 , 5 feet tall, U.S. Citizen, a practicing attorney (bar license in New York & Maryland) now working as a legal counsel for a global cyber security corporation in the US. We belong to the Mar Thoma denomination and are seeking alliance from employed doctors, engineers, lawyers, IAS grade professions from the US. Contact us directly or on WhatsApp + **1 (412) 327-5600** or email to **sam@varkey.org**

*We are Pentecostal (Knanaya background) parents seeking proposals for our daughter who is doing internship at Pushpagiri Dental College Thiruvalla. Her date of birth September 21st, 2000 and she is 5.6 inches in height. She holds a US passport (she is a US Citizen) and was born and brought up in India. We are attending an independent church in Kerala. Looking for Medical doctors or Equivalent for our daughter.
Interested parties please Email: **joyofthelord567@gmail.com** or for more information in USA call **405-850-0011**

*Syrian Christian parents settled in USA invites proposal for their daughter 41-year, 5 feet 3-inch, dental professor working in a State University in the USA. Spirit filled and Pentecostal church members (legally divorced). Seeking suitable alliance from parents of educated and spiritual candidates. Only from USA. Contact on WhatsApp **+ 1 609 410 3076.**

*Pentecostal parents seeking proposals for their daughter (D.O.B = 29-08-1999) (B.Sc Nursing), born again, baptized & Spirit filled, now working as Staff Nurse in MOH, Saudi Arabia. Looking for proposals from parents of Pentecostal spirit filled and qualified boy.
If interested, please contact or WhatsApp @ **+91 9447440441.**

*Kerala CSI parents invite proposals for their daughter, (29 years, M.Com, CA Inter), presently working as an auditor with a company in Philadelphia. Please contact WhatsApp **+91 9349553125**

*Seeking proposals for Pentecostal girl (35/5'5") born again, baptized, living in the US, Software Engineer, PhD student (Machine Learning). Grew up in middle-east and India before moving to the US. Looking for born again, baptized, God fearing, professionally qualified boys. If interested, please contact **+91 95443 89214** (WhatsApp or call) or **+1 224 537 8569**

*Christian Parents settled in USA inviting marriage proposals for their daughter US Citizen, aged 47 years (date of birth 09/13/1977) never married. Passed her M.S. in Orthopedics from CMC VELLORE. Now Working as Pediatric Ortho surgeon at Children, s hospital, Nebraska. She is 5.04 feet tall, and good looking. God fearing, smart and family oriented. We are looking for qualified professionals preferably born again. Interested parties please contact with full details with a current photo.
Email: **marijohn2002@yahoo.co.in**

*Pentecostal parents seeking proposal for their daughter, 30 years, Dec. 1994. 5'6.5" born again, baptized, born and brought up in US. She is a DNAP. (Doctor of Nurse Anesthesia Practice). Prefer proposal from born again, baptized, good moral values and God fearing person. **423-316-0196**

Vsimon@bellsouth.net

SEEKING BRIDE

*Double board certified physician currently working as a Medical Director at the VA. Beyond the realm of medicine, I prioritize strong family values and faith. I'm seeking a meaningful connection with someone who shares these principles, someone who values integrity, compassion, and growth, if you're ready to embark on a journey of companionship rooted in mutual respect and shared beliefs, I'd love to hear from you. Age 47 and 5'7". Please respond with details and recent picture to **pvcglorytogod@gmail.com**

* Christian parents settled in USA since 1997 invite proposals for their son, 36 years old, 5'7", born again and baptized and in fellowship with a Pentecostal Church in Florida. He is a Computer Engineer with Masters degree and works as a Senior software Engineer with Lockheed Martin since few years. He had a kidney transplant in 2010 and been doing very well physically all these years. Parents of born again girls from US or Canada may respond to me for further details and photos. My phone number: **863-709-6031** and
email: **mathewg1956@gmail.com**

*Pentecostal parents settled in USA invite proposals for their born again, baptized son (25, 5'8"ft) who is in management work at a reputed Fortune100 company. We are looking for a born-again, God fearing girl with spiritual values and a heart for missions. Parents of interested girls please contact us at **rblap@yahoo.com** or **972 832 8784**

*Pentecostal parents prayerfully seeking proposals for our son, born and brought up in Texas, US (Dec 1995 5'9") Graduated DNP and working as a nurse practitioner in an outpatient clinic in Texas. He is living and attending church with us. Inviting proposals from the parents of girls attending Pentecostal church, preferably non ornamental & from US. Please contact with a full-size picture. Phone # **214-732-9726.**

*Seeking a bride for 69-year young male, US Citizen, handsome, Medical professional, no liabilities, divorced, annulled, Knanaya Catholic preferred, but other denominations also considered. Please contact WhatsApp at **+1 914-471-7454** (USA) or email to **alexkalarickal@gmail.com** with recent photos & details.

*Malayalee pentacostal family settled in USA seeking a bride for their son born, raised and graduated from North India, 38 years, 5'10" tall, residing in USA for last 9 years and completed BBA from a university in Georgia, currently managing family business. He is born again, spirit filled, God fearing and visionary about gospel church going. Seeking suitable alliance from the parents. Please contact **6783657445**. Pictures and further details upon request.

*73-year-old seeking bride (age between 65-69) born again Christian. Settled in Dallas. Intrested parties may contact E mail: **gkvarghese@gmail.com.** Ph: 914 318 3444.

*Malayalee Pentecostal parents seeking a bride for their son, born and raised in USA. Age:32. Height 5'7". Graduated with Master of Science (MS) in Biology. Currently has a hybrid job as an Advocacy Support Associate at Delaware Riverkeepers Network. Settled in Pennsylvania, Philadelphia suburbs. He is a talented singer and musician and led the English worship team. Wearing Jewelry is fine, not having the gifts of the Spirit for personal edification is fine. Interested party may please contact with a picture along with similar details to: **jvarghese645@yahoo.com** or text to **267-991-2825**

*Parents looking for match for Their Son 30 yrs U.S citizen, Working for N.J. Transit South Indian Catholic Cast no bar Pefe Medical Pro. In N.Y. Or N.J. Please contact **917 880 9045.**

*Pentecostal parents settled in USA invite proposals for their born again, baptized son (24, 5'8"ft) who is in management work at a reputed Fortune100 company. We are looking for a born-again, God fearing girl with spiritual values and a heart for missions. Parents of interested girls please contact us at **rblap@yahoo.com**

SEEKING BRIDEGROOM CONTD.....

Visit Our Website:
www.keralaexpress.com
for Matrimonial Advt.

കെ.ആർ. വിശ്വനാഥൻ

വള്ളികുന്നം: കയർ ബോർഡ് റിട്ട. ഉദ്യോഗസ്ഥൻ ഇലിപ്പക്കുളം പൂനാട് കാട്ടുത്തറ ആമ്പാടിയിൽ കെ.ആർ. വിശ്വനാഥൻ (81) അന്തരിച്ചു. ഭാര്യ ജി. കനകമ്മ. മക്കൾ: ഷിബു വിശ്വനാഥ്, ഷീന വിശ്വനാഥ് (യുഎസ്). മരുമക്കൾ: ഡോ. നാദിയ സി. രാജ് (അസി. പ്രഫ. എസ്. എൻ. കോളജ് കുമരകം), ജെ. രഞ്ജിത്ത് (യുഎസ്).

ആനി ചെറിയാൻ

പെരിങ്ങര: കുവൈറ്റ് ആരോഗ്യമന്ത്രാലയം റിട്ട. ജീവനക്കാരി പുലിപ്ര ആനി ചെറിയാൻ (88) അന്തരിച്ചു. കോട്ടയം മണിയാംകുളം കുടുംബാംഗമാണ്. ഭർത്താവ് പി.സി. ചെറിയാൻ. മക്കൾ: ഷൈനു (ദുബായ്), ബിന്ദു (യുഎസ്), മോൻസി (ആഫ്രിക്ക), പ്രീമ (മസ്കറ്റ്). മരുമക്കൾ: സിബി, ബിനു, അൻപു, ഫിലിപ്പ്.


കെ.എം. ഏലിയാമ്മ

പുതുപ്പള്ളി: എം.ഡി. സെമിനാരി സ്കൂൾ റിട്ട. അദ്ധ്യാപിക വലിയ കിഴക്കേക്കരയിലായ മാടയ്ക്കൽ കെ.എം. ഏലിയാമ്മ (കൊച്ചേലിയാമ്മ-92) അന്തരിച്ചു. തോട്ടയ്ക്കാട് ഓലിക്കര കുടുംബാംഗമാണ്. ഭർത്താവ് പരേതനായ എം.കെ. ജോസഫ്. മക്കൾ: സുജ ഏബ്രഹാം, സുമ ജോൺസ് (യുഎസ്), സുരേഷ് ജോസഫ്. മരുമക്കൾ: ഏബ്രഹാം ഈപ്പൻ പുള്ളോലിക്കൽ തോട്ടയ്ക്കാട്, ജോൺസ് ഇട്ടി ചെറുശ്ശേരിൽ (യുഎസ്), ലിനു മേരി മാത്യു എണ്ണശ്ശേരിൽ (ടീച്ചർ ജറുസലേം മൗണ്ട്, വാകത്താനം).

തിരുവനന്തപുരം: നടൻ കൊട്ടാരക്കര ശ്രീധരൻ നായരുടെ മകൾ ജയശ്രീ രവീന്ദ്രൻ (80) വെഞ്ഞാറമ്മൂട്ടിൽ മകന്റെ വസതിയിൽ അന്തരിച്ചു.

നട്ടാശേരി: സംസ്ഥാന ഫുട്ബോൾ റഫറിയായിരുന്ന കിഴക്കേ ഇടാട്ട് വീട്ടിൽ എ.പി. ബാബു (59) അന്തരിച്ചു.

തോമസ് മത്തായി



ഹൂസ്റ്റൺ: റാന്നി കൊറ്റനാട് കണ്ടൻപേരൂർ കോട്ടയിൽ തോമസ് മത്തായി (കുഞ്ഞുമോൻ-80) ഹൂസ്റ്റണിൽ അന്തരിച്ചു. പരേതരായ കോട്ടയിൽ മത്തായി തോമസിന്റെയും അന്നാമ്മയുടെയും മകനാണ്. ഭാര്യ പരേതയായ എലിസബത്ത് മത്തായി (ബേബി മൂലയിൽ പുതുപ്പള്ളി കോട്ടയം). മക്കൾ: ബിൻസി, ബെൻസൺ. മരുമകൾ: ജെനി. സഹോദരങ്ങൾ: മറിയാമ്മ ചെറിയാൻ (മേരി), അന്ന വർഗീസ് (അമ്മിണി), ദീന ജോസഫ് (മോളി), ഗ്രേസി ജോർജ്.

വെണ്ണിക്കുളം: സെന്റ് ബഹനാൻസ് ഹയർ സെക്കൻഡറി സ്കൂൾ റിട്ട. അദ്ധ്യാപിക കൂടത്തുമുറിയിൽ സാറാമ്മ ഉമ്മൻ (അമ്മിണി-99) അന്തരിച്ചു.

കോട്ടയം -മുട്ടമ്പലം: അടിമാലി കൊരങ്ങാടി ട്രൈബൽ യുപി സ്കൂൾ, കോത്തല വിഎച്ച്എസ്എസ് എന്നീ സ്കൂളുകളിൽ അദ്ധ്യാപികയായിരുന്ന കൊല്ലംകുന്നേൽ മേരി ടിറ്റർ (76) അന്തരിച്ചു.

വി.ഐ.അലക്സാണ്ടർ

നെടിയശാല: കെഎസ് ആർടിസി റിട്ട. എടിഒ വെള്ളരിങ്ങാട്ട് വി.ഐ. അലക്സാണ്ടർ (ഫാൻസി-78) അന്തരിച്ചു. ഭാര്യ മേരിലാൻഡ് വടക്കേടത്ത് മേരിക്കുട്ടി. മക്കൾ: ദീപ, നിഷ (യുഎസ്). മരുമകൻ: ജെയിംസ് മണ്ഡപത്തിൽ.

മാരാമൺ: പാലക്കുന്നത്ത് പുള്ളിയേലിമണ്ണിൽ ഫിലിപ്പ് ബെഞ്ചമിൻ (കൊച്ചുമോൻ-75) അന്തരിച്ചു.

ടി.കെ. ഏബ്രഹാം

നെല്ലിമല: എണ്ണിക്കാട് തയ്യിൽ ടി.കെ. ഏബ്രഹാം (ബേബി-88) അന്തരിച്ചു. ഭാര്യ കുറിച്ചി മഠത്തിപറമ്പിൽ പരേതയായ അന്നമ്മ ഏബ്രഹാം. മക്കൾ: കുര്യൻ ഏബ്രഹാം (റിട്ട. ചീഫ് കൺട്രോളർ സെൻട്രൽ റെയിൽവേ), റീനാമ്മ ഏബ്രഹാം, റൂബി ഏബ്രഹാം, റോയി ഏബ്രഹാം (ഇരുവരും യുഎസ്). മരുമക്കൾ: മംഗലത്ത് തുണ്ടിയിൽ മറിയാമ്മ കുര്യൻ (റിട്ട. അദ്ധ്യാപിക), സാബു പുന്നൂസ് കണ്ണാലിൽ, വി.എ. ഏബ്രഹാം വടക്കേമണ്ണിൽ, ലിജി ഏബ്രഹാം വിളയിൽ (ഇരുവരും യുഎസ്).

എ.പി. ഗീവർഗീസ്

കുറുപ്പംപടി: കെഎസ്ആർടിസി റിട്ട. ഉദ്യോഗസ്ഥൻ ഇരിങ്ങോൾ എമ്പാശ്ശേരി എ.പി. ഗീവർഗീസ് (84) അന്തരിച്ചു. ഭാര്യ പരേതയായ സി.എം. മേരി (റിട്ട. അദ്ധ്യാപിക). മക്കൾ: ജോഷി വർഗീസ് (യുഎസ്), ഷൈനി വർഗീസ് (സെ. തെരേസാസ് കോളജ് എറണാകുളം). മരുമക്കൾ: അനു (യുഎസ്), ബിനോ ജോൺ അങ്കമാലി.

ഏലിക്കുട്ടി ഉമ്മൻ



ഡാളസ്: ഗാർലൻഡിലെ ക്രിസ്ത്യൻ അസംബ്ലി അംഗമായ ഏലിക്കുട്ടി ഉമ്മൻ (ഓമന-75) അന്തരിച്ചു. ഇലന്തൂർ തോമ്പിൽ വടക്കേതിൽ കുടുംബാംഗമാണ്. ഇലന്തൂർ പരിയാരം ബ്രദറൺ അസംബ്ലി അംഗമായിരുന്ന അവർ സൺഡേ സ്കൂൾ അദ്ധ്യാപികയായും മറ്റു വിവിധ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. കൊട്ടാരക്കര വിലങ്ങറ എൻഎം എൽപിഎസ് അദ്ധ്യാപികയായിരുന്നു. ഭർത്താവ്: പരേതനായ ഗീവർഗീസ് ഉമ്മൻ. മക്കൾ: ബിനോയ് ഉമ്മൻ, ബീന ഉമ്മൻ.

ഗീതാകൃഷ്ണൻ നായർ

കോത്തല: ഗീതാഭവനിൽ ഗീതാകൃഷ്ണൻ നായർ (68) അന്തരിച്ചു. ഭാര്യ വെള്ളൂർ കളപ്പുരക്കുന്നേൽ ഗിരിജാമണി. മക്കൾ: ഹരീഷ് ജി. നായർ (യുഎസ്), ഹരിത ജി. നായർ. മരുമകൾ: അപർണ ഹരീഷ് (യുഎസ്).

വാഴവര: ചോങ്കരയിൽ ത്രേസ്യാമ്മ ജോസഫ് (അച്ചാമ്മ-83) അന്തരിച്ചു.

തൃക്കാക്കര: സിഎംസി വിമല ഭവൻകോൺവന്റ് അംഗം സിസ്റ്റർ ക്രിസ്റ്റി (92) അന്തരിച്ചു.

തോമസ് കെ. ഫിലിപ്പ്



ന്യൂയോർക്ക്: തിരുവല്ല സ്വദേശിയും വൈറ്റ്പ്ലെയിൻസിൽ താമസക്കാരനുമായിരുന്ന തോമസ് കെ. ഫിലിപ്പ് (സണ്ണി-70) അന്തരിച്ചു. കാവുംഭാഗം കല്ലറയ്ക്കൽ കെ.ഐ. തോമസിന്റെ (ഉമ്മച്ചൻ)യും സാറാമ്മ തോമസിന്റെയും മകനാണ്. ഭാര്യ റെജി (രജനി). മക്കൾ: സാറാ, സഞ്ജു, സച്ചിൻ. മരുമകൻ: മിഥുൻ. സഹോദരങ്ങൾ: കെ.റ്റി. ഇടിക്കുള, കെ.റ്റി. ഐസക്, പരേതയായ മറിയാമ്മ തോമസ്, ആനി ഏബ്രഹാം, ഗ്രേസ് മാത്യു, രാജൻ കല്ലറയ്ക്കൽ.

തോമസ് ജോസഫ്

ചങ്ങനാശേരി: കടമാൻചിറ ചെരിവുപറമ്പിൽ തോമസ് ജോസഫ് (ജോസുകുട്ടി-81) അന്തരിച്ചു. ഭാര്യ കുറുമ്പനാടം ഓവേലിൽ മറിയാമ്മ ജോസ്. മക്കൾ: ജോബി ജോസഫ്, ജെമി ഏബ്രഹാം (ഇരുവരും യുഎസ്). മരുമക്കൾ: ബ്ലിസ് ഏബ്രഹാം പാലമൂട്ടിൽ കുന്നന്താനം, ഡാനിയ മാത്യൂസ് തുരുത്തിമറ്റം ഇത്തിത്താനം (ഇരുവരും യുഎസ്).

ചെല്ലമ്മ ജേക്കബ്

മാവേലിക്കര: തഴക്കര എംഎസ്എസ് ഹൈസ്കൂൾ റിട്ട. പ്രധാനാദ്ധ്യാപിക കണ്ണാട്ടുമോടിയിൽ നിഷാന്തിൽ ചെല്ലമ്മ ജേക്കബ് (84) അന്തരിച്ചു. ഭർത്താവ് പരേതനായ ടി. ജേക്കബ്. മക്കൾ: തോമസ് ജേക്കബ് (റിട്ട. ന്യൂസ് എഡിറ്റർ ദ ഹിന്ദു), മിനി ജേക്കബ്, ഷൈനി സജു മോൻ (ഇരുവരും (ന്യൂയോർക്ക്). മരുമക്കൾ: മറിയാമ്മ തോമസ് (റിട്ട. അദ്ധ്യാപിക, തിരുവനന്തപുരം ക്രൈസ്റ്റ്നഗർ സ്കൂൾ), ജോൺ സി. ജേക്കബ്, ജോയ് സജുമോൻ (ഇരുവരും ന്യൂയോർക്ക്).

പുതുപ്പള്ളി: കുമരംകോട് മൈലക്കാട്ട് പരേതനായ എം. വർഗീസിന്റെ ഭാര്യ ഏലിയാമ്മ വർഗീസ് (കുഞ്ഞൂഞ്ഞമ്മ-90) അന്തരിച്ചു.

സൂസൻ കുരുവിള

മാങ്ങാനം: വലിയകിഴക്കേകരയിലായ പുതുപ്പള്ളി വലിയപറമ്പിൽ കെ.ടി. കുരുവിളയുടെ ഭാര്യ സൂസൻ കുരുവിള (79) അന്തരിച്ചു. പള്ളം കാക്കനാട് കുടുംബാംഗമാണ്. മക്കൾ: ബിൻസി കുരുവിള (ആൻഡമാൻ), ബിന്നി കുരുവിള (യുഎസ്). മരുമക്കൾ: ഷിജു ചെറിയാൻ ഗ്രേസ്നിലയം (ചാത്തന്നൂർ), വിനീത ബിന്നി മേലേടത്ത് (യുഎസ്).

തങ്കമ്മ ആൻഡ്രൂസ്

കോട്ടയം: കാരാപ്പുഴ ഗവ. നേഴ്സറി സ്കൂൾ മുൻ അദ്ധ്യാപിക ഇട്ടിയേക്കാട്ട് തങ്കമ്മ ആൻഡ്രൂസ് (94) അന്തരിച്ചു. ഭർത്താവ് കാരാപ്പുഴ ഹൈസ്കൂൾ റിട്ട. അദ്ധ്യാപകൻ ഇ.വി. ആൻഡ്രൂസ്. മക്കൾ: അനിൽ, നിമി, മിനി (വാകത്താനം). മരുമക്കൾ: ബിജു ഉലഹന്നാൻ, ഇലവക്കോട്ടയിൽ (വാകത്താനം), ഡോ. ഏബ്രഹാം മാത്യു (യുഎസ്).

വടശേരിക്കര: ഇഞ്ചക്കലോടിക്കൽ കെ.എം. മാത്യു (രാജു-89) അന്തരിച്ചു.

പുതുപ്പള്ളി: കൊച്ചാലുമ്മൂട് പാഴുച്ചേരിൽ രാമചന്ദ്രൻ (71) അന്തരിച്ചു.

അച്ചാമ്മ ജോയ്കുട്ടി



ഡാളസ്: ഒക്കലഹോമ സെ. തോമസ് ഓർത്തഡോക്സ് ഇടവകാംഗമായ അച്ചാമ്മ ജോയ്കുട്ടി (88) ഡാളസിൽ മകൾ ഡോ. ജെസിയുടെ ഭവനത്തിൽ അന്തരിച്ചു. കാരിച്ചാൽ ആലമ്പള്ളിൽ പരേതനായ ചാണ്ടി മത്തായിയുടെയും റൂത്ത് ചാണ്ടിയുടെയും മകളാണ്. മറ്റ് മക്കൾ: ജോസ്, ജിജു. മരുമക്കൾ: ഷിജി, ദിവ്യ.

വെട്ടിമുകൾ: വെള്ളാപ്പള്ളിൽ ദേവസ്യ ജോസഫിന്റെ ഭാര്യ ഏലിക്കുട്ടി ബാബു (72) അന്തരിച്ചു.

ചങ്ങനാശേരി: കാക്കാംതോട് തുണ്ടിപറമ്പിൽ പരേതനായ പോൾ കൊയ്ലോയുടെ ഭാര്യ റോസമ്മ പോൾ (82) അന്തരിച്ചു.

ഏറ്റുമാനൂർ: ചിറയിൽ തോപ്പിൽ മജിസ്ട്രേട്ട് കോടതി റിട്ട. സീനിയർ സൂപ്രണ്ട് എൻ. നാണു (88) അന്തരിച്ചു.

കോഴഞ്ചേരി: മുത്തൂറ്റ് ജയന്തി ചെറിയാൻ (87) അന്തരിച്ചു.

ടി.പി. ഫിലിപ്പ്

റാന്നി: കുവൈറ്റ് മിനിസ്ട്രി ഓഫ് ഡിഫൻസ് ഉദ്യോഗസ്ഥനും കേരള കോൺഗ്രസ് ജോസഫ് ഗ്രൂപ്പ് സംസ്ഥാന എക്സിക്യൂട്ടീവ് അംഗവുമായ ചെത്തോങ്കര തടത്തിൽ ടി.പി. ഫിലിപ്പ് (രാജൻ-74) അന്തരിച്ചു. കുമ്പനാട് ഫെലോഷിപ്പ് ആശുപത്രി അഡ്മിനിസ്ട്രേറ്റർ, റാന്നി എസ്സിഎച്ച്എസ് മാനേജിങ് ബോർഡ് സെക്രട്ടറി എന്നീ നിലകളിൽ പരേതൻ പ്രവർത്തിച്ചിട്ടുണ്ട്. ഭാര്യ മല്ലപ്പള്ളി മേത്രയിൽ പരേതയായ അന്നമ്മ ഫിലിപ്പ്. മക്കൾ: രേഖ (യുഎസ്), റെജി, റിബു (ഇരുവരും കുവൈറ്റ്). മരുമക്കൾ: സില്ല, ആശ.

തൊടുപുഴ: സിസ്റ്റേഴ്സ് ഓഫ് ഡെസ്റ്റിറ്റ്യൂട്ട് കോതമംഗലം സെ. വിൻസന്റ് പ്രോവിൻസ് അംഗം സിസ്റ്റർ ലൂഡ്വിന (ത്രേസ്യാക്കുട്ടി-87) അന്തരിച്ചു.

തൃശൂർ: എഴുത്തുകാരൻ, പ്രഭാഷകൻ എന്നീ നിലകളിൽ പ്രേഷിതരംഗത്ത് പതിറ്റാണ്ടുകളായി പ്രവർത്തിച്ച തൃശൂർ പെന്തെക്കോസ്തൽ ദൈവസഭ സീനിയർ ശുശ്രൂഷകനും ഫെലോഷിപ്പ് ഓഫ് ക്രിസ്ത്യൻ ചർച്ച സിന്റെ പ്രസിഡണ്ടുമായിരുന്ന പാസ്റ്റർ ഡേവിഡ് ചുങ്കത്ത് (75) അന്തരിച്ചു.

വി.എം. മത്തായി

നാഗപ്പുഴ: തില്ലങ്കേരി യുപിഎസ് റിട്ട.അദ്ധ്യാപകൻ പത്തകുത്തി വലിയപുത്തൻപുരയിൽ വി.എം. മത്തായി (80) അന്തരിച്ചു. ഭാര്യ പുതുശ്ശേരി മഞ്ഞനാംകുഴി സിസിലിക്കുട്ടി (റിട്ട. അദ്ധ്യാപിക, തില്ലങ്കേരി യുപിഎസ്). മക്കൾ: സിനി (യുഎസ്), സിജി (യുകെ), ടെസ്സി (ജർമ്മനി). മരുമക്കൾ: ദീപക് കൊല്ലം, എറണാകുളം എടപ്പാട്ട് അജേഷ്, എറണാകുളം നിലപ്പന പരേതനായ പ്രതാപ്.

കടവന്ത്ര: ഗിരിധർ ഐ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപക മെഡിക്കൽ ഡയറക്ടർ ഡോ. എ. ഗിരിധറിന്റെ പിതാവ് കെ.ബി. അനന്തരാമൻ (100) അന്തരിച്ചു.

മണർകാട്: ഭിലായ് സ്റ്റീൽ പ്ലാന്റ് റിട്ട.ഉദ്യോഗസ്ഥൻ നടുവിലേടത്തായ കണിയാംപറമ്പിൽ കെ.എം. ഏബ്രഹാം (അവറാച്ചൻ-86) അന്തരിച്ചു.

തോമസ് ജോൺ അന്തരിച്ചു



മാവേലിക്കര: മറ്റം പുതിയോട്ട് ജോൺ വില്ലയിൽ തോമസ് ജോൺ (96) യോങ്കേഴ്സിൽ അന്തരിച്ചു. കോളജ് വിദ്യാഭ്യാസത്തിനുശേഷം ബോംബെയിൽ ജോലി ചെയ്യുകയും പിന്നീട് അമേരിക്കയിലേക്ക് കുടിയേറുകയും ചെയ്തു. ദീർഘകാലം ന്യൂയോർക്ക് സിറ്റി സബ് വേയിൽ ജോലി ചെയ്തശേഷം വിരമിച്ച് വിശ്രമജീവിതം നയിച്ചുവരികയായിരുന്നു. ബ്രോങ്ക്സിലെ സെ. മേരീസ് ഓർത്തഡോക്സ് ഇടവകാംഗമാണ്. ഭാര്യ: ചെങ്ങന്നൂർ ചെപ്പാലത്തറ പൂവത്തൂർ മേരിക്കുട്ടി ജോൺ. മക്കൾ: ലൈല ജോൺ, അലക്സി ജോൺ, സാം ജോൺ. മരുമക്കൾ: തോമസ് എം. ജോർജ്, ഡോ. ലളിത ജോൺ, സൂസൻ ജോൺ.

സംസ്കാര ശുശ്രൂഷകൾ നവംബർ 9-ന് തിങ്കളാഴ്ച രാവിലെ 8.30 മുതൽ 10.30 വരെ ബ്രോങ്ക്സിലെ സെ. മേരീസ് ഓർത്തഡോക്സ് ദേവാലയത്തിൽ വെച്ച് നടത്തപ്പെടുന്നതാണ്. തുടർന്ന് ന്യൂയോർക്കിലെ മൗണ്ട് ഹോപ്പ് സെമിത്തേരിയിൽ (50 ജാക്സൺ അവന്യൂ ഹേസ്റ്റിംഗ്സ്-ഓൺ-ഹഡ്സൺ, ന്യൂയോർക്ക്) സംസ്കാരം നടത്തപ്പെടും.

ഏലിയാമ്മ കുരുവിള അന്തരിച്ചു



ഹൂസ്റ്റൺ: ഹൂസ്റ്റൺ ഫുൾ ഗോസ്പൽ ചർച്ച് ഓഫ് ഗോഡ് സഭയുടെ സ്ഥാപകരിലൊരാളായിരുന്ന പരേതനായ പാസ്റ്റർ പി. എം. കുരുവിളയുടെ ഭാര്യ ഏലിയാമ്മ കുരുവിള (92) അന്തരിച്ചു. മല്ലപ്പള്ളി പണിക്കമുറി കുടുംബാംഗമാണ്. മകൾ: ജോളി. മരുമകൻ ബിജോയ് ജോസഫ്. ഹോംഗോയിങ് സർവീസ് 9-ന് തിങ്കളാഴ്ച രാവിലെ 10-ന് ഹൂസ്റ്റണിലെ ഐപിസി ഹെബ്രോൻ ചർച്ചിൽ (IPC Hebron Houston, 4660 S. Sam Houston Pkwy E. Houston TX 77048) തുടർന്ന് ഒരു മണിക്ക് സൗത്ത് പാർക്ക് ഫ്യൂണറൽ ഹോം ആൻഡ് സെമിത്തേരിയിൽ (South Park Funeral Home & Cemetery, 1310 N. Main St., Pearland TX 77581) സംസ്കാരശുശ്രൂഷകളും നടക്കും.

ന്യൂയോർക്കിൽ ബേബിസിറ്ററെ ആവശ്യമുണ്ട്

ന്യൂയോർക്ക് സിറ്റിയിൽ നിന്ന് നാല് മണിക്കൂർ അകലെയുള്ള അപ്സ്റ്റേറ്റ് ന്യൂയോർക്കിൽ പാചകത്തിനും സ്കൂളിനു ശേഷമുള്ള കുട്ടികളുടെ പരിചരണത്തിനുമായി വീട്ടിൽ താമസിച്ച് സഹായിക്കുന്ന ഒരാളെ ആവശ്യമുണ്ട്.

ബന്ധപ്പെടുക: (607) 216-2574, (318) 655-5140

E-mail: john.ajit93@gmail.com

PRIME KERALA INVESTMENT OPPORTUNITY FOR NRIs

1 Acre Property with House for Sale in Ettumanoor, Kerala

This is the right time to invest in Kerala real estate while property prices are still attractive. Experts expect strong appreciation in the coming years, making this an excellent long-term investment opportunity for NRIs.

Property Highlights

- 1 Acre land witha house
- Prime location in Ettumanoor
- Panchayat tarred road access on both sides
- Plenty of natural water within the property
- Ideal for farming, fruit trees, farmhouse, or peaceful retirement living
- Schools, churches, hospitals, and town facilities nearby
- Excellent appreciation potential over the next 5–6 years

Invest today — enjoy nature, peace, and future financial growth.

Serious Buyers / Investors Only

Investment Starting from Rs. 1.2 Crore

USA: +1 630 903 7680

USA: +1 630 728 7956

INDIA: +91 94961 15802

Direct Owner Sale

Part transaction can be arranged in foreign currency.

LIVE-IN CAREGIVER NEEDED – DETROIT

An 86-year-old elderly lady Malayalam speaking in Detroit, who is fully wheelchair-dependent, is looking for a live-in caregiver from January 1st 2027.

Duties include:

* Assistance with daily activities
* Light cooking
* General caregiving and companionship

If you are interested or know someone who may be interested, please contact.

Joji Varughese

586-610-9932

LIVE-IN CAREGIVER NEEDED – ELMHURST, ILLINOIS

Seeking a compassionate and dependable live-in caregiver for an elderly gentleman with Parkinson's disease.

Responsibilities include assistance with personal care, bathing, dressing, grooming, feeding, transfers, mobility, medication reminders, meal preparation, and light housekeeping.

Previous caregiving experience is preferred but not required. Training will be provided.

If interested, please contact:

Gisha Abraham

Phone/Text: (847) 477-1202

Email: gisham26@gmail.com

ഉപകാരസ്മരണ



വി. യൂദാശ്ലീഹായുടെ നൊവേന

മിശിഹായുടെ സ്നേഹിതനും വിശ്വസ്തദാസനുമായ വി. യൂദാശ്ലീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം

Inserted by: Firm Believer, Florida

ഉപകാരസ്മരണ



വി. യൂദാശ്ലീഹായുടെ നൊവേന

മിശിഹായുടെ സ്നേഹിതനും വിശ്വസ്തദാസനുമായ വി. യൂദാശ്ലീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം

Inserted by: Firm Believer, Florida

Favors Received



Inserted by: Firm Believer, Bloomingdale

Favors Received



Inserted by: Firm Believer, Bloomingdale



ജോ പോളിന്റെ പാട്ട് വിശേഷങ്ങൾ



കീൻ സിനിമയിലെ 'പൊടിപാറണ തേരാണെ' മുതൽ വിസ്മയ മോഹൻലാലിന്റെ 'തുടക്കത്തിലെ' 'തളിരോമലെ' വരെ മലയാളത്തിന്റെ നൂറ്റിയിരുപതിലധികം ഗാനങ്ങൾ പിറന്നതു 'വർക്ക് ഫ്രം ഹോം' വഴിയാണെന്നു പറഞ്ഞാൽ വിശ്വസിക്കുമോ? സംവിധായകനെയോ സംഗീത സംവിധായകനെയോ നേരിട്ടു കാണാതെ വാട്സാപ് ഗ്രൂപ്പ് ചാറ്റുകളിലൂടെയും സൂം കോളുകളിലൂടെയും ട്യൂൺ കേട്ട് എഴുതിയ വരികളിലൂടെയാണ് ഈ പാട്ടുകൾക്കെല്ലാം ജീവൻ വെച്ചത്. അതിരുകളില്ലാത്ത ഡിജിറ്റൽ ലോകത്തു പാട്ടുകൾ പിറക്കാൻ ദൂരമൊരു പ്രശ്നമല്ലെന്നതിനു തെളിവാണ് അമേരിക്കൻ മലയാളിയായ ജോ പോളിന്റെ ഗാനരചയിതാവായുള്ള ജീവിതം.

ഡാളസിലെ ഐടി കമ്പനിയിൽ എച്ച്ആർ കൺസൾട്ടന്റായി ജോലി ചെയ്യുമ്പോഴും ജോയുടെ മനസ്സിൽ നിറയെ മലയാള സിനിമയും പാട്ടുകളുമാണ്. 'ഇഷ്ക്' എന്ന ചിത്രത്തിലെ 'പറയുവാൻ ഇതാദ്യമായി...', ഡിയർ കോമ്രേഡിലെ 'മധുപോലെ പെയ്ത മഴയേ...' കിങ് ഓഫ് കൊത്തയിലെ 'കലാപക്കാരാ...' തുടങ്ങിയ ഹിറ്റുകൾ എഴുതിയത് അമേരിക്കയിൽനിന്നാണ്. '2018', 'സൗദി വെള്ളക്ക', 'ഓപ്പറേഷൻ ജാവ', 'മേപ്പടിയാൻ', 'ജനഗണമന', 'ഓഫീസർ ഓൺ ഡ്യൂട്ടി' എന്നിങ്ങനെ അൻപതോളം ചിത്രങ്ങൾക്കായാണ് ജോ ഇതുവരെ പാട്ടുകളെഴുതിയത്.

നൂറുപേജിന്റെ വരയിട്ട നോട്ട്ബുക്കിൽ നിറയെ കുറിച്ചിട്ട വരികളുമായി സംഗീത സംവിധായകരുടെ വീടുകളിൽ കയറിയിറങ്ങിയ ഒരു അലച്ചിൽ കാലം ജോയ്ക്ക് ഉണ്ടായിരുന്നു. ചില ഭക്തിഗാനങ്ങൾക്കൊക്കെ വരികളെഴുതിയെങ്കിലും സിനിമയിൽ എത്തിപ്പെടാനാകാതെ തോറ്റ് 2001-ൽ യുഎസിലേക്ക് പ്രവാസത്തിനായി കുടിയേറ്റം. 2004-ൽ 'ഫെയ്സ്ബുക്ക്' തുടങ്ങിയതോടെ അവസരങ്ങളുടെ ഡിജിറ്റൽ ലോകമാണ് ജോയ്ക്കു മുന്നിൽ തുറന്നത്. ആ സമയത്തെ പുതുമുഖ സംഗീത സംവിധായകർക്കെല്ലാം ഫെയ്സ്ബുക് മെസഞ്ചറിലൂടെ സന്ദേശങ്ങളയച്ചായി പിന്നീട് അവസരം തേടൽ. നാട്ടിലെത്തുമ്പോൾ നേരിട്ടും അവസരങ്ങൾ ചോദിച്ചു. ഒടുവിൽ ദുൽഖർ സൽമാൻ ചിത്രമായ 'തീവ്രത്തിന്റെ' സംഗീത സംവിധായകനായ റോബി ഏബ്രഹാം ആദ്യ അവസരം നൽകി. റോബി സംഗീതം ചെയ്ത 'റാസ്പുടിൻ', 'യൂ ടൂ ബ്രൂട്ടസ്' എന്നീ ചിത്രങ്ങളിലൂടെ ജോ പോൾ എന്ന പാട്ടെഴുത്തുകാരൻ മലയാള സിനിമയിൽ തന്റെ 'വർക്ക് ഫ്രം ഹോം' തുടങ്ങി. റാസ്പുടിനിൽ ഒറ്റവരിയുള്ള ഒരു പാട്ടും യൂ ടൂ ബ്രൂട്ടസിൽ എട്ടുവരിയുള്ള ഒരു പാട്ടുമാണ് എഴുതിയത്. എന്നാൽ ഇവ രണ്ടും ശ്രദ്ധിക്കപ്പെട്ടില്ല. 2018-ൽ പുറത്തിറങ്ങിയ 'കീൻ' ആണ് കരിയറിൽ വലിയ വഴിത്തിരിവായത്.

ആദ്യ ചിത്രങ്ങൾക്കു ശേഷവും ഫെയ്സ്ബുക്കിലൂടെയുള്ള 'ചാൻസ് ചോദിക്കൽ' മുടക്കിയില്ല. സംവിധായകൻ ഡിജോ ജോസ് ആന്റണിയാണ് സംഗീത സംവിധായകൻ ജെയ്ക്സ് ബിജോയിയെ പരിചയപ്പെടുത്തിയത്. ജെയ്ക്സിന്റെ ഫെയ്സ്ബുക് ഐഡി മാത്രമാണ് ഡിജോ കൈമാറിയത്. ആദ്യമൊക്കെ മെസഞ്ചറിൽ മറുപടി നൽകിയ ജെയ്ക്സ് പിന്നീട് ഒന്നും പറയാതായപ്പോൾ ടെൻഷനായി. 'നാട്ടിലില്ല അല്ലേ?' എന്നായിരുന്നു അവസാന മെസേജ്. അതോടെ വീണ്ടും ഡിജോയെ വിളിച്ചു. ഡിജോ ജെയ്ക്സുമായി സംസാരിച്ചു. വീണ്ടും ചാറ്റ് ഓണായി. കീനിലെ 'സാറേ ഞങ്ങളിങ്ങനാ...' എന്നതായിരുന്നു ആദ്യമെഴുതിയ പാട്ട്. കീനിലെ ഗാനങ്ങൾ ഹിറ്റായതോടെ കൂടുതൽ അവസരങ്ങൾ തേടിയെത്തി. തുടർന്നു ജെയ്ക്സുമായുള്ള കൂട്ടുകെട്ടിൽ പിറന്ന രണം, ഇഷ്ക്, കൽക്കി, പൊറിഞ്ചു മറിയം ജോസ് എന്നിവയെല്ലാം ഹിറ്റ് ചാർട്ടിൽ ഇടം നേടി.

സാറാസ് എന്ന ചിത്രത്തിലാണ് ജൂഡ് ആന്റണി ജോസഫിനൊപ്പം പാട്ടെഴുത്ത് തുടങ്ങിയത്. 2018-ലെ പാട്ടുകൾ വളരെ ശ്രദ്ധിക്കപ്പെട്ടു. ജൂഡാണ് പാട്ടിന്റെ സന്ദർഭവും കഥയുമെല്ലാം പറഞ്ഞു കൊടുക്കുന്നത്. വാട്സാപ്പിലൂടെയാണ് ചർച്ചകളെല്ലാം 2018-ന്റെ സംഗീത സംവിധായകൻ നോബിൻ പോളിനെ പരിചയപ്പെടുന്നത് പാട്ടുകളെല്ലാം റിലീസായി ഹിറ്റടിച്ച ശേഷമാണ്. പിന്നീട് ജൂഡ് 'തുടക്കം' സിനിമയിലേക്കു വിളിച്ചപ്പോഴും പാട്ടെഴുത്ത് വർക്ക് ഫ്രം ഹോമായിരുന്നു. 'തളിരോമലെ' എന്ന പാട്ടു ചിത്രചേച്ചിയാണ് പാടുന്നതെന്നു മുൻപേ പറഞ്ഞിരുന്നതിനാൽ ആ ശബ്ദത്തിലാണ് വരികളും മനസ്സിൽ രൂപപ്പെട്ടത്.

ഓരോ പാട്ടും എഴുതിക്കഴിഞ്ഞു ഭാര്യ ധന്യ ജോണിനെ വായിച്ചു കേൾപ്പിക്കും. ഗൾഫിൽ ജനിച്ചുവളർന്ന ധന്യയ്ക്കു ചില മലയാളം വാക്കുകൾ മനസ്സിലാകാതെ വരുമ്പോൾ ആ പാട്ട് മുഴുവനായി കഥയടക്കം പറഞ്ഞുകൊടുക്കും. ധന്യയാണ് ആദ്യ അഭിപ്രായം പറയുന്നത്. 'ജനഗണമന', 'മലയാളി ഫ്രം ഇന്ത്യ' തുടങ്ങിയ സിനിമകളിലെ ഹിന്ദി വരികളുള്ള പാട്ടുകളെഴുതാൻ ധന്യയുടെ ഹിന്ദി അറിവും സഹായിച്ചു. മക്കളായ സാമുവൽ, ഐസേയ എന്നിവരും സംഗീതത്തിൽ താൽപര്യമുള്ളവരാണ്. സൈജു കുറുപ്പിന്റെ 'ആരം' സിനിമയിലെ പാട്ടുകളാണ് ജോയുടേതായി ഒടുവിൽ പുറത്തിറങ്ങിയത്.

കാത്തുസൂക്ഷിച്ചൊരു കസ്തൂരി മാമ്പഴം

പുതുമുഖങ്ങൾക്കു പ്രാധാന്യം നൽകി സുരേഷ് മച്ചാട് സംവിധാനംചെയ്യുന്ന 'കാത്തുസൂക്ഷിച്ചൊരു കസ്തൂരി മാമ്പഴം' എന്ന സിനിമയുടെ പൂജ നടന്നു. എസ്.എസ്.എസ്. ഫിലിം കമ്പനിയുടെ ബാനറിൽ സുധീർ അമ്മാനത്ത്, ഷാജു സിയോൺ എന്നിവരാണു നിർമാണം.

നടൻ ടി.ജി. രവി ഭദ്രദീപം തെളിയിച്ചു. വയലാർ രാമവർമ എഴുതിയ, ഇതുവരെ ഈണം പകരാത്ത മനോഹര ഗാനം വിദ്യാധരൻ മാസ്റ്ററുടെ സംഗീതത്തിൽ ഈ ചിത്രത്തിലൂടെ അവതരിപ്പിക്കുന്നു. ആലാപനം കെ.കെ. നിഷാദ്. നായിക അഥീന സുനിൽ. തിരക്കഥ-എസ്. ശ്രീകുമാർ, പി. രഘുനാഥ്, പ്രൊഡക്ഷൻ കൺട്രോളർ-മുരളി ഗുരുവായൂർ.



വേറെ ഒരു കേസ്

പതിവ് പോലീസ് സിനിമകളുടെ ആഖ്യാനരീതികളിൽനിന്നുമാറി, ഒരു പോലീസ് സ്റ്റേഷനിലെ സി.ഐയുടെ മുറിയിൽമാത്രം കഥ വികസിക്കുന്ന പരീക്ഷണചിത്രവുമായി സംവിധായകൻ ഷെബി ചൗഘട്ട്. സാമൂഹികപ്രസക്തിയുള്ള പ്രമേയങ്ങൾക്കും വ്യത്യസ്തമായ ആഖ്യാനശൈലിക്കും ശ്രദ്ധേയനായ അദ്ദേഹത്തിന്റെ പുതിയ ചിത്രമാണ് 'വേറെ ഒരു കേസ്'. ഗുരുവായൂർ സ്വദേശി ഫുവാദ് പനങ്ങായിയാണ് ചിത്രം നിർമിക്കുന്നത്. തിരുവനന്തപുരത്ത് ചിത്രീകരണം പൂർത്തിയാക്കിയ ചിത്രത്തിന്റെ കഥയ്ക്ക് ചാവക്കാട് പോലീസ് സ്റ്റേഷനിലെ യഥാർത്ഥ അനുഭവങ്ങളും സമകാലിക സംഭവങ്ങളുമാണ് പ്രചോദനമായതെന്ന് സംവിധായകൻ പറയുന്നു. സാധാരണ സിനിമകളിൽനിന്ന് വ്യത്യസ്തമാണ് യഥാർത്ഥ പോലീസ് സ്റ്റേഷനുകളിലെ അനുഭവങ്ങളെന്നും അവിടെനടന്ന ചില സംഭവങ്ങളും നിത്യജീവിതത്തിൽ കാണുന്ന വിഷയങ്ങളും കൂട്ടിച്ചേർത്താണ് ചിത്രത്തിന്റെ ആശയം രൂപപ്പെട്ടതെന്നും അദ്ദേഹം വ്യക്തമാക്കി. കഥയ്ക്ക് തിരക്കഥയും സംഭാഷണങ്ങളും ഒരുക്കിയത് ഹരീഷ് വി.എസാണ്. രാജ്യാന്തര ചലച്ചിത്രമേളകളിലും ശ്രദ്ധനേടിയ ചിത്രം രാജസ്ഥാൻ ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവലിൽ മികച്ച കഥയ്ക്കുള്ള പുരസ്കാരം നേടി.





അതുല്യനടൻ കൊട്ടാരക്കര ശ്രീധരൻ നായർ വിടവാങ്ങിയിട്ട് ഒക്ടോബർ 19-ന് 40 വർഷം

അതുല്യനടൻ കൊട്ടാരക്കര ശ്രീധരൻ ചെമ്പൻകുഞ്ഞായി മാറിയപ്പോൾ

അഭിനയം പഠിക്കുന്നവർ മനഃപാഠമാക്കേണ്ട ഒന്നാണ് 'ചെമ്മീനി'ലെ ചെമ്പൻകുഞ്ഞായുള്ള കൊട്ടാരക്കര ശ്രീധരൻ നായരുടെ പരകായപ്രവേശം. ഒരു മനുഷ്യന്റെ ആഗ്രഹവും ആർത്തിയും പണക്കൊതിയും പതനവും എങ്ങനെയാണ് പകരം വെക്കാനില്ലാത്ത ഈ നടൻ സ്വാംശീകരിക്കുന്നത് എന്നത് അദ്ഭുതകരമാണ്.

മൂന്നു ഘട്ടങ്ങളുണ്ട് ചെമ്പൻകുഞ്ഞിന്റെ ജീവിതത്തിന്. കടപ്പുറത്തെ ഓലകൾ ദ്രവിച്ച കുടിലിൽ ഇരുന്ന് വല വാങ്ങാനുള്ള പണം പരീക്കുട്ടിയോടു കടം വാങ്ങാൻ ഭാര്യ ചക്കിയോടു പറയുന്ന രംഗം ആദ്യം കാണാം. പരീക്കുട്ടിയിൽനിന്നു വാങ്ങിയ പണംകൊണ്ടുതന്നെ വള്ളം വാങ്ങിയിട്ടുണ്ട്. വലയുംകൂടി ഉണ്ടെങ്കിലേ വള്ളമിറക്കാൻ കഴിയൂ. അതിന്റെ ഒരു ആലോചനയിലാണ് ചെമ്പൻകുഞ്ഞ്. മുണ്ടുമാത്രം ഉടുത്ത് തലയിൽ കൈയും താങ്ങി ഇരിക്കുന്ന പട്ടിണിക്കാരനായ മത്സ്യത്തൊഴിലാളിയെയാണ് നമ്മൾ കാണുന്നത്.

വള്ളം വാങ്ങുന്നതിനു പകരം "ഉള്ള കാശുകൊണ്ട് പെണ്ണിനെ (കറുത്തമ്മ) കെട്ടിക്കാമായിരുന്നു" എന്ന് ചക്കി.

"ഒന്നു പോടീ. വള്ളമായി. ഇനി ഒരു താങ്ങുവലയും മത്തിവലയും വാങ്ങണം" എന്ന് നല്ല തെളിഞ്ഞ മുഖത്തോടെ ചെമ്പൻകുഞ്ഞ്.


വലയ്ക്കുള്ള പണത്തിനു ചെറുക്കനെ (പരീക്കുട്ടി) ഒന്ന് പിടിച്ചാ പറ്റുമെന്നും അയാൾ പറയുന്നുണ്ട്. ഈ രംഗത്തെ ചക്കിയായുള്ള അടൂർ ഭവാനിയുടെ അഭിനയവും അസാമാന്യമാണ്.

പഴയ കാലത്ത് വെറ്റില മുറുക്കുന്ന ഒരു ശൈലിയുണ്ട്. ആ രീതിയിൽ കൊട്ടാരക്കര മുറുക്കാൻകൂട്ട് ചുണ്ടിൻമേൽ ഒന്ന് തേച്ചിട്ട് വായ്ക്കുള്ളിലേക്ക് ഇടുകയാണ്. വർത്തമാനത്തിനിടെ മുറുക്കുന്നവർ ചെയ്യുന്നതുപോലെ ഒരു കാറലുമുണ്ട് (വെറ്റിലനീരും മറ്റും തൊണ്ടയിൽ കുടുങ്ങുമ്പോൾ) ഈ സംസാരത്തിനിടയിൽ പെട്ടെന്ന് ചെമ്പൻ കുഞ്ഞിന്റെ മുഖം മാറുന്നു "അഞ്ഞൂറു രൂപ പരീക്കുട്ടി തരണം" എന്നിങ്ങനെ ഒരു അവകാശം പോലെയായി സംസാരം. ഇതിനിടയിൽ പണത്തിനുവേണ്ടി ചക്കിയെ അയാൾ ഉന്തിത്തള്ളി വിടുന്നു.

ഭർത്താവിന്റെ നിർബന്ധം സഹിക്കവയ്യാതെ കടപ്പുറത്തു പോകുന്ന ചക്കി പരീക്കുട്ടിയിൽനിന്നു പണം വാങ്ങിയാണ് മടങ്ങിവരുന്നത്. പച്ചനോട്ടുകൾ കാണുമ്പോൾ ചെമ്പൻകുഞ്ഞിന്റെ കണ്ണുകൾ തിളങ്ങുന്നു, ആർത്തി പടർന്നുകയറുന്നു. നീ മിടുക്കിയാണ് ചക്കീ എന്നും പലിശ സഹിതം പൈസ താൻ മടക്കി നല്കും എന്നും ചെമ്പൻകുഞ്ഞ് ഉറപ്പു പറയുന്നുമുണ്ട്.

ഇനി രണ്ടാംഘട്ടത്തിലെ ചെമ്പൻകുഞ്ഞിനെ പരിചയപ്പെടാം. കരക്കാർ വള്ളവും വലയും കടലിലിറക്കാൻ സമ്മതിക്കാതെ വരുമ്പോൾ തുറയിലച്ചനെ കാണാൻ പോകുന്ന രംഗത്തെ ചെമ്പൻകുഞ്ഞിനെ ഒന്നു കാണേണ്ടതാണ്.

"പൊറുക്കണം...!" എന്നൊക്കെ പറഞ്ഞ് തുറയിലച്ചന്റെ കാലിൽ വീണ്



മാപ്പപേക്ഷ. സ്വന്തം കാര്യം നേടാൻ എന്തു വേഷപ്പകർച്ചയ്ക്കും അയാൾ തയാറാണ്.

വള്ളത്തിൽ വലയുമായി കടലിലേ

ക്കിറങ്ങുമ്പോൾ മുതൽ ചെമ്പൻകുഞ്ഞിന്റെ മട്ട് തീർത്തും മാറുകയാണ്. പണം വാരിക്കൂട്ടാനുള്ള ഒരു ആവേശത്തിൽ അതുവരെ ഒപ്പം വള്ളത്തിൽ പോയിരുന്ന അച്ചൻകുഞ്ഞിനെ (എസ്. പി. പിള്ള) വരെ തഴയുന്നുണ്ട്. വള്ളം നിറയെ മീനുമായി മടങ്ങിയെത്തുമ്പോഴേക്കും ചെമ്പൻകുഞ്ഞ് ഒരു പുതിയ ആളായി പൂർണമായി മാറിക്കഴിഞ്ഞു.

വള്ളത്തിനടുത്തേക്ക് ഓടിവരുന്ന കുട്ടികളെ "പോയിനടീ..." എന്നു പറഞ്ഞ് ആട്ടിയോടിക്കുന്നു. വട്ടിയുമായി മീനെടുക്കാൻ വന്ന ഇളയ മകൾ പഞ്ചമിയെ പിടിച്ച് തള്ളുന്നുമുണ്ട്. വിറളി പിടിച്ചതുപോലെ വള്ളത്തിലെ മീൻ വാരി അങ്ങോട്ടുമിങ്ങോട്ടുമിടുന്ന നേരം ചെമ്പൻ കുഞ്ഞിന്റെ മുഖത്ത് മതിഭ്രമത്തിന്റെ ഒരു മിന്നലാട്ടമുണ്ട്...

ഇതിനിടയിലേക്കാണ് പരീക്കുട്ടി കടന്നുവരുന്നത്. ജന്മശത്രുവിനെ കണ്ടതുപോലെ പെട്ടെന്ന് വള്ളത്തിൽ കയറി പുറം തിരിഞ്ഞിരിക്കുകയാണ് ചെമ്പൻകുഞ്ഞ്.

"മീൻ എനിക്ക് കച്ചവടം ചെയ്യുന്നോ" എന്ന് പരീക്കുട്ടി ചോദിക്കുമ്പോൾ "രൊക്കം പൈസയുണ്ടോ" എന്ന് കൈവിരൽകൊണ്ട് ആംഗ്യം കാട്ടി ചെമ്പൻകുഞ്ഞ്. മനുഷ്യന്റെ ഏറ്റവും വലിയ നന്ദികേടിന്റെ മുഖം ഇവിടെ ചെമ്പൻകുഞ്ഞായി മാറുകയാണ്! പല ചലച്ചിത്രഗവേഷകരും എടുത്തുപറയുന്ന കൊട്ടാരക്കരയുടെ അഭിനയമുഹൂർത്തമാണിത്.

പട്ടിണിക്കാരനായ ചെമ്പൻകുഞ്ഞ് പിന്നീട് പുത്തൻ പണക്കാരനായി, പലിശക്കാരനായി കടപ്പുറത്തുകൂടി വിലസുകയാണ്. മഞ്ഞ ഉടുപ്പിട്ട് കയ്യിൽ കാലൻകുടയും ഒക്കെയായി.

സിനിമയുടെ അവസാന രംഗങ്ങളിൽ കൈയിലെ പണം മുഴുവൻ കാറ്റിൽപ്പറത്തി സമനില തെറ്റി നടക്കുന്ന ചെമ്പൻകുഞ്ഞിനെ കാണാം. എല്ലാ ബന്ധനങ്ങൾക്കും കടപ്പാടുകൾക്കും മുകളിൽ പണത്തെ കണ്ട അയാൾ വെറും പേപ്പർതുണ്ടുകൾ പോലെ നോട്ടുകൾ വാരി എറിയുകയാണ്.

കീറിപ്പറിഞ്ഞ ഉടുപ്പും മുണ്ടും ഇട്ട ചെമ്പൻകുഞ്ഞിന്റെ മുഖത്ത് ദേഷ്യവും സങ്കടവും പൊട്ടിത്തെറിയും ചിരിയും മാറിമാറി വരുന്നുണ്ട്. ഭാര്യ ചക്കിയുടെ മരണം, രണ്ടാം വിവാഹത്തിന്റെ പരാജയം, വള്ളം കടലിൽ ഇറക്കാൻ കഴിയാത്തതിന്റെ കൊടിയ നിരാശ, അങ്ങനെ പലതും അയാളുടെ നില തെറ്റിക്കുകയാണ്. ഇതിനിടയിൽ പരീക്കുട്ടിക്കും പണം വാരിക്കൊടുക്കുന്നുണ്ട്.

"നീ നന്നായി വരും. ഞാൻ മുടിഞ്ഞുപോകും" എന്ന് സ്വയം ശപിച്ചുകൊണ്ട് ആടിയാടി അയാൾ കടപ്പുറത്തുകൂടി നടന്നുനീങ്ങുന്നു. ഇത്തരത്തിലെ അഭിനയം കണ്ടിട്ടാവും മാർലൺ ബ്രാൻഡോ തുടങ്ങിയ ലോക ഇതിഹാസങ്ങളേക്കാൾ മുകളിലായി താൻ കൊട്ടാരക്കര ശ്രീധരൻനായരെ കാണുന്നുവെന്ന് സൂപ്പർ സ്റ്റാർ മോഹൻലാൽ പറഞ്ഞത്.

1950-ൽ 'പ്രസന്ന'യിൽ തുടങ്ങിയ അഭിനയജീവിതം. കൊട്ടാരക്കര വിടവാങ്ങിയ 1986-ൽ തന്നെയാണ് അവസാന സിനിമയായ മിഴിനീർപ്പൂവുകൾ റിലീസായത്. അരനാഴികനേരത്തിലെ കുഞ്ഞോനാച്ചൻ, വേലുത്തമ്പി ദളവയിലെ വേലുത്തമ്പി ദളവ, തൊമ്മന്റെ മക്കളിലെ തൊമ്മൻ, കുഞ്ഞാലി മരയ്ക്കാറിലെ കുഞ്ഞാലി മരയ്ക്കാർ, മൈ ഡിയർ കുട്ടിച്ചാത്തനിലെ മന്ത്രവാദി... അങ്ങനെ നീളുന്ന കൊട്ടാരക്കരയുടെ ഓരോ കഥാപാത്രവും പഠനവിധേയമാക്കേണ്ടതാണ്.

ശങ്കരാഭരണവും കല്യാണരാമനും നായകനും വീണ്ടും തിയറ്ററുകളിൽ

റീറിലീസുകൾക്ക് സ്വീകാര്യത കൂടിവരുന്ന കാലത്ത് മൂന്നു ചിത്രങ്ങൾകൂടി തിയറ്ററിലേക്ക്. ഇന്ത്യൻ ക്ലാസിക് ശങ്കരാഭരണം, ദിലീപ് നായകനായ 'കല്യാണരാമൻ', ഇന്ദ്രജിത്ത് സുകുമാരനെ നായകനാക്കി ലിജോ ജോസ് പെല്ലിശ്ശേരി സംവിധാനം ചെയ്ത 'നായകൻ' എന്നിവയാണ് മികച്ച ശബ്ദ-ദൃശ്യ മികവോടെ വീണ്ടുമെത്തുന്നത്.

'ശങ്കരാഭരണം' മലയാളത്തിലും തമിഴിലുമായി ലോകവ്യാപകമായാണ് റീ റിലീസ് ചെയ്യുന്നത്. ചിത്രം 4കെ അൾട്രാ എച്ച്ഡി ദൃശ്യവ്യക്തതയിലും 7.1 സറൗണ്ട് സൗണ്ട് മികവിലുമാണ് എത്തുന്നത്. പുതിയ ഡിജിറ്റൽ പതിപ്പ് ഒരുക്കിയിരിക്കുന്നത് ശ്രീലാൽ ദേവരാജാണ്.

പീപ്പിൾസ് ഫിലിം അക്കാദമിയും ചാനൽ ഫൈവും ചേർന്നാണ് ചിത്രം തിയറ്ററുകളിലെത്തിക്കുന്നത്. കെ. വിശ്വനാഥ് സംവിധാനം ചെയ്ത് 1980-ൽ പുറത്തിറങ്ങിയ 'ശങ്കരാഭരണം' ഇന്ത്യൻ ശാസ്ത്രീയസംഗീതത്തിന്റെ മഹത്വവും കലാകാരന്റെ ജീവിതവും മാനുഷികബന്ധങ്ങളുടെ ആഴവും ഹൃദയസ്പർശിയായി അവതരിപ്പിച്ച ചിത്രമാണ്.

ദിലീപിന്റെ പിറന്നാൾദിനത്തിൽ





കല്യാണരാമൻ റീറിലീസ് പോസ്റ്റർ

പുറത്തുവന്നു. 24 വർഷത്തിനുശേഷമാണ് ചിത്രം വീണ്ടുമെത്തുന്നത്.

ലിജോ ജോസ് പെല്ലിശ്ശേരി സംവിധാനംചെയ്ത ആദ്യചിത്രമാണ് നായകൻ. തന്റെ കുടുംബത്തെ ഇല്ലാതാക്കിയവരോട് പ്രതികാരം ചെയ്യാനെത്തുന്ന, വരദനുണ്ണി എന്ന കഥകളി കലാകാരനെയാണ് ഇന്ദ്രജിത്ത് അവതരിപ്പിച്ചത്.

പതിനാറു വർഷത്തിനുശേഷമാണ് ചിത്രം വീണ്ടുമെത്തുന്നത്.

വനഭൂമിയിലെ വാണിജ്യവിള കൃഷി വനാവകാശമല്ലെന്ന് സുപ്രീംകോടതി

ന്യൂഡൽഹി: വനഭൂമിയിൽ വാണിജ്യവിളകൾ കൃഷി ചെയ്യുന്നത് വനാവകാശമല്ലെന്നും അതിന്റെ പേരിൽ വനമേഖലയിലെ കൈയേറ്റമോ തുടർതാമസമോ ന്യായീകരിക്കാനാകില്ലെന്നും സുപ്രീംകോടതി. തമിഴ്നാട്ടിലെ മേഘമല വനഭൂമി കൈയേറ്റങ്ങളുമായി ബന്ധപ്പെട്ട ഹർജിയിലായിരുന്നു സുപ്രീംകോടതിയുടെ നിരീക്ഷണം. ശ്രീവിള്ളി പുത്തൂർ-മേഘമല കടുവാ സങ്കേതത്തിന്റെയും അഗസ്ത്യമല പരിസ്ഥിതിലോല ഭൂപ്രദേശത്തിന്റെയും ഭാഗമായ മേഘമല വനഭൂമിയിലെ കൈയേറ്റങ്ങളാണ് കോടതി പരിശോധിച്ചത്.

വനമേഖലയിൽ പട്ടുനൂൽ പരുത്തി കൃഷി ചെയ്യുന്നത് പരമ്പരാഗത ചെറുകിട വനവിഭവങ്ങളുടെ ഗണത്തിൽ വരുമെന്ന തമിഴ്നാട് സർക്കാരിന്റെ വാദം കോടതി അംഗീകരിച്ചില്ല. വാണിജ്യവിളകളുടെ ആസൂത്രിത കൃഷി സ്വാഭാവികമായി ലഭിക്കുന്ന വനവിഭവങ്ങളുടെ ആശയത്തിന് വിരുദ്ധമാണ്. വനമേഖലയിൽ ഇത്തരം കൃഷി അനുവദിക്കുന്നത് വനത്തിന്റെ സ്വാഭാവിക സ്വഭാവം തന്നെ മാറ്റുമെന്നും കോടതി നിരീക്ഷിച്ചു.

വനാവകാശ നിയമപ്രകാരമുള്ള അവകാശവാദങ്ങൾ പരിശോധിക്കാൻ സുപ്രീംകോടതി മുൻ ചീഫ് ജസ്റ്റിസ് ബി.ആർ. ഗവായ് അദ്ധ്യക്ഷനായി പ്രത്യേക സമിതിയെയും ജസ്റ്റിസുമാരായ വിക്രംനാഥ്, സന്ദീപ് മേത്ത എന്നിവരടങ്ങിയ ബെഞ്ചും നിയോഗിച്ചു. കേന്ദ്ര എംപവേഡ് കമ്മിറ്റിയിലെ ഒരു ഉദ്യോഗസ്ഥനും തമിഴ്നാട് പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സും സമിതിയിൽ അംഗങ്ങളായിരിക്കും. സമിതി പരിശോധന പൂർത്തിയാക്കി മുദ്രവെച്ച കവറിൽ റിപ്പോർട്ട് കോടതിയിൽ സമർപ്പിക്കണമെന്നും നിർദേശിച്ചു.

വനാവകാശ നിയമപ്രകാരം പട്ടികവർഗ വിഭാഗത്തിൽപ്പെട്ട വനവാസികളും മറ്റു പരമ്പരാഗത വനവാസികളും നിശ്ചിത നിയമവ്യവസ്ഥകൾ പാലിക്കേണ്ടതുണ്ട്. വനമേഖലയിലെ പ്രാഥമിക താമസവും ഉപജീവനത്തിനായി വനഭൂമിയെ ആശ്രയിക്കുന്നതും അതിൽ പ്രധാനമാണ്. മറ്റ് പരമ്പരാഗത വനവാസികളുടെ കാര്യത്തിൽ 2005 ഡിസംബർ 13-നു മുമ്പുള്ള മൂന്ന് തലമുറകളുടെ അഥവാ 75 വർഷത്തെ വനവാസവും തെളിയിക്കണം.

വയനാടിന്റെ ദുഃഖപുത്രി പുതുജീവിതത്തിലേക്ക്; ശ്രുതിക്ക് മംഗല്യം

കൽപ്പറ്റ: വയനാട് മേപ്പാടി പുഞ്ചിരിമട്ടം ഉരുൾദുരന്തത്തിൽ മാതാപിതാക്കളടക്കം കുടുംബത്തിലെ ഒമ്പത് അംഗങ്ങളെയും പിന്നീട് വാഹനാപകടത്തിൽ പ്രതിശ്രുത വരനെയും നഷ്ടമായ ചൂരൽമല സ്വദേശിനി ശ്രുതിക്ക് മംഗല്യം. നവംബർ എട്ടിന് ഞായറാഴ്ച രാവിലെ 6.30-ന് ഗുരുവായൂർ ക്ഷേത്രസന്നിധിയിൽ ശ്രുതിയെ മാനന്തവാടി പെരുവക വലിയപറമ്പത്ത് സന്ദീപ് മിന്നുചാർത്തി ജീവിതസഖിയാക്കി. പെരുവക ശ്രീ മുത്തപ്പൻ ക്ഷേത്രം മാഠാധിപതി വലിയപറമ്പത്ത് ശങ്കരൻ മടയച്ചൻ-സത്യഭാമ ദമ്പതികളുടെ മകനാണ് സന്ദീപ്. വയനാട് സിവിൽ സ്റ്റേഷനിൽ പിജി സെക്ഷനിലാണ് ഇദ്ദേഹത്തിനു ജോലി. സിവിൽ സ്റ്റേഷനിലാണ് ശ്രുതിയും ജോലി ചെയ്യുന്നത്.



കെ. രാജൻ എംഎൽഎയുടെ സാന്നിധ്യത്തിലായിരുന്നു വിവാഹം. ഗുരുവായൂർ ക്ഷേത്രത്തിൽ എട്ടിന് നടന്ന ആദ്യവിവാഹമായിരുന്നു ശ്രുതിയുടെയും സന്ദീപിന്റെയും. ശ്രുതിക്ക് സാന്ത്വനവും ആത്മവിശ്വാസവും പകരാനും സർക്കാർ ജോലി ഉറപ്പുവരുത്താനും മുൻനിരയിൽ പ്രവർത്തിച്ച വ്യക്തിയാണ് രാജൻ. സന്ദീപ്, ശ്രുതിയുടേതാകുന്ന നിമിഷത്തിന് സാക്ഷികളാകാൻ ബന്ധുക്കളും സുഹൃത്തുക്കളുമടങ്ങുന്ന സംഘം തൃശൂരിൽ എത്തിയിരുന്നു. പുഞ്ചിരിമട്ടം പ്രകൃതിദുരന്തത്തിന്റെ ഏറ്റവും കഠിനമായ തിക്തഫലം നേരിടേണ്ടിവന്ന യുവതിയാണ് ശ്രുതി.

2024 ജൂലൈ 30-ന് രാത്രി പുഞ്ചിരിമട്ടം മലന്തലപ്പിലുണ്ടായ ഉരുൾപൊട്ടലിൽ പിതാവ് ശിവണ്ണൻ, മാതാവ് സബിത, സഹോദരി ശ്രേയ എന്നിവരടക്കമുള്ളവരെയാണ് ശ്രുതിക്ക് നഷ്ടമായത്. കോഴിക്കോട് ജോലി ചെയ്തിരുന്ന ശ്രുതി ദുരന്തദിനത്തിൽ വീട്ടിൽ ഉണ്ടായിരുന്നില്ല.

സ്കൂൾകാലം മുതൽ സൗഹൃദത്തിലായിരുന്ന അമ്പലവയൽ ആണ്ടൂർ പരിമളത്തിൽ ജെൻസനുമായി ശ്രുതിയുടെ വിവാഹം നിശ്ചയിച്ചിരിക്കെയായിരുന്നു ഉരുൾദുരന്തം. ഉറ്റവരെയെല്ലാം ഉരുളെടുത്തതിന്റെ വേദനയിൽ നീറിയ ശ്രുതിക്ക് ആശ്വാസമായത് ജെൻസന്റെയും വീട്ടുകാരുടെയും സാന്ത്വനമായിരുന്നു. 2024 സെപ്റ്റംബർ 10-ന് കൽപ്പറ്റ വെള്ളാരംകുന്നിലുണ്ടായ വാഹനാപകടത്തിൽ ജെൻസന്റെ ജീവൻ പൊലിഞ്ഞു.

ശ്രുതി ഉൾപ്പെടെയുള്ളവരുമായി യാത്ര ചെയ്യുന്നതിനിടെ ജെൻസൻ സഞ്ചരിച്ച ഓംനിവാൻ സ്വകാര്യ ബസുമായി കൂട്ടിയിടിച്ചായിരുന്നു അപകടം. തലയ്ക്ക് ഗുരുതരമായി പരുക്കേറ്റ ജെൻസൻ 11-ന് രാത്രി മേപ്പാടി അരപ്പറ്റയിലെ സ്വകാര്യ മെഡിക്കൽ കോളജ് ആശുപത്രിയിലാണ് മരിച്ചത്. അപകടത്തിൽ രണ്ടു കാലിനും പൊട്ടലേറ്റ ശ്രുതി ആഴ്ചകളോളം ചികിത്സയിലായിരുന്നു. ശ്രുതിയുടെ കാലിൽ ശസ്ത്രക്രിയ നടത്തിയ ദിവസമായിരുന്നു ജെൻസന്റെ വിയോഗം.

ഉരുൾദുരന്തത്തിനുശേഷം കൽപ്പറ്റ അമ്പിലേരി ഗ്രാമത്തു വയലിൽ ബന്ധുവിന്റെ സംരക്ഷണത്തിലാണ് ശ്രുതി കഴിഞ്ഞിരുന്നത്.

ചികിത്സയിലിരിക്കേ സന്ദർശിക്കാനെത്തിയവർക്കു മുമ്പിൽ ശ്രുതി ആത്മവിശ്വാസം പ്രകടിപ്പിച്ചിരുന്നു. തോറ്റു പിന്മാറാൻ ഇല്ലെന്ന നിലപാടിലായിരുന്നു അവർ. ആ ധൈര്യത്തിന് കൂടുതൽ പിൻബലമേകാൻ ഇനി സന്ദീപുമുണ്ട്.

പുകമഞ്ഞിൽ കുടുങ്ങി

(ഒന്നാം പേജിൽ നിന്നും)

400-ന് മുകളിലാണ് രേഖപ്പെടുത്തിയത്. കട്ടി കൂടിയ വിഷപ്പുക പ്രധാന പാതകളെയും ജനവാസ മേഖലകളെയും പൂർണമായി വിഴുങ്ങി.

രൂക്ഷമായ പുകമഞ്ഞ് കാരണം കണ്ണിൽ നീറ്റലും കടുത്ത തലവേദനയും ശ്വാസതടസ്സവും അനുഭവപ്പെടുന്നതായി യാത്രക്കാർ പരാതിപ്പെടുന്നുണ്ട്. ഏതാനും കിലോമീറ്ററുകൾക്കപ്പുറമുള്ള പ്രശസ്തമായ അക്ഷർധാം ക്ഷേത്രം തൊട്ടടുത്ത മേൽപ്പാലത്തിൽ നിന്നു നോക്കിയാൽ കാണാൻ കഴിയാത്ത വിധം കനത്ത പുകമഞ്ഞിൽ മറഞ്ഞുപോയി. കാലാവസ്ഥാ ഘടകങ്ങൾ പ്രതികൂലമായതിനാൽ വരും മണിക്കൂറുകളിൽ സ്ഥിതി കൂടുതൽ വഷളായേക്കുമെന്ന് മുന്നറിയിപ്പുണ്ട്.

ഡൽഹി-നോയിഡ അതിർത്തിയിലും നോർത്ത് ഡൽഹിയിലെ ഇന്ദർലോകിലും കാഴ്ചാപരിധി കുറഞ്ഞതിനെ തുടർന്ന് പകൽ സമയത്തും വാഹനങ്ങൾക്ക് ഹെഡ്ലൈറ്റുകൾ തെളിക്കേണ്ട അവസ്ഥയാണ്. വായു മലിനീകരണം നിരീക്ഷിക്കുന്ന സിസ് ഏജൻസിയായ ഐക്യു എയറിന്റെ കണക്കുകൾ പ്രകാരം സൗത്ത് ഡൽഹിയിലെ ഷഹ്ദരയിൽ വായുഗുണനിലവാരം ആയിരത്തിനു മുകളിലേക്ക് കുതിച്ചുയർന്നു.

ഏറ്റവും ഉയരത്തിൽ വിമാനം ഇറക്കി ഇന്ത്യൻ വ്യോമസേന

(ഒന്നാം പേജിൽ നിന്നും)

ഇന്ത്യയുടെ തന്ത്രപ്രധാനമായ വ്യോമഗതാഗത ശേഷി കൂടുതൽ ശക്തിപ്പെടുത്തുന്നതാണ് ഈ നേട്ടമെന്നും വ്യോമസേന അറിയിച്ചു. കിഴക്കൻ ലഡാക്കിലാണ് ന്യോമ സ്ഥിതി ചെയ്യുന്നത്. സമുദ്രനിരപ്പിൽനിന്ന് വലിയ ഉയരത്തിലുള്ള പ്രദേശമായതിനാൽ ഇവിടെ വിമാനങ്ങൾ ഇറക്കുന്നതും പറന്നുയരുന്നതും ഏറെ വെല്ലുവിളി നിറഞ്ഞതാണ്. ഉയരം കൂടുന്തിനനുസരിച്ച് വായുവിന്റെ സാന്ദ്രത കുറയുന്നത് വിമാനത്തിന്റെ ലിഫ്റ്റിനെയും എഞ്ചിൻ പ്രവർത്തനത്തെയും ബാധിക്കും. അതിനാൽ ഇത്തരം ദൗത്യങ്ങൾക്ക് കൃത്യമായ ആസൂത്രണവും വൈദഗ്ധ്യവും ആവശ്യമാണ്.

റഷ്യൻ നിർമിതമായ നാല് എഞ്ചിനുകളുള്ള ഹെവി ട്രാൻസ്പോർട്ട് വിമാനമാണ് ഐ.എൽ-76 എം.ഡി. വിദൂരവും തന്ത്രപ്രധാനവുമായ മേഖലകളിലേക്ക് സൈനികരെയും ആയുധങ്ങളും മറ്റ് അവശ്യസാധനങ്ങളും എത്തിക്കുന്നതിൽ ഈ വിമാനം ഇന്ത്യൻ വ്യോമസേനയ്ക്ക് ഏറെ നിർണായകമാണ്.

പെട്രോളിലെ എഥനോൾ

(ഒന്നാം പേജിൽ നിന്നും)

തെരഞ്ഞെടുക്കപ്പെടുന്ന ഓരോ പമ്പിൽ നിന്നും ആറ് സാംപിളുകൾ വീതം ശേഖരിക്കും. ഇതിൽ ഒരു സാമ്പിൾ പമ്പിലും മറ്റൊന്ന് സർക്കാരിന്റെ പക്കലും ബാക്കിയുള്ളവ അംഗീകൃത ലാബുകളിലേക്കും അയയ്ക്കും. കേന്ദ്ര പെട്രോളിയം മന്ത്രാലയത്തിന്റെ മാനദണ്ഡങ്ങൾ അനുസരിച്ച് പ്രത്യേക ഗ്ലാസ് ബോട്ടിലുകളിലാണ് സാമ്പിൾ ശേഖരിക്കുന്നത്.

തൂഫാനിൽ കുതിരസവാരി പരിശീലനം തുടങ്ങുന്നു

തിരുവനന്തപുരം: ലഹരിക്കെതിരേയുള്ള പോരാട്ടത്തിന്റെ ഭാഗമായി കുതിരസവാരി പഠിപ്പിക്കാൻ പോലീസ്. ഓപ്പറേഷൻ തൂഫാൻ കെയറിന്റെ ഭാഗമായാണ് മൗണ്ടഡ് പോലീസിന്റെ പദ്ധതി. യുവജനങ്ങളെ വ്യത്യസ്ത വിനോദങ്ങളിലേക്കു കൊണ്ടുവരാനും പോലീസുമായി കൂടുതൽ അടുപ്പിക്കാനും ഇതു സഹായിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണർ അരുൾ ബി. കൃഷ്ണയുടേതാണ് ആശയം. തിരുവനന്തപുരത്താണ് കുതിരപ്പോലീസുള്ളത്. 18 കുതിരകളുമുണ്ട്. ആദ്യക്ലാസ് ഉടൻ ആരംഭിക്കും ഫീസ് തീരുമാനമായിട്ടില്ല. രാവിലെയും വൈകിട്ടുമായി 30 ദിവസത്തെ പരിശീലനം. ഒരു ബാച്ചിൽ 15-60 വയസ്സ് വരെയുള്ള 24 പേർ. ക്രിമിനൽക്കേസ് പ്രതികളല്ലെന്ന് പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് ഹാജരാക്കണം.

വ്യാജന്മാരെ പൂട്ടാൻ ആരോഗ്യവകുപ്പ്

പത്തനംതിട്ട: ശബരിമലയിലെ ഹോട്ടൽ മേഖലയിലുള്ള ജീവനക്കാർക്കായി വ്യാജ ഹെൽത്ത് കാർഡ് നിർമ്മിച്ചു നല്കുന്നവരെ തടയാൻ നടപടിയുമായി ആരോഗ്യവകുപ്പ്.

നിലയ്ക്കൽ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ഒൻപതു മുതൽ 14 വരെ ഹെൽത്ത് കാർഡിനുള്ള പരിശോധനയും വിതരണവും ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ നടക്കും. മണ്ഡല മകരവിളക്ക് കാലത്തിനു മുൻപ് ആരോഗ്യവകുപ്പ് ഇത്തരമൊരു ക്രമീകരണം ഒരുക്കുന്നത് ആദ്യമാണ്. സീതത്തോടിലെ ക്ലിനിക്കിൽ നിന്ന് മുപ്പതോളം വ്യാജ ഹെൽത്ത്കാർഡ് പിടിച്ചെടുത്ത സംഭവത്തെ തുടർന്നാണിത്.

കഴിഞ്ഞ ദിവസങ്ങളിൽ നിലയ്ക്കലും പമ്പയിലും സന്നിധാനത്തും നടത്തിയ പരിശോധനയിൽ, മിക്ക ജീവനക്കാർക്കും സാധുവായ ഹെൽത്ത് കാർഡ് ഇല്ലെന്ന് വകുപ്പ് കണ്ടെത്തി. ചിലരുടേത് കാലാവധി പൂർത്തിയായ കാർഡുകളാണ്. 15-നു മുൻപ് പുതിയ കാർഡുകൾ എടുക്കണമെന്ന് ഹെൽത്ത് ഇൻസ്പെക്ടർമാർ സ്ഥാപന ഉടമകൾക്കും ജീവനക്കാർക്കും കർശന നിർദ്ദേശം നല്കിയിട്ടുണ്ട്.

വിജിലൻസ് അന്വേഷണം

(ഒന്നാം പേജിൽ നിന്നും)

ലൈസൻസ് അനുവദിച്ചതിലെ ക്രമക്കേടാണ് മൂന്നാമത്തെ അന്വേഷണ വിഷയം. ഉമ്മൻചാണ്ടി സർക്കാരിന്റെ കാലത്തു നിലവാരമില്ലാത്തതിനെ തുടർന്നു പൂട്ടിയ ബാറുകൾ, പിന്നീട് ബിയർ-വൈൻ പാർലറുകളാക്കിയിരുന്നു. ത്രീ സ്റ്റാർ പദവിയുള്ള ഹോട്ടലുകൾക്ക് ബാർ ലൈസൻസ് അനുവദിക്കാമെന്ന ചട്ടഭേദഗതിയും ഇതിനു മറവിൽ വേഗത്തിൽ ബാർ ലൈസൻസുകൾ കൂട്ടത്തോടെ അനുവദിച്ചതുമാണ് ഇക്കാര്യത്തിൽ പ്രധാനമായി അന്വേഷിക്കുക. വിഷയത്തിനായി പ്രത്യേക അന്വഷണസംഘത്തെ നിയോഗിക്കണമോ എന്ന കാര്യവും എക്സൈസ് വകുപ്പ് പരിശോധിച്ചു വരുന്നു.

സ്ഥലംമാറ്റത്തിനു തൊട്ടുപിന്നാലെ എക്സൈസ് കമ്മീഷണർ ഉന്നത ഉദ്യോഗസ്ഥർക്കെതിരെ ഗുരുതര ആരോപണങ്ങൾ ഉയർത്തിയിരുന്നു. സന്തോഷം എന്ന പേരിൽ ബാറുടമകളിൽനിന്ന് എക്സൈസ് ഉദ്യോഗസ്ഥർ മാസപ്പടി നിരന്തരം കൈപ്പറ്റുന്നതായും 30000, 20000 രൂപ വീതം കൈപ്പറ്റിയതിന്റെ തെളിവുകൾ ഉണ്ടെന്നും കമ്മീഷണറുടെ റിപ്പോർട്ടിൽ വ്യക്തമാക്കിയിരുന്നു.

ഐസൻകോട്ടിന് ആദ്യാവസരം

(ഒന്നാം പേജിൽ നിന്നും)

അറബ് പാർട്ടികൾ ദേശീയ സുരക്ഷയ്ക്ക് ഭീഷണിയാണെന്നാണ് നെതന്യാഹുവിന്റെ വാദം. അതേസമയം ചില ഉപാധികളോടെ അറബ് പാർട്ടികളുമായി സഖ്യമാകാമെന്നാണ് ഐസൻകോട്ടിന്റെ നിലപാട്. ഹമാസിനെ ഭീകര ഗ്രൂപ്പായി അറബ് പാർട്ടികൾ കണക്കാക്കണമെന്ന് ഐസൻകോട്ട് ആവശ്യപ്പെടുന്നു. ഇസ്രായേൽ പ്രസിഡണ്ടിന്റെ തീരുമാനം നെതന്യാഹുവിന് തിരിച്ചടിയായി. ഐസൻകോട്ട് പ്രധാനമന്ത്രിയാകുന്നത് തടയാൻ നെതന്യാഹു ശ്രമിക്കുമെന്ന് ഉറപ്പാണ്. അറബ് പാർട്ടികളുടെ പിന്തുണ പ്രതിപക്ഷത്തിനാണെന്നു മനസ്സിലാക്കിയ പ്രസിഡണ്ട് ഐസൻകോട്ടിന് ആദ്യ അവസരം നല്കുകയായിരുന്നു.

അറബ് പാർട്ടികൾ പുറത്തുനിന്ന് പിന്തുണയ്ക്കുന്ന ന്യൂനപക്ഷ സർക്കാർ രൂപവത്കരിക്കാനാണ് ഐസൻകോട്ട് ലക്ഷ്യമിടുന്നത്. നെതന്യാഹുവിന്റെ ലിക്കുഡ് പാർട്ടിയാണ് പാർലമെന്റിലെ വലിയ ഒറ്റക്കക്ഷി. നെതന്യാഹുവിന്റെ സഖ്യത്തിന് 53 സീറ്റും ഐസൻകോട്ടിന്റെ യാഷാർ പാർട്ടിക്കും മറ്റു മൂന്നു സഖ്യകക്ഷികൾക്കും കൂടി 48 സീറ്റുമാണുള്ളത്. അറബ് പാർട്ടികൾക്ക് 19 സീറ്റുണ്ട്. ഇസ്രായേലിൽ പാർട്ടികൾക്കാണ് ജനം വോട്ടു ചെയ്യുക.120 അംഗ ഇസ്രായേൽ പാർലമെന്റിൽ കേവലഭൂരിപക്ഷത്തിന് വേണ്ടത് 61 പേരുടെ പിന്തുണയാണ്.

PROSPEROUS THERAPY

Dr. **Elizabeth Nellamattathil**
PhD, LPC-TX, LCPC-IL

Offering telehealth therapy for adults in Illinois and Texas.



Our services

- **Individual Therapy**
- **Couples Therapy**
- **Anxiety & Stress Management**
- **Depression & Mood Concerns**
- **Self-Esteem & Confidence**
- **Life Transitions**
- **Family Concerns**
- **Identity Exploration**
- **Interpersonal Functioning**
- **And more…**

Contact Us

972-433-7211
info@prosperoustherapy.com
ProsperousTherapy.com

പാവനസ്മരണ

25–ാം ചരമവാർഷികം

November 15, 2026



മോൺ. പീറ്റർ ഊരാളിൽ

ജനനം: 10/27/1920 | പൗരോഹിത്യം: 8/14/1948 | മരണം: 11/15/2001

നമ്മുടെ സ്നേഹനിധിയായിരുന്ന ബഹുമാനപ്പെട്ട പീറ്റർ ഊരാളിൽ അച്ചന്റെ 25–ാം ചരമവാർഷികത്തോടനുബന്ധിച്ച് 2026 നവംബർ 14–ാം തീയതി ശനിയാഴ്ച 10–ന് മോനിപ്പള്ളി തിരുഹൃദയ ദേവാലയത്തിൽ ദിവ്യബലിയും മറ്റു തിരുക്കർമ്മങ്ങളും ഉണ്ടായിരിക്കുന്നതാണ്. അച്ചന്റെ ആത്മശാന്തിക്കായി നടത്തപ്പെടുന്ന ദിവ്യബലിയിലും ഇതര ശുശ്രൂഷകളിലും തുടർന്ന് പാരിഷ് ഹാളിൽ നടക്കുന്ന സ്നേഹവിരുന്നിലും എല്ലാവരും പങ്കെടുക്കുവാനും അച്ചനുവേണ്ടി പ്രാർത്ഥിക്കുവാനും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

എന്ന്	വികാരി
സന്തപ്ത	FR. JOSE NEDUNGATT
കുടുംബാംഗങ്ങൾ	SH CHURCH MONIPPALLY